KOTTAYAM PUBLIC LIBRARY

Call No. MF 9 Acc.No. 70485

Author ജെയിംസ് കേർവുഡ്

Title ഗ്രിസ്‌ലിക്കരടി

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

Series IV No. 11

KOTTAYAM PUBLIC LIBRARY
70485
KOTTAYAM.

# ഗ്രീസ്‌ലിക്കരടി

(ചെറുകഥകൾ)

BOOK - A - MONTH - CLUB
ERNAKULAM.

November 1956

*All Rights Reserved*
Secretary

BOOK - A - MONTH CLUB, Ernakulam

Selections from Short Stories Vol. [illegible]
by kind permission of the publishers
& respective authors (see page 4)

# GRISLY KARADY

(SHORT STORIES)

Printed at Mar Themotheus Memorial Printing and
Publishing House Ltd., Ernakulam
Edited & Published by K. P. Ittyerah,
Secretary, Book - A - Month Club, Ernakulam

# പ്രതിമാസഗ്രന്ഥക്ലബ്ബ്

## എറണാകുളം

എല്ലാ മാസവും ഇതുപോലൊരു ഗ്രന്ഥം
നിങ്ങളുടെ മുമ്പിൽ

| | |
|---|---|
| വാർഷിക വരിസംഖ്യ. | 18 രൂപാ |
| ആയുഷ്ക്കാല വരിസംഖ്യ | 200 രൂപാ മാത്രം |
| അർദ്ധവാർഷിക വരിസംഖ്യ | 10 രൂപാ |

18 രൂപായോ 10 രൂപായോ മണിയോർഡർ ചെയ്ത് ആവശ്യപ്പെടുക:

സിക്രട്ടറി,
പ്രതിമാസഗ്രന്ഥക്ലബ്ബ്
എറണാകുളം

# ഗ്രിസ്‌ലിക്കരടി

(ലോകകഥകൾ)

---


1. ഇടിവിൻെറ ഒടുവ്

(Mary Bolte)

2. സുവർണ്ണ മധുവിധു

(Ring Lardner)

3. ജെർസിപ്പെക്കിടാവ്

(P. Harding Love)

4. ആളും മാറിപ്പോയി

(Joseph Cross)

5. ഇരുട്ടിലൂടെയുള്ള പറക്കൽ

(Roger Angell)

6. അവസാനത്തെ ഗ്രിസ്‌ലിക്കരടി

Ray. B. West (Jr)


വിവർത്തകൻ :

ജെ. സി. പാലക്ക, എം. എ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

I

# ഇടിവിന്റെ ഒടുവു്

ആ വലിയ സാമ്പത്തികമായ ഇടിവു് ഞങ്ങളുടെ കുടുംബത്തെ ബാധിച്ചപ്പോൾ എനിക്കു പത്തു വയസ്സും സഹോദരനായ ഫ്രെഡ്ഡിക്കു ഒൻപതു വയസ്സും അഗ്ഗിക്കു് അഞ്ചുവയസ്സും പ്രായമായിരുന്നു. അക്കാലത്തിനും വളരെ മുൻപുതന്നെ എനിക്കു കളിപ്പാവകളിലുള്ള താല്പര്യം നശിച്ചുകഴിഞ്ഞിരുന്നു. മാർബിൾകല്ലുകൾ വിശേഷിച്ചും — കണ്ണാടി പോലെ മിന്നുന്നവ — ശേഖരിക്കുന്നതിലും, പ്രധാന തെരുവീഥിയിൽക്കൂടി മററു കുട്ടികളോടൊപ്പം മഞ്ഞുകട്ടകളുടെ മുകളിൽക്കൂടെ ഉരുൾപിടിപ്പിച്ച "സ്കേയിററി"ലൂടെ തെന്നി"ഹോക്കി" കളിക്കുന്നതിലുമായിരുന്നു എന്റെ ശ്രദ്ധ. വിമാനത്തിന്റെ മാതൃകകൾ നിർമ്മിക്കുന്നതിലാണു് ഫ്രെഡ്ഡി മുഴുകിയിരുന്നതു്. അഗ്ഗി — "ആൻജേലാ" എന്ന മനോഹരമായ പേരുണ്ടായിരുന്ന എന്റെ ഇളയ സഹോദരി, "അഗ്ഗി" എന്ന പേരിൽ അറിയപ്പെടുവാൻ ഇടയായതിൽ ഞാൻ ലജ്ജിക്കുകയാണു്. കാരണം, അവൾ ഒരു മാലാഖയായിരുന്നു. ചത്ത പക്ഷികളെ പൂപ്പരത്തിത്തടത്തിൽ കുഴിച്ചിട്ടു് പിറേറന്നു മാന്തിയെടുത്തു് അവ മണ്ണായിക്കഴിഞ്ഞോ എന്നു പരിശോധിക്കുന്നതിലായിരുന്നു അവൾക്കു കൗതുകം.

അക്കാലത്തു് മിന്നുന്ന ശരീരത്തോടുകൂടിയ "ഹന്നാ" എന്ന ഒരു യുവതി ഞങ്ങളുടെകൂടെ താമസിച്ചിരുന്നു. അവൾ ഭക്ഷണം പാകംചെയ്തുകഴിഞ്ഞാൽ, പിന്നെയുള്ള സമയം ഞങ്ങളോടൊത്തു കഴിക്കുകയായിരുന്നു പതിവു്. ഹന്നായുടെ സാഹചര്യത്തിൽ "അഗ്ഗി" ഒരു കൊച്ചു മിടുക്കിയായിത്തീർന്നു.

ആ സാമ്പത്തികത്തകർച്ചയെപ്പററി ആദ്യമായി ഞങ്ങൾ അറിഞ്ഞതു്, അച്ഛൻ അതിനെപ്പററി പറഞ്ഞപ്പോഴാണു്. ഞങ്ങൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കയായിരുന്നു. അച്ഛൻെറ സ്വരം നിർജ്ജീവമായി തോന്നി. പെട്ടെന്നു് ആ നിരാശ, കടുത്ത കോപത്തിൽ കലാശിച്ചു. ഭക്ഷണം മുഴുവൻ കഴിച്ചുതീരുന്നതിനു മുമ്പുതന്നെ അദ്ദേഹം മുഷ്ടികൊണ്ടടിച്ചു ഗർജ്ജിക്കുന്ന സ്വരത്തിൽ ഗവമെൻറിനെ നിന്ദിയ്ക്കാൻ തുടങ്ങി. ക്രമേണ അതൊരു പതിവായിത്തീർന്നു. എന്നാൽ സംഭാഷണസമയത്തു അച്ഛനിൽ ചില ഭാവഭേദങ്ങൾ വരുത്തിയിരുന്നു എന്നതിൽക്കവിഞ്ഞു ആ സാമ്പത്തികത്തകർച്ച ഞങ്ങളെ അധികമൊന്നും ബാധിച്ചില്ല. ഞങ്ങളുടെ കളിപ്പാട്ടങ്ങൾക്കോ വിനോദങ്ങൾക്കോ യാതൊരു തകരാറും സംഭവിച്ചില്ല. ഞങ്ങളുടെ ഉപകരണങ്ങൾ ആരും പിടിച്ചു പറിച്ചില്ല. മിഠായിയും ചോക്കലേററും വാങ്ങാനുള്ള തുട്ടുകൾ പതിവുപോലെ കിട്ടിക്കൊണ്ടിരുന്നു. പഴയപടി ഞായറാഴ്ച ദിവസങ്ങളിൽ വിശേഷപ്പെട്ട പലഹാരങ്ങൾ ഉണ്ടാക്കിതന്നു ഹന്നാ ഞങ്ങളെ സന്തോഷിപ്പിച്ചിരുന്നു. വാത്സല്യനിധിയായ അമ്മ, പതിവനുസരിച്ചു് ഉച്ചതിരിഞ്ഞുള്ള കരേസമയം പി. ററി. എ. യോഗങ്ങളിലും സാമൂഹ്യക്ഷേമ പ്രവത്തനകേന്ദ്രങ്ങളിലും ചിലവഴിച്ചിരുന്നു. അച്ഛൻ മാത്രം നാളുകൾ നീങ്ങിയ

ത്തോടുകൂടി കൂടുതൽ കൂടുതൽ ചിന്താക്രാന്തനായി കാണപ്പെട്ടു.

ഒരു സുപ്രഭാതത്തിൽ എല്ലാത്തിനും ആകെയൊരു മാററം വന്നു. അച്ഛൻ സാധാരണ ചെയ്യാറുള്ളതുപോലെ ജോലിസ്ഥലമായ ഫിലാഡൽഫിയായിലേക്കു പുറപ്പെട്ടില്ല. പ്രാതലിനുശേഷം തൻെറ മുറിയിൽക്കൂടി അദ്ദേഹം ഉലാത്താൻതുടങ്ങി. കുറേക്കഴിഞ്ഞു് ഒരു വത്തമാനപ്പത്രം എടുത്തു റേഡിയോമേശയ്ക്കരികിലിട്ടിരുന്ന കസേരയിൽ ചാരിക്കിടന്നു. ഞങ്ങൾ കുട്ടികൾ മൂന്നുപേരും അദ്ദേഹത്തിൻെറ ചുററിലും നില്ക്കുകയായിരുന്നു. ഞങ്ങളോടു് ഒരക്ഷരംപോലും അദ്ദേഹം പറഞ്ഞില്ല. യാതൊന്നും പറഞ്ഞില്ല! അദ്ദേഹം വത്തമാനപ്പത്രത്തിൻെറ മറവിലിരുന്നു് എന്തോ മുറുമുറുത്തു. അപ്പോൾ അമ്മ അങ്ങോട്ടു കയറിവന്നു ഞങ്ങളെ വലിച്ചിഴച്ചു ഭക്ഷണശാലയിലേക്കു കൊണ്ടുപോയി അന്നുമുതൽ അച്ഛൻ ആഫീസിൽ ജോലിക്കു പോകുന്നില്ല എന്നു് അമ്മ ഞങ്ങളോടു പറഞ്ഞു. കിട്ടുന്ന ശമ്പളം തീവണ്ടിക്കൂലിക്കുപോലും തികയുന്നില്ല. മാസംതോറും വരുമാനം കൂടേണ്ടതിനു പകരം കുറയുകയാണു്. എന്തു ചെയ്യും? അതുകൊണ്ടു് കുറേക്കാലം വീട്ടിൽത്തന്നെ സ്വസ്ഥനായി കഴിയുവാനാണു് അച്ഛൻ നിശ്ചയിച്ചിരിക്കുന്നതു്. "അച്ഛനെ ആവശ്യമില്ലാതെ അലട്ടരുതു്" അമ്മ പറഞ്ഞു. ഞങ്ങൾ അസ്വസ്ഥതയോടെ തല കുലുക്കി. പിതാവിൻെറ ദുഃഖവും നിരാശയും കണ്ടുകൊണ്ടു ഞങ്ങൾ എങ്ങനെ കളികളിലേർപ്പെടും? വീട്ടിൽ പൊതുവെ ഒരു നിരാശതാബോധം നിഴലിക്കുന്നുണ്ടെന്നു ഞങ്ങൾ ഭയപ്പെട്ടു.

ഞങ്ങളുടെ ഭയം ശരിയായിരുന്നു. അന്നു തുടങ്ങി ഓരോ ദിവസവും അച്ഛൻ പ്രാതൽ കഴിഞ്ഞാൽ തൻെറ മുറിയിൽ പ്രവേശിച്ചു റേഡിയോ മേശയുടെ സമീപമിട്ടിരുന്ന ചാരുകസേരയിൽ കിടക്കും; പത്രത്തിലെ അങ്ങാടിനിലവാരത്തെപ്പററിയുള്ള വാർത്തകൾ വായിക്കും. ഞങ്ങൾ വിദ്യാലയത്തിൽനിന്നു മടങ്ങിവരുന്ന അവസരത്തിലും അദ്ദേഹം ആ കസേരയിൽത്തന്നെ ഇരിക്കുന്നുണ്ടാവും. ഞങ്ങളോടു കുശലം പറയുന്നതിനോ മടിയിൽ കയറിയിരിക്കുമ്പോൾ സ്നേഹപൂർവ്വം അല്ലിയോടെങ്കിലും പെരുമാറുന്നതിനോ അദ്ദേഹം തുനിഞ്ഞിരുന്നില്ല. ഞായറാഴ്ചപോലും അദ്ദേഹത്തിൻെറ മുഖം തെളിയുകയില്ല. അന്നു ഞങ്ങൾ സ്പാനിഷ് പുഡ്ഡിങ്ങ് കഴിച്ചശേഷം, ഏടികാരത്തിന്നു താക്കോൽ കൊടുത്തു. ഗൗരവം ഒട്ടും വിടാതെതന്നെ അമ്മയ്ക്കു് ഒരു "ഞായറാഴ്ച ചുംബന"വും നൽകി. അച്ഛൻ പതിവുപോലെ സ്വകാര്യമുറിയിലേക്കു തിരിച്ചുപോയി അതേ കസേരയിൽ കിടക്കുകയും ചെയ്തു. ടെയിലവരുടെ കാട്ടിലേയ്ക്കോ, പന്നിക്കുട്ടികളെ കാണാനായി ഗ്രീൻവെല്ലിൻെറ കളത്തിലേയ്ക്കോ — അവിടെ ഞങ്ങൾ എല്ലാ ഞായറാഴ്ചയും പോയിരുന്നു — പോകുന്ന കാര്യത്തെപ്പററി അദ്ദേഹം യാതൊന്നും മിണ്ടിയില്ല. ഒടുക്കം അമ്മതന്നെ ഞങ്ങളേയുംകൊണ്ടു് കുളത്തിലേക്കു പുറപ്പെടാൻ തുടങ്ങി. ഞങ്ങൾക്കു വളരെ രസമായി; അമ്മയും "പീപീ" എന്നു നിലവിളിക്കുന്ന കൂട്ടിലിട്ട പന്നിക്കുട്ടികളെ നോക്കി ചിരിച്ചു. എങ്കിലും അവർ അസ്വസ്ഥയായിരുന്നു.

ഫെബ്രുവരി മാസം കടന്നുപോയി; കാലാവസ്ഥ സ്വല്പം ചൂടുള്ളതായി. അച്ഛൻെറ വാടിക്കരിഞ്ഞ മുഖം

കാണാതെ കഴിയാനായി ഞങ്ങൾ അധികസമയവും വീട്ടിനു വെളിയിൽ കഴിച്ചുകൂട്ടി. എന്നാൽ ഭക്ഷണസമയത്ത് അദ്ദേഹത്തിന്റെ നേരേ നോക്കാതിരിക്കുക സാദ്ധ്യമല്ല; അതു വേദനാജനകവുമാണ്. ഞങ്ങളേവരോടും അമ്മയോടുപോലും മുഖം ചുളിച്ചുകൊണ്ടാണ് അദ്ദേഹം ഭക്ഷണസമയം കഴിച്ചുകൂട്ടിയത്. വാഷിങ്ങ്ടൺ നഗരത്തിലുള്ള ആഫീസർമാരേയും പണക്കാരേയും അദ്ദേഹം ശകാരിച്ചു. ഭക്ഷണസാധനങ്ങളിൽ ഒരു കഷണമെങ്കിലും പിഞ്ഞാണിയിൽ ശേഷിച്ചാൽ അദ്ദേഹം ഫ്രെഡ്ഡിയെ ശകാരിക്കും. അദ്ദേഹം ചോദിക്കും: "നാം പണം സൂക്ഷിക്കണമെന്നു നിനക്കറിഞ്ഞുകൂടെ? നാം ദരിദ്രരാണെന്നു് നിനക്കറിയരുതോ?" ഞങ്ങൾ ദരിദ്രരാണെന്ന കാര്യത്തിൽ യോജിക്കുവാൻ എനിക്കു സാദ്ധ്യമായിരുന്നില്ല. ജീർണ്ണിച്ച തകരപ്പലകകൾ മേഞ്ഞ കുടിലിൽ താമസിച്ചിരുന്ന ജെസ്സിയെപ്പോലെ ഞങ്ങൾ ദരിദ്രരാണോ? എന്നാലും ഞാൻ മിണ്ടാതിരുന്നു; കാരണം, ഞാനതു പറഞ്ഞാൽ അച്ഛന്റെ കോപം അധികം ആളിക്കത്തിയെന്നുവരും.

ക്രമേണ അച്ഛൻ മുറിയിൽ മാത്രം സമയം കഴിച്ചുകൂട്ടാതെ പുറത്ത് ഇറങ്ങി വീടിനുചുററും നടക്കുവാൻ തുടങ്ങി — ചില ചില്ലറ ജോലികളിലും ശ്രദ്ധ ചെലുത്തി. എങ്കിലും അധികസമയവും അദ്ദേഹം റേഡിയോ മേശയുടെ സമീപമിട്ടിരുന്ന കസേരയിൽ ചാരിക്കിടന്നു മുറിയെങ്ങും മുഴങ്ങിയ ദൈന്യവാർത്തകളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞങ്ങൾ വാർത്താവിമർശങ്ങൾ മാത്രമേ കേട്ടുള്ളു. രസകരമായിരുന്ന കലാപരിപാടികൾ ഒന്നുംതന്നെ ആസ്വദിക്കാൻ തരപ്പെട്ടില്ല.

ഒരു ദിവസം ഞങ്ങൾ ഉച്ചഭക്ഷണത്തിന്നു് വീട്ടിൽ വന്നപ്പോൾ അച്ഛൻ മുറിയിൽക്കൂടി ,ഉലാത്തി തൻെറ പഴയ മേലുദ്യോഗസ്ഥനായ മി. എമേഴ്സനെ ഉറക്കെ ശപിക്കുന്നതു കേൾക്കാമായിരുന്നു. അച്ഛൻെറ ഈ പൊട്ടിത്തെറിക്കൽ കുട്ടികളായിരുന്ന ഞങ്ങളിൽ ഒരു ചിന്താക്കുഴപ്പം ,ഉണ്ടാക്കി. അതുവരെ ഞങ്ങൾ ധരിച്ചിരുന്നതു്, എല്ലാ കുഴപ്പത്തിനും കാരണം ഗവമ്മെൻറാണെന്നായിരുന്നു.

അച്ഛൻെറ മുഖം കൂടുതൽ ഇരുണ്ടു; റേഡിയോവിൻെറ ശബ്ദം കൂടുതൽ ഉച്ചത്തിലുമായി. അച്ഛൻെറ മുറിയുടെ പിൻവശത്തു നിന്നിരുന്ന ഞങ്ങൾക്കു വാത്ത പ്രക്ഷേപണംചെയ്യുന്ന ഉദ്യോഗസ്ഥൻ ഇപ്രകാരം പറയുന്നതു കേൾക്കാമായിരുന്നു, "രണ്ടു പോയിൻറു താഴോട്ടു്" എല്ലാം ദിവസവും ഉച്ചതിരിഞ്ഞു കാലാവസ്ഥ അനുകൂലമായിരുന്നു. അതുകൊണ്ടു് ഞങ്ങൾക്കു വെളിയിൽ ഇറങ്ങി കളിക്കാൻ കഴിഞ്ഞു. മഴപെയ്യുമ്പോൾ വീട്ടിനുള്ളിൽ കയറാതെ നിവൃത്തിയില്ല. വീട്ടിൽ കയറിയാലുടനെ രോഗബാധിതനായ ഒരാൾ കിടക്കുന്ന മുറിയിലെന്നപോലെ അച്ഛൻെറ മുറിയിൽ ക്കൂടി ഞങ്ങൾ വേഗം കടന്നുപോകും. എന്തെങ്കിലും ആവശ്യത്തിനു അമ്മ വീടിനു വെളിയിൽ പോകുമ്പോൾ ഹന്നായുടെ മുറിയായിരുന്നു ഞങ്ങളുടെ രക്ഷാസങ്കേതം.

ഞങ്ങൾ അങ്ങനെ ചെയ്തതു ഹന്നായ്ക്കു ഞങ്ങളിൽ അതിരററ താല്പര്യമുണ്ടായിരുന്നതുകൊണ്ടല്ല. തോഴന്മാരും സ്റ്റോക്കിങ്ങ്സ് ഇട്ടുകൊണ്ടുള്ള ഓട്ടവുമായി അവളുടെ സമയം പോയി. എങ്കിലും കിട്ടുന്ന ചുരുങ്ങിയ സമയത്തു് ഞങ്ങളെ നൃത്തം പരിശീലിപ്പിക്കു

വാൻ അവൾ ശ്രദ്ധിച്ചിരുന്നു. തുള്ളിക്കളിച്ചുനടക്കുവാൻ അവൾ ഞങ്ങളെ അനുവദിച്ചു. കാംഡനിലെ നൃത്തശാലകളെപ്പററി അവൾ ഞങ്ങളോടു പലതും പറഞ്ഞുകൊണ്ടിരുന്നു. വില കുറഞ്ഞ സുഗന്ധദ്രവ്യങ്ങളുടെ പരിമളവും സുപ്രസിദ്ധ സിനിമാതാരങ്ങളുടെ ചിത്രങ്ങളും നിറഞ്ഞ ഹന്നായുടെ മുറി ഞങ്ങൾക്കത്ഭുതമരുളി. "ഹന്നായ്ക്കു നല്ല ഭാഗ്യം നേരുന്നു" എന്നു് എഴുതിയ എഡ്മൺസ്‌ലോവിൻെറ വലിയ ഒരു ഛായാപടം അവളുടെ മുറിയുടെ ഒരു കോണിൽ അലങ്കരിച്ചുവച്ചിരുന്നു. "ഞാൻ നിന്നെ ഒരിക്കലും മറക്കില്ല." — "ജോ" എന്നു് എഴുതിയിട്ടുള്ള മറെറാരു ചിത്രവും ആ കൊച്ചുമുറിയിൽ സൂക്ഷിച്ചിരുന്നു.

അച്ഛൻെറ അസ്വാസ്ഥ്യംമൂലം ദുഃഖിതരായിരുന്ന ഞങ്ങളെ അമ്മയുടേയും ഹന്നായുടേയും സ്നേഹപൂർവ്വമായ പെരുമാററം ആശ്വസിപ്പിച്ചു.

അച്ഛനമ്മമാരുടെ ഉറക്കറയ്ക്കു തൊട്ടടുത്തുള്ള മുറിയിലാണു് ഞാനും ഫ്രെഡ്ഢിയും ഉറങ്ങാറുണ്ടായിരുന്നതു്. ഞങ്ങൾക്കു് ആ മുറി നന്നേ ഇഷ്ടപ്പെട്ടിരുന്നു. കാരണം, പൂമുഖത്തിനു മുമ്പിൽ നിവർന്നുകിടന്ന വീഥിയിൽക്കൂടി യാത്രക്കാർ വർത്തമാനം പറഞ്ഞു ചിരിച്ചു രസിച്ചു പോകുന്നതും, അടുത്തുള്ള മുറിയിൽ മാതാപിതാക്കന്മാർ സംസാരിക്കുന്നതും ഞങ്ങൾക്കു കേൾക്കാൻ കഴിയുമായിരുന്നു. കാററു കടക്കാനായി അവർ കിടന്നിരുന്ന മുറിയുടെ വാതിൽ തുറന്നിടുമായിരുന്നു. ഏതെങ്കിലും ദുഃസ്വപ്നത്തിൽനിന്നു ഞാൻ ഞെട്ടി ഉണരുമ്പോൾ, ഫ്രെഡ്ഢിയും അച്ഛനമ്മമാരും എൻെറ സമീപംതന്നെ ഉണ്ടെന്നുള്ള ചിന്ത എനിക്കു ബലവും ശക്തിയും നല്കിയിരുന്നു. എന്നാൽ എൻെറ

ഭീരുത്വം ഞാൻ ആരോടും വെളിപ്പെടുത്തിയിരുന്നില്ല.

മാർച്ചുമാസം അവസാനിക്കാറായിരുന്നു. അന്നൊരു രാത്രി ഞാൻ ഒരു ഭയങ്കര സ്വപ്നം കണ്ടു. ഒരു ജന്തു വലിയ ഒരു വെട്ടുകത്തിയുമായി എന്റെ മേലേയ്ക്കു ചാടുന്ന ഒരു കാഴ്ച — അതു കണ്ടു ഞാൻ ഞെട്ടിയെണീററു. ആരോ ദേഷ്യത്തോടെ എന്തോ പറയുന്നതുപോലെ എനിക്കു തോന്നി. സ്വപ്നത്തിൽ കണ്ട ആ ഭയങ്കര സത്വം ബോധാവസ്ഥയിലേക്കും എന്നെ പിൻതുടരുന്നതായി ഞാൻ വിചാരിച്ചു. അടുത്ത നിമിഷത്തിൽ, ആ ശബ്ദം പുറപ്പെട്ടതു് അച്ഛനും അമ്മയും കിടന്നിരുന്ന മുറിയിൽനിന്നാണെന്നു മനസ്സിലായി. അന്നു വൈകുന്നേരം ബ്രിഡ്ജ്കളിച്ചുകൊണ്ടിരുന്നപ്പോൾ അച്ഛൻ അമ്മയെ കുററപ്പെടുത്തുകയും ശകാരിക്കുകയും ചെയ്തു. അമ്മയുടെ കണ്ണിൽനിന്നും കണ്ണുനീർ ഉരുണ്ടു ചാടി. അതുകണ്ടു് ഞാൻ വല്ലാതെ ഞെട്ടിപ്പോയി. അച്ഛനുമമ്മയും തമ്മിൽ കോപിച്ചു സംസാരിക്കുമെന്നു ഞാൻ മനസ്സിലാക്കിയതു് അപ്പോൾ മാത്രമാണു്. മുഖം കിടക്കയിൽ അമർത്തിവെച്ചു ഞാൻ അനങ്ങാതെ കിടന്നു. അത്ര നിർദ്ദയമായി പെരുമാറുവാനും സംസാരിക്കുവാനും അച്ഛനു തോന്നിയതു് എന്താണു്? താൻ അനുഭവിച്ചുകൊണ്ടിരുന്ന മാനസികമായ വിഷമം അത്ര അസഹ്യമായി തോന്നിയിരിക്കണം. ഞങ്ങളുടെ കുടുംബത്തിൽ വീണ്ടും സമാധാനം വരണമെങ്കിൽ ആ സാമ്പത്തികതത്തകർച്ചയ്ക്കു് അറുതിവരുത്തിയേ മതിയാകൂ എന്നു ഞാൻ മനസ്സിലാക്കി.

പിറേറന്നു സ്കൂളിൽനിന്നും വീട്ടിൽ വന്നതിനു ശേഷം ഞാനും ഫ്രെഡ്ഡിയും കൂടി ഞങ്ങളുടെ സ്ഥിതിയെപ്പററി തലപുകഞ്ഞു ആലോചിച്ചു. അച്ഛനു ആശ്വാസവും സമാധാനവും ലഭിക്കണമെങ്കിൽ കുറേ പണം ഉണ്ടാകണം. എങ്ങനെയാണു പണം ഉണ്ടാക്കുക? അതിനുള്ള ഏക മാർഗ്ഗം ഒരു കൗതുക വില്പന നടത്തുക മാത്രമാണെന്നു ഞങ്ങൾ നിശ്ചയിച്ചു. അതിനു മുമ്പും ഞങ്ങൾ കൗതുകവില്പനകൾ നടത്തിയിട്ടുണ്ട്. എന്നാൽ അതിൽനിന്നു ഞങ്ങൾക്കു കിട്ടിയതു് ഒന്നോ രണ്ടോ ഡോളർ മാത്രം. കുട്ടികളായ ഞങ്ങൾക്ക് ഒന്നു രണ്ടു ഡോളർ ഒരു വലിയ സമ്പാദ്യംതന്നെ. എങ്കിലും, അച്ഛന്റെ ദാരിദ്ര്യം ഇല്ലാതാക്കുവാൻ അതുകൊണ്ടെങ്ങനെ കഴിയും. അച്ഛന്റെ പ്രസന്നത വീണ്ടെടുക്കുവാൻ കൂടുതൽ പണം ഉണ്ടാകേണ്ടിയിരുന്നു.

സുദീർഘമായ ആലോചനകൾക്കുശേഷം ഞങ്ങൾ ഒരു തീരുമാനത്തിലെത്തി. കളിപ്പാട്ടങ്ങളും മററും വില്ക്കുക. എന്റെ പാവകളും, ഫ്രെഡ്ഡിയുടെ ഇലക്ട്രിക്ക് ട്രെയിനും വില്ക്കുന്നപക്ഷം അനേകം ഡോളർ കിട്ടുമെന്നു ഞങ്ങൾക്കു തോന്നി. ചത്ത പക്ഷികളെ വിററാൽ എന്താണു കിട്ടുക? എങ്കിലും അഗ്ഗിയുടെ "കറുപ്പുപലക"യും പലനിറത്തിലുള്ള ചോക്കുകഷണങ്ങളും വില്ക്കാനവളോടു പറയാം.

"നമ്മുടെ ആലോചന വളരെ രഹസ്യമായി സൂക്ഷിക്കണം. അച്ഛനെ നമുക്ക് അമ്പരപ്പിക്കണം." ഫ്രെഡ്ഡി പറഞ്ഞു.

"അമ്മയേയും ഇക്കാര്യം അറിയിക്കരുതു്." ഞാൻ തുടർന്നു പറഞ്ഞു: "അമ്മയെ അറിയിച്ചാൽ ഉടൻ അച്ഛനും അറിയും."

"നമുക്കു ഹന്നായോടു ഈ ആലോചനയെപ്പററി പറയണോ?" ഫ്രെഡ്ഡി ജിജ്ഞാസയോടെ എന്നോടു ചോദിച്ചു. "അവൾക്കു പുതുതായ വല്ല ആശയങ്ങളുമുണ്ടായിരിക്കും."

ഞാനും ഫ്രെഡ്ഡിയും കൂടി ഹന്നായുടെ മുറിയിൽ ചെന്നു. ഞങ്ങൾ ചെല്ലുമ്പോൾ അവൾ കൈനഖങ്ങളിൽ ചായം പുരട്ടുകയായിരുന്നു. ഞങ്ങളുടെ ആലോചന ഞങ്ങൾ അവളെ അറിയിച്ചു.

"എനിക്കറിഞ്ഞുകൂടാ." അല്പനേരത്തെ ആലോചനയ്ക്കുശേഷം ഹന്നാ മറുപടി പറഞ്ഞു. "കളിപ്പാട്ടങ്ങൾ വില്ക്കുന്നതു് നിങ്ങളുടെ അച്ഛനു രസിക്കുമോ എന്നു് അറിയില്ല."

"ഞങ്ങൾക്കിനിയും കളിപ്പാട്ടമെന്തിനാ." ഞാൻ ശക്തിയായി വാദിച്ചു

"കളിപ്പാട്ടങ്ങൾ മാത്രമാണോ നിങ്ങൾ വില്ക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്?" ഹന്നാ അന്വേഷിച്ചു.

"ഞങ്ങൾ കൂടുതലായി മറെറാന്നും ആലോചിച്ചിട്ടില്ല." ഞാൻ മറുപടി പറഞ്ഞു.

"നിങ്ങളുടെ പഴയ വസ്ത്രങ്ങളിൽ ചിലതു വിററാലെന്താ?" ഹന്നാ വീണ്ടും ചോദിച്ചു.

"പഴയ വസ്ത്രങ്ങൾ ആരു വാങ്ങാനാ?" എന്നായി ഫ്രെഡ്ഡി.

"എന്റെ കൂട്ടുകാരികളിൽ ചിലർ വാങ്ങിയെന്നുവരാം." ഹന്നാ പറഞ്ഞു.

എനിക്കു കൂടുതൽ ഉത്സാഹമായി. "എന്തൊരു നല്ല കാര്യം. കൗതുകവില്പനയിൽ സംബന്ധിക്കുവാൻ

നിങ്ങളുടെ കൂട്ടുകാരികളേയും നമുക്ക കിട്ടും. ഫ്രെഡ്ഢി എന്തു പറയുന്നു?"

"പിന്നെ നിങ്ങളുടെ അമ്മയുടെ പെട്ടിയിൽ പഴയ വസ്ത്രങ്ങൾ കാണും; അതും വേണമെങ്കിൽ വില്ക്കാമല്ലോ." നഖങ്ങളിൽ ചായം തേച്ചുകൊണ്ടു ഹന്നാ പറഞ്ഞു.

"കൊള്ളാം. ഫ്രെഡ്ഢി ഉറക്കെ പറഞ്ഞു. "നമുക്ക അവയും വില്ക്കാം; നമുക്ക എല്ലാം വിററു പണമാക്കാം."

ഹന്നായുമായി പല ദിവസത്തെ കൂടിയാലോചനകൾക്കശേഷം ഞങ്ങളുടെ പ്ലാൻ അവസാനരൂപം പ്രാപിച്ചു. ബുധനാഴ്ച ഉച്ചകഴിഞ്ഞു ഞങ്ങളുടെ വിനോദശാലയിൽവെച്ചു കൗതുകവില്പന നടത്തുവാനാണ് നിശ്ചയിച്ചതു്. വെൽഫയർ ആഫീസിലേക്ക് അമ്മ പോകുന്ന ദിവസമായിരുന്നു അതു്. അച്ഛൻെറ ദൃഷ്ടിയിൽ പെടാതെ അതിഥികളെ പുറംവാതിലിൽകൂടി കൂട്ടിക്കൊണ്ടുവരുന്ന ജോലി ഫ്രെഡ്ഢി ഏറെറടുത്തു. റേഡിയോവിൽനിന്നുള്ള ശബ്ദത്തിനിടയിൽ ഞങ്ങളുടെ പണികൾ അച്ഛൻെറ ശ്രദ്ധയിൽ എത്തുപെടുകയില്ലെന്നു ഞങ്ങൾ വിചാരിച്ചു. ഹന്നായും അഗ്ഗിയും കൂടി അതിഥികൾക്ക ചാക്കലേററ് വിതരണംചെയ്യുന്നതോടുകൂടി കൗതുകവില്പന ഉൽഘാടനംചെയ്യണമെന്നും ഞാനും ഫ്രെഡ്ഢിയും ആ സമയമത്രയും സംഗീതാലാപംകൊണ്ടു ഏവരേയും ആനന്ദിപ്പിക്കണമെന്നുമായിരുന്നു തീരുമാനം. അതിഥികൾക്കവേണ്ടി ചെറിയൊരു വിനോദപരിപാടി തയ്യാറാക്കുന്നപക്ഷം വില്പനശാലയിലേക്കുള്ള പ്രവേശനഫീസ്സായി രണ്ടു സെൻറു വീതം ഓരോരുത്തരിൽനിന്നും ഈടാക്കുന്നു

തിനു തരക്കേടൊന്നുമില്ലെന്നു ഞങ്ങൾ നിശ്ചയിച്ചു. വില്പനയ്ക്കു വച്ചിരുന്ന സാധനങ്ങളുടെ മുഖവില നിശ്ചയിച്ചതു് ഹന്നായാണ്. നൃത്തകല തൊഴിലാക്കിയ ഒരാളെ ഞങ്ങൾ ക്ഷണിച്ചിരുന്നു.

അഗ്ഗിയെ വിശ്വസിക്കുന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നതിനാൽ, ബുധനാഴ്ച കാലത്തുവരെ ഈ പരിപാടിയെപ്പററി ഞങ്ങൾ അവളോടു ഒന്നും പറഞ്ഞില്ല. എന്നാൽ, അവസാനം അവൾ ഞങ്ങളെ തോല്പിക്കുകതന്നെ ചെയ്തു. ഞാനും ഫ്രെഡ്ഡിയും കൂടി സ്കൂളിലേക്കു പുറപ്പെട്ടപ്പോൾ അഗ്ഗി ഒരു പാട്ടുംപാടിക്കൊണ്ടു ഞങ്ങളുടെ പുറകെ ഓടിവന്നു പറഞ്ഞു, "എന്റെ പക്ഷികളെക്കൂടി വില്ക്കണം."

അഗ്ഗിയുടെ വാക്കുകൾകേട്ടു ഞങ്ങൾ ഭയപ്പെട്ടുപോയി. "ചത്ത പക്ഷിയെ ആരാണു വില തന്നു വാങ്ങുക? അഗ്ഗി, വീട്ടിനുള്ളിലേയ്ക്കു വേഗം പോകൂ. ഞങ്ങൾക്കു സ്കൂളിൽ പോകുവാൻ തിടുക്കമായിരിക്കുന്നു."

"എനിക്കും എന്റെ പക്ഷിയെ വില്ക്കണം." അഗ്ഗി വീണ്ടും ശാഠ്യംപിടിച്ചു.

"ചത്ത പക്ഷിയെ കൗതുകവില്പനയ്ക്കു വെക്കുക സാദ്ധ്യമല്ല." ഞാനും ഫ്രെഡ്ഡിയും എതിർത്തുപറഞ്ഞു.

"അങ്ങനെയെങ്കിൽ നിങ്ങളുടെ കൗതുകവില്പന നടക്കുന്നതു കാണണം. ഞാൻ അച്ഛനോടു പറയും." അവൾ ഭീഷണിപ്പെടുത്തി.

തന്റെ ചത്തപക്ഷിയെക്കൂടി വില്പനസാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുമോ എന്നു് അറിയുവാൻ അവളും ഞങ്ങളോടുകൂടി സ്കൂളിലേക്കു നടന്നു.

ഒടുവിൽ ഞങ്ങൾക്ക് അവളുടെ ഇഷ്ടത്തിന്ന് വഴങ്ങേണ്ടിവന്നു.

. മണി നാലടിച്ചപ്പോൾ നാലാളുകൾ വീട്ടിന്റെ പുറവാതിലിൽക്കൂടി കൗതുകവില്പനയ്ക്കു തയ്യാറാക്കിയിരുന്ന മുറിയിൽ പ്രവേശിച്ചു. സാധനങ്ങൾ വാങ്ങിക്കൊണ്ടു പോകുവാൻ ഓരോ സഞ്ചിയും അവർ കയ്യിൽ കരുതിയിരുന്നു. അവിടെ വന്നെത്തിയവരുടെ കൂട്ടത്തിൽ എന്റേയും ഫ്രെഡ്ഡിയുടേയും സഹപാഠികളും, ഹന്നായുടെ ചില ചങ്ങാതിമാരും ഉൾപ്പെട്ടിരുന്നു. യുവാക്കന്മാരും വൃദ്ധന്മാരുമായി അനേകം ആളുകൾ ഞങ്ങളുടെ പ്രതീക്ഷയിൽ കവിഞ്ഞ് സന്നിഹിതരായി. വാഷിങ്ങ്ടൺ തെരുവീഥിയിൽ കണ്ടവരോടെല്ലാം ഞങ്ങളുടെ കൗതുകവില്പനയെപ്പററി ഹന്നാ പറഞ്ഞിരുന്നിരിക്കണം. അച്ഛനെ അറിയിക്കാതെ പരമരഹസ്യമായാണ് കൗതുകവില്പന നടത്തുന്നതെന്ന കാര്യം മനസ്സിലാക്കാതെ അവിടെ കൂടിയിരുന്നവർ ആഹ്ലാദത്തോടെ ഉറക്കെ സംസാരിക്കുകയും ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ ശബ്ദകോലാഹലങ്ങൾ അച്ഛന്റെ ശ്രദ്ധയിൽ പെട്ടേക്കുമോ എന്ന് ഞങ്ങൾ ഓരോ നിമിഷവും ഭയപ്പെട്ടു. ഭാഗ്യമെന്നേ പറയേണ്ടു അവരുടെ ശബ്ദം റേഡിയോവിന്റെ ശബ്ദത്തിൽ ലയിച്ചുപോയതിനാൽ അച്ഛൻ അതൊന്നും ശ്രദ്ധിച്ചില്ല. അങ്ങനെ അദ്ദേഹം അറിയാതെതന്നെ ഞങ്ങളുടെ കൗതുകവില്പന നടന്നു.

അവിടെ വന്ന ആളുകൾക്കു അവരവരുടെ ഇഷ്ടം പോലെ പലതും വാങ്ങുവാൻ സാധിച്ചു. അമ്മയുടെ രണ്ടു ജോഡി ഉടുപ്പുകൾ, ഞങ്ങളുടെ പഴയ വസ്ത്ര

ങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിങ്ങനെ അനേകം സാധനങ്ങൾ വില്പനയ്ക്കു അടുക്കിവച്ചിരുന്നു. കൗതുകവില്പനയിൽ പങ്കുകൊള്ളുവാൻ വന്നിരുന്നവർ സാധനങ്ങൾക്കു ചുറ്റും കൂടിനിന്നിരുന്നതുകൊണ്ടു് എനിക്കു് എല്ലാം ശരിയായി കാണുവാൻ കഴിഞ്ഞില്ല. സാധനങ്ങളെല്ലാം വളരെ ഭംഗിയായാണു് ഹന്നാ അടുക്കിവച്ചിരുന്നതു്. അഗ്ഗിയുടെ സമ്പാദ്യമായിരുന്ന ചത്ത പക്ഷിയെ കണ്ടു് എല്ലാവരും ചിരിച്ചുപോയി. പക്ഷികളേയും ചിത്രശലഭങ്ങളേയും ശേഖരിക്കുന്നതിൽ താല്പര്യമുള്ള ഒരാൾ അവളുടെ ചത്ത പക്ഷിയെ രണ്ടു സെൻറു വിലയ്ക്കു വാങ്ങി.

അഞ്ചു മണിയോടുകൂടി ആളുകളെല്ലാം അവരവർക്കു ഇഷ്ടപ്പെട്ട സാധനങ്ങളും വാങ്ങി സ്ഥലംവിട്ടു. ആ കൗതുകവില്പനയിൽനിന്നും മൊത്തം മുപ്പത്തിഒന്നു ഡോളർ ഞങ്ങൾക്കു പിരിഞ്ഞുകിട്ടി. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ മുപ്പത്തിഒന്നു ഡോളർ ഒരു വലിയ തുക തന്നെയായിരുന്നു. അത്ര വലിയ ആ സമ്പാദ്യത്തിൽ ഞങ്ങൾ അഭിമാനംകൊണ്ടു. അത്താഴത്തിനു് എല്ലാവരും മേശയ്ക്കു ചുറ്റും വന്നുകൂടുമ്പോൾ ആ തുക മുഴുവനും അച്ഛനെ ഏല്പിക്കുവാൻ ഞങ്ങൾ വെമ്പിക്കൊണ്ടിരുന്നു. ഈ സമ്പാദ്യത്തുക, ഹന്നായുടെ കലാപാടവംകൊണ്ടു്, കമനീയമാക്കപ്പെട്ട ഒരു ചുരുട്ടുപെട്ടിയിൽ ഭദ്രമായി ഞങ്ങൾ സൂക്ഷിച്ചു. ആ സിഗാറുപോണിയുടെ അടപ്പിൽ മനോഹരമായ കയ്യക്ഷരത്തിൽ "ജെയിംസ് ഡിപെല്ലിനു ഭാഗ്യം നേരുന്നു" എന്നു ഞാൻ എഴുതിവെച്ചിരുന്നു. ഭക്ഷണം കഴിഞ്ഞു് ഉല്ലാസത്തിനായി എല്ലാവരും ഒരുമിച്ചു കൂടുന്നതുവരെ ഫ്രെഡ്ഡി ആ സിഗാറുപോണി

ആരേയും കാണിക്കാതെ മടിയിൽ സൂക്ഷിച്ചുവച്ചു. ആ പണം സമ്പാദിച്ച മാർഗ്ഗത്തെപ്പററി എത്ര നിർബന്ധിച്ചു ചോദിച്ചാലും പറയരുതെന്നായിരുന്നു ഞങ്ങളുടെ നിശ്ചയം. ഫ്രെഡ്ഡി അതു് അച്ഛനു സമർപ്പിച്ചു ഉടനെ അഗ്ഗി കസേരയിൽനിന്നു ചാടി എണീററു് അച്ഛൻെറ മടിയിൽ കയറി ഇരുന്നു.

"ഞാൻ എൻെറ ചത്ത പക്ഷിയേയും വിററു." അവൾ അച്ഛനെ ചുംബിച്ചുകൊണ്ടു പറഞ്ഞു. "നമ്മുടെ കെട്ടകാലം തീരാൻ ഞാനും വിററു." അവൾ തുടർന്നു പറഞ്ഞു.

എനിക്കും ഫ്രെഡ്ഡിക്കും അവൾ അപ്പറഞ്ഞതു് ഒട്ടും രസിച്ചില്ല. അവളുടെ പക്ഷിക്കു രണ്ടേ രണ്ടു സെൻറ കിട്ടിയുള്ളുവെന്നും ബാക്കി പണമെല്ലാം ഞങ്ങളുടെ സാധനങ്ങൾ വിററുകിട്ടിയതാണെന്നും പറയാൻ ഞങ്ങൾ നിർബന്ധിതരായി.

എന്തെല്ലാമാണു സംഭവിച്ചതെന്നറിയാതെ അച്ഛൻ ആകപ്പാടെ ഒന്നു കുഴങ്ങിയ മട്ടായി. കാര്യങ്ങളുടെ യാഥാർത്ഥ്യം അറിയുവാനെന്നമട്ടിൽ അമ്മയുടെ നേക്കു നോക്കി. അനന്തരം അദ്ദേഹം മേശയിൽത്തന്നെ മിഴിയുറപ്പിച്ചുകൊണ്ടു കുറേസമയം ഇരുന്നു. ഒടുവിൽ ഒന്നു ചുമച്ചുകൊണ്ടു് അവിടെനിന്നും ഇറങ്ങിപോവുകയും ചെയ്തു. ഞങ്ങളുടെ ശ്രമം പരാജയപ്പെട്ടെന്നാണു് ആദ്യം ഞാൻ വിചാരിച്ചതു്. എന്നാൽ അടുത്ത നിമിഷം അച്ഛൻെറ മുറിയിൽനിന്നു് ആനന്ദകരമായ റേഡിയോഗാനം കേൾക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ വിഷമം നീങ്ങിത്തുടങ്ങുന്നു എന്നു ഞാൻ ആശിച്ചു.

ഈ സമയമത്രയും ഞങ്ങളുടെ പ്രിയപ്പെട്ട അമ്മ ഞങ്ങളെ ഉററുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവരുടെ മുഖത്തു് ഒരു പുഞ്ചിരി വിടർന്നു. എങ്കിലും ഏതു നിമിഷത്തിലും അതു പൊട്ടിച്ചിരിയായി മാറുമെന്നു സ്പഷ്ടമായിരുന്നു.

ഹന്നാ ഞങ്ങളുടെ അടുത്തു വന്നപ്പോൾ ഫ്രെഡ്ഢി ഓടിച്ചെന്നു് അവളുടെ അരക്കെട്ടിൽ കെട്ടിപ്പിടിച്ചുകൊണ്ടു് ഉറക്കെ വിളിച്ചുപറഞ്ഞു: "ഹന്നാ! അതു ഫലിച്ചു! ഹന്നാ, അതു ഫലിച്ചു! ഞങ്ങളുടെ സാമ്പത്തികമായ ഇടിവിന്നു് ഒരറുതി വന്നു കഴിഞ്ഞിരിക്കുന്നു."

എന്നാൽ ആശ്ചര്യമെന്നേ പറയേണ്ടു, ഹന്നാ അപ്പോൾ സന്തോഷിക്കുന്നതിനു പകരം സങ്കടപ്പെടുകയാണു ചെയ്തതു്. അവൾ അടുക്കളയിലേക്കു മടങ്ങിയപ്പോൾ അമ്മയും അവളെ പിൻതുടന്നു് അടുക്കളയിൽ എത്തി.

ഭക്ഷണം കഴിഞ്ഞു് ഞങ്ങൾ സമ്മാനിച്ച സിഗാറു പോണിയുംകൊണ്ടു് അച്ഛൻ പോയതാണു്. അതിൽപ്പിന്നെ ആ സമ്മാനത്തെപ്പററി യാതൊരു പരാമർശവും നടന്നില്ല. എങ്കിലും അദ്ദേഹം റേഡിയോവിലെ "ആമോസി" എന്ന ഗാനം കേട്ടു പണ്ടൊന്നുമുണ്ടായിട്ടില്ലാത്തവിധം പൊട്ടിച്ചിരിക്കുന്നതു കേൾക്കാമായിരുന്നു. ഞങ്ങളുടെ കൗതുകവില്പന വിജയകരമായി കലാശിച്ചില്ലേ എന്നു ഞാൻ സമാശ്വസിച്ചു. അതേപ്പററി പൂമുഖത്തു ഉറങ്ങാൻ കിടക്കുമ്പോൾ ഫ്രെഡ്ഢിയുമായി സംസാരിക്കണമെന്നു നിശ്ചയിച്ചു. എന്നാൽ കിടന്നപ്പോൾത്തന്നെ ഞങ്ങൾ ഇരുവരും

ഉറങ്ങിപ്പോയതിനാൽ ഒന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല.

ആ ദിവസത്തിനു ശേഷം പല കാര്യങ്ങളും സംഭവിച്ചു, ഞങ്ങളെ ആശ്ചര്യപ്പെടുത്തുമാറ്. പിറേറന്നു രാവിലെ അച്ഛൻ ജോലിക്കുപോയതാണ് ഒരു പ്രധാന സംഭവം. ഞങ്ങൾക്കു വളരെ പ്രയാസം തോന്നാതിരുന്നില്ല. പണമില്ലാത്തതുകൊണ്ട് അച്ഛനു വിഷമം ഉണ്ടാകരുതെന്നുള്ള വിചാരംകൊണ്ടാണ് ഞങ്ങളുടെ കളിപ്പാട്ടങ്ങൾ എല്ലാം വില്ക്കുവാനിടയായതു്. എന്നാൽ, അച്ഛൻ ഇതാ വീണ്ടും ജോലിക്കുപോകുവാൻ ആരംഭിച്ചിരിക്കുന്നു. "അല്ല, അല്ല, നിങ്ങൾക്കു മനസ്സിലായില്ല" അമ്മ ഞങ്ങളോടു പറഞ്ഞു. "നിങ്ങളുടെ അച്ഛൻ ജോലിക്കു പോകുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് ഒരു പുതിയ ജോലി കിട്ടിയിരിക്കുന്നു. ആ ജോലിയിൽ അദ്ദേഹത്തിനു തീർച്ചയായും സന്തോഷവും സംതൃപ്തിയും ഉണ്ടാവും. നിങ്ങൾ കളിമുറിയിലേക്ക് ഓടിച്ചെന്നു നോക്കുക. അവിടെ ഒരത്ഭുതം കാണാം."

ഞങ്ങൾ അമ്മയുടെ വാക്കു കേട്ടു കളിമുറിയിൽ ഓടിയെത്തി. അവിടെ കണ്ട കാഴ്ച ഞങ്ങളെ അത്ഭുതപ്പെടുത്തി. ഞങ്ങൾ വിററുകഴിഞ്ഞ എല്ലാ കളിപ്പാട്ടങ്ങളും അതിനുംപുറമെ പുതിയ പല കളിക്കോപ്പുകളും അവിടെ കാണപ്പെട്ടു. ഈസ്റ്റർ ആഘോഷാവസരത്തിൽ ഞങ്ങൾക്കു സമ്മാനിക്കുവാൻ അമ്മ വാങ്ങി സൂക്ഷിച്ചിരുന്നവയായിരിക്കണം, ആവു. അമ്മിയുടെ ചത്ത പക്ഷിയേയും ഞ



KOTTAYAM

ങ്ങൾ അവിടെ കണ്ടു. വാലു സ്വല്പം മുറിഞ്ഞുപോയതല്ലാതെ അതിനു മറെറാരു കേടും സംഭവിച്ചിരുന്നില്ല.

അച്ഛൻ വീണ്ടും ജോലിക്കുപോകുവാൻ തുടങ്ങിയ ദിവസം ഹന്നാ ഞങ്ങളെ വിട്ടുപിരിഞ്ഞു. അവളുടെ വേർപാടിൽ ഞങ്ങൾ വളരെ സങ്കടപ്പെട്ടു. എന്നാൽ നൃത്തം പഠിപ്പിക്കുവാൻ ഇടയ്ക്കിടയ്ക്കു വന്നുകൊള്ളാമെന്നു പറഞ്ഞു ഹന്നാ ഞങ്ങളെ സമാശ്വസിപ്പിച്ചു. വാഗ്ദാനമനുസരിച്ച് അവൾ പ്രവർത്തിച്ചില്ലെന്നു മാത്രം. ഞങ്ങളെ വിട്ടുപിരിഞ്ഞുപോയതിൽ പിന്നീടു ഒരു പ്രാവശ്യംമാത്രമേ അവൾ ഞങ്ങളുടെ വീട്ടിൽ വന്നുള്ളു. മനോഹരവും വിലയേറിയതുമായ ഒരു കാറിലായിരുന്നു അവളുടെ വരവ്. കൂടിയാൽ പതിനഞ്ചു മിനിട്ടു സമയം അവൾ ഞങ്ങളുടെ വീട്ടിൽ കഴിച്ചുകാണും. അതിൽപിന്നീടു ഒരിക്കലും ഹന്നായെ ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞിട്ടില്ല. അവൾ കയറിവന്ന കാർ ഓടിച്ചിരുന്നതു് അവൾ സ്വപ്നസമായി കരുതിക്കൊണ്ടിരുന്ന "ജോ" തന്നെയായിരുന്നെന്നു ഞങ്ങൾക്കു മനസ്സിലായി.

അച്ഛൻ മുപ്പതിരുന്നു ഡോളർ സമ്മാനിച്ചതിൻെറ ശേഷം എല്ലാ ഞായറാഴ്ചദിവസങ്ങളിലും അദ്ദേഹം ഞങ്ങളെ സായാഹ്നസവാരിക്കു കൊണ്ടുപോകുവാൻ തുടങ്ങി. അദ്ദേഹം ഉന്മേഷഭരിതനായിരുന്നുവെങ്കിലും മാനസികമായ വിഷമത്തിൽനിന്നു പരിപൂർണ്ണമായ മോചനം നേടിയിരുന്നില്ല. ഞായറാഴ്ച ദിവസങ്ങളിൽ അദ്ദേഹം തികച്ചും പ്രസന്നവദനനായി കാണപ്പെട്ടിരുന്നു. സൂര്യാസ്തമനത്തിനുശേഷം ഞാനും ഫ്രെഡ്ഡിയും അഗ്ഗിയും കൂടി "കള്ളനും പോ

ലീസ്സം" കളിച്ചുകഴിഞ്ഞാൽ അച്ഛൻെറകൂടെ കടയിലേക്കു പോകും. ന്യൂജെർസി സ്റ്റേററിൽ മുഴുവൻ പ്രസിദ്ധിനേടിയതും അച്ഛന്നേററവും ഇഷ്ടമുള്ളതുമായ കോഴിയിറച്ചിയും പയറും കഴിച്ചു തിരിച്ചുപോരികയും ചെയ്യും. അസ്സി മാത്രം ചത്ത പക്ഷിയെ ഇട്ടു തയ്യാറാക്കിയ പയററിൻകറി കഴിക്കാറില്ല.

# II

# സുവർണ്ണ മധുവിധു

"കുട്ടികളുടെ അമ്മ" പറയുന്നതു, വർത്തമാനം തുടങ്ങിയാൽ അതു നിറുത്തണമെന്നു് എനിക്കറിഞ്ഞുകൂടെന്നാണു്. അമ്മ അടുത്തില്ലാത്തപ്പോഴേ എനിക്കു വല്ലതും തൃപ്തികരമായി പറയാൻ സാധിക്കയുള്ളെന്നും, അതുകൊണ്ടു് കിട്ടുന്ന അവസരങ്ങളൊന്നും പാഴാക്കാറില്ലെന്നും, ഞാൻ തിരിച്ചടിക്കും. ദൈവം നാവു തന്നിരിക്കുന്നതു ചൊവ്വേ നേരേ ഉപയോഗിക്കാനാണെന്നാണു് എന്റെ വാദം. അതിനു പറഞ്ഞതുതന്നെ വീണ്ടും പറയണോ എന്നാകും "അമ്മ."

"എല്ലാവരും നമ്മെപ്പോലെ ആണെന്നു കരുതുക. ഒരമ്പതു വർഷത്തെ വിവാഹജീവിതത്തിനിടയിൽ ഒരിക്കൽ പറഞ്ഞതു് അവർ വീണ്ടും പറയില്ലേ?" എന്റെ ചോദ്യമാണതു്.

"ഇല്ല. ആരും പറഞ്ഞതുതന്നെ പറയുകില്ല. ഇല്ല. അതിനു വാതുകെട്ടാൻപോലും ഞാനൊരുക്കമാണു്. ദൈവമേ — അമ്പതു വർഷം പറഞ്ഞതുതന്നെ പറഞ്ഞാൽ മനുഷ്യന്റെ ക്ഷമ കെട്ടുപോകില്ലേ?" അതാണമ്മയുടെ മറുപടി.

"ഇതൊക്കെയായാലും "അമ്മേടെ" ചൊടിചൊടിപ്പിനു് ഒരു കുറവുമില്ലല്ലോ."

"കല്യാണത്തിനു മുമ്പ് എനിക്കു ഇതിലും ചൊടിചൊടിപ്പുണ്ടായിരുന്നു."

ഏതായാലും അമ്മയെ പരാജയപ്പെടുത്തുവാൻ ആക്കും സാധ്യമായിരുന്നില്ല.

അതെ, അൻപതു വർഷങ്ങൾക്കുമുമ്പാണ് ഞങ്ങൾ വിവാഹിതരായതു്. ഞങ്ങളുടെ വിവാഹത്തിൻെറ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുവാൻ മകളും മകളുടെ ഭർത്താവും "ട്രെൻറൺ" എന്ന സ്ഥലത്തുനിന്നും വന്നുചേർന്നിരുന്നു. മരുമകനായ "ജോൺ ക്രീമർ" സ്ഥാവരസ്വത്തുള്ള ഒരു ധനാഢ്യനാണ്. പന്തീരായിരം പവനാണത്രെ അദ്ദേഹത്തിൻെറ വാർഷികവരുമാനം. സൽഗുണസമ്പന്നനും അദ്ധ്വാനശീലനുമായ ക്രീമർ പൊതുജനസമ്മതനായ ഒരു പ്രമുഖ വ്യക്തിയാണ്. "റോട്ടേറിയ"ന്മാർ അയാളെ ഒരംഗമായി ലഭിക്കുവാൻ ആഗ്രഹിച്ചിരുന്നു. അവരോട്ട് അയാൾ പറഞ്ഞിരുന്നതു് തൻെറ കുടുംബംതന്നെ ഒരു ക്ലബ്ബാണെന്നും താൻ അതിലെ ഒരംഗമാണെന്നുമാണ്. ഒടുവിൽ മകൾ "ഏദിയാ"യുടെ നിർബന്ധംമൂലം അയാൾ റോട്ടറിക്ലബ്ബിൽ അംഗമായി ചേർന്നു.

അതെങ്ങനെയുമിരിക്കട്ടെ, ജോൺ ക്രീമർ ഭാര്യാസമേതനായി വിവാഹത്തിൻെറ സുവർണ്ണജൂബിലിയിൽ സംബന്ധിക്കുവാൻ വന്നെത്തി. കാലാവസ്ഥ അത്ര അനുകൂലമായിരുന്നില്ലെങ്കിലും തലേവർഷത്തേക്കാൾ മെച്ചമായിരുന്നുവെന്നുവേണം പറയാൻ. ഏദിക്ക് അതു് അത്ര സുഖകരമായിത്തോന്നിയില്ല. അവൾ ഞങ്ങളുടെ സ്ഥാനത്തായിരുന്നുവെങ്കിൽ ആ സ്ഥലം

വിട്ടു "ഫ്ളോറിഡാ"യിലുള്ള "താമ്പാ" എന്ന സ്ഥല ത്തേയ്ക്കു സുഖവാസത്തിനു പോകുമായിരുന്നുവെന്നു പറകയും ചെയ്തു. ഞങ്ങൾ നാലു വർഷം അടുപ്പിച്ച് ഫ്ളോറിഡായിലാണു കഴിച്ചിരുന്നതു്. അവിടത്തെ താമസക്കാലത്തു്, ഹോട്ടൽ ബില്ലുതന്നെ മുന്നൂററി അൻപതു ഡോളർ കൊടുക്കേണ്ടിവന്നിട്ടുണ്ടു്. അതു കൊണ്ടു്, സ്വദേശം വിട്ടു മറെറാരു സ്ഥലത്തുപോയി സുഖമെടുക്കുവാൻ "കുട്ടികളുടെ അമ്മ"യ്ക്കു് ഇഷ്ടമില്ലാ യിരുന്നു. താമ്പ മാത്രമല്ല സുഖവാസസ്ഥലമായിട്ടുള്ള തെന്നും കുറഞ്ഞ ചിലവിൽ താമസിക്കുവാൻ കഴി യുന്ന മററു പല സുഖവാസസ്ഥലങ്ങൾ ഉണ്ടെന്നും ജോൺ ക്രീമർ ചൂണ്ടിക്കാണിച്ചു. നേരത്തേ എഴുതി അറിയിച്ചിരുന്നുവെങ്കിൽ, ഫ്ളോറിഡായിൽ സെ ൻറ് പീറേറഴ്സ് ബർഗിൽ താമസിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാമായിരുന്നെന്നും അയാൾ പറയുകയുണ്ടായി.

എന്തിനധികം വിസ്തരിക്കുന്നു. ഞങ്ങളുടെ സു വർണ്ണ മധുവിധു സെൻറ് പീറേറഴ്സ് ബർഗിൽ വെച്ചു ആഘോഷിക്കാമെന്നു തീരുമാനിച്ചു.

ഒരു ദിവസം നേരത്തെ യാത്രതിരിച്ചു് ഞങ്ങൾ മകളുടെ വാസസ്ഥലമായ ട്രെൻറണിൽ എത്തി. അന്നു് അവളുടെ വീട്ടിൽ താമസിച്ചു. പറേറന്നു ഉച്ച തിരിഞ്ഞു് ഞങ്ങൾ അവിടെനിന്നും പുറപ്പെട്ടു.

ഞങ്ങൾ തീവണ്ടി കയറിയതു് ജനുവരി മാസം 12-ാംനു- ആയിരുന്നു. ഞാൻ അമ്മയ്ക്കു് അഭിമുഖമായി വണ്ടിയുടെ പുറകോട്ടു നോക്കിയാണു് ഇരുന്നതു്. നാലുമണി കഴിഞ്ഞപ്പോൾ ഞങ്ങളുടെ വണ്ടി വടക്കേ

ഫിലാഡൽഫിയായിലെത്തി. അവിടെനിന്നും തിരിച്ചു് അരമണിക്കൂർ കഴിഞ്ഞപ്പോഠം പശ്ചിമ ഫിലാഡൽഫിയായിലായി. വണ്ടി നിറുത്തിയപ്പോഠം പൊതുനിരത്തിൽ ഇറങ്ങി കുറച്ചു നടന്നാലെന്നെന്നു തോന്നി. പക്ഷെ, തരപ്പെട്ടില്ല. യാത്ര പിന്നെയും തുടർന്നു. ഞങ്ങഠം ആറരമണിക്കു ബാർട്ടിമോറിലും, ഏഴരമണിക്കു വാഷിങ്ങ്ടണിലും എത്തി. ട്രെയിൻ വാഷിങ്ങ്ടണിൽ രണ്ടുമണിക്കൂർ സമയം കാത്തുകിടക്കേണ്ടിവന്നു. വാഷിങ്ങ്ടണിൽ വണ്ടി നില്ക്കുമ്പോഠം ഞാൻ പ്ലാററുഫാറത്തിൽ ഇറങ്ങി കുറേ സമയം നടന്നു. മടങ്ങിയെത്തിയപ്പോഠം ഞങ്ങളുടെ വണ്ടി പുറപ്പെടാൻ ഒരുങ്ങിനില്ക്കുയായിരുന്നു. എന്നെ കാണാതിരുന്നതുകൊണ്ടു് കുട്ടികളുടെ "അമ്മ"യ്ക്കു വലിയ ഉൽക്കണ്ഠ ഉണ്ടായി.

"എന്തിനു വിഷമിക്കുന്നു?" ഞാൻ ചോദിച്ചു. "ഞാൻ കയറുന്നതിനു മുമ്പു വണ്ടി നീങ്ങിയിരുന്നുവെങ്കിൽ തീർച്ചയായും അടുത്ത വണ്ടിയിൽ കയറി നിങ്ങളെ കണ്ടുപിടിക്കുമായിരുന്നു."

"അതു സാധ്യമായിരുന്നില്ല." അമ്മ കൈവശമിരുന്ന പണം കാണിച്ചുകൊണ്ടു പറഞ്ഞു.

"എന്തു്?" ഞാൻ മറുപടി പറഞ്ഞു. "നാം വാഷിങ്ങ്ടൺ പട്ടണത്തിലാണല്ലോ. ഒരു ഇംഗ്ലീഷുകാരനെന്നു നടിച്ചു് ഐക്യസംസ്ഥാനഭണ്ഡാരിയിൽനിന്നു കുറെ പണം കടമെടുക്കുമായിരുന്നു."

ഞാൻ പറഞ്ഞ വാക്കുകളുടെ അർത്ഥം ശരിക്കു ഗ്രഹിച്ചു് അമ്മ ഒന്നു ചിരിക്കുകമാത്രം ചെയ്തു.

കൃത്യം ഒമ്പതരമണിക്ക് ഞങ്ങൾ കയറിയിരുന്ന വണ്ടി വാഷിങ്ങ്ടൺ നഗരത്തിൽനിന്നു പുറപ്പെട്ടു. ആ രാത്രി ഞങ്ങൾ പുരാതന വെർജീനിയായിലെ പച്ചവിരിച്ച പാടങ്ങൾ. പിന്നിട്ടു യാത്രചെയ്യുകയായിരുന്നു. പ്രഭാതത്തിൽ ഉറക്കമുണർന്നു നോക്കിയപ്പോൾ ഞങ്ങൾ ഉത്തരകരോളിനായിൽ എത്തിക്കഴിഞ്ഞു. വണ്ടിയിൽവച്ചുതന്നെ പ്രഭാതഭക്ഷണം കഴിച്ചു. അനന്തരം ഞാൻ അടുത്തമുറിയിലിരുന്ന ഒരു യാത്രക്കാരനുമായി സംസാരിക്കാൻ തുടങ്ങി. ആ യാത്രക്കാരന് എൺപതു വയസ്സിൽ കൂടുതൽ പ്രായംകാണും. കൂടെ അയാളുടെ വിവാഹിതകളായ രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. നാലുപേക്ക് ഒരുമിച്ചിരുന്നു യാത്രചെയ്യുന്നതു് വിഷമമല്ലേ എന്നു ഞാൻ ചോദിച്ചു. അപ്പോൾ ആ വൃദ്ധൻ പറഞ്ഞു പത്തുപതിനഞ്ചു വർഷക്കാലമായി അവർ അപ്രകാരം യാത്രചെയ്യുന്നുണ്ടെന്നും യാത്രയിൽ യാതൊരു അസൗകര്യവും തോന്നിയിട്ടില്ലെന്നും.

മണി ഒന്നായപ്പോൾ ഞങ്ങളുടെ വണ്ടി ദക്ഷിണ "കാരോളിനാ"യിലെ ചാർത്സ്"ടണിൽ എത്തി. സാവന്നായിൽ 4-20 നും, എട്ടേമുക്കാൽമണിക്കു ഫ്ളോറിഡായിൽ "ജക്സൺവില്ലാ" എന്ന സ്ഥലത്തും ചെന്നുചേർന്നു. വണ്ടി ഒന്നേകാൽമണിക്കൂർ സമയം അവിടെ കിടപ്പായി. അമ്മയുടെ നിർബന്ധംകൊണ്ടാണു് ട്രെയിൻമാർഗ്ഗം യാത്രചെയ്യുവാൻ ഞാനൊരുങ്ങിയതു്. എനിക്കു വണ്ടിയിൽവെച്ചു് ഉറങ്ങുവാൻ കഴിഞ്ഞില്ല. അപ്പർബർത്തിൽ കിടന്നു ഉറക്കംതൂങ്ങി ഞാൻ ഉരുണ്ടുവീണേക്കുമോ എന്നു ഭയപ്പെട്ടു അമ്മയും ഉറക്കമിളച്ചിരുന്നു.

70485

ഞങ്ങൾ യാത്രചെയ്തിരുന്ന വണ്ടി ടാർപോൺ സ്പ്രിംഗിൽ എത്തിയപ്പോൾ ഞങ്ങളുടെ അടുത്ത മുറിയിൽ യാത്രചെയ്തിരുന്ന ഒരാൾ വണ്ടിയിൽനിന്നു ഇറങ്ങി നടക്കുന്നതു ഞാൻ കണ്ടു. പല യാത്രക്കാരും "ബല്ലയറി"ൽവെച്ചു ഞങ്ങളെ വിട്ടുപിരിഞ്ഞു. ദീർഘമായ ഒരു യാത്രയ്ക്കുശേഷം ഒടുവിൽ ഞങ്ങൾ സെൻറ് പീറേറഴ്സ് ബർഗ്ഗിൽ എത്തിച്ചേർന്നു. ഞങ്ങളെ ക്ഷണിച്ചുകൊണ്ടുപോകുവാൻ അവിടെയെത്തിയ ഹോട്ടൽ പ്രതിനിധികൾ തമ്മിൽ മത്സരിക്കുന്നതു കണ്ടാൽ അവിടെ എന്തോ ലഹള നടക്കുകയാണെന്നു തോന്നും.

ഞാൻ കുട്ടികളുടെ അമ്മയോടു പറഞ്ഞു: "സുഖവാസത്തിന്നു നാം തിരഞ്ഞെടുത്ത സ്ഥലം വളരെ നന്നായിരിക്കുന്നു. ഹോട്ടലുകളെല്ലാം ഒരുപോലെ മെച്ചമായിരുന്നാൽ എവിടേക്കു പോകുമെന്നോർത്തു നാം വിഷമിക്കും. എന്നാൽ ഇവിടെയാണെങ്കിൽ അങ്ങനെയൊരു പ്രയാസമേയില്ല."

എൻെറ വാക്കുകൾ കേട്ടു കുട്ടികളുടെ അമ്മ ചിരിക്കുകമാത്രം ചെയ്തു.

ഞങ്ങൾക്കായി ജോൺക്രീമർ ഏർപ്പാടുചെയ്തിരുന്ന ഹോട്ടലിലേക്കു ഞങ്ങൾ ഒരാളുടെ സഹായത്തോടുകൂടി പോയി. ഉദ്ദേശം നാല്പത്തിയെട്ടു വയസ്സു പ്രായംവരുന്ന ഒരു വിധവയാണു് ആ ഹോട്ടൽ നടത്തിക്കൊണ്ടിരുന്നതു്. ഞങ്ങൾക്കുവേണ്ടി ഒഴിച്ചിട്ടിരുന്ന മുറിയിലേക്കു് ആ വിധവ ഞങ്ങളെ നയിച്ചു. ആ മുറിക്കു് ഒരാഴ്ചക്കാലത്തേക്കു പന്ത്രണ്ടു ഡോളർ കൊടുക്കേണ്ടിയിരുന്നു. ഒരു ചെറിയ മുറിയായിരുന്നുവെങ്കിലും താമസത്തിന്നുവേണ്ട സൗകര്യങ്ങൾ എല്ലാം അവിടെ ഉണ്ടായിരുന്നു.

സെൻറ് പീറേറഴ്സ് ബർഗ്ഗിലെ താമസക്കാലത്ത് ഒരു ദിവസം ഞങ്ങൾ "ലെവിസ്ടെൻറ്" എന്ന നഗരം കാണാൻ പോയി. ആ പട്ടണം സന്ദർശിക്കുവാൻ ചെല്ലുന്നവർ ഹോട്ടലുകളിൽ സാധാരണ മുറിയെടുക്കാറില്ല. ചെറിയ കൂടാരങ്ങൾ നിർമ്മിച്ച്, തനിയെ ഭക്ഷണം പാകംചെയ്താണ് യാത്രക്കാർ അവിടെ താമസിക്കുന്നത്. ആണ്ടുതോറും ലക്ഷക്കണക്കിനു യാത്രക്കാർ ആ പട്ടണം സന്ദർശിച്ചുവരുന്നു. അവിടെ ഞങ്ങൾ കണ്ട ഒരു യാത്രക്കാരൻ — അയാളുടെ പേരു മി. പെൻസ് എന്നാണ് —. ലെവിസ്ടെൻറിൽ ലീവിസിൽനിന്നും 1641-ൽ പരം മൈൽ ദൂരമുള്ള "ബ്രാഡി" എന്ന സ്ഥലത്തുനിന്നും ഭാര്യയോടുകൂടി സ്വയം കാർ ഓടിച്ചാണത്രെ അവിടെ വന്നത്. കുറഞ്ഞത് ഒരുമാസക്കാലമെങ്കിലും അവർ യാത്രചെയ്തിരിക്കണം. അമേരിക്കൻ ഐക്യനാടുകളിലെ വിവിധ രാജ്യങ്ങളിൽനിന്നും അനേകർ ഈ പട്ടണം സന്ദർശിക്കുവാൻ വന്നുചേർന്നിരുന്നു. വേനല്ക്കാലത്ത് അവരിൽ മിക്കവരും "ന്യൂ ഇംഗ്ലണ്ട്" തുടങ്ങിയ സ്ഥലങ്ങളിൽ പോകും. വർഷകാലമായാൽ അവർ ഫ്ളോറിഡായിൽത്തന്നെ താമസിക്കും. ഞങ്ങൾ അതിമനോഹരമായ ലെവിസ്ടെൻറ പട്ടണത്തിൽ ചെല്ലുമ്പോൾ അവിടെ കൂടാരങ്ങളിൽ താമസിച്ചുകൊണ്ടിരുന്ന യാത്രക്കാരുടെ ഒരു സമ്മേളനം നടക്കുകയായിരുന്നു. ആ സമ്മേളനത്തിൽ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചതു ന്യൂയോർക്കിൽനിന്നു വന്നുചേർന്ന ഒരു മാന്യനായിരുന്നു. സമ്മേളനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഒരു പ്രത്യേക ഗാനം പഠിച്ചിരിക്കണമെന്നായിരുന്നു വ്യവസ്ഥ.

ആ സംഘത്തിൽ അംഗമായി ചേർന്നാലെന്തെന്നു ഞാൻ കുട്ടികളുടെ അമ്മയോടു ചോദിച്ചു.

"ചേർന്നാൽ നല്ലതു് — അതു നടക്കുമോ."

"എന്താണിങ്ങനെ പറയുന്നതു്? നാം പരിചയപ്പെട്ട ആ "പെൻസി"നു് എൺപതിൽ കൂടുതൽ വയസ്സുണ്ടു്. എനിക്കാണെങ്കിൽ അയാളെക്കാൾ എട്ടു വയസ്സു കുറവാണു്." ഞാൻ ഉത്തരം നല്കി.

"അതു ശരിയായിരിക്കാം. പക്ഷെ, അയാൾക്കു് അതിനുള്ള കഴിവുണ്ടു്." അമ്മ പ്രതിവചിച്ചു.

അമ്മയോടു പറഞ്ഞു ജയിക്കുക അസാദ്ധ്യമായിരുന്നു.

സെൻറു് പീറ്റേഴ്സ് ബർഗ്ഗിൽ ചെന്നതിനു ശേഷം ഞങ്ങൾ ഒന്നാമതായി ചെയ്തതു്, ചേംബർ ആഫ് കോമേഴ്സിൽ ചെന്നു ഞങ്ങളുടെ പേരു രജിസ്റ്റർ ചെയ്യുകയായിരുന്നു. ലേവിസ് സന്ദർശിക്കുന്ന വിവിധ രാജ്യവാസികളുടെ സംഖ്യ വർദ്ധിപ്പിച്ചു കാണിക്കുവാൻ ഒരു മത്സരം നടക്കുന്നതായി ഞങ്ങൾ മനസ്സിലാക്കി. ഞങ്ങളുടെ രാജ്യത്തിൻെറ അഭിമാനം കാത്തു സംരക്ഷിക്കുവാൻ വേണ്ടിയാണു് ഞങ്ങൾ പേരു രജിസ്റ്റർചെയ്തതു്. പേരു രജിസ്റ്റർചെയ്തിരുന്നതിൽ ആയിരത്തിഅഞ്ഞൂറുപേർ "ഓഹിയോ"യിൽനിന്നും, ആയിരത്തിഇരുനൂറുപേർ ന്യൂയോർക്കിൽനിന്നും വന്നവരായിരുന്നു. മൂന്നാം സ്ഥാനം "മിഷിഗണും" നാലാം സ്ഥാനം "പെൻസിൽവേനിയാ"യ്ക്കു കൊടുക്കാമായിരുന്നു. "ക്യൂബാ"യിൽനിന്നും "നെവാദാ"യിൽനിന്നും ഓരോ ആൾ വീതം മാത്രമേ പേർ രജിസ്റ്റർചെയ്തിരുന്നുള്ളു.

സൗകര്യപ്രദമായ ഒരു സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കുക എന്നതായിരുന്നു ഞങ്ങളുടെ അടുത്ത ആവശ്യം. ഞങ്ങൾക്കു രണ്ടുപേക്കും കൂടി ഭക്ഷണത്തിനു ദിവസം രണ്ടു ഡോളർ വീതം ചെലവായി.

ഫെബ്രുവരി മൂന്നാം തീയ്യതിയായിരുന്നു അമ്മയുടെ ജന്മദിനം. "പൊയിൻസെററിയാ" എന്ന ഹോട്ടലിൽവെച്ച് ഞങ്ങൾ അതു ഭംഗിയായി ആഘോഷിച്ചു.

ഞാൻ അമ്മയോടു പറഞ്ഞു: "എല്ലാ ദിവസവും അമ്മയുടെ ജന്മദിനമായിരുന്നുവെങ്കിൽ നമ്മൾ പട്ടിണിയായിപ്പോകുമായിരുന്നു."

"ഒരിക്കലുമില്ല." അമ്മ പറഞ്ഞു, "അങ്ങനെ എന്നും എൻെറ ജന്മദിനം വന്നുചേർന്നിരുന്നുവെങ്കിൽ എത്രയോ മുമ്പു ഞാൻ വയസ്സുചെന്നു ചാകുമായിരുന്നു."

അമ്മയോടു പറഞ്ഞു ജയിക്കുക ആക്കും സാദ്ധ്യമായിരുന്നില്ല.

ഭക്ഷണം കഴിഞ്ഞു യാത്രക്കാരിൽ ചിലർ തമാശകൾ പറഞ്ഞു കഴിച്ചു; ചിലർ ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്നു. ഞങ്ങൾ താമസിച്ചിരുന്ന ഹോട്ടലിൽ ചീട്ടുകളിക്കുന്നതിനായുള്ള ഒരു മേശ പുറത്തെ വരാന്തയിൽ ഇട്ടിരുന്നു. സ്ത്രീപുരുഷന്മാർ ഉല്ലാസപൂർവ്വം മേശയ്ക്കുചുററും ഇരുന്നു ചീട്ടുകളിക്കുക എന്നതു നിത്യപരിപാടിയായിരുന്നു. ആ ഹോട്ടലിൽ ഒരുഭാഗത്തു സ്ത്രീപുരുഷന്മാക്കു നൃത്തംചെയ്യുവാനുള്ള സ്ഥലം ഒഴിച്ചിട്ടിരുന്നു. യുവാക്കന്മാർ യുവതികളോടുചേർന്നു

നൃത്തംചെയ്തു രസിക്കുന്നതു് എന്റെ ദൃഷ്ടിയിൽ പെട്ടു. അടുത്തുചെന്നുനിന്നു് ആ നൃത്തം കാണുവാൻ ഞാൻ കുട്ടികളുടെ അമ്മയെ ക്ഷണിച്ചു. "ഇല്ല, എനിക്കു നൃത്തം കാണുന്നതിൽ വലിയ സന്തോഷമില്ല. നമുക്കു് ഒരു സിനിമാ കാണാൻ പോകാം. അതാണു് കൂടുതൽ രസകരം." അമ്മ അഭിപ്രായപ്പെട്ടു. സിനിമാ കാണുന്നതിൽ അമ്മയ്ക്കു വലിയ താല്പര്യമായിരുന്നു. ആഴ്ചയിൽ കുറഞ്ഞതു രണ്ടു പ്രാവശ്യമെങ്കിലും ഞങ്ങൾ സിനിമാശാല സന്ദർശിച്ചുവന്നു.

സെൻറ് പീറേറഴ്സ് ബർഗ്ഗിലെ മനോഹരമായ പാർക്കിനെപ്പററിയും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. അവിടെ എത്തിയതിന്റെ രണ്ടാമത്തെ ദിവസംതന്നെ പാർക്കു കാണുവാൻ ഞങ്ങൾ പുറപ്പെട്ടു. പാർക്കിന്റെ മധ്യഭാഗത്തായി സന്ദർശകർക്കു സുഖമായി ഇരുന്നു പാട്ടുകേൾക്കത്തക്കവിധം കസേരകൾ ഇട്ടിട്ടുണ്ടു്. കർണ്ണാനന്ദകരമായ ഗാനങ്ങൾ അവിടെ അനസ്യൂതം മുഴങ്ങിക്കൊണ്ടിരുന്നു.

ആ പാർക്കിൽ നല്ലനല്ല കളിസ്ഥലങ്ങൾ ഒരുക്കിയിരുന്നു. അവിടെ നടക്കുന്ന കളികൾ കാണുവാൻ ഒരു ഡോളർ കൊടുത്തു ഞങ്ങൾ ടിക്കററു വാങ്ങി. ഞാനും പങ്കെടുക്കണമെന്നു "കുട്ടികളുടെ" അമ്മ എന്നോടു പറഞ്ഞു. എന്നാൽ മററുള്ളവരുടെ മുമ്പിൽ വിഡ്ഢിവേഷം അണിയേണ്ടിവന്നെങ്കിലോ എന്നു ഭയന്നു ഞാൻ പിന്നോട്ടു മാറുകയാണുചെയ്തതു്. രണ്ടു മൂന്നു ദിവസം ഞങ്ങൾ പതിവായി പാർക്കിൽ ചെന്നു് അവിടെ നടക്കുന്ന കളികൾ കണ്ടു രസിച്ചു. അവസാനം അമ്മയുടെ നിർബന്ധത്തിന്നു വഴിപ്പെട്ടു് ഒരു കളിയിൽ സംബന്ധിക്കുവാൻ ഞാനും തീർച്ചയാക്കി.

ഞാൻ കളിയിൽ ഏർപ്പെട്ടപ്പോൾ അമ്മ അവിടെ സംഗീതം ആസ്വദിച്ചുകൊണ്ടിരുന്നു. സ്വതേ സംഗീതത്തിൽ അമ്മയ്ക്കു വലിയ താല്പര്യമാണ്. സമീപത്തു പാട്ടുകേട്ടുകൊണ്ടിരുന്ന ഒരു സ്ത്രീയുമായി അമ്മ വർത്തമാനം പറയുന്നതും ഞാൻ കാണാതിരുന്നില്ല. ആ സ്ത്രീയ്ക്കും ഏതാണ്ട് അമ്മയുടെ പ്രായംതന്നെയാണ്. അമ്മയുടെ പേരും മററും അവരും, അവരുടെ പേരും മററ വിവരങ്ങളും അമ്മയും ചോദിച്ചു മനസ്സിലാക്കി. ആ സ്ത്രീ ആരായിരുന്നിരിക്കാം? ഞാൻ തിരക്കി. ഫ്രാങ്ക് എം. ഹാർട്ട്സെൽ എന്ന ഒരു കർഷകൻെറ ഭാര്യ. ഉദ്ദേശം അൻപത്തിരണ്ടു വർഷങ്ങൾക്കു മുമ്പ് കുട്ടികളുടെ അമ്മയുമായി അടുത്ത ബന്ധത്തിൽ കഴിഞ്ഞിരുന്നവനായിരുന്നു ഹാർട്ട്സെൽ.

ആ വിവരമറിഞ്ഞപ്പോൾ അമ്മയ്ക്കുണ്ടായ വിസ്മയാധിക്യം അനുമാനിക്കുകയാണ് ഭേദം.

തൻെറ ഭർത്താവുമായി സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്നവളാണ് അമ്മ എന്നു അറിഞ്ഞപ്പോൾ ആ സ്ത്രീയും അത്ഭുതപ്പെട്ടുപോയി. എന്നാൽ ആ സ്നേഹബന്ധത്തിൻെറ സ്വഭാവത്തെപ്പററിയോ ഹാർട്ട്സെൽ എക്കാലത്തേക്കുമായി സ്വദേശംവിട്ടു പോകുവാനുള്ള കാരണത്തെപ്പററിയോ അമ്മ അവരോടു പറഞ്ഞില്ല. പരമാർത്ഥത്തിൽ ഹാർട്ട്സെൽ സ്വദേശം വിട്ടു പോകുവാനുള്ള കാരണക്കാർ ഞാനും അമ്മയുമായിരുന്നു. അമ്മയുമായുള്ള സ്നേഹബന്ധത്തിനു ഉടവു വന്നപ്പോൾ ഹാർട്ട്സെല്ലിൻെറ ഹൃദയം തകർന്നുപോയി. അയാൾ സ്വദേശംവിട്ടു പോകാനുള്ള കാരണം അതാണ്. പിന്നീട് ഒരിക്കലും അദ്ദേഹം സ്വദേശത്തേക്കു തിരിച്ചുചെന്നിട്ടില്ല. "മിഷിഗൺ" എന്ന

ദേശത്തുചെന്നു് അയാറം സ്ഥിരതാമസമാക്കി. അവിടെവെച്ചു വിവാഹിതനാവുകയും ചെയ്തു.

ഹാർട്ട്സെല്ലിനെപ്പററി അറിഞ്ഞപ്പോറം അമ്മയുടെ ജിജ്ഞാസ വർദ്ധിച്ചു. അമ്മയുടെ ആഗ്രഹപ്രകാരം ആ സ്ത്രീ അമ്മയെ ഹാർട്ട്സെല്ലിൻെറ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അമ്പതു വർഷത്തിനുശേഷം ആദ്യമായി കാണുകയാണു് — എങ്കിലും ദൂരെ വച്ചുതന്നെ അമ്മയെ അയാറം തിരിച്ചറിഞ്ഞു. അമ്മയുടെ കണ്ണുകളാണത്രേ അയാറംക്കു് അമ്മയെ മനസ്സിലാക്കിക്കൊടുത്തതു്.

"അല്ല, ഇതാരു്? ലൂസിഫ്രോസ്റ്റോ?" അയാറം ഏർപ്പെട്ടിരുന്ന കളിയിൽനിന്നു വിരമിച്ചു ജിജ്ഞാസയോടെ കശലപ്രശ്നംചെയ്തു. കശലപ്രശ്നങ്ങറം കഴിഞ്ഞപ്പോറം കളിസ്ഥലത്തുവന്നു് അവർ എന്നേയും കൂട്ടിക്കൊണ്ടുപോയി. ഒററനോട്ടത്തിൽ ഹാർട്ട്സെല്ലിനെ തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞില്ല. ഞങ്ങറം സമവയസ്കരായിരുന്നു. എങ്കിലും ഹാർട്ട്സെല്ലിനു് എന്നെക്കാറം പ്രായംതോന്നിച്ചിരുന്നു. അയാറംക്കു് എന്നെക്കാറം കഷണ്ടിയുണ്ടായിരുന്നു. മീശ വെള്ളിക്കമ്പിപോലെയായിരിക്കുന്നു. എൻെറ മീശയാണെങ്കിൽ നരച്ചുതുടങ്ങിയിട്ടില്ല. ഹാർട്ട്സെല്ലിനോടു് ഞാൻ ചോദിച്ചു: "മി. ഫ്രാങ്ക്! നിങ്ങളുടെ മീശ നരച്ചുപോയല്ലോ. അപ്പോറം ഞാൻ വളരെ പുറകിൽ കിടക്കുകയാണു് അല്ലേ".

"സ്നേഹിതാ നിങ്ങളുടെ മീശയും കുഴകി വൃത്തിയായി സൂക്ഷിച്ചാൽ വെള്ളിക്കമ്പിപോലെയിരിക്കും." അയാറം മറുപടിപറഞ്ഞു.

എന്നാൽ കുട്ടികളുടെ അമ്മയ്ക്കു് അപ്പറഞ്ഞതു് അത്ര രസിച്ചില്ല.

"അങ്ങനെയാണോ?" അമ്മ ഫ്രാങ്കിൻെറ നേരെ തിരിഞ്ഞു ചോദിച്ചു. "പത്തു വർഷമായി ചാർലി പുകവലിക്കാറില്ല."

"ഞാനും പുകവലിക്കുന്നില്ലല്ലോ." ഫ്രാങ്ക് ഉത്തരം കൊടുത്തു.

ഞാൻ കളികഴിഞ്ഞു ഫ്രാങ്കിൻെറ വസതിയിൽ ചെന്നപ്പോഠം പന്ത്രണ്ടു മണി ആയി. അതുകൊണ്ടു് എല്ലാവരുംകൂടി ഭക്ഷണം കഴിക്കാമെന്നു തീരുമാനിച്ചു. അവിടെ ഭക്ഷണം ലഭിക്കുക അത്ര എളുപ്പമായിരുന്നില്ല. ഒരു ഫർലോങ്ങു ദൂരം നടന്നാണു ഞങ്ങഠം ഭക്ഷണശാലയിൽ എത്തിയതു്. സാധാരണ ഞങ്ങഠം കഴിക്കാറുള്ളത്ര മെച്ചമായ ഭക്ഷണം അവിടെ കിട്ടുകയില്ല, കൂടുതൽ പണം കൊടുക്കുകയും വേണം. ഞാനും അമ്മയുംകൂടി ഇരുന്നു ഭക്ഷണം കഴിച്ചു; അതിനു് ഒരു ഡോളറും പത്തു സെൻറുമായി. ഫ്രാങ്കിനും ഭാൎയ്യയ്ക്കുംകൂടി ഒരു ഡോളറും ഇരുപതു സെൻറും ആയി. ഞങ്ങളുടെ സ്വദേശത്താണെങ്കിൽ ഞങ്ങഠം കഴിച്ച ഭക്ഷണത്തിനു കൂടിയാൽ ഒരു ഡോളർ കൊടുത്താൽമതി.

ഭക്ഷണം കഴിഞ്ഞപ്പോഠം ഞങ്ങഠം ഫ്രാങ്കിനേയും ഭാൎയ്യയേയും ഞങ്ങളുടെ ഹോട്ടൽ മുറിയിലേക്കു ക്ഷണിച്ചു. ഹോട്ടലിൽ അതിഥികളെ സ്വീകരിക്കുവാൻ ഒരു മുറി പ്രത്യേകം ഒഴിച്ചിട്ടിരുന്നു. പഴയ പല കാൎയ്യങ്ങളെപ്പററിയും ഞങ്ങഠം സംസാരിച്ചു. ഞങ്ങളുടെ സംഭാഷണം ഹാർട്ട്സെല്ലിൻെറ ഭാൎയ്യയ്ക്കു ഹിതകരമായിരിക്കുകയില്ലെന്നു് അമ്മ നേരത്തേ പറഞ്ഞതാണു്. പല

സ്ത്രീകളെപ്പററിയും എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്; എന്നാൽ ഹാർട്ട്സെല്ലിൻെറ ഭാര്യ അവരിൽനിന്നൊക്കെ തുലോം വ്യത്യസ്തയായിരുന്നു. മിഷിഗണിലെ പല കുടുംബങ്ങളുടേയും ചരിത്രം മിസ്സസ് ഹാർട്ട്സെല്ലിൽനിന്നു ഞങ്ങൾക്കു് അറിയുവാൻ കഴിഞ്ഞു. തൻെറ പുത്രനെപ്പററിയും അയാളുടെ ഔഷധവ്യാപാരത്തെപ്പററിയും ആ സ്ത്രീ അരമണിക്കൂറിൽ കൂടുതൽ പ്രസംഗിച്ചു. അവരുടെ പുത്രൻ ഒരു "റൊട്ടേറിയനാ"ണെന്നും ഞങ്ങൾ മനസ്സിലാക്കി.

ഞങ്ങളുടെ സംഭാഷണത്തിനിടയിൽ അപൂർവ്വമായി ലഭിച്ച അവസരങ്ങളിൽ ഞാനും ഹാർട്ട്സെല്ലും ഓരോ ഫലിതങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മൃഗവൈദ്യനായിരുന്ന ഹാർട്ട്സെലിനെ തമാശകൾ പറഞ്ഞു് കളിയാക്കാനും ഞാൻ മടിച്ചില്ല.

"കൊള്ളാം, മി. ഫ്രാങ്ക്! നിങ്ങൾ ഒരു ധനികനാണെന്നു തോന്നുന്നല്ലോ?" ഞാൻ പറഞ്ഞു.

"അതെ." അയാൾ മറുപടി പറഞ്ഞു. "സാമാന്യം സുഖമായി ജീവിക്കാം — പക്ഷേ ഞാൻ കഠിനമായി അദ്ധ്വാനിച്ചതുകൊണ്ടാണു്."

"ശരിയാണു്." ഞാൻ പറഞ്ഞു. "രാത്രികാലങ്ങൾ പോലും നിങ്ങൾ വെറുതെകളഞ്ഞിട്ടില്ല."

മൗനമായിരിക്കുവാൻ കുട്ടികളുടെ അമ്മ എന്നെ ഉപദേശിച്ചു.

ഞങ്ങളുടെ അതിഥികൾ അന്നു് തിരിച്ചു മടങ്ങില്ലെന്നും, അതിനാൽ ഞങ്ങൾക്കു സുഖമായി ഉറങ്ങുവാൻ തരപ്പെടുകയില്ലെന്നും ഞാൻ വിചാരിച്ചു.

എന്നാൽ ഭാഗ്യമെന്നേ പറയേണ്ടു കുറേ സമയം കഴിഞ്ഞപ്പോൾ അവർ യാത്രപറഞ്ഞു. പിറേറന്നു പ്രഭാതത്തിൽ പാക്കിൽവെച്ചു കാണാമെന്നു പറഞ്ഞാണു് പോയതു്. അടുത്ത ദിവസം രാത്രിയിൽ ചീട്ടുകളിക്കു് അവരുടെ വസതിയിൽ ചെല്ലുവാൻ മിസ്സസ് ഹാർട്ട്സെൽ ഞങ്ങളെ ക്ഷണിക്കയുണ്ടായി. എന്നാൽ അടുത്ത രാത്രിയിൽ മിഷിഗൺ സൊസൈററിക്കാരുടെ ഒരു സമ്മേളനമുണ്ടെന്ന വിവരം അവർ ഓർത്തില്ല. രണ്ടു ദിവസം കഴിഞ്ഞു മാത്രമേ അവരുടെ ക്ഷണം സ്വീകരിക്കുവാൻ ഞങ്ങൾക്കു സാധിച്ചുള്ളു.

ഹാർട്ട്സെല്ലും ഭാര്യയും അവർ നേരത്തേ വാങ്ങിയിരുന്ന ഒരു വീട്ടിലാണു താമസിച്ചിരുന്നതു്. ഞങ്ങൾ അവരുടെകൂടെ ചീട്ടുകളി തുടങ്ങി. അമ്മയും ഹാർട്ട്സെല്ലും ഒരു ഭാഗത്തും, ഞാനും മിസ്സസ് ഹാർട്ട്സെല്ലും മറുഭാഗത്തുമിരുന്നു. മിസ്സസ് ഹാർട്ട്സെല്ലിനു ചീട്ടുകളി നല്ല വശമില്ലെന്നു പെട്ടെന്നു വ്യക്തമായി. ഞങ്ങൾ മിക്കവാറും എല്ലാ കളികളിലും തോൽവിയടഞ്ഞു.

കളി അവസാനിച്ചപ്പോൾ മിസ്സസ് ഹാർട്ട്സെൽ ഞങ്ങൾക്കു് ഓരോ ഗ്ലാസ് നാരങ്ങാനീരു കൊണ്ടുവന്നു തന്നു. ഞങ്ങൾ ആശിച്ചതും അതുതന്നെയെന്നുള്ള ഭാവത്തിൽ അതു മുഴുവനും കുടിച്ചു. സത്യം പറഞ്ഞാൽ അതു ഞങ്ങൾക്കു തീരെ ഇഷ്ടമല്ലായിരുന്നു.

പിറേറന്നു രാത്രിയിലും ഞങ്ങളുടെ ഹോട്ടൽ മുറിയിൽവെച്ചു കളി തുടർന്നു. രണ്ടാം ദിവസവും ഞങ്ങൾക്കാണു് തോൽവി പിണഞ്ഞതു്. ഹാർട്ട്സെല്ലും അമ്മയും അവരുടെ വിജയത്തിൽ ആഹ്ലാദിച്ചു

പരസ്പരം പ്രശംസിച്ചുകൊണ്ടിരുന്നു. അവരുടെ വിജയരഹസ്യം ഇരുവക്കും അറിയാമായിരുന്നതാനും. ആകപ്പാടെ ഞങ്ങൾ പത്തുപന്ത്രണ്ടു ദിവസം ശീട്ടുകളിച്ചെന്നാണു് തോന്നുന്നതു്. അതിനിടയിൽ ഒരിക്കൽ മാത്രം ഞങ്ങൾ ജയിക്കാനിടയായി.

ലേവിസിലെ ഞങ്ങളുടെ താമസത്തിനിടയ്ക്കു് ഒരു ദിവസം, മിഷിഗൺ സൊസൈററിക്കാർ നടത്തിയ ഒരു വിരുന്നുസല്ക്കാരത്തിൽ ഞങ്ങൾ അതിഥികളായി പങ്കുകൊണ്ടു. അന്നു പ്രസംഗിച്ചതു മിഷിഗൺ സ്വദേശിയായ ഒരു സരസനായിരുന്നു. കഥാകഥനംവഴി ഒരുവൻ മാരകമായ ഒരു മഹാരോഗത്തിൽ നിന്നു സുഖംപ്രാപിച്ചതായിരുന്നു അയാളുടെ പ്രസംഗവിഷയം. ആ മനുഷ്യൻ റോട്ടറിക്ലബ്ബിലെ ഒരു പ്രമുഖാംഗവും, ഫലിതരസപ്രധാനമായ പ്രസംഗം നടത്തുന്നതിൽ അതിസമത്ഥനുമായിരുന്നു. ആ സല്ക്കാരച്ചടങ്ങിൽ മിസ്സിസ് ഓക്സ്ഫോർഡ് എന്ന ഒരു സ്ത്രീ കവിതാപാരായണവും നടത്തി. അവരുടെ കവിതാപാരായണം ഗാനാലാപംപോലെ കർണ്ണാനന്ദകരമായിരുന്നുവെന്നു എൻെറ സമീപമിരുന്ന മിസ്സസ് ഹാർട്ട്സെൽ അഭിപ്രായപ്പെട്ടു. അവരുടെ അഭിപ്രായം എന്തുതന്നെയായിരുന്നാലും എൻെറ പുത്രി "ഏദി" അതു് ഇഷ്ടപ്പെട്ടമായിരുന്നില്ല. പലതരത്തിലുള്ള വിനോദങ്ങൾ അവിടെ നടത്തപ്പെട്ടു. ഒരു നാല്പത്തഞ്ചുകാരി, പലതരത്തിലുള്ള പക്ഷികളുടെ ശബ്ദം അനുകരിച്ചു. അവരുടെ ശബ്ദം ഒരു കോഴിക്കുഞ്ഞിൻെറ ശബ്ദംപോലെയിരുന്നുവെന്നു ഞാൻ അമ്മയോടു പറഞ്ഞു. കോപിഷ്ഠയായിത്തീർന്ന അമ്മ അടങ്ങിയിരിക്കുവാൻ എന്നോടു ആജ്ഞാപിച്ചു.

സല്ക്കാരച്ചടങ്ങുകൾ അവസാനിച്ചപ്പോൾ ഞങ്ങൾ ഹോട്ടലിലേക്കു മടങ്ങി. ഞാനും അമ്മയും സിനിമ കാണുവാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ഹാർട്ട്സെല്ലിനേയും അദ്ദേഹത്തിന്റെ ഭാര്യയേയും നിരാശപ്പെടുത്തരുതെന്ന് അമ്മ പറഞ്ഞതുകൊണ്ട് ആ പരിപാടി റദ്ദാക്കി. ഫ്ളോറിഡായിൽ ഞങ്ങൾ വന്നുചേർന്നിരിക്കുന്നത് "മധുവിധു" ആഘോഷിക്കാനാണെന്നും, അല്ലാതെ ആ വൃദ്ധദമ്പതികളുടെ ഇഷ്ടാനിഷ്ടങ്ങളേയും സുഖസൗകര്യങ്ങളേയും അന്വേഷിക്കുവാനല്ലെന്നും ഞാൻ അമ്മയോടു ഗൗരവം വിടാതെ പറഞ്ഞു.

ഒരവസരത്തിൽ മി. ഹാർട്ട്സെല്ലിന്റെ അതിദയനീയമായ സ്ഥിതിയോർത്ത് ഞാൻ സങ്കടപ്പെടുകയുണ്ടായി. അന്ന് സ്ത്രീജനങ്ങൾക്ക് ഏതോ ആവശ്യം പ്രമാണിച്ചു വീട്ടിനു വെളിയിൽ പോകേണ്ടിയിരുന്നു. ഞാൻ മി. ഹാർട്ട്സെല്ലിനെ കാണുവാൻ ചെന്നു. അദ്ദേഹം എന്നെ ചതുരംഗക്കളിയിൽ മത്സരിക്കുവാൻ ക്ഷണിച്ചു. ഹാർട്ട്സെല്ലിന്റെ ബുദ്ധിശൂന്യത.

ഒരുവട്ടം കളികഴിഞ്ഞപ്പോഴേയ്ക്കും അദ്ദേഹം തനിക്കു പററിയ വിഡ്ഢിത്വമോർത്തു സങ്കടപ്പെട്ടിരിക്കണം. എന്നാൽ ഒരു കാര്യത്തിനു തുനിഞ്ഞിറങ്ങിയാൽ ഗുണദോഷബോധമോ ജയാപജയചിന്തയോ ഇല്ലാതെ ധീരമായി അവസാനംവരെ പ്രവർത്തിക്കുക എന്നതു് മി. ഹാർട്ട്സെല്ലിന്റെ ഒരു സ്വഭാവവിശേഷമായിരുന്നതിനാൽ വീണ്ടും വീണ്ടും പരാജിതനായിട്ടും അദ്ദേഹം പിന്മാറിയില്ല. കളി കണ്ടുനിന്നവർ ഹാർട്ട്സെല്ലിന്റെ പരമദയനീയമായ പരാജയം കണ്ടു് അദ്ദേഹത്തെ ആക്ഷേപിക്കുകയും. ഓരോ അഭിപ്രായ

ങ്ങൾ തട്ടിവിടുകയും ചെയ്തുകൊണ്ടിരുന്നു. ഒരാൾ പറഞ്ഞു, "മി. ഹാർട്ട്സെൽ! നിങ്ങൾ ഒരു നല്ല ചതുരംഗക്കളിക്കാരനാണെന്ന് ആരാ പറഞ്ഞത്?" അദ്ദേഹത്തെ ഒന്നുരണ്ടുപ്രാവശ്യം ജയിപ്പിച്ചാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കാതിരുന്നില്ല. എന്നാൽ കാണികൾക്ക് അതു മനസ്സിലാക്കുവാനുള്ള കഴിവുണ്ടായിരുന്നതിനാൽ ഞാൻ അതിനു തുനിഞ്ഞില്ല.

വീട്ടിൻ വെളിയിൽ പോയിരുന്ന സ്ത്രീജനങ്ങൾ തിരിച്ചുവന്നു. ഞങ്ങൾതമ്മിലുള്ള കളിയുടെ കാര്യം അവരോടു പറയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഹാർട്ട്സെൽ തന്നെ തനിക്കു സംഭവിച്ച പരാജയം അവരെ അറിയിച്ചു.

"കൊള്ളാം." മിസ്സിസ് ഹാർട്ട്സെൽ പറഞ്ഞു. "കരുക്കൾ നീക്കുന്നതു് ഒരു കളിയാണോ? അതു വെറും കുട്ടിക്കളി. എൻെറ കൊച്ചുമക്കൾ കരുക്കൾ നീക്കുന്നതു നിത്യവും കാണുന്നതല്ലേ?"

"ശരിയാണ് പറഞ്ഞതു്." ഞാൻ മറുപടികൊടുത്തു. "നിങ്ങളുടെ ഭർത്താവു കളിക്കുന്നതുകണ്ടാൽ അതു് കുട്ടിക്കളിയാണെന്നേ തോന്നൂ."

ഞങ്ങളുടെ സംഭാഷണം അസുഖകരമാകരുതെന്നു കരുതി അമ്മ ഇടയ്ക്കുകയറി പറഞ്ഞു; "ചതുരംഗക്കളിയല്ലാതെ വേറെയും കളികളില്ലേ? ഫ്രാങ്കിനു് അവയിൽ ചിലതിൽ താങ്കളെ തോല്പിക്കാം.

"അതു ശരിയാണ്." മിസ്സിസ് ഹാർട്ട്സെൽ അമ്മയുടെ അഭിപ്രായത്തെ പിൻതാങ്ങി.

"ഏതായാലും" ഫ്രാങ്ക് പറഞ്ഞു "ലൂസിയും ഞാനും അഞ്ഞൂറുകളിയിൽ (ഒരുതരം ശീട്ടുകളി) നിങ്ങളുടെ ഗുരുസ്ഥാനത്തിനു് അർഹരാണല്ലോ."

"അഞ്ഞൂറ"കളിയിൽ അവർ ജയിച്ചതെന്താണെന്നു് എനിക്കു പറയാമായിരുന്നു. എങ്കിലും മര്യാദയോർത്തു ഞാൻ മൗനംധരിച്ചു.

ഹാർട്ട്സെൽ സദാസമയവും ഞങ്ങളുടെകൂടെ ചീട്ടുകളിക്കുവാൻ ആഗ്രഹിച്ചിരുന്നു. അതിനാൽ എനിക്കും അമ്മയ്ക്കും സിനിമാകാണുവാൻ ഉദ്ദേശമുള്ളപ്പോഴും, അസഹ്യമായ തലവേദനയാണെന്നു നടിച്ചു, ചീട്ടുകളിയിൽനിന്നു് ഒഴിഞ്ഞുമാറേണ്ടിവന്നു. അയാളുടെ ദൃഷ്ടിയിൽ എത്തുപെടാതെ സിനിമാശാലയിൽ ഒളിച്ചാണു് കയറിയിരുന്നതു്. എൻെറ ഭാഗത്തു കളിച്ചുകൊണ്ടിരുന്ന മിസ്സിസ് ഹാർട്ട്സെല്ലിനു ചീട്ടുകളി വശമായിരുന്നുവെങ്കിൽ മി. ഹാർട്ട്സെല്ലുമായി കളിക്കുവാൻ ഞാൻ മടിക്കുമായിരുന്നില്ല.

അന്നൊരുദിവസം, ന്യൂയോർക്കു സൊസൈററിയുടെ വകയായി ഒരു സല്ക്കാരം നടത്തപ്പെട്ടു. ഞാൻ അമ്മയോടു പറഞ്ഞു: "ഇന്നു ചീട്ടുകളിയിൽനിന്നു് ഒഴിഞ്ഞുമാറുവാൻ നമുക്കു നല്ല ഒരു അവസരമാണു്."

"ശരിയാണു് പറയുന്നതു്." അമ്മ പറഞ്ഞു. "എന്നാൽ മിഷിഗൺ സൊസൈററിയുടെ സല്ക്കാരത്തിൽ മി. ഫ്രാങ്കു നമ്മെ ക്ഷണിച്ചുകൊണ്ടുപോയതുപോലെ, ഇന്നത്തെ സല്ക്കാരത്തിൽ നമുക്കു മി. ഫ്രാങ്കിനേയും ഭാര്യയേയും ക്ഷണിച്ചുകൊണ്ടുപോകേണ്ടിയിരിക്കുന്നു."

"അങ്ങനെയെങ്കിൽ എനിക്കു സല്ക്കാരത്തിൽ സംബന്ധിക്കണമെന്നില്ല; ഞാൻ ഹോട്ടലിൽതന്നെ ഇരുന്നുകൊള്ളാം."

"താങ്കൾ ഒരു അരസികനായിട്ടാണല്ലോ തീരുന്നതു്. മിസ്സിസ് ഫ്രാങ്ക് കുറച്ചു കൂടുതൽ സംസാരിക്കുമായിരിക്കാം; എങ്കിലും ഹൃദയശുദ്ധിയുള്ളവളാണു്. അതുപോലെ മി. ഫ്രാങ്കിന്റെ സാന്നിദ്ധ്യവും എനിക്കിഷ്ടമാണു്."

"അമ്മ പറയുന്നതുപോലെ മി ഫ്രാങ്ക് നല്ല ഒരു കൂട്ടുകാരനായിരുന്നുവെങ്കിൽ, അമ്മയുമായുള്ള സ്നേഹത്തിനു കോട്ടംവരുമായിരുന്നില്ല. അമ്മ അദ്ദേഹത്തെ നിരാശയുടെ അടിത്തട്ടിൽ വീഴ്ത്തുകയുമില്ലായിരുന്നു."

അമ്മ ഒന്നു ചെറുതായി പുഞ്ചിരിച്ചു. ഞാൻ അസൂയക്കാരനായതുകൊണ്ടാണു് അങ്ങനെ പറഞ്ഞതെന്നു് അവർ വാദിച്ചു. ഒരു മൃഗഡോക്ടരോടു ഞാൻ അസൂയാകലുഷിതനാണുപോലും!

ഏതായാലും ഹാർട്ടു്സെല്ലിനേയും ഭാര്യയേയും ഞങ്ങളോടുകൂടി സല്ക്കാരത്തിനു കൊണ്ടുപോകേണ്ടതായി വന്നു. അന്നത്തെ സമ്മേളനത്തിൽ "പറേറഴ്സൺ" വ്യാപാരകാര്യങ്ങളെപ്പററി രസകരമായ ഒരു പ്രസംഗം നടത്തുകയും, വെസ്റ്റ്ഫീൽഡുകാരിയായ മിസ്സിസ് "നൃവെൽ" പലതരത്തിലുള്ള പക്ഷികളുടെ ശബ്ദം സമത്ഥമായി അനുകരിച്ചു് എല്ലാവരേയും രസിപ്പിക്കുകയും ചെയ്തു. "റെഡ്ബാങ്കി"ൽ നിന്നു സല്ക്കാരത്തിൽ സംബന്ധിച്ചിരുന്ന രണ്ടു യുവസുന്ദരികൾ അതിമധുരമായി പാടി. അവരുടെ സംഗീതകലാനൈപുണിയെ സദസ്യർ കയ്യടിച്ചു് അംഗീകരിച്ചു. അമ്മയുടേയും മിസ്സിസ് ഹാർട്ടു്സെല്ലിന്റേയും കണ്ണുകളിൽ ആനന്ദാശ്രുക്കൾ പൊടിക്കുന്നതു് കാണാമായിരുന്നു. മി. ഹാർട്ടു്സെൽ പോലും വികാരാധീനനായിപ്പോയി.

സമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ച മഹാൻ അവിടെ ഞാൻ സന്നിഹിതനായിരുന്ന വിവരം എങ്ങനെയോ മനസ്സിലാക്കുകയും ഒരു പ്രഭാഷണം നടത്തുവാൻ എന്നെ ക്ഷണിക്കുകയും ചെയ്തു. കസേരയിൽ നിന്നു അനങ്ങുവാൻ പോലും ഞാൻ സന്നദ്ധനല്ലായിരുന്നുവെങ്കിലും കുട്ടികളുടെ അമ്മയുടെ നിർബന്ധംമൂലം വളരെ പണിപ്പെട്ടു ഞാൻ എണീററുനിന്നു. അനന്തരം ഇപ്രകാരം ആരംഭിച്ചു: "മഹതികളെ മഹാന്മാരെ! ഇത്ര മഹത്തായ ഒരവസരത്തിൽ ഒരു പ്രസംഗത്തിനു എന്നെ ക്ഷണിക്കുമെന്നു ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ ഒരു പ്രസംഗകനല്ല, അതിനാൽ നിങ്ങളെയെല്ലാം സംതൃപ്തരാക്കത്തക്കവിധം ഒരു പ്രസംഗം ചെയ്യുവാൻ ശക്തനുമല്ല."

ഇങ്ങനെ ആരംഭിച്ചിട്ടു മോട്ടോർസൈക്കിളിൻേറയും "ഹാററി"ൻേറയും കഥ ഞാൻ പറഞ്ഞുതുടങ്ങി. സദസ്യർക്കു് എൻെറ കഥ നന്നേ രസിച്ചെന്നു ഞാൻ മനസ്സിലാക്കി വേറേയും ഒന്നുരണ്ടു കഥകൾകൂടി ഞാൻ പറഞ്ഞു. ഇരുപതു് ഇരുപത്തഞ്ചു മിനിററിൽ കൂടുതൽ ഞാൻ പ്രസംഗിച്ചില്ല. പ്രസംഗം നിറുത്തി ഞാൻ ഇരിപ്പിടത്തിലമർന്നപ്പോൾ സദസ്യർ ഒന്നടങ്കം കയ്യടിക്കുന്ന ശബ്ദം കേൾക്കുവാൻ കഴിഞ്ഞു. മിസ്സിസ് ഹാർട്ട്സെൽപോലും എന്നെ അനുമോദിക്കാതിരുന്നില്ല. എന്നെങ്കിലും ഞാൻ മിഷിഗൺ സന്ദർശിക്കുവാനിടയായാൽ എന്നെക്കൊണ്ടു് അവിടുത്തെ റോട്ടറിക്ലബ്ബിൽ ഒരു പ്രസംഗം നടത്തിക്കുവാൻ തൻെറ പുത്രനോടു് ഏർപ്പാടുചെയ്യുന്നതാണെന്നും ആ മഹതി അഭിപ്രായപ്പെട്ടു.

സല്ക്കാരച്ചടങ്ങുകൾ അവസാനിച്ചപ്പോൾ മി. ഹാർട്ട്സെൽ ഞങ്ങളെ അദ്ദേഹത്തിൻെറ വസതിയിലേക്കു ക്ഷണിച്ചു. എന്നാൽ സമയം പത്തുമണി കഴിഞ്ഞുവന്നു് മിസ്സിസ് ഹാർട്ട്സെൽ ഭർത്താവിനെ ഓർമ്മിപ്പിച്ചു. ചീട്ടുകളിയിൽ കമ്പക്കാരനായിക്കഴിഞ്ഞിരുന്ന ഹാർട്ട്സെൽ ഭാര്യയുടെ സമയസൂചന ശ്രദ്ധിച്ചതേയില്ല. എങ്കിലും അന്നു് ഒരുവിധത്തിൽ ഞങ്ങൾ അദ്ദേഹത്തിൽനിന്നു രക്ഷപ്രാപിച്ചു ഹോട്ടലിലേക്കു പോയി.

അടുത്തദിവസം പാർക്കിൽവെച്ചു് ഹാർട്ട്സെൽ ദമ്പതികളെ കണ്ടപ്പോൾ മിസ്സിസ് ഹാർട്ട്സെൽ അവരുടെ ഒരു സങ്കടം എന്നെ അറിയിച്ചു. ശരീരത്തിനു യാതൊരു വ്യായാമവുമില്ലാതെ അവർ വിഷമിക്കുകയാണെന്നു്. "റോക്ക്യൂ" കളിക്കുവാൻ ഞാൻ അവരെ ഉപദേശിച്ചു.

ഇരുപതു വർഷങ്ങളായി അവർ "റോക്ക്യൂ" കളിച്ചിട്ടില്ലെന്നും, എന്നാൽ അമ്മകൂടി സഹകരിക്കുന്ന പക്ഷം അതിനു സന്നദ്ധയാണെന്നും അവർ എന്നോടു പറഞ്ഞു. കുട്ടികളുടെ അമ്മയ്ക്കു റോക്ക്യൂ കളിക്കുന്നതിൽ വൈമനസ്യമായിരുന്നു. അവസാനം, മിസ്സിസ് ഹാർട്ട്സെല്ലിനെ പ്രീതിപ്പെടുത്തുവാനായി മാത്രം റോക്ക്യൂകളിക്കാമെന്നു് അവർ സമ്മതിച്ചു.

മിസ്സിസ് ഹാർട്ട്സെല്ലും അമ്മയും ഒരു ഭാഗത്തും, മിസ്സിസ് റയണും മിസ്സിസ് മോർസ്സും എതിർഭാഗത്തുംനിന്നു "റോക്ക്യൂ" കളിക്കുവാൻതുടങ്ങി. അമ്മയ്ക്കു് ഈ കളിയിൽ യാതൊരു പരിചയവുമുണ്ടായിരുന്നില്ല. അമ്മയുടെ കളി കണ്ടുനിന്നിരുന്നവർ ചിരി

ച്ചു കഴിഞ്ഞുപോയി. ഒടുവിൽ നടുവു വേദനിക്കുന്നു എന്നുംപറഞ്ഞു് അമ്മ കളിയിൽനിന്നു വിരമിച്ചു. അതിനുപകരം വേറൊരു സ്ത്രീയെ ചേർത്തു് അവർ പിന്നെയും കളി തുടർന്നു. ഈ പ്രാവശ്യം മിസ്സിസ് ഹാർട്ട്സെല്ലാണു വളരെ മോശമായി കളിച്ചതു്. ഒരു അടിയേററു് അവരുടെ പല്ലുകളിൽ ഒന്നു നിലത്തു തെറിച്ചുവീണു. കാണികൾ കൂട്ടച്ചിരി മുഴക്കി. ലജ്ജിതയായ മിസ്സിസ് ഹാർട്ട്സെല്ലിനു മാത്രം ചിരിവന്നില്ല. അവരും കളിയിൽനിന്നു പിന്മാറി അങ്ങനെ റോക്യൂകളി അവസാനിപ്പിക്കേണ്ടിവന്നു.

ആരോടും സംസാരിക്കുവാൻപോലും നില്ക്കാതെ മിസ്സിസ് ഹാർട്ട്സെൽ വസതിയിലേയ്ക്കു മടങ്ങിപ്പോയി. മി. ഹാർട്ട്സെൽ ഞങ്ങളുടെ സമീപംതന്നെ നില്ക്കുകയായിരുന്നു. ഒടുവിൽ അദ്ദേഹം എന്നോടു പറഞ്ഞു: "കഴിഞ്ഞ ദിവസം ചതുരംഗക്കളിയിൽ നിങ്ങൾ എന്നെ തോല്പിച്ചു. നമുക്കു മറേറതെങ്കിലും ഒരു കളിയിൽ മത്സരിക്കാം. നിങ്ങൾ എന്തു പറയുന്നു?"

അയാൾ വിവക്ഷിക്കുന്ന കളിയിൽ എനിക്കു യാതൊരു പരിചയവുമില്ലാതിരുന്നതുകൊണ്ടു് ഞാൻ അതിനു വിസമ്മതം പ്രകടിപ്പിച്ചു. എന്നാൽ കുട്ടികളുടെ അമ്മ എന്നോടു പറഞ്ഞു: "ധൈര്യമായി കളിക്കുക. നിങ്ങൾക്കു ഭംഗിയായി കളിക്കാം — ജയിക്കയും ചെയ്യാം."

എന്തിനധികം പറയുന്നു, ഒടുവിൽ കളിക്കുവാൻ തന്നെ ഞാൻ തീർച്ചയാക്കി. കളി തുടങ്ങുന്നതിനുമുമ്പു "കുട്ടികളുടെ അമ്മ" എൻെറ പുറത്തു മന്ദമായി തട്ടലോ

ടി വിജയമാശംസിച്ചു. എന്നാൽ ആ കളിയിൽ ഹാർട്ട്സെല്ലിനോട മത്സരിച്ചു ജയിക്കുവാൻ എനിക്ക കഴിഞ്ഞില്ല. കൈ മുറിഞ്ഞെന്നുപറഞ്ഞു ഞാൻ കളിയിൽനിന്നു പിൻമാറി.

ഞാനും കുട്ടികളുടെ അമ്മയുംകൂടി ഹോട്ടലിലേക്ക മടങ്ങി. ഹാർട്ട്സെൽ കുടുംബത്തിൻെറ പുറകെ നടന്നു വിഷമിച്ചതായി ഞാൻ അമ്മയെ അറിയിച്ചു. അന്നു രാത്രിയിലും ചീട്ടുകളിക്കുവാൻ ഹാർട്ട്സെല്ലിൻെറ വസതിയിൽ ചെല്ലാമെന്നു് അമ്മ നേരത്തേ വാക്കുകൊടുത്തുകഴിഞ്ഞിരുന്നു.

കുട്ടികളുടെ അമ്മ സമീപമുണ്ടായിരുന്നാൽ തനിക്ക് ഒരിക്കലും പരാജയം ഭവിക്കയില്ലെന്നു മി. ഹാർട്ട്സെൽ അഭിപ്രായപ്പെട്ടു. "കൊള്ളാം. അൻപതു വർഷങ്ങൾക്ക മുൻപേ അമ്മയെ കൂട്ടിനുകിട്ടണമെന്നു മോഹിച്ചില്ലേ? ഫലമെന്തായി. കഴിവില്ലാതെപോയി." ഞാൻ മറുപടി പറഞ്ഞു.

അതു കുറെ കടന്നുപോയെന്നു് ഉടൻ എനിക്കു തോന്നി. എന്താണു മറുപടിപറയേണ്ടതെന്നറിയാതെ മി. ഹാർട്ട്സെൽ പരുങ്ങി. മിസ്സിസ് ഹാർട്ട്സെല്ലിനു് ഒരക്ഷരംപോലും ശബ്ദിക്കുവാനുള്ള ശക്തി ഉണ്ടായില്ല. ഞാൻ എന്തോ ലഹരിപദാർത്ഥങ്ങൾ കഴിച്ചിരിക്കുകയാണെന്നും, അല്ലെങ്കിൽ ഇങ്ങനെ വിഡ്ഢിത്തം പുലമ്പുമായിരുന്നില്ലെന്നും പറഞ്ഞു, അമ്മ വാസ്തവം മറയ്ക്കാൻ നോക്കി. ഇതിനിടയിൽ മിസ്സിസ് ഹാർട്ട്സെൽ മഞ്ഞുകട്ടപോലെ തണുത്തുപോയിരുന്നു. യാത്രപറയുവാൻപോലും അശക്തയായിത്തീർന്നിരുന്ന അവരെ പിന്നീടു വന്നു കണ്ടുകൊള്ളാ

മെന്നു പറഞ്ഞു് ആശ്വസിപ്പിച്ചതിനുശേഷം ഞാനും കുട്ടികളുടെ അമ്മയുംകൂടി അവിടെനിന്നുമിറങ്ങി.

യാത്രതിരിക്കുന്നതിനുമുമ്പു് അമ്മ മി. ഹാർട്ട്സെല്ലിനോടു് ഇപ്രകാരം പറഞ്ഞു: "ചാർലി പറഞ്ഞതിനെപ്പററി വിഷമിക്കേണ്ട. കളിയിൽ നിങ്ങളോടു തോററതുമൂലം അദ്ദേഹത്തിനു ഭ്രാന്തുപിടിച്ചിരിക്കയാണു്." ഹോട്ടലിലെത്തിയപ്പോഠം അമ്മ എന്നെ ഉഗ്രമായി നോക്കി; അതികഠിനമായി ശകാരിക്കാൻ തുടങ്ങി.

"എന്നെ ഇത്ര ശകാരിക്കാൻ ഞാനെന്തു കുററം ചെയ്തു?" ഞാൻ ചോദിച്ചു, "ഹാർട്ട്സെൽ അത്ര വലിയ ഒരു കളിക്കാരനായിരുന്നെങ്കിൽ എന്താ പിന്നെ അയാളെ വിവാഹംകഴിക്കാതിരുന്നതു്."

"കൊള്ളാം", അമ്മ പറഞ്ഞു, "കൈ അല്പം മുറിഞ്ഞെന്നുകരുതി, കളി മതിയാക്കാൻ മി. ഹാർട്ട്സെൽ അത്ര കൊച്ചുകുട്ടിയൊന്നുമല്ലല്ലോ?"

"എന്നാൽ അമ്മ പ്രവർത്തിച്ചതോ? പുറം വേദനിക്കുന്നു എന്നു പറഞ്ഞു റോക്കുകളി അവസാനിപ്പിച്ചതെന്തിനാണു്?"

"ശരി" അമ്മ പറഞ്ഞു, "നിങ്ങളുടെ കൈ മുറിഞ്ഞപ്പോഠം ഞാൻ പരിഹസിച്ചില്ലല്ലോ? പിന്നെന്താ പുറം വേദനിച്ചെന്നു പറഞ്ഞതിൽ എന്നെ ഇത്ര പരിഹസിക്കാൻ!"

"അതു കണ്ടാൽ ആരാണു ചിരിക്കാതിരിക്കുക." ഞാൻ ചോദിച്ചു.

KOTTAYAM PUBLIC LIBRARY

“ഫ്രാങ്ക് ഹാർട്ട്സെൽ ചിരിച്ചില്ലല്ലോ?” അമ്മ പ്രതിവചിച്ചു.

“പിന്നെ അമ്മ അയാളെ എന്തുകൊണ്ടു വിവാഹംചെയ്തില്ല?” ഞാൻ അന്വേഷിച്ചു.

“വിവാഹം ചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നതാണ്.” അമ്മ പറഞ്ഞു.

“ആങ്ഹാ! ആഗ്രഹിച്ചിരുന്നു, അല്ലേ? കൊള്ളാം.” ഞാൻ മറുപടിപറഞ്ഞു.

“നിങ്ങൾ പറഞ്ഞതു ഞാൻ ഒരിക്കലും മറക്കില്ല” രണ്ടു ദിവസത്തേയ്ക്കു് എന്നോടു് അമ്മ ഒരക്ഷരം ശബ്ദിച്ചില്ല.

അടുത്ത ദിവസം ഞങ്ങൾ പാർക്കിൽവെച്ചു് ഹാർട്ട്സെല്ലിനേയും അയാളുടെ ഭാര്യയേയും കണ്ടു. തലേന്നു് ആലോചനക്കുറവുകൊണ്ടു് അത്തരമൊരു അഭിപ്രായം പ്രകടിപ്പിച്ചതിൽ ക്ഷമായാചനംചെയ്യാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ എന്നെ കണ്ടപ്പോൾ അദ്ദേഹം ഗൗരവത്തിൽ തലയാട്ടിക്കൊണ്ടു് തിരിഞ്ഞുനടക്കുകയാണു ചെയ്തതു്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഹാർട്ട്സെല്ലും ഭാര്യയും “ഓർലാണ്ടോ”വിലുള്ള അവരുടെ ഏതോ ബന്ധുക്കളെ കാണാൻപോയതായി ഞങ്ങൾ അറിഞ്ഞു.

എന്തായാലും അവർ സ്ഥലംവിട്ടുപോയതിൽ എനിക്കു് ആശ്വാസം തോന്നി. ഞാനും അമ്മയുംകൂടി കുറേദൂരം നടന്നതിനുശേഷം പാർക്കിലുണ്ടായിരുന്ന ഒരു ബെഞ്ചിൽ ഇരുന്നു.

"ചാർലി! കേൾക്കുന്നുണ്ടോ." അമ്മ പറഞ്ഞു, "ഇപ്പോൾ നമ്മുടെ മധുവിധുവിൻെറ സുവർണ്ണജൂബിലിയാണു്. ഈ ശുഭാവസരം പരസ്പരം കലഹിച്ചു വഷളാക്കണമെന്നു് എനിക്കു് ആഗ്രഹമില്ല."

"മി ഹാർട്ടു്സെല്ലിനെപ്പററിയുള്ള ചോദ്യമാണോ പരാമർശിക്കുന്നതു്." ഞാൻ ചോദിച്ചു.

"തീർച്ചയായും അല്ല." അമ്മ പറഞ്ഞു, "താങ്കൾ അതിനെപ്പററി വിചാരിക്കുന്നില്ലെങ്കിൽ ഞാനും വിചാരിക്കുന്നില്ല."

ഞാൻ പറഞ്ഞു, "എനിക്കു വലിയ ക്ഷീണം തോന്നുന്നു. നിങ്ങൾ ഫ്രാങ്കിനെ വിട്ടിട്ടു എന്നെ സ്വീകരിച്ചതിൽ എനിക്കു വലിയ കൃതജ്ഞതയുണ്ടു്."

"ആകട്ടെ, മിസ്സിസ് ഹാർട്ടു്സെല്ലിനെപ്പററിയുള്ള അഭിപ്രായമെന്താണു്?" അമ്മ ചോദിച്ചു.

"ഈശ്വരാ!" ഞാൻ പറഞ്ഞു, "അവരെപ്പോലെ, റോക്കുകളിക്കുമ്പോൾ പല്ലു നഷ്ടപ്പെടുന്ന ഒരു സ്ത്രീയെ വിവാഹംകഴിച്ചാലുള്ള സ്ഥിതി ഊഹിക്കാൻകൂടി മേലാ."

"ആകട്ടെ, ചതുരംഗക്കളിയിൽ വിഡ്ഢിയാവുകയും, സ്ത്രീകളോടു നിർദ്ദയമായി പെരുമാറുകയും ചെയ്യുന്ന ഒരുവനെ വിവാഹംചെയ്താലുള്ള സ്ഥിതിയും ഊഹിക്കുന്നതല്ലേ ഭേദം."

ഞാൻ കുട്ടികളുടെ അമ്മയുടെ തോളിൽ കൈകൾ ചേർത്തു എന്നാൽ അമ്മ അവ തട്ടിമാററി.

ഞങ്ങൾക്കു സെൻറു് പീറേറഴ്സ് ബർഗ്ഗിൽ രണ്ടു ദിവസത്തെ പരിപാടി കൂടിയേ ശേഷിച്ചിരുന്നുള്ളു.

മടങ്ങുന്നതിനു തലേന്നു്, കിങ്സ്റ്റണിൽനിന്നു് അവിടെ വന്നുചേർന്ന മിസ്സിസ് "കെൻഡോളി"നെ അമ്മ എനിക്കു പരിചയപ്പെടുത്തിത്തന്നു. മിസ്സിസ് കെൻഡോറം അവരുടെ ഭർത്താവിനെ എനിക്കും പരിചയപ്പെടുത്തി. ഹാർട്ട്സെല്ലുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതിനു മുമ്പേ ഈ പുതിയ സ്നേഹിതരെ കണ്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്നു ഞാൻ വിചാരിച്ചു. അടുത്ത വർഷകാലത്തും കെൻഡോറംകുടുംബം അവിടെ ആഗതരാകുമെന്നറിഞ്ഞു ഞാൻ വളരെ സന്തോഷിച്ചു.

ഫെബ്രുവരിമാസം പതിനൊന്നാം തീയതി ഞങ്ങറം മനോഹരമായ സെൻറ് പിറേറഴ്സ് ബർഗ്ഗിൽനിന്നു സ്വദേശത്തേക്കു യാത്രയായി. ഒരു ദിവസം മുഴുവൻ ഞങ്ങറം ഫ്ളോറിഡായിൽക്കൂടി യാത്രചെയ്യുകയും ഒരിക്കൽക്കൂടി ആ ദേശത്തിൻെറ പ്രകൃതിരമണീയത കണ്ടാനന്ദിക്കയും ചെയ്തു.

ഏഴു മണിക്കു ഞങ്ങറം "ജാക്ക്സൺവില്ല"യിൽ എത്തി. എട്ടേകാൽ മണിവരെ അവിടെ താമസിച്ചു. പിറേറന്നു രാവിലെ ഒൻപതു മണിക്കു ദക്ഷിണ കരോളിനായിലുള്ള "ഫായററ്വില്ല"യിലും സന്ധ്യക്കു് ആറരമണിക്കു വാഷിങ്ങ്ടണിലും ചെന്നെത്തി.

പതിനൊന്നുമണിക്കു ഞങ്ങറം ട്രെൻറണിൽ വന്നുചേർന്നു. ഞങ്ങറം തിരിച്ചുവരുന്ന വിവരം മകളെ അറിയിച്ചിരുന്നു. വണ്ടിയിൽനിന്നു താഴെയിറങ്ങിയപ്പോറം ആദ്യമായി കണ്ടതു് അവളെയാണു്. മകളും ഭർത്താവുംകൂടി ഞങ്ങളെ അവരുടെ വസതിയിലേക്കു കൊണ്ടുപോയി. അന്നു രാത്രി ഞങ്ങറം അവരുടെകൂടെ

സുഖമായി കഴിച്ചു. മരുമകനായ ജോൺ ഞങ്ങളുടെ യാത്രയെപ്പററി ചോദിച്ച് അന്നു രാത്രി ഞങ്ങളെ ഉറങ്ങുവാൻ അനുവദിക്കുമായിരുന്നില്ല; എന്നാൽ ഞങ്ങളുടെ ക്ഷീണാധിക്യം മനസ്സിലാക്കിയ "ഏദി" ഞങ്ങൾ ഉടൻതന്നെ വിശ്രമിക്കണമെന്നു ശഠിച്ചു.

പിറേറന്നു രാവിലെ, മകളുടെ വീട്ടിൽനിന്നു യാത്രതിരിച്ചു ഞങ്ങൾ നാട്ടിൽ തിരിച്ചെത്തി. അങ്ങനെ ഒരു മാസവും ഒരു ദിവസവും ഞങ്ങൾ മധുവിധുവിൻെറ സുവർണ്ണജൂബിലി ആഘോഷിച്ചു.

അതാ, കുട്ടികളുടെ അമ്മ ഇങ്ങോട്ടുതന്നെ വരുന്നല്ലോ; ഒന്നും സംസാരിക്കാതെ കഴിക്കുകയായിരിക്കും നല്ലതു്.

## III

# ജെർസിപ്പൈക്കിടാവ്

ഒക്ടോബർ മാസത്തോടുകൂടി പത്തുക്കൾക്ക് ആപ്പിൾക്കമ്പം പിടിച്ചു. ഫലസമൃദ്ധമായ തോട്ടങ്ങളിൽനിന്നും പൊന്തിപ്പരന്ന, ആപ്പിൾപ്പഴത്തിന്റെ മധുരസൗരഭ്യം അവയെ വല്ലാതെ ലഹരിപിടിപ്പിച്ചു. ഉച്ചകഴിഞ്ഞു് ജെർസിപ്പൈക്കിടാവു ജീർണ്ണിച്ചുതുടങ്ങിയിരുന്ന വേലിക്കുസമീപമെത്തി ഒരു മാൻകിടാവിനെപ്പോലെ അകത്തേക്കു കുതിച്ചു. അതിന്റെ പുറകെ, മൂന്നുവയസ്സായ "ഡെയിസി"പ്പശുവും യാതൊരു കൂസലുംകൂടാതെ വേലിയ്ക്കകത്തു കാൽവെച്ചു. പത്തുക്കൾ — കുസൃതിക്കുട്ടിയായ ജെർസിപ്പൈക്കിടാവായിരുന്നു മുന്നിൽ — മേഞ്ഞുകൊണ്ടിരുന്ന പുൽത്തകിടി വിട്ടു. പഴയ വേലി തള്ളിത്തകത്തു തോട്ടത്തിൽ പ്രവേശിക്കാനുള്ള വട്ടമായി. അടുക്കളയുടെ ജാലകത്തിൽക്കൂടി ഫോയ്ബെമാത്യൂസ് ആ കാഴ്ച കണ്ടു ആ യുവതിയുടെ അകം കളിത്തു. സ്വാതന്ത്ര്യത്തിന്റേയും സരളതയുടേയും ആ ചിത്രം അവളുടെ മനസ്സിൽ പതിഞ്ഞുനിന്നു.

അവർ രണ്ടുപേരും അതിയായ താല്പര്യത്തോടെ പ്രശാന്തമായിരുന്ന ആപ്പിൾതോട്ടത്തിൽക്കൂടി മുമ്പോട്ടു നീങ്ങി. കറക്കേണ്ട സമയത്തോടടുത്തു് ഫോയ്ബേമാത്യൂസും അവളുടെ ഭർത്താവായ "ജോവും"കൂടി

അവയുടെ മുമ്പിലേയ്ക്കു ചെന്നു. കണ്ടുപിടിക്കപ്പെട്ട മാത്രയിൽ പശുക്കൾ രണ്ടും നിശ്ചലരായി നിന്നു. നിഷ്കളങ്കമായ അവയുടെ വിശാലനയനങ്ങൾ ആപ്പിൾമരത്തിന്റെ കൊമ്പുകളിൽ തറച്ചിരുന്നു. അന്തിക്കതിരോന്റെ പൊൻപ്രഭയിൽ ആ പശുക്കളുടെ തവിട്ടുനിറത്തിലുള്ള മിനുത്ത രോമങ്ങൾ കമനീയമായി പ്രകാശിച്ചു. തറയിൽ കിടന്നിരുന്ന ആപ്പിൾപഴങ്ങൾ ആ കന്നുകളുടെ ചവിട്ടേററു പൊട്ടി നാലുപാടും സുഗന്ധം പരത്തി.

ഓമനിച്ചു വളർത്തിയിരുന്ന ആ പശുക്കളെ കാണുമ്പോഴെല്ലാം ഫോയ്ബേയുടെ ഹൃദയം തുടിക്കുമായിരുന്നു. അവയെ തോട്ടത്തിൽനിന്നു് അടിച്ചിറക്കാൻ തോന്നുന്നില്ല. അവൾ അവയുടെ മൃദുലമായ പുറത്തു തലോടി അവയെ പുൽത്തകിടികളിലേക്കു തിരിച്ചുവിടാൻ നോക്കി. "ആപ്പിൾപഴങ്ങൾ തിന്നു തിന്നു ഡെയിസിക്കു പാലില്ല." അവൾ ഭർത്താവിനോടു പറഞ്ഞു, "മുള്ളുകമ്പികൊണ്ടു് ആ വേലികെട്ടി അടച്ചേ പററൂ" പുൽത്തകിടിയിൽക്കൂടി തുള്ളിച്ചാടുന്ന ജർസിക്കിടാവിനെ കണ്ടു പുഞ്ചിരിച്ചുകൊണ്ടു ജോവ് മറുപടിപറഞ്ഞു.

ഫോയ്ബേ ഭർത്താവിനോടു് അപേക്ഷിച്ചു, "കുറച്ചു സ്വാതന്ത്ര്യംഅവയ്ക്കും വേണ്ടേ. വഴിവിട്ടു ദൂരെ പോയാൽ ഞാൻതന്നെ പിടിച്ചുകൊണ്ടുവരാം." അവൾ തുടർന്നു പറഞ്ഞു.

"കൊള്ളാം." നോക്കെത്താത്ത ദൂരത്തിൽ നിവർന്നുകിടക്കുന്ന വയലുകളെ നോക്കിച്ചിരിച്ചുകൊണ്ടു ജോ പറഞ്ഞു, "ഏതായാലും ആപ്പിൾപഴമെല്ലാം

ഇപ്പോൾതന്നെ പറിക്കുന്നതാണു നല്ലതു്." ഫോയ് ബേയുടെ തോളത്തു മൃദുവായി ഒന്നു തട്ടിയശേഷം അയാൾ കുതിരകളെ കെട്ടിയിട്ടിരുന്ന സ്ഥലത്തേക്കു് മടങ്ങി.

ഒക്ടോബർ അവസാനിക്കുന്നതിനു മുമ്പുതന്നെ ആ ദമ്പതികൾ ആപ്പിൾപഴമെല്ലാം അടത്തിയെടുത്തു ഭരണിയിലാക്കി അറകളിൽ നിക്ഷേപിച്ചു. ആ തോട്ടത്തിലെ പഴങ്ങൾ അവിടൊക്കെ കിട്ടുന്നവയിൽ വെച്ചു് വളരെ മെച്ചപ്പെട്ടവയായിരുന്നു. കുറെ നാളായിമാത്രം അവിടത്തെ പഴങ്ങളുടെ വില ഇടിയുകയും മററു ചില വർഗ്ഗം പഴങ്ങൾക്കു കൂടുതൽ പ്രചാരം കിട്ടുകയും ചെയ്തിരുന്നു. എങ്കിലും ജോവും ഭാര്യയുംകൂടി തറയിൽ പൊഴിഞ്ഞുകിടന്ന പഴങ്ങൾപോലും പെറുക്കിയെടുത്തു; അവയുടെ നീരു ഭരണികളിൽ അടച്ചു ഭദ്രമായി സൂക്ഷിച്ചു.

ഉച്ചഭക്ഷണം കഴിഞ്ഞു് അവർ ആപ്പിൾപഴത്തിൽനിന്നു നീരെടുത്തുകൊണ്ടിരിക്കുമ്പോൾ, ആ സ്ഥലത്തെ ഒരു ഏജൻറ് അങ്ങോട്ടു കയറിച്ചെന്നു. അവരുടെ തോട്ടത്തിലെ പഴക്കംചെന്ന ആപ്പിൾമരങ്ങളെല്ലാം മുറിച്ചുകളയുവാൻ അയാൾ ഉപദേശിച്ചു. വളരെ പഴക്കംചെന്ന മരങ്ങൾ എത്ര ശ്രമിച്ചാലും നന്നാക്കിയെടുക്കുവാനോ ആദായകരമാക്കുവാനോ സാദ്ധ്യമല്ലപോലും. തോറോവിൻെറ ഒരു ചെറുഗ്രന്ഥവും കയ്യിലെടുത്തുകൊണ്ടു് ജോ ആ ഏജൻറിൻെറകൂടെ തോട്ടത്തിൽ ചുററിനടന്നു. കുതിരകളെ തീററുമ്പോഴും ആപ്പിൾപഴം ഉണക്കുമ്പോഴും ആ പുസ്തകം അയാളുടെ കൈവശം കാണുക പതിവായിരുന്നു. തോട്ടത്തിലെ ആപ്പിൾവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കണമെന്നും, കുതി

രകഠംക്ക പകരം നിലം ഉഴവാൻ ആധുനികയന്ത്രോപ കരണങ്ങഠം ഉപയോഗിക്കണമെന്നും, കോഴിവളത്തിൽ അവസാനിപ്പിക്കണമെന്നും ആ ഏജൻറ പറഞ്ഞുകേട്ടപ്പോഠം ഫോയ്ബേ അത്ഭുതാധീനയായി പറഞ്ഞു, "എന്നാൽ ആ കതിരകളെ ഞങ്ങഠംക്ക വളരെ ഇഷ്ടമാണ്." കരുണാർദ്രനായ ഒരു കാരണവരെപ്പോലെ ഏജൻറ് ഒന്നു മന്ദഹസിച്ചുകൊണ്ട പറഞ്ഞു, "പട്ടണവാസികഠം പണിയായുധങ്ങളുമായി കൃഷിസ്ഥലത്തേയ്ക്കു വരണമെന്നാണ് എൻെറ ആഗ്രഹം. ആദർശയോഗ്യമായ ജീവിതം നയിക്കുന്ന നിങ്ങഠം ഈ തോട്ടത്തിൽ നല്ലപോലെ പണിയെടുത്തതാണ്. എന്നാൽ നിങ്ങഠം മുടക്കിയിരിക്കുന്നതിനു തക്ക വരുമാനം കിട്ടുന്നില്ല. ഉണ്ടോ? ഒരു കാര്യം ഓത്തിരിക്കണം. കൃഷി എന്നു പറയുന്നതു് ഒരു "ബിസിനസ്" ആണ്."

"ഒന്നു ഞങ്ങഠംക്കറിയാം. ജീവസന്ധാരണത്തിനു കൃഷിയാണു സർവ്വപ്രധാനം." ജോ മറുപടിപറഞ്ഞു.

കുറച്ചുസമയത്തേക്ക് ആരും ഒന്നും ശബ്ദിച്ചില്ല. ഫോയ്ബേ കുനിഞ്ഞു് ഫാക്സിനെ ഓടിച്ചു. അതു വാലാട്ടിഅകന്നു മാറിയിരുന്നു. ഒരു നിമിഷം കഴിഞ്ഞു് ജോ വീണ്ടും ഇപ്രകാരം പറഞ്ഞു, "ഞങ്ങളെ നല്ല കൃഷിക്കാരായി താങ്കഠം കണക്കാക്കേണ്ട. താങ്കഠം നല്കിയ ഉപദേശത്തിനു വളരെ നന്ദി. എന്നാൽ നമ്മുടെ ആദർശങ്ങഠം തമ്മിൽ പൊരുത്തമുള്ളവയല്ല. വമ്പിച്ച തുക മുടക്കുവാനോ ബിസിനസ്കാരായി ജീവിക്കുവാനോ ഞങ്ങഠംക്ക് ഉദ്ദേശമില്ല. മൃഗങ്ങളെ വേണ്ടവിധം സൂക്ഷിച്ചും, ഉള്ള ഭൂമി ഫലഭൂയിഷ്ഠമാക്കിത്തീർത്തും, ഒരുവിധം സുഖമായും മാനമായും ജീവിക്കണമെന്നു മാത്രമേ ഞങ്ങഠം ആഗ്രഹിക്കുന്നുള്ളു." ജോ ക്ഷമാപണ

രൂപത്തിൽ തികഞ്ഞ ആത്മാർത്ഥതയോടെ പറഞ്ഞു. ആ വാക്കുകളിൽ ആസ്വാസ്ഥ്യം നിഴലിച്ചിരുന്നു. ജോ തുടർന്നു പറഞ്ഞു, "താങ്കൾ ഞങ്ങളെ മറയന്മാരെന്നോ യാഥാസ്ഥിതികരെന്നോ കരുതിക്കൊള്ളുക. പണം സമ്പാദിക്കുന്നതല്ല, സമാധാനപരമായി ജീവിക്കുന്നതാണ് ഞങ്ങൾക്കു പ്രധാനം."

"പ്രിയപ്പെട്ട കുഞ്ഞേ! നിങ്ങൾ പറയുന്നതു ശരിയല്ല. ധീരരായ സ്വപ്നദർശികളെന്നേ ഞാൻ നിങ്ങളെ കരുതുന്നുള്ളു. ആകട്ടെ, ഇപ്പോൾ ഞാൻ പോകുന്നു. അടുത്ത വർഷം വീണ്ടും വന്നു കണ്ടുകൊള്ളാം." ഇത്രയും പറഞ്ഞു് ആ ഏജൻറ് കാറിൽ കയറി പൊടിനിറഞ്ഞുകിടന്ന വഴിയിൽക്കൂടി സാവധാനത്തിൽ നീങ്ങി; പോകുന്നവഴി കാറിൻെറ കണ്ണാടിച്ചില്ലുകൾ വെച്ച വശത്തേക്കു ചാഞ്ഞുകിടന്ന തോട്ടത്തിൻെറ ചുറവും കെട്ടിയിരുന്ന വേലിയുടെ പൊളിഞ്ഞഭാഗത്തേക്കു നോക്കി വിളിച്ചുപറഞ്ഞു, "നിങ്ങളുടെ പന്നിക്കുട്ടികൾ വെളിയിൽക്കൂടി നടക്കുന്നു. ആ വേലി കണ്ടോ?" ഒന്നു മന്ദഹസിച്ചുകൊണ്ടു് ആ ഏജൻറ് തൻെറ സെഡാൻകാർ വേഗത്തിൽ ഓടിച്ചുപോയി.

കുറച്ചുസമയത്തേക്കു ജോവും ഫോയ്ബേയും സായാഹ്നസൂര്യൻെറ കിരണങ്ങൾ ഏറവുകൊണ്ടു നിശബ്ദരായിനിന്നു. അവരുടെ മനസ്സ് അസ്വാസ്ഥമായിരുന്നു. ആപ്പിൾപഴത്തിൻെറ ചാറുപുരണ്ട തണുത്ത കൈപ്പടങ്ങൾ ഫോയ്ബേ വെയിലത്തുപിടിച്ചു ചൂടുപിടിപ്പിക്കയായിരുന്നു. അവസാനം അവൾ ഇപ്രകാരം പറഞ്ഞു, "ഞാൻ പോയി പൈക്കളെ നോക്കട്ടെ. അതായിരിക്കും നല്ലതു്."

പഴങ്ങളെല്ലാം പറിച്ചെടുത്തു കഴിഞ്ഞിരുന്നതിനാൽ പന്നികൾ തോട്ടത്തിലുണ്ടാവാൻ തരമില്ലെന്നു്

അവശ് ഊഹിച്ചു. എങ്കിലും, ആപ്പിളിൻെറ നറുമണം നാലുപാടും വീശിക്കൊണ്ടിരുന്നതിനാൽ, അവ മേച്ചിൽസ്ഥലങ്ങളിൽനിന്നും പഴത്തോട്ടങ്ങളിലേക്കു കയറിയെന്നുവരാം. ഫോയ്ബേ പറഞ്ഞ വാക്കുകശ് കേശക്കാത്തഭാവത്തിൽ ജോ അവളെത്തന്നെ നോക്കിക്കൊണ്ടുനിന്നു. പിന്നീടു ചിന്താവിഷ്ടനായി അയാശ് പറഞ്ഞു, "ആ ഏജൻറു പറഞ്ഞതു്, ഒരുപക്ഷേ ശരിയായിരിക്കാം. അല്ലെങ്കിൽ കേവലം ദിവാസ്വപ്നങ്ങശ് മാത്രമായിരിക്കാം."

"ഒരിക്കലുമല്ല." ഫോയ്ബേ എതിൎത്തുപറഞ്ഞു. "അയാശ് പറഞ്ഞതു് ശുദ്ധ അബദ്ധം!"

മന്ദഹസിച്ചുകൊണ്ടു് ജോ അവളെ ഒന്നു തലോടി.

അയാശ് നേരേ നടന്നു് ധാന്യപ്പുരയിലെത്തി. വീണ്ടും ആപ്പിശ്പഴത്തിൽനിന്നു നീരെടുക്കുന്ന ജോലിയിൽ വ്യാപൃതനായി. ഫോയ്ബേ, ഇടനാഴിയിൽക്കൂടി നടന്നു "കൊ........ബാ", "കൊ........ബാ" എന്നു മധുരശബ്ദം മുഴക്കുന്നതു കേശക്കാമായിരുന്നു. പ്രശാന്തമായ അന്തരീക്ഷത്തിൽ തൻെറ ശ്രവണമധുരമായ ശബ്ദം ലയിച്ചപ്പോശ് അവശക്കു സംതൃപ്തി തോന്നി. താൻ ഏതോ ഒരു ഗ്രന്ഥത്തിൽ വായിക്കുവാനിടയായവിധം അവശ് പശുക്കളെ വിളിക്കുകയായിരുന്നു. എന്നാൽ അവളുടെ ശബ്ദം വനരോദനംപോലെ കലാശിച്ചു. ധാന്യപ്പുരയിൽ ഇരുന്നു ജോ പൊട്ടിച്ചിരിക്കുന്ന ശബ്ദം അവശ് കേട്ടു. തോട്ടത്തിലെ ചെറുചെടികശ് അല്പം ചലിച്ചു. എന്തോ അനങ്ങുന്ന ഒരു ശബ്ദം. ഫാക്സ് പെട്ടെന്നു് അവളുടെ മുമ്പിൽ വന്നു വാലാട്ടി. അവശ് അതിനോടു പറഞ്ഞു, "ഹെ,

മറയാ! ഞാൻ നിന്നെയല്ല വിളിച്ചുകൊണ്ടിരുന്നതു്." ഫാക്സ്. വന്നതുപോലെ തിരിച്ചുപോയി.

പച്ചക്കറിത്തോട്ടത്തിൻെറ വരമ്പുകളിൽക്കൂടി ഫോയ്ബേ അതിവേഗം മുമ്പോട്ടു നടന്നു. അന്തിമസൂര്യൻെറ പ്രകാശത്തിൽ, അവിടെ പന്തലിച്ചുനിന്നിരുന്ന വൃക്ഷശിഖരങ്ങളിലെ ഇളംചുവപ്പാർന്ന ഇലകൾ വെട്ടിത്തിളങ്ങി. നോക്കെത്താത്ത വിസ്താരത്തിൽ കിടന്ന പുൽത്തകിടിയുടെ ഒരരികിൽ കുറഞ്ഞതു് ഒരു ശതാബ്ദമെങ്കിലും പഴക്കമുള്ള ഒരു കൂററൻ ഓക്ക്മരം ഗംഭീരനായി നിലകൊണ്ടിരുന്നു. "അവ പുറത്തിറങ്ങിപ്പോയിട്ടു് അധികസമയം ആയിരിക്കുകയില്ല." അവൾ സ്വയം ഉറക്കെ പറഞ്ഞു. "ആ കൊച്ചുപിശാചു്! തളിച്ചിപ്പെണ്ണു്" അല്പമൊന്നു ചിരിച്ചുകൊണ്ടും എന്നാൽ അതിയായ ആകാംക്ഷയോടുംകൂടിയും ഫോയ്ബെ പശുക്കളെ തേടിനടന്നു.

ആ കൃഷിസ്ഥലത്തുവന്നു് അവർ താമസംതുടങ്ങിയിട്ടു മാസം എട്ടു കഴിഞ്ഞു. "ജോ" കൃഷിക്കായി തോട്ടത്തിലേക്കു പോകുമ്പോഴും അവൾക്കു കൂട്ടുകാർ കാണും. അവൾ ഓമനിച്ചുവളർത്തിയിരുന്ന മൃഗങ്ങൾ, തന്നോടു തന്നെ സംസാരിക്കുന്നവിധത്തിലാണു് അവൾ അവയോടും സംസാരിച്ചിരുന്നതു്. അവൾ അവയെ സ്നേഹിക്കുകയും, ശകാരിക്കുകയും, ഉന്മേഷഭരിതരാക്കുകയും ചെയ്തിരുന്നു. അർത്ഥഗർഭമായ വാക്കുകളാണു് അവൾ അവയോടു് ഉപയോഗിക്കാറുണ്ടായിരുന്നതു്. മൃഗങ്ങൾ അവളെ സ്വന്തം തള്ളയെപ്പോലെ സ്നേഹിച്ചു. എങ്കിലും ചിലപ്പോഴെല്ലാം അവൾ അത്ഭുതപ്പെടാറുണ്ടായിരുന്നു. വയലിൻെറ വരമ്പത്തുകൂടി അങ്ങനെ നടന്നുപോകുമ്പോഴും അകാരണമായി അവൾ ഉദ്ബോ

ഗപരവശയായി, വിസ്മയാധീനയായി. എന്തായിരുന്നു അവളുടെ ഭയത്തിൻെറയും ഉദ്വേഗത്തിൻെറയും യഥാർത്ഥ കാരണം? ഒരു സൈന്യസങ്കേതത്തിൽനിന്നു മററൊരു സങ്കേതത്തിലേക്കു ഇടവിടാതെ ഭർത്താവിനോടുകൂടി ചുററിക്കറങ്ങിയടിച്ചശേഷം ഒരു കൃഷിസ്ഥലത്തുവന്നു താമസംതുടങ്ങിയപ്പോൾ ഫേയ്ബേയ്ക്കു തോന്നി അതൊരു പറുദീസയായിരിക്കുമെന്നു്. ജോവിൻെറ സൈനികസേവനം പരിപൂർണ്ണ പരാജയത്തിലാണു് കലാശിച്ചതു്. ഒരു കശിനിക്കാരൻെറ അസിസ്റ്റണ്ടായാണു് അയാൾ സേവനം ആരംഭിച്ചതു്. സഹകരണമില്ലായ്മയായിരുന്നു ആ പരാജയത്തിൻെറ കാരണം. ഒരു ക്ലാർക്കിൻെറ ജോലിചെയ്തുകൊണ്ടിരുന്ന ഫേയ്ബേ ഒരു കൊച്ചുമുറി വാടകയ്ക്കെടുത്തു് ജോവിൻെറ ജോലിസ്ഥലത്തിന്നടുത്തു താമസിക്കയായിരുന്നു. ആഴ്ചവട്ടത്തിൽ ഒരു ദിവസമാണു് അവൾക്കു് അവധികിട്ടിയിരുന്നതു്. അന്നു് സന്തോഷത്തോടും അതേസമയത്തുതന്നെ ഉടനെ പിരിയണമല്ലോ എന്നുള്ള വേദനയോടുംകൂടി ഒന്നിച്ചുചേരുക പതിവായിരുന്നു. സ്വദേശത്തേക്കു് എന്നു മടങ്ങിപ്പോകുവാൻ കഴിയുമെന്നും, എത്രകാലംകൂടി കഴിഞ്ഞാൽ ആനന്ദപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ സാദ്ധ്യമാകുമെന്നും അവർ ആലോചിക്കാറുണ്ടായിരുന്നു. ന്യൂ ഇംഗ്ലണ്ടു സ്കൂളിൽവെച്ചു പരസ്പരം പരിചയപ്പെടുവാൻ ഇടയായതുമുതലുള്ള ഭൂതകാലങ്ങളെപ്പററി ആ സംഭാഷണാവസരങ്ങളിൽ അവർ അനുസ്മരിക്കയും ചെയ്തിരുന്നു. അസുഖകരവും, യാതനാപൂർണ്ണവുമായ സൈനികസേവനത്തിൽനിന്നു പിരിഞ്ഞുപോകുവാൻ ഏതുകാലത്താണു സാധിക്കുന്നതെന്നു് അവൾക്കു യാതൊരു നിശ്ചയവുമുണ്ടായിരുന്നില്ല. ഹൃദയത്തുടിപ്പും പര

മാത്ഥതകളം കറയററ പ്രേമത്തിനും ലോകത്തിൽ ഒരിടത്തും സ്ഥാനമില്ലെന്നു് അവക്കു തോന്നിത്തുടങ്ങി. ലോകത്തിൽ അമൂല്യങ്ങളായി സാധാരണ കരുതപ്പെട്ടിരുന്നവയെല്ലാം അയഥാത്ഥങ്ങളും തെററിദ്ധാരണയുളവാക്കുന്നവയുമാണെന്നു് അവർ സംശയിച്ചു. അവധിദിവസങ്ങളിലെ സംഭാഷണാവസരങ്ങളിൽ അവർ പ്രകടിപ്പിക്കാറുണ്ടായിരുന്ന ആഗ്രഹമനുസരിച്ചു തന്നെ സുഖകരമായ കാലാവസ്ഥയുള്ള ഒരു ഗ്രാമപ്രദേശത്തു, ഫലഭൂയിഷ്ഠമായ ഒരു കൃഷിസ്ഥലം അവക്കു ലഭിച്ചു. ജീവിതത്തിനു് ആവശ്യമായതു മാത്രം സമ്പാദിക്കുവാനും, ശാന്തസുന്ദരമായ ഒരു ജീവിതം നയിക്കുവാനും, സത്യബോധത്തോടും പരസ്നേഹത്തോടുംകൂടി കാലം കഴിക്കുവാനും അവക്കു സാദ്ധ്യമായി. ശൂന്യശൂന്യമായിക്കിടന്നിരുന്ന ആ സ്ഥലത്തുവന്നു ജീവിതമാരംഭിച്ചതുമുതല്ക്കാണു് സത്യവും നന്മയും തഴച്ചുവളരുവാൻ ഇടയായതെന്നു് അവർ അഭിമാനിച്ചു. ദീർഘകാലം പട്ടണത്തിൽ ജീവിച്ചു പരിചയിച്ചവരാണെന്നുള്ളതു് ഒരു കാലത്തും അവക്കു സുഖക്കുറവിനു കാരണമായിരുന്നില്ല. സൈനികസേവനത്തിൽനിന്നു വിമുക്തിനേടിയ ദിവസംതന്നെ, ശിഷ്ടായുസ്സു സമാധാനത്തോടെ കൃഷിവൃത്തിയിൽ ചെലവഴിക്കാമെന്ന തീരുമാനത്തിൽ ജോവും ഫോയ്ബേയും എത്തിച്ചേർന്നു.

ഗവണ്മെൻറിൽനിന്നു കുറേ പണം കടമെടുത്തു് കൃഷിക്കായി ഒരു സ്ഥലം വിലയ്ക്കു വാങ്ങി. അനാകർഷകവും ഉപയോഗശൂന്യവുമായി സവ്വരാലും പരിത്യജിക്കപ്പെട്ടിരുന്ന ആ ഭൂമിക്കു തുച്ഛമായ ഒരു വിലയേ കൊടുക്കേണ്ടിവന്നുള്ളു. ഒരു കാട്ടരുവിയുടെ സമീപത്തു മൾബറി മരങ്ങളും പുൽത്തകിടികളും വയലുകളും

നിറഞ്ഞ ആ ഭൂമിയുടെ ശരിയായ വില മതിക്കുവാൻ ജോവിനു പ്രയാസമുണ്ടായിരുന്നില്ല. നവംബർ മാസത്തിലാണു് മുപ്പതേക്കർ വിസ്താരം വരുന്ന ആ ഭൂമി അവരുടെ സ്വന്തമായിത്തീർന്നതു്. അടുത്ത ഫെബ്രുവരി മാസത്തിൽ ജോവു് സഭാര്യനായി അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു.

അവിടത്തെ വയലുകളും, തഴച്ചുവളർന്ന ചെടികളും അയാളെ ഗാഢമായി ആകർഷിച്ചു. പഠിത്തം കഴിഞ്ഞു കുറെക്കാലം ജോ "സസ്യശാസ്ത്രം" പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനായി ജോലിനോക്കിയിരുന്നു. എന്നാൽ ചെറുപ്പംമുതല്ക്കേ ഫോയ്ബേയ്ക്കു മൃഗങ്ങളോടായിരുന്നു കൂടുതൽ താല്പര്യം. "നോഹ"യുടെ പെട്ടകത്തിലുണ്ടായിരുന്നതുപോലെ നാനാതരത്തിലുള്ള പക്ഷിമൃഗാദികൾ അവരുടെ പുതിയ താമസസ്ഥലത്തുണ്ടായിരുന്നു. സമഭാവത്തോടും പരസ്പര ബഹുമാനത്തോടും ആത്മാർത്ഥ സ്നേഹത്തോടുംകൂടി ആ ഭാര്യാഭർത്താക്കന്മാർക്കും, ആ പക്ഷിമൃഗാദികൾക്കും അവിടെ കഴിയുന്നതിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ആ പക്ഷിമൃഗാദികളിൽനിന്നു വ്യത്യസ്തമായ വിധത്തിലാണു് ദൈവം മനുഷ്യരെ സൃഷ്ടിച്ചതെന്നു വിചാരിക്കുവാൻതന്നെ ഫോയ്ബേയ്ക്കു സാധിച്ചില്ല. ജന്മപാപത്തോടുകൂടിയാണു് താൻ ഭൂമിയിൽ ജനിച്ചിട്ടുള്ളതെന്നു അവൾ ചിന്തിച്ചില്ല. ഫാക്സിന്റെ വിശ്വസ്തതയുടെയും, ജെർസി പൈക്കിടാവിന്റെ സ്വാതന്ത്ര്യപ്രേമത്തിന്റെയും വെളിച്ചത്തിൽ, മനുഷ്യബുദ്ധി അന്നുവരെ സമാർജ്ജിച്ചിട്ടുള്ള സകല വിജ്ഞാനവും ശാസ്ത്രീയഗവേഷണങ്ങളും വിസ്മരിക്കുവാൻ അവൾക്കു യാതൊരു മടിയുമുണ്ടായില്ല.

അന്നു് മേമാസത്തിലെ ഒരു സുദിനമായിരുന്നു. ഒരു കൃഷ്ണസർപ്പത്തെ കയ്യിൽ തൂക്കിയെടുത്തുകൊണ്ടു് ജോ ഭാൎയ്യയോടു പറഞ്ഞു: "നമ്മുടെ ഈ തോട്ടത്തിൽ സർപ്പങ്ങൾ ധാരാളമുണ്ടു്." ഇതുകേട്ടിട്ടു ഫോയ്ബേയ്ക്കു യാതൊരു സംഭ്രമവുമുണ്ടായില്ല. ആ സർപ്പങ്ങളിൽ നിന്നു യാതൊരുവിധമായ ഉപദ്രവവും ഉണ്ടാവുകയില്ലെന്നു് അവൾക്കുറപ്പുണ്ടായിരുന്നു. "എലികളും ക്ഷുദ്രജീവികളുമാണു് അവയുടെ ആഹാരം." "അല്ലെങ്കിൽ കോഴിക്കുഞ്ഞുങ്ങളും മുട്ടകളുമായിരിക്കും." ജോ അഭിപ്രായപ്പെട്ടു. കോഴികൾക്കു സർപ്പത്തിൽനിന്നു് ഉപദ്രവമുണ്ടാകാതിരിക്കുവാൻ ജോ നല്ല ഒരു കൂടു പണിതിട്ടുണ്ടായിരുന്നു. കൂടിനു സമീപത്തുകൂടി യാതൊരു ഉപദ്രവവും ചെയ്യാതെ സർപ്പങ്ങൾ ഇഴഞ്ഞുപോകുന്നതു് അവർ മിക്കപ്പോഴും കാണുന്നതാണു്.

അടുത്തുള്ള നീരത്തിന്നരികിൽ മൈക്കേം നില്ക്കുന്നതു് ഫോയ്ബേ കണ്ടു. വനത്തിൻെറ അതിർത്തിയിൽ നിന്നിരുന്ന പഴക്കമേറിയ ഒരു ആപ്പിൾമരത്തിൽ അവയുടെ കണ്ണുകൾ പതിഞ്ഞിരുന്നു. മിക്കവാറും ഉണങ്ങിക്കഴിഞ്ഞിരുന്ന ആ മരത്തിൻെറ ഇലകൾപോലും കൊഴിഞ്ഞുപോയിരുന്നു. അതിനാൽ നിരാശതയോടെയാണു് അവ ആ വൃക്ഷത്തിലേയ്ക്കു നോക്കിയതു്. ഫോയ്ബേ അവരോടു ചോദിച്ചു: "എന്തൊരു നോട്ടമാണിതു്?"

"അതു് ഞങ്ങളുടെ കുറംകൊണ്ടല്ല." കഠിനമായി ശകാരിക്കുന്നവിധം ജെർസിപ്പശുക്കുട്ടി അവളെ ഒന്നു നോക്കി. കൂർത്തുമൂർത്ത് കൊമ്പുകൾക്കിടയിൽ നിന്നു്, മാർദ്ദവമേറിയ ചുളുക്കുകൾക്കുള്ളിൽനിന്നും പുറപ്പെട്ട ആ നോട്ടംകണ്ടു് ഫോയ്ബേ കരുണാർദ്ര

ചിത്തയായിത്തീർന്നു. തലകുനിച്ചുനിന്നാണ് ആ പന്നുക്കുട്ടി നോക്കിയതു്. അതിന്റെ നാസികാദ്വാരങ്ങൾ വിടർന്നിരുന്നു. തല ഒന്നു കുലുക്കിക്കൊണ്ടു് അതു പിന്നോട്ടു തിരിഞ്ഞു.

"കൊള്ളാം. അപ്രകാരമാണു നീ വിചാരിക്കുന്നതെങ്കിൽ........" ഫോയ്ബേ പറഞ്ഞു. "വരൂ, ഡെയിസി! അവൾ അവിടെനിന്നു സങ്കടപ്പെട്ടുകൊള്ളട്ടെ. നമുക്കു തിരിച്ചുപോകാം." ഇത്രയും പറഞ്ഞു കരാംഗുലികളാൽ അവൾ ഡെയിസിയെ മന്ദമായി തലോടി. അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ ഡെയിസി, പൊടി നിറഞ്ഞുകിടന്ന നിരത്തിലേക്കു തിരിച്ചുനടന്നു. പോകുന്നതിനിടയിൽ തല വെട്ടിച്ചു് ഒട്ടു കണ്ണുകൊണ്ടു് ഡെയിസി ഫോയ്ബേയെ കൂടെക്കൂടെ നോക്കുന്നുണ്ടായിരുന്നു. ഡെയിസിയുടെ പുറത്തു മന്ദമായി ഒരടികൊടുത്തപ്പോൾ അവൾ നടപ്പിന്റെ വേഗത കൂട്ടി. പാട്ടിനു താളം പിടിക്കുന്നമാതിരി ആ പ്രശാന്തതയിൽ വാലിളക്കി അതു മുന്നോട്ടു നീങ്ങി.

അവർ അധികദൂരം നടക്കുന്നതിനു മുമ്പേ ജെർസിക്കിടാവിന്റെ കാലടിശബ്ദം പിന്നിൽനിന്നു കാതിൽ വന്നലച്ചു. ആ പന്നുക്കുട്ടിയും തങ്ങളെ അനുഗമിക്കുന്നുണ്ടെന്നു മനസ്സിലാക്കുവാൻ ഫോയ്ബേയ്ക്കു വിഷമമുണ്ടായില്ല. അവൾ പുഞ്ചിരിതൂകി തിരിഞ്ഞു നോക്കാതെ മുമ്പോട്ടു നടന്നു. എന്നാൽ അടുത്തക്ഷണത്തിൽ പിറകിൽനിന്നു കേട്ട കാലടിശബ്ദം നിലച്ചതായി തോന്നി. അതു് പല സംശയങ്ങൾക്കും കാരണമായി. അപകടപൂർണ്ണമായ ഒരു വഴിത്തിരിവിൽക്കൂടിയാണു് താൻ നടക്കുന്നതെന്നു അ

വരംക്കു തോന്നി. ഫോയ്ബേ പെട്ടെന്നു നിന്നു. ചുററു പാടും അവരം മിഴിയുഴിഞ്ഞു. പുറകിലേയ്ക്കു തിരിഞ്ഞുനോക്കിയപ്പോരം ജെർസിപ്പശുക്കുട്ടിയുടെ കൊമ്പുകരം തൻെറ ദേഹത്തു തൊട്ടു തൊട്ടില്ലെന്ന മട്ടിൽ ഉരസുന്നതു കണ്ടു. "നീ എന്തുചെയ്യുകയാണു്?" അവരം പതുക്കെ ചോദിച്ചു, "പോകൂ എൻെറ മുമ്പിൽ കയറി മുമ്പോട്ടു നടക്കൂ." അവരം ആജ്ഞാപിച്ചു. എന്നാൽ ആ പശുക്കുട്ടി അവളുടെ വാക്കുകരം അനുസരിക്കാതെ തറയിൽ കാലുകരം ഉറപ്പിച്ചു നില്ക്കുകയാണു ചെയ്തതു്. തല കുനിച്ചുകൊണ്ടുള്ള അതിൻെറ ആ നോട്ടം ധിക്കാരപാരമ്യത്തെയാണു പ്രകടമാക്കിയതു്. എന്നാൽ ഫോയ്ബേ ഡെയിസിയെ മുമ്പിൽ നടത്തി. സംശയദൃഷ്ടിയോടെ ഇടക്കിടയ്ക്കു പിറകോട്ടു കണ്ണുകരം അയച്ചുകൊണ്ടു നടപ്പു തുടർന്നു. "ഇപ്പോരം വേഗം പോകയാണു വേണ്ടതു്." "ഫോയ്ബേ കോപിഷ്ടയായി ആ പൈക്കിടാവിനോടു പറഞ്ഞു. വയ്ക്കോൽപ്പുരയിൽ മടങ്ങിയെത്തുന്നതുവരെ ജെർസിയിലെ പശുക്കുട്ടി കൊമ്പുകരം താഴ്ത്തിപ്പിടിച്ചും കറുത്തിരുണ്ട കണ്ണുകരം ഇളക്കിക്കൊണ്ടും പിന്നാലെ നടന്നുകൊണ്ടിരുന്നു. വഴിയിൽ പൊടി നിറഞ്ഞുകിടന്നിരുന്നതിനാൽ അതിൻെറ കാലൊച്ച കേരംക്കാൻ കഴിഞ്ഞില്ല.

"അവരം എന്നെ ഭയപ്പെടുത്തിക്കളഞ്ഞു. വഴിനീളെ അവരം എന്നെ ഭീഷണിപ്പെടുത്തുകയായിരുന്നു." വസതിയിൽ എത്തിയപ്പോരം ഫോയ്ബേ ഭർത്താവിനോടു പറഞ്ഞു.

അവരം ഊറിയ ചിരിയോടുകൂടിയാണു പറഞ്ഞതെങ്കിലും, അന്തരാരോഷാകുലയും ചഞ്ചലമാനസയുമാണെന്നു കാണ്മാൻ പ്രയാസമില്ലായിരുന്നു. വയ്ക്കോൽ

പുരയുടെ തറയിൽ ഡെയിസിയെ കെട്ടിയതിനുശേഷം ഫോയ്ബേ ധാന്യവും വയ്ക്കോലും ഇട്ടുകൊടുത്തു. അടുത്തു വന്ന ജെർസിപ്പശുക്കുട്ടിയെ വാതിലിൽക്കൂടി പുറത്തിറക്കി പുൽത്തകിടിയിലേക്ക് ഓടിച്ചുവിടുകയും ചെയ്തു. "ഇപ്പോൾ എത്രപ്രാവശ്യമായിരിക്കുന്നു!........ ആ വേലിപോലും അവൾ പൊളിച്ചുകളഞ്ഞിരിക്കുന്നു" ഫോയ്ബേ കോപത്തോടെ പറഞ്ഞു വയ്ക്കോൽപുരയിൽനിന്നിറങ്ങി ഇടനാഴിയിൽക്കൂടി കെട്ടിടത്തിന്റെ രണ്ടാംനിലയിലേക്കു പോകുമ്പോൾ അവളുടെ ശരീരം വേപഥുപൂണ്ടു. ഈ സമയത്തിനുള്ളിൽ ജോ ആപ്പിൾപഴത്തിലെ ചാറെല്ലാമെടുത്തു് ഭരണികളിലാക്കിക്കഴിഞ്ഞു. പിറേറന്നു രാവിലെ ആ ഭരണികൾ ചന്തയിൽകൊണ്ടുപോയി വില്ക്കുവാനായിരുന്നു അയാൾ ഉദ്ദേശിച്ചതു്. കൊള്ളരുതാത്തതായി തള്ളിക്കളഞ്ഞിരുന്ന പഴങ്ങളും, ചാറെടുത്തതിനുശേഷം നീക്കിയിട്ടിരുന്ന പിശടും കുന്നുകണക്കെ, വയ്ക്കോൽപുരയുടെ സമീപം കിടക്കുകയായിരുന്നു. സുഗന്ധവാഹിയായ മന്ദമാരുതൻ ആപ്പിൾപഴത്തിന്റെ സൗരഭ്യം ആ പ്രദേശം മുഴുവൻ വീശി.

"ആ പശുക്കുട്ടിയുടെ വിചാരം താൻ വലിയ സ്കൂത്രശാലിയാണെന്നാണ്." പുറത്തേക്കെവിടെയോ ഇറങ്ങുവാൻ ഒരുങ്ങുന്ന ജോ പറഞ്ഞു: "ഇന്നു ഡെയിസിയെ അഴിച്ചുവിടുകയില്ലല്ലോ. ഡയിസിയെക്കൂടാതെ ജെർസി പുറത്തിറങ്ങി അലഞ്ഞുതിരിയില്ല." അവർ രണ്ടുപേരും അവിടെനിന്നു ഇറങ്ങിപ്പോയി. ഫോയ്ബേയ്ക്കു് അത്താഴം തയ്യാറാക്കുവാൻ സമയം കഴിഞ്ഞിരുന്നു. "നമുക്ക് എന്താ അത്താഴത്തിന്?" ജോ ഭാര്യയോടു് അന്വേഷിച്ചു.

"എന്താണു് ഇത്ര നിസ്സാരമായി ചോദിക്കുന്നതു്?" ഫോയ്ബേ, മറുചോദ്യം ചോദിച്ചു. "ആപ്പിൾ പൈ, ആപ്പിൾ ബട്ടർ, പോരേ!"

ഫോയ്ബേ വളരെ താമസിച്ചാണു രാവിലെ ഉറക്കമുണർന്നതു്. അവളുടെ ഹൃദയം പിടച്ചുകൊണ്ടേ ഇരുന്നു. കിടക്കയിൽ എണീററിരുന്നു് എന്തോ ശ്രദ്ധിക്കുന്നതുപോലെ ചെവികൊടുത്തു. അപ്പോൾ എവിടെ നിന്നോ ഒരു നിലവിളി ശബ്ദം അവളുടെ ചെവിയിൽ പതിച്ചു. "ജോ, ജോ" അവൾ ഭർത്താവിനെ കുലുക്കി വിളിച്ചുണർത്തി. "ആരോ ഉറക്കെ കരയുന്നതുപോലെ തോന്നുന്നു" അവൾ പറഞ്ഞു. അയാൾ കിടക്കയിൽ എണീററിരുന്നു. ഇരുളടഞ്ഞ ഉറക്കറയിൽ ഇരുന്നുകൊണ്ടു് അവർ ശ്രദ്ധിച്ചു. പ്രകൃതിയുടെ പ്രശാന്തതയെ ഭേദിച്ചുകൊണ്ടു് ആ ശബ്ദം വീണ്ടും കേൾക്കുകയാണു്. കഴുത്തിൽ കുരുക്കുവീണ ആസന്നമരണനായ ഒരു ജീവിയുടെ വേദനാപൂർണ്ണവും ഭയജനകവുമായ ഒരു ശബ്ദം.

"അതു് ജെർസിയുടെ ശബ്ദംപോലെ ഇരിക്കുന്നല്ലോ." കിടക്കയിൽനിന്നും ജനാലയിലേക്കു് എത്തിവലിഞ്ഞുനോക്കിക്കൊണ്ടു് ജോ പറഞ്ഞു: "തീർച്ചയായും ഡെയിസിയുടെ ശബ്ദമല്ല. ജെർസിയുടെ തന്നെ. വയ്ക്കോൽ തുറുവിനു സമീപത്തുനിന്നുമാണല്ലോ ആ ശബ്ദം കേൾക്കുന്നതു്." കിടക്കയിൽനിന്നു ചാടി എണീററു് ജോ പാൻറു് ധരിച്ചു.

"വേഗം, വേഗമാകട്ടെ" എന്നു പറഞ്ഞു ഫോയ്ബേ തറയിൽ വസ്ത്രങ്ങൾ തപ്പിത്തുടങ്ങി.

"ആദ്യം ആ വിളക്കൊന്നു കൊളുത്തു." ജോ പറഞ്ഞു. കൊച്ചുകുട്ടികളാരും ഇവിടെയില്ലല്ലോ. പെ

ട്ടെന്നു വിളക്കു കൊളുത്തു. ഞാൻ ഒന്നു പോയിനോക്കട്ടെ. അയാളുടെ ശബ്ദം ഫോയ്ബേയ്ക്കു തൊല്ലൊരാശ്വാസം നല്കി. ഒരു നിമിഷംകൊണ്ടു് തീപ്പെട്ടി തപ്പിയെടുത്തു. മേശയിൽ വച്ചിരുന്ന മണ്ണെണ്ണവിളക്കു കൊളുത്തി. ആ ദീപപ്രകാശത്തിൽ ജോവിൻെറ പ്രതിരൂപം ഭിത്തിയിൽ നിഴലിച്ചുകണ്ടു. ഉടൻതന്നെ വിളക്കം കയ്യിലെടുത്തു് പടികഠം കവച്ചുവെച്ചു് ഇടനാഴിയിൽക്കൂടി അയാഠം അതിവേഗം നടന്നു. ഒരു വിധത്തിൽ വസ്ത്രങ്ങഠം എടുത്തു ധരിച്ചുകൊണ്ടിരുന്ന ഫോയ്ബേയുടെ ശരീരം ആലിലപോലെ വിറച്ചു. അടുക്കളയിൽ തൂക്കിയിട്ടിരുന്ന വിളക്കു് അണച്ചിട്ടു് അതിവേഗം പടികഠം ഇറങ്ങി ജോ പോകുന്നതു് അവഠം സൂക്ഷിച്ചുനോക്കി. ഫാക്സുമൊത്തു ജോ അന്ധകാരത്തിൽ മറഞ്ഞു. ഫോയ്ബേയും റാന്തൽവിളക്കുമെടുത്തു് അതിശീഘ്രം നടന്നു.

എവിടെനിന്നോ കാതിൽ തുളച്ചുകയറിയ ദീനരോദനം ആരുടേതാണെന്നു ഫോയ്ബേ മനസ്സിലാക്കി. ധാന്യപ്പുരയുടെ തുറന്നുകിടന്ന വാതിലിൽക്കൂടി അവഠം കെട്ടിടത്തിൻെറ രണ്ടാംനിലയിലേക്കു ചാടിക്കയറി. ശേഖരിച്ചുവച്ചിരുന്ന ആപ്പിഠംപഴങ്ങഠം ചിന്നിച്ചിതറികിടക്കുന്നു. ഏതാനും ചില പഴങ്ങഠം തറയിൽ അരഞ്ഞുചേർന്നു കിടക്കുന്നു. ജിജ്ഞാസാപൂർണ്ണനായ "ഫാക്സ്" അന്ധാളിച്ചു ചുററുപാടും നോക്കുന്നതു കണ്ടു. വാതിൽ പടിയുടെ തൊട്ടു സമീപത്തായി ബീഭത്സമായ എന്തോ ഒരു വസ്തു കിടക്കയാണു്. കീഴ്പോട്ടായി തൂങ്ങിക്കിടന്ന ആ തല ജെർസിപ്പശുക്കുട്ടിയുടേതാണെന്നു പെട്ടെന്നു വ്യക്തമായി. ആ പശുക്കുട്ടി കാലുകളിട്ടു് അടിച്ചുകൊണ്ടിരുന്നു. വാൽ അതിശക്തിയായി ചുഴററുകയും ചെയ്യുന്നു. ആ പൈ

ക്കിടാവിൻെറ കരച്ചിൽ ഫോയ്ബേയുടെ ഹൃദയം ഭേദിച്ചു. "ആപ്പിരം പഴങ്ങരം" അവരം നിലവിളിച്ചു കൊണ്ടു് അതിൻെറ സമീപത്തിരുന്നു. "ആപ്പിരം പഴത്തിൻെറ മണംപിടിച്ചു വന്നതാണു്." ജോവു് ദീപവുമായി നേരേ കാലിത്തൊഴുത്തിന്നു ചുററം നോക്കുകയാണു്. ഫോയ്ബേയും ഭർത്താവിൻെറ അടുത്തെത്തി. ഫാക്സു് അവരുടെ കാലടികളെ പിൻതുടർന്നു. ഒട്ടു താഴ്ന്നതും കരിങ്കൽഭിത്തികരംകൊണ്ടു കെട്ടി അടച്ചിരുന്നതുമായ ആ കാലിത്തൊഴുത്തിൽ വല്ലാത്ത ചൂടു തോന്നിച്ചു. ജെർസി തല കീഴായി തൂങ്ങിക്കിടന്നതു ആ കൊച്ചു മുറിയിലാണു്. ആ പശുക്കുട്ടിയുടെ തലയും മുൻകാലുകളും ഗോവണിയിൽത്തട്ടി മുറിവേററു് അപകടനിലയിൽ ആയിരിക്കുന്നു. തൊലി പൊട്ടി കാലിലെ എല്ലുകരം പുറത്തേക്കു തള്ളിനില്ക്കുന്നു. ജെർസി പിടയുകയാണു് — മരണപ്പിടച്ചിൽ. ആ ഭയങ്കര കാഴ്ച കണ്ടു് ഫോയ്ബേയുടെ തല ചുററി. നിസ്സഹായയായ ആ പശുക്കുട്ടിയുടെ കരച്ചിൽ ക്രമേണ നില്ക്കുകയാണു്. അടുത്തുള്ള തൊഴുത്തിൽ നിന്നിരുന്ന കതിരകരം അക്ഷമരായി കാണപ്പെട്ടു. ഇതെല്ലാം സജീവനേത്രങ്ങരംകൊണ്ടു കണ്ടുകൊണ്ടുനിന്ന ഡെയിസി ഗോവണിപ്പടികളിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ടു ക്ഷമകെട്ടു തലയാട്ടി. ജെർസിയുടെ ജീവരക്ഷാർത്ഥം ഫോയ്ബേയും ജോവും ബദ്ധപ്പെട്ടപ്പോരം ഡെയിസി തലകുലുക്കി കണ്ണുകരം ഇരുപാർശ്വങ്ങളിലേക്കും ഓടിച്ചുകൊണ്ടു നിന്നു.

"ഈ ഗോവണി അറുത്തുമുറിക്കാൻ കഴിഞ്ഞാൽ ........" അസഹ്യമായ ദുഃഖത്തോടെ ഫോയ്ബേ പറഞ്ഞു. "ജെർസിയെ രക്ഷിക്കുവാൻ സാധിക്കുകില്ലേ?"

"അതുകൊണ്ടു വിശേഷമൊന്നുമില്ല." ജോ മറുപടിപറഞ്ഞു. "താഴെ വീഴുമ്പോൾ അവളുടെ കഴുത്തു് ഒടിഞ്ഞുപോകും. ഫോയ്ബേ, നീ വേഗം പോയി നമ്മുടെ തോക്കു് എടുത്തുകൊണ്ടുവരൂ."

"ഇല്ല, ജോ! ഇല്ല; സാദ്ധ്യമല്ല. നമുക്കു് ആ പശുക്കുട്ടിയെ പൊക്കിയെടുത്തു രക്ഷിക്കരുതോ? ഏതായാലും നമുക്കു് ഒന്നുകൂടി ശ്രമിച്ചുനോക്കാം." ഫോയ്ബേ ഭർത്താവിനോടു് അപേക്ഷിച്ചു.

ജോവിന്റെ മുഖത്തു് നിരാശയുടെ കരിനിഴൽ പരക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: "അതുകൊണ്ടു ഫലമില്ല; ജെർസിയുടെ ഭാരം അവനുറ റാത്തലിൽ ഒട്ടും കുറവല്ല; അതുകൊണ്ടു് അവളെ പൊക്കി രക്ഷിക്കാൻ സാദ്ധ്യമല്ലതന്നെ." ആ പശുക്കുട്ടി ഉച്ചത്തിൽ ഒന്നുകൂടി വിളിച്ചു; നിരാശയുടേയും നിസ്സഹായതയുടേയും ഒരു വിളിയായിരുന്നു അതു്. സ്വതന്ത്രമായിരുന്ന അവളുടെ പിൻകാലുകൾ നിഷ്പ്രയോജനമായി വായുവിൽ തൊഴിക്കുന്നതു് റാന്തൽ വെളിച്ചത്തിൽ കാണാമായിരുന്നു. "അവൾ വേദന അനുഭവിക്കുന്നു; ഉടൻ തോക്കു കൊണ്ടുവരൂ"

പെട്ടെന്നു് ഒരു ഭ്രാന്തിയെപ്പോലെ ഫോയ്ബേ വാതുക്കലേക്കു് ഓടി; ഇതുകണ്ടു് ജോ വിളിച്ചുപറഞ്ഞു, "ഫോയ്ബേ! ഒരു വെട്ടുകത്തികൂടി കൊണ്ടുപോരിക. അടുക്കളയിൽ ഇരിക്കുന്ന നല്ല മൂർച്ചയുള്ള ആ കത്തികൂടി." ഒരു നിമിഷനേരത്തേക്കു ബോധശൂന്യയെപ്പോലെ അവൾ അവിടെത്തന്നെ നിന്നു; പിന്നീടു പിറകോട്ടു തിരിഞ്ഞു് ഓടി.

"ഇല്ല, ഇല്ല. ഒരിക്കലും സാദ്ധ്യമല്ല. എനിക്കതു സാദ്ധ്യമല്ല." അവൾ പറഞ്ഞു.

ഹൃദയവേദനയോടുകൂടിയെങ്കിലും അല്പം ഗൗരവം നിറഞ്ഞ സ്വരത്തിൽ ജോ പറഞ്ഞു: "കത്തി കൊണ്ടു വരൂ! നമുക്കു നഷ്ടപ്പെടുത്താൻ ഭക്ഷണസാധനങ്ങളില്ലല്ലോ." അയാൾ സഗൗരവം ആജ്ഞാപിച്ചു: "ഒരു കൃഷിഭൂമി കിട്ടണമെന്നു നാം അത്യധികമാശിച്ചു; നമ്മുടെ ആശ നിറവേറി. എന്തിനുവേണ്ടി? നമ്മുടെ ആഹാരത്തിനുവേണ്ടി, ജീവിതം ഒരുവിധം സുഖമായി കഴിക്കുന്നതിനു വേണ്ടി, ഈ കാലമത്രയും നാം മാംസം ഭക്ഷിച്ചുകൊണ്ടല്ല കഴിഞ്ഞതു്. ഇനി നാം മാംസം സൂക്ഷിച്ചുവെക്കുകയാണു വേണ്ടതു്."

ഒരക്ഷരവും ശബ്ദിക്കാതെ ഫോയ്ബേ ആ സ്ഥലത്തുനിന്നുമിറങ്ങിപ്പോയി. ജോ അവളെ വീണ്ടും വിളിച്ചു പറഞ്ഞു: "ഈ പശുക്കുട്ടിയെ ഈ സ്ഥിതിയിൽ ഇട്ടിട്ടു പോകരുതു്. വേഗം പോയി തോക്കും കത്തിയും കൊണ്ടുവരൂ." പ്രജ്ഞാഹീനനായിത്തീർന്ന ഫോയ്ബേ അടുക്കളയിലേയ്ക്കു് ഓടി. വിഷാദത്തോടെ അവൾ വീണ്ടും വീണ്ടും പറഞ്ഞു: "തോക്കും കത്തിയും! തോക്കും കത്തിയും." എലിയെ വെടിവെച്ചുകൊല്ലുവാൻ മാത്രം ഉപയോഗിച്ചിട്ടുള്ള തോക്കു്! അതും രണ്ടേരണ്ടു പ്രാവശ്യമേ ഉപയോഗിക്കേണ്ടതായി വന്നിട്ടുള്ളു. ആ കത്തി! മലക്കറിത്തോട്ടത്തിൽനിന്നു പറിച്ചുകൊണ്ടുവരുന്ന "കാബേജു" അരിയുവാനും, റൊട്ടി മുറിക്കുവാനും മാത്രം ഉപയോഗിക്കാറുള്ള മൂർച്ചയേറിയ ആ കത്തി! വിളക്കിൻെറ സഹായത്തോടെ കിടക്കുന്ന മുറിയിൽനിന്നു തോക്കും, അടുക്കളയിലെ അലമാരിയിൽനിന്നു് മിന്നിത്തിളങ്ങുന്ന ആ കത്തിയുമെടുത്തുകൊണ്ടു് അവൾ വീണ്ടും കാലിത്തൊഴുത്തിലേക്കു് ഓടിയെത്തി. ജോ ജെർസിയുടെ അടുക്കൽതന്നെ നില്പുണ്ടായിരുന്നു. മരിക്കാറായിരുന്ന ജെർസിയെ അ

പ്പോഴും അയാഠം സമാശ്വസിപ്പിക്കയായിരുന്നു. അടുത്തുകിടന്ന വയ്ക്കോൽകെട്ടിൽ ഫാക്സ് ജാഗ്രതയോടെ കിടന്നിരുന്നു. ഡെയിസി അസ്വസ്ഥയായി തല കുമ്പിട്ടു നിന്നനിലയിൽ നില്പാണു്.

ഫോയ്ബേ, കത്തിയും തോക്കും ജോവിനെ ഏല്പിച്ചിട്ടു സ്ഥലംവിടുകയാണു ചെയ്തതു്. അവഠം നേരേ ഡെയിസിയുടെ അടുക്കൽ ചെന്നു് ആലിലപോലെ വിറയ്ക്കുന്ന കരങ്ങഠംകൊണ്ടു കതകു തുറന്നു് അതിനെ പുറത്തിറക്കിവിട്ടു. സാധാരണ ചെയ്യാറുള്ളതുപോലെ പുറത്തിറങ്ങിപ്പോകാതെ ആ പശുക്കുട്ടി അവിടെത്തന്നെ മടിച്ചുനിന്നു. ഫോയ്ബേ അതിനേയുംകൊണ്ടു് പുൽത്തകിടിയിലേക്കു നടന്നു. അന്ധകാരത്തിൽ അതിനെ ഇറക്കിവിട്ടിട്ടു് അവഠം അല്പനേരം നിശ്ചലയായി നിന്നു.

"ഫോയ്ബേ! ഫാക്സ് എവിടെ? ഇങ്ങോട്ടു വിളിക്കൂ!" എന്നു ജോ വിളിച്ചുപറയുന്നതുവരെ അവഠം ആ നിലയിൽത്തന്നെനിന്നു. വിറയ്ക്കുന്ന ശരീരത്തോടുകൂടി അവഠം വസതിയിലേയ്ക്കു മടങ്ങി. ജെർസി തുങ്ങിനില്ക്കുന്നതും, അടുത്തു വച്ചിരുന്ന തൊട്ടിയിലേയ്ക്കു് ഫാക്സ് ആർത്തിയോടെ നോക്കുന്നതുമാണു് അവഠം കണ്ടതു്. ഫോയ്ബേയുടെ വിളികേട്ടപ്പോഠം മനസ്സില്ലാമനസ്സോടെയാണു് ഫാക്സ് അവിടെ എത്തിയതു്. ഇതെല്ലാം കണ്ടുകൊണ്ടു് ഫോയ്ബേ തൻെറ മുറിയിലേക്കു തിരിച്ചുപോയി.

അല്പം കഴിഞ്ഞപ്പോഠം ജോ അവളുടെ അടുത്തെത്തി. അയാഠം കുറച്ചുസമയം മൗനമായി നിന്നു. ഒടുവിൽ ഇപ്രകാരം പറഞ്ഞു: "മി. മേയേഴ്സിനെ രാവിലെ വിളിച്ചുവരുത്തി ചെയ്യേണ്ടതൊക്കെ പറഞ്ഞു

തരാൻ ഞാൻ അപേക്ഷിക്കുന്നതാണ്." അയാൾ ഫോയ്ബേയുടെ നേക്ക് അവശതയോടെ ഒന്നു നോക്കി. "അതിന്റെ ആവശ്യം ഞാൻ എടുത്തുപറയേണ്ടതില്ലല്ലോ." അയാൾ തുടർന്നുപറഞ്ഞു. നിരാശാവിവശയായ ഫോയ്ബേ ഭർത്താവിനെ നോക്കി തലയാട്ടി. "എല്ലാം എന്റെ കുററംതന്നെ. വേലി കെട്ടി അടയ്ക്കാൻ ഞാൻ അനുവദിച്ചില്ല. അതെ, ഞാനാണ് ജെർസിയെ കൊന്നതു്. നമ്മുടെ സ്നേഹഭാജനമായിരുന്ന ജെർസിയുടെ മരണത്തിന് ഉത്തരവാദി ഞാൻ തന്നെ." ഫോയ്ബേ ഗദ്ഗദത്തോടെ പറഞ്ഞു. എന്നാൽ ജോ ഭാര്യയുടെ കരം ഗ്രഹിച്ചു. അവളെ സമാശ്വസിപ്പിച്ചു. "ഓമനെ! അങ്ങനെ കരുതേണ്ട. അപ്രതീക്ഷിതമായ ഒരു നിർഭാഗ്യമെന്നേ ഗണിക്കേണ്ടതുള്ളു. ആ പശുക്കുട്ടിക്ക് അപകടം പററിയതു് ആരുടേയും കുററംകൊണ്ടല്ല." ആ വാക്കുകളിൽ ആശ്വാസം കണ്ടെത്താതെ ഫോയ്ബേ നിഷേധരൂപത്തിൽ തലയാട്ടി. "അവളെ കൊന്ന കുററം എന്നിലാണ് ആരോപിക്കേണ്ടതു്. ആദ്യം അവൾ വേലിപ്പൊളിച്ചപ്പോൾ ഞാൻ ആഹ്ലാദിച്ചു. അവളുടെ പ്രവൃത്തി അന്നു ഞാൻ കാര്യമാക്കിയില്ല. അവളെ ഒരു ചുണക്കുട്ടിയും ധീരയുമായി കാണുവാൻ ഞാൻ ആഗ്രഹിച്ചു. എന്നെ അവൾ ഭീഷണിപ്പെടുത്തിയപ്പോൾ മാത്രം........" ഫോയ്ബേ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു വീണ്ടും പറഞ്ഞു. "അവളുടെ കൂർത്തുമൂർത്ത ആ കൊമ്പുകൾ എനിക്കു ഭയമായിരുന്നു."

ധാരമുറിയാതെ കണ്ണുനീർ പൊഴിച്ചുകൊണ്ടു് അവൾ ഉറങ്ങുവാൻ പോയി കിടന്നു. എന്നാൽ സാധാരണ പാലു കറക്കുന്ന സമയത്തിനു വളരെ മുമ്പുതന്നെ അവൾ നിദ്രയിൽനിന്നുമുണർന്നു. വർദ്ധിച്ച

സങ്കടത്തോടും, നിരാശാപൂർണ്ണമായ ഹൃദയത്തോടും കൂടി അവൾ ഉണർന്നിട്ടും കിടക്കയിൽ നിന്നു എണീക്കുവാൻ കഴിയാതെ കിടക്കയായിരുന്നു. ജോവാകട്ടെ അവളുടെ അടുത്തു കിടന്നു ഗാഢമായി ഉറങ്ങുകയാണു് മാനസികപീഡകൾക്കു വിധേയനാകാതെ സുഖസുഷുപ്തിയിൽ ലയിച്ചിരുന്ന ഭാഗ്യശാലിയായ ഭർത്താവിനെപ്പററി ചിന്തിച്ചപ്പോൾ അവൾക്കു് അസൂയയും സഹതാപവും തോന്നി. നിദ്രയിലാണ്ടിരുന്ന ഭർത്താവിൻെറ മുഖത്തു സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിൻെറ-സ്വാർത്ഥതാരാഹിത്യത്തെപ്പററിയും സൽഗുണങ്ങളെപ്പററിയുമുള്ള ചിന്തകളും, ആക്ഷേപകരമായ തൻെറ ദൗർബല്യത്തെപ്പററിയുള്ള വിചാരവും, അവളെ ലജ്ജിതയും പ്രേമപരവശയുമാക്കിത്തീർത്തു. "ഭയപ്പെട്ടു കരയുവാനും, ഓടി മറയുവാനും, കണ്ണുകൾ അടച്ചുപൂട്ടിയിരിക്കുവാനും വളരെ എളുപ്പമാണു്. എന്നാൽ ശിഥിലമായ സ്നേഹത്തെ ദൃഢമായി പാലിക്കുവാനും, ജീവിക്കുന്നവർക്കുവേണ്ടി മരിച്ചവരുടെ രക്തം ഒഴുക്കുവാനും എത്രകണ്ടു വിഷമമായിരിക്കുന്നു! ക്ലേശപൂർണ്ണമായ ഭാഗമാണു് എപ്പോഴും ജോവിനു് അഭിനയിക്കുവാനുണ്ടായിരുന്നതു്; എനിക്കു ക്ലേശരഹിതവും സന്തോഷപൂർണ്ണവുമായ ഭാഗവും." ശാന്തശീതളമായ ചന്ദ്രികയിൽ ഒരു നിമിഷത്തേക്കു ഫോയ്ബെയുടെ ജീവിതാശ ആനന്ദനൃത്തമാരംഭിച്ചു. "എന്നാൽ ഞങ്ങൾക്കു കുട്ടികൾ ഉണ്ടായികഴിയുമ്പോൾ, അനുഭവപ്പെടുന്നതു മറിച്ചാകും. എൻെറ ഭാഗമായിരിക്കും ക്ലേശപൂർണ്ണമായിത്തീരുന്നതു്. അപ്പോൾ ഞങ്ങൾ ഇരുവരുടേയും ജീവിതം തുല്യനിലയിലാകും." അവൾ സ്വയം ചിന്തിച്ചു. എന്നാൽ വീണ്ടും ചിന്തിച്ചപ്പോൾ അങ്ങനെ തുല്യനിലയിൽ താനെത്തുകയി

AYAM PUBLIC

ല്ലെന്നു് മനസ്സിലാക്കി അവൾ സങ്കടപ്പെട്ടു. ക്ലേശനിർഭരവും അരിഷ്ടതകൾ നിറഞ്ഞതുമായ പ്രസവത്തിനു ശേഷം, എല്ലാം പഴയപടി ആയിത്തീരും. താൻ അ അസ്ഥിരചിത്തയും അശക്തയും വികാരാധീനയും അപകടശങ്കകൾക്കു വിധേയയുമായ ഒരു മാതാവായിത്തീരും. തന്റെ സന്താനങ്ങൾക്കു് അത്യന്താപേക്ഷിതമായ ദൃഢനിശ്ചയവും സമാധാനവും സമ്പാദിച്ചുകൊടുക്കുവാൻ അപ്രാപ്തയുമാകും.

ഉദയത്തിനു മുമ്പുതന്നെ ഫോയ്ബേ കിടക്കയിൽനിന്നു എണീററു് അടുക്കളയിൽചെന്നു് തീ എരിക്കുവാൻ തുടങ്ങി. ഫാക്സ് വളഞ്ഞു ചുരുണ്ടു് ഒരു കസേരയിൽ കയറി കിടക്കയായിരുന്നു. അവൻ ഉണർന്നു്, ഒന്നു നീണ്ടുനിവർന്നു കൈകാലുകൾക്കു് ലാഘവം വരുത്തി, വാലാട്ടിക്കൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും കുറച്ചുസമയം നടന്നു. ജെർസിയുടെ സമീപത്തു വച്ചിരുന്ന തൊട്ടിയിൽ നിറഞ്ഞുകിടന്ന കട്ടച്ചോര അവൻ കുടിച്ചല്ലോ എന്നോർത്തപ്പോൾ ഫോയ്ബേയ്ക്കു അല്പം ഭയം തോന്നി. ഉത്തമനായ ഒരു സ്നേഹിതനെപ്പോലെ ആ പട്ടി ഫോയ്ബേയുടെ അടുക്കൽ ഓടിയെത്തി. “ഇവനെ ശരിയായി മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ജീവിതത്തിന്റെ ശരിയായ അർത്ഥവും എനിക്കു ദുർഗ്രഹമായിരിക്കുന്നു.” ഫോയ്ബേ. ചിന്തിച്ചു.

തീ എരിക്കുവാനല്ല വിറകിനുവേണ്ടി അവൾ അടുക്കളയിൽനിന്നു പുറത്തിറങ്ങി. കരങ്ങളിൽ വിറകുമായി തിരിച്ചുനടക്കുമ്പോൾ പെട്ടെന്നു് അവൾ നിന്നു. ഏതോ ചിന്ത അവളെ ബാധിച്ചു. പുൽത്തകിടിയിലെ ആ ഓക്കുമരച്ചുവട്ടിൽ തല ഉയർത്തിപ്പി

ടിച്ചു ഡെയിസി ഗംഭീരഭാവത്തിൽനിന്നു് അയവി റക്കുന്നതു് അവർ കണ്ടു. തലേരാത്രി ജെർസിച്ചാടി കടന്നു വന്ന സ്ഥലത്തെ വേലി പൊളിഞ്ഞിരിക്കുന്നതും അവളുടെ ദൃഷ്ടിയിൽപ്പെട്ടു. എന്നാൽ ഡെയിസിയുടെ കണ്ണുകൾ ആ ഭാഗത്തേക്കു തിരിഞ്ഞില്ല. ആ പുൽത്തിട്ടുകൊണ്ടു മാത്രം അവർ തൃപ്തിപ്പെട്ടിരുന്നു. ശോകസന്തപ്തമായ സംഭവങ്ങൾക്കൊന്നും സാക്ഷിനില്ക്കാതെ ഫാക്സിനോടൊപ്പം ഡെയിസിയും സുപ്രഭാതത്തെ ദർശിക്കയായിരുന്നു. മറേറതോ ഒരു ലോകത്തിൽനിന്നു നോക്കുന്നതുപോലെയുള്ള ഒരു പ്രതീതിയാണു് അപ്പോൾ ഫോയ്ബേയുടെ മുഖഭാവം പ്രകടമാക്കിയതു്. ഡെയിസിയോ ഫാക്സോ അവളുടെ ചിന്തകളിൽ പങ്കെടുത്തില്ല. അവ ക്ലേശങ്ങൾ എന്തെന്നു അറിഞ്ഞിരിക്കയില്ല. ഹൃദയശുദ്ധിയുള്ള സർവ്വ ജീവജാലങ്ങളെപ്പററിയും ഫോയ്ബേ ചിന്തിച്ചു — കുതിരകൾ, എലികൾ, കൃഷ്ണസർപ്പങ്ങൾ, കോഴികൾ എന്നുവേണ്ടാ സർവ്വ ജീവജാലങ്ങളും അവളുടെ ചിന്താമണ്ഡലത്തിൽ പൊന്തിവന്നു. താൻ മാത്രം തുലോം വിഭിന്നമായ ഒരു മണ്ഡലത്തിൽ നില്ക്കുകയാണു്. കൃഷ്ണസർപ്പങ്ങൾ ആദ്യകാലം തുടങ്ങി അവിടെ കണ്ടുവരുന്നു. ആപ്പിൾ വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുവാൻ ഉപദേശിച്ച ഏജൻറിൻെറ അനുഭാവപൂർണ്ണമായ വാക്കുകൾ വീണ്ടും അവളുടെ കാതുകളിൽ വന്നു അലയടിച്ചു. തോട്ടത്തിനു ചുററും ബലമുള്ള കമ്പിവേലി കെട്ടിയിരിക്കുന്നു. ഡെയിസിക്കു് ഒരു കിടാവുകൂടി ജനിക്കുന്നു. അതിനെ നല്ലവിലയ്ക്കു വിററുകഴിഞ്ഞിരിക്കുന്നു. മുട്ടകൾ വിരിയുന്നു — കോഴിക്കുഞ്ഞുങ്ങൾ വളരുന്നു — അവയെ വിററു പണമാക്കുന്നു. ഫോയ്ബേയുടെ ഭാവനയിൽ കാഴ്ചകൾ അണിനിരന്നു. അ

വൾഞ്ഞ പുൽത്തിട്ടയിൽനിന്നു തിരിഞ്ഞു നടന്നു. വിറകുകൊള്ളികളുമായി മെല്ലെ കല്പടികൾ കയറി; പ്രഭാതഭക്ഷണം തയ്യാറാക്കുവാൻ ഫോയ്ബേ വീണ്ടും അടുക്കളയിൽ പ്രവേശിച്ചു.

## IV

# ആൾ മാറിപ്പോയി

തീവണ്ടി സെൻട്രൽ സ്റ്റേഷനിൽനിന്നു സാവധാനം മുന്നോട്ടു നീങ്ങിയപ്പോൾ ഫ്രാൻസിസ് ബാറൻ തൻെറ കീശയിൽനിന്നും ഒരു കൊച്ചു ചതുരംഗപ്പലക എടുത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. അതിൽ കരുക്കൾ നിരത്തിവെക്കുവാൻ അയാൾ ശ്രമിച്ചില്ല. വെള്ളയും കറുപ്പുമാർന്ന അറുപത്തിനാലു ചതുരക്കള്ളികളിലും അയാളുടെ ദൃഷ്ടി സഞ്ചരിച്ചു. അതിലയാൾ ചതുരംഗക്കരുക്കൾ മാത്രമല്ല, തൻെറ ജീവിതം മുഴുവൻ വച്ചു കളിക്കയാണെന്നു തോന്നും. ശൂന്യമായ ആ ചതുരംഗപ്പലകയിൽ നോക്കിക്കൊണ്ടിരിക്കുമ്പോൾ അദൃശ്യമായ കരുക്കൾ അതിൽക്കൂടി നീങ്ങി കുഴക്കുന്ന ചില കളികൾ താനേ കളിക്കുന്നതായി അയാൾ ദർശിച്ചു. ഒരിക്കൽ അയാൾതന്നെ പറഞ്ഞതുപോലെ, "ഒരു കാലഘട്ടം കടന്നാൽ പിന്നെ കരുക്കൾ നീക്കുവാൻ ആരും ശ്രദ്ധിക്കില്ല; അവ സ്വയം നീങ്ങുകയായിരിക്കും ചെയ്യുക." ഇരുപതു വയസ്സു പ്രായമായപ്പോഴേയ്ക്കും ഫ്രാൻസിസ് ബാറൻ ഇതുപോലെയുള്ള ഒരു കാലഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ആലോചനയിലാണ്ടു് അങ്ങനെ ഇരിക്കവേ, അടുത്ത കളിയിൽ സുനിശ്ചിതമായ വിജയം നേടുവാൻ ഉതകുന്ന ഏതെങ്കിലും പുതിയ ഒരു ആശയം മനസ്സിൽ തെളിഞ്ഞുവ

രാൻ ഇടയുണ്ടെന്നു് അയാഠം വിചാരിച്ചു. ഗ്രന്ഥപാരായണംകൊണ്ടു ഗ്രഹിക്കുവാൻ കഴിയാത്ത നൂതനങ്ങളും വിജയസാദ്ധ്യതയുള്ളവയുമായ ആശയങ്ങഠം മനസ്സിൽ കടന്നുകൂടുവാൻ ഇടയുണ്ടെന്നു് അയാഠം സങ്കല്പിച്ചു. പണ്ടു പല കളികളിലും അത്തരത്തിലുള്ള ആശയങ്ങഠം ഉദിക്കുകയും വിജയം സിദ്ധിക്കുകയും ചെയ്തിട്ടുണ്ടു്.. അമേരിക്കയിലെ ചതുരംഗക്കളി വിദഗ്ദ്ധനായ ഫ്രാൻസിസ്ബാറൻ ചതുരംഗക്കളിയിൽ ഇതാ ഒരു പുതിയ മാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു എന്നു വത്തമാനപ്പത്രങ്ങഠം വലിയ തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്താറുമുണ്ടായിരുന്നു.

നാല്പതാമത്തെ വയസ്സിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്ന ബാറൻ ഇപ്പോഠം യാത്രചെയ്യുന്നതു് ഒരു അന്താരാഷ്ട്രീയ ചതുരംഗക്കളിമത്സരത്തിൽ പങ്കെടുക്കുവാനാണു്. വൃത്തിയായി വസ്ത്രധാരണംചെയ്തിരുന്ന ഒരു ഹ്രസ്വകായൻ. അയാളുടെ ശിരസ്സിനു സാധാരണയിലധികം വലിപ്പമുണ്ടായിരുന്നു. കണ്ണുകഠം മുന്നോട്ടു നിന്നിരുന്നു.

സമീപത്തുകൂടി കടന്നുപോയ കണ്ടക്റ്റർമാരും യാത്രക്കാരും ആ ഹ്രസ്വകായനേയും അയാളുടെ മടിയിലിരുന്ന ഒഴിഞ്ഞ ചതുരംഗപ്പലകയേയും കൗതുകപൂർവ്വം സൂക്ഷിക്കുന്നുണ്ടായിരുന്നു. സുന്ദരിയായ ഒരു യുവതിയോടൊന്നിച്ചു യാത്രചെയ്തുകൊണ്ടിരുന്ന ഒരു യുവാവു് ബാറനോടു ചോദിച്ചു: "എന്താ നമുക്കു് ഒന്നു കളിച്ചുനോക്കുന്നതിനു വിരോധമുണ്ടോ."

അല്പം മുഷിച്ചിലോടെ ബാറൻ തല ഉയത്തി ഒന്നു നോക്കി. "ഇല്ല, വന്ദനം". അയാഠം പറഞ്ഞു. അപ്പോഴും അദൃശ്യകളായ രാജ്ഞിമാരെ സമത്ഥമായി

നീക്കി ഒരു വെച്ചരശിനോടടുക്കുകയായിരുന്നു അയാൾ. ബോസ്റ്റണിൽവെച്ചു നടക്കുവാൻപോകുന്ന അഖിലലോക ചതുരംഗമത്സരത്തിൽ സംബന്ധിക്കുവാൻ ആഗതരാകുന്ന ചതുരംഗക്കളിക്കാരിൽവെച്ച് ഏററവും പ്രായംകുറഞ്ഞതു് ഫ്രാൻസിസ് ബാറനായിരുന്നു. എന്നാൽ അയാൾ ചുരുങ്ങിയ കാലത്തിനുള്ളിൽ അതിവിദഗ്ദ്ധനായ ഒരു കളിക്കാരനാണെന്നുള്ള ബഹുമതി സമാജ്ജിച്ചിരുന്നു.

താൻ നല്കിയ മറുപടി സാമാന്യമര്യാദയ്ക്കുപോലും ചേർന്നതല്ലെന്നു മനസ്സിലാക്കി ബാറൻ തുടർന്നു പറഞ്ഞു: "സ്നേഹിതാ, ക്ഷമിക്കണം. ഞാൻ ചിന്താഗ്രീസ്തനാണു്."

"നിങ്ങൾ ബോസ്റ്റണിൽ നടക്കുന്ന ടൂർണ്ണമെൻറു കാണുവാൻ പോകയാണോ?" യുവാവു ചോദിച്ചു.

മറുപടി പറയുവാൻ അല്പം മടിച്ചതിനുശേഷം ബാറൻ വീണ്ടും പറഞ്ഞു: "അതെ, ഞാൻ അവിടെ എത്തുമെന്നാണു് പ്രതീക്ഷിക്കുന്നതു്."

"ഒറിമണ്ടു്, സവാർദ്, ബാറൺ എന്നിവർ തമ്മിലായിരിക്കും മത്സരമെന്നു തോന്നുന്നു. ആ യുവാവു പറഞ്ഞു: "ഇവക്കെതിരായി മററാക്കും കളിക്കാൻ ചാൻസില്ല." ബാറൻ തൻെറ അദൃശ്യങ്ങളായ കരുക്കൾ നീക്കുകയായിരുന്നു.

"ഒറിമണ്ടിനെ എനിക്കു ബഹുമാനമാണു്. പഴയ കളിക്കാരിൽ അയാൾ മാത്രമാണു് ഇനി ശേഷിച്ചിട്ടുള്ളതു്. ഒറിമണ്ടിൻെറ കളി സുന്ദരമാണു്. അദ്ദേഹത്തിൻെറ ചാതുര്യം അദ്വിതീയമാണു്. ചതുരംഗമത്സരത്തിൽ ചാമ്പ്യൻസ്ഥാനം അദ്ദേഹം കരസ്ഥമാക്കും. അദ്ദേഹത്തിൻെറ വിജയം അദ്ദേഹത്തിൻെറ ക

ളിയുടെ പ്രത്യേകതയുടേയും വിജയമായിരിക്കും." ആ യുവാവു തുടർന്നു പറഞ്ഞു.

"പുതിയ രീതിയെപ്പററി എന്തു പറയുന്നു?" ബാറൻ ചോദിച്ചു.

"ഓ, പുതിയ രീതി ചതുരംഗമല്ല; കാത്തിരുപ്പാണു്." യുവാവു് പറഞ്ഞു. "ആകട്ടെ, നോക്കൂ നാം തമ്മിൽ ഇദ്ദപ്പോൾ കളിക്കുന്ന കാര്യത്തെപ്പററി എന്തു പറയുന്നു?"

"അതാവശ്യമാകുമെന്നു തോന്നുന്നില്ല." ബാറൻ പറഞ്ഞു.

"ആകട്ടെ, നിങ്ങളോടു് ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ പേരു് റിച്ചാർഡ് ജെയിംസ് എന്നാണു്. എന്നെ നിങ്ങൾ അറിയുകയില്ലായിരിക്കാം. കഴിഞ്ഞകൊല്ലം വിവിധ കോളേജുകൾ തമ്മിൽ നടന്ന ചതുരംഗക്കളിയിൽ ചാമ്പ്യൻസ്ഥാനം കരസ്ഥമാക്കിയതു് ഞാൻ തന്നെയാണു്." യുവാവു് പറഞ്ഞു.

റിച്ചാർഡ് ജയിംസിനെപ്പററി ബാറൻ നേരത്തേ കേട്ടിരുന്നു. വത്തമാനപ്പത്രത്തിൽനിന്നു ജയിംസിനെപ്പററിയുള്ള വിവരങ്ങൾ അയാൾ വായിച്ചറിഞ്ഞിരുന്നതാണു്. ആ ചെറുപ്പക്കാരൻ ചാമ്പ്യൻസ്ഥാനം കരസ്ഥമാക്കി എന്നുള്ളതല്ല, പിന്നെയോ, ചിക്കാഗോവിൽവച്ചു നടന്ന ഒരു മത്സരത്തിൽവച്ചു ജേക്കബ്ബ് ഗോർഡനുമായി സമനിലയിൽ പിരിഞ്ഞു എന്നുള്ളതാണു് ബാറനെ ആകർഷിച്ചതു്. രണ്ടു മൂന്നു കൊല്ലങ്ങൾക്കിടയിൽ അസൂയാർഹമായ പ്രശസ്തി സമ്പാദിക്കുവാൻ കഴിഞ്ഞ റിച്ചാർഡ് ജെയിംസുമായി അനതിവിദൂരമല്ലാത്ത ഭാവിയിൽ തനിക്കു മത്സ

രിക്കേണ്ടതായി വരുമെന്ന് അയാൾ വിചാരിച്ചു. റിച്ചാർഡുമായി നടക്കാനിടയാകുന്ന മത്സരത്തിൽ തനിക്കു പരാജയം ഭവിക്കുന്നപക്ഷം താൻ സമ്പാദിച്ചുകഴിഞ്ഞിട്ടുള്ള പ്രശസ്തി തകർന്നുപോകും. തല്ക്കാലം തന്നെസംബന്ധിച്ച യാഥാർത്ഥ്യങ്ങൾ ഗോപനം ചെയ്യുകയാണു ഭേദമെന്ന് അയാൾ തീരുമാനിച്ചു.

"വേണമെങ്കിൽ ഒന്നു കളിക്കുന്നതിന്ന് എനിക്കു വിരോധമില്ല" ബാറൻ ഒടുവിൽ സമ്മതിച്ചു.

"ഇപ്പോൾ തൃപ്തിയായോ?" ആ ചന്തമുള്ള പെൺകിടാവു ചോദിച്ചു. "ശുദ്ധഹൃദയനായ ഒരു അപരിചിതനെ താങ്കൾ വലയിൽ കുടുക്കിയിരിക്കുന്നു. നിങ്ങൾ പരിചയപ്പെടുന്നവരിൽ ഏറിയപങ്കും ചതുരംഗക്കളിയിൽ തല്പരരുമായിരിയ്ക്കും."

ഭാര്യയുടെ ഈ വാക്കുകൾകേട്ട യുവാവ് ഒന്നു ചിരിച്ചു. "താങ്കളെ എന്റെ ഭാര്യയുമായി പരിചയപ്പെടുത്താം." അയാൾ പറഞ്ഞു.

"സാല്ലി, മിസ്റ്റർ — ?"

ബാറൻ ചതുരംഗപ്പലകയിലേയ്ക്കു നോക്കി. "ജോൺ പ്രിണ്ടർ" അയാൾ ഉച്ചരിച്ചു. സങ്കല്പമാത്രമായ ഒരു പേരിൽ താൻ അറിയപ്പെടുന്നതിൽ അപകീർത്തികരമായി യാതൊന്നുമില്ലെന്ന് അയാൾ സമാധാനിച്ചു. പണിപ്പെട്ടു സമ്പാദിച്ച യശസ്സ് എന്തു ത്യാഗം സഹിച്ചാലും നിലനിറുത്തേണ്ടതല്ലേ? അവിചാരിതമായി തനിക്ക് ഒരബദ്ധം സംഭവിച്ചു എന്നു വന്നാൽ! അത് ഫ്രാൻസിസ് ബാറന്റെ സൽപ്പേരിനു കളങ്കംചാർത്തും. അടുത്തു നടക്കുവാൻപോകുന്ന ടൂർണ്ണമെൻറിൽ പ്രതികൂലമായി അതുതന്നെ ബാധിക്കും.

താൻ ആരാണെന്നുള്ള യാഥാർത്ഥ്യം ഗോപനം ചെയ്യുന്നതോടൊപ്പം തൻെറ സ്വാഭാവികവും വിശേഷവിധിയുമായ വിനോദപാടവം പ്രദർശിപ്പിക്കാതെയുമിരിക്കണം. റിച്ചാർഡ് ജെയിംസുമായുള്ള ചതുരംഗക്കളിയിൽ വ്യത്യസ്തമായ ഒരു രീതി സ്വീകരിക്കണം. അതുവഴി സംഭവിക്കാവുന്ന പരാജയം ധീരമായി നേരിടുകയും വേണം. അയാൾ നിശ്ചയിച്ചു. എതിരാളി കരുക്കൾ അപഥത്തിലേക്കു നീക്കുന്നതുവരെ നോക്കിയിരിക്കുകയും ബലഹീനമായ മാർഗ്ഗത്തിൽ അവ നീങ്ങിക്കഴിഞ്ഞാലുടനെ തെരുതെരെ നീക്കങ്ങൾ ആരംഭിക്കുകയായിരുന്നു ബാറൻ സാധാരണ ചെയ്യാറുണ്ടായിരുന്നതു്. അപ്പോൾ മുതൽ, അതുവരെയുള്ള കളിയുടെ ഗതി മാറിവീഴുകയും ചെയ്യും. തനിക്കു് അനുകൂലമായ സന്ദർഭവും സാഹചര്യവും കരഗതമാകുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുക. തികച്ചും നൂതനമായ ഇത്തരത്തിലുള്ള രീതി സ്വീകരിച്ചതിനാലാണു് ബാറനു വിജയം സമ്പാദിക്കുവാൻ സാധിച്ചിരുന്നതു്. എന്നാൽ തൻെറ യാഥാർത്ഥ്യം മറയ്ക്കേണ്ടിവന്നതിനാൽ അപകടപൂർണ്ണവും പുരാതനവുമായ വിനോദമാർഗ്ഗം അപ്പോൾ അയാൾക്കു സ്വീകരിക്കേണ്ടിവന്നു.

യുവാവായ ജെയിംസ് കരുക്കൾ ചതുരംഗപ്പലകയിൽ നിരത്തിയ ഉടൻതന്നെ വിജയം സമ്പാദിക്കുവാനുള്ള ശ്രമമായി. ആദ്യത്തെ ശ്രമം പരാജയപ്പെട്ടുന്നപക്ഷം ആയാൾക്കു പിന്നീടു വിജയിക്കുവാൻ സാധ്യമായിരുന്നില്ല.

പൂർവ്വസങ്കേതമാർഗ്ഗങ്ങളെ അവലംബിച്ചുകൊണ്ടു തന്നെ തൻെറ കരുക്കളെ കേന്ദ്രത്തിലേക്കു നീക്കുവാൻ

ബാററനും ജാഗ്രതകാണിച്ചു. ഇരുവരുടേയും ശ്രദ്ധ കരുക്കളിൽ മാത്രമായിത്തീർന്നു. ചതുരംഗക്കളി ഒരു വിനോദംമാത്രമാണെന്നു വിചാരിക്കുവാൻ ബാററൻ സന്നദ്ധനല്ലായിരുന്നു. കളിക്കാരുടെ അതിസൂക്ഷ്മമായ പെരുമാററങ്ങളും, നയതന്ത്രപ്രകടനങ്ങളും നോക്കിനില്ക്കുന്നവക്ക്, അതു കേവലം ഒരു വിനോദമല്ലെന്നും, പിന്നയോ, ജീവിതവിജയത്തിനുവേണ്ടിയുള്ള ഒരു ഘോരസമരമാണെന്നും കാണാവുന്നതാണ്. മനുഷ്യജീവിതത്തെ ഗാഢമായി അവലോകനംചെയ്യുകയും, ജീവിതത്തിൽ അത്ഭുതകരമായ പ്രേരണാശക്തി ചെലുത്തുകയും ചെയ്യുന്നതുകൊണ്ടാണ്, സാധാരണക്കാർ പരിഹാസപൂർവ്വം പരിഗണിക്കുന്ന ചതുരംഗക്കളിയിൽ ബുദ്ധിസമ്പന്നന്മാർ കണക്കററ താല്പര്യം പ്രദർശിപ്പിക്കുന്നതു്.

രാജ്ഞികളെ പരസ്പരം മുമ്പോട്ടുനീക്കി ബാററനും ജെയിംസും കളിയുടെ അവസാനഘട്ടത്തിൽ എത്തിച്ചേർന്നു. ജെയിംസ് കുറച്ചു പിന്നോക്കമാണു നിന്നിരുന്നതെങ്കിലും, അയാളുടെ കരുക്കൾ അടുത്ത ഒരാക്രമണത്തിനു് അനുകൂലമായ സ്ഥാനങ്ങൾ നേടിയിരുന്നു.

അനാസക്തനെന്നമട്ടിൽ ജെയിംസ് ബാററനോടു പറഞ്ഞു: "താങ്കൾ എത്ര സമർത്ഥമായി കളിക്കുന്നു!" ഉത്തരം പറയാതെ ബാററൻ ഒന്നു തലകുലുക്കുകമാത്രം ചെയ്തു. തൻെറ കരുക്കൾ മർമ്മസ്ഥാനങ്ങളിൽ എത്തിയിട്ടില്ലെന്നു് അയാൾ ഗ്രഹിച്ചിരുന്നു.

റിച്ചാർഡ് ജെയിംസിനു പരിപൂർണ്ണമായ ഗ്രന്ഥപരിജ്ഞാനം സിദ്ധിച്ചിരുന്നെങ്കിൽ, ബാററനു് ശരിയായ പ്രായോഗികജ്ഞാനവും ലഭിച്ചിരുന്നു. വിജയപ്രാപ്തിയെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള മത്സര

ത്തിൽ ജെയിംസ് വലിയ പരിഭ്രമം കാണിച്ചു. ജെയിംസിൻെറ സംഭ്രമത്തേയും വ്യഗ്രതയേയും ഏതു വിധ അടവുകഠം പ്രയോഗിച്ചും ദൂഷണം ചെയ്യേണ്ട തായ ഒരു സാഹചര്യത്തിലാണു താൻ എത്തിയിരി ക്കുന്നതെന്നോർത്തു ബാറൻ സങ്കടപ്പെട്ടു. ടൂർണ്ണമെൻറ കാണുവാൻ ആ യുവാവു സന്നിഹിതനാകുന്നപക്ഷം, ട്രയിനിൽ തന്നോടു മത്സരിച്ച എതിരാളി യഥാർത്ഥ ത്തിൽ ആരെന്നു് അയാഠം ഗ്രഹിക്കില്ലേ. ചതുരംഗക്ക ളിയിൽ പ്രശസ്തിയാർജ്ജിച്ചിരുന്നവരിൽ വളരെ ചുരു ക്കംപേരേ ബാറനെ യഥാർത്ഥമായി സ്നേഹിക്കയും ബ ഹുമാനിക്കയും ചെയ്തിരുന്നുള്ളൂ. കേവലം യുവാവായ ജെയിംസുമായുള്ള മത്സരത്തിൽ തനിക്കു പരാജയം വന്നുചേരുന്നപക്ഷം താൻ നിശ്ചയമായും എതിരാളി കളുടെ പരിഹാസപാത്രമാകും.

"എൻെറ യഥാർത്ഥമായ പേരു പറയാതിരുന്ന തിൽ ദുഃഖിക്കുന്നു. ഞാൻതന്നെയാണു ഫ്രാൻസിസ് ബാറൻ." ഈ വാക്കുകഠം യുവാവിനെ അത്ഭുതപ്പെടു ത്തുകയും കുഴക്കുകയും ചെയ്തു.

തൻെറ പ്രയോഗം ഫലിച്ചെന്നാണു ബാറൻ ആദ്യം അഭിമാനിച്ചതു്. എന്നാൽ, ഫലം മറിച്ചാ യിരുന്നു. തൻെറ എതിരാളി ചതുരംഗക്കളിയിൽ ലോകപ്രശസ്തിയാർജ്ജിച്ച ബാറനാണെന്നു മനസ്സിലാ ക്കിയപ്പോഠം ജെയിംസിൻെറ ഉത്സാഹവും അഭിമാന വും ശതഗുണീഭവിച്ചു. ബാറൻ യാഥാർത്ഥ്യം വെളി പ്പെടുത്തിയതുവഴി എതിരാളിയായ യുവാവിൻെറ സാമർത്ഥ്യത്തെ അംഗീകരിക്കയാണുണ്ടായതു്. ജെയിം സ് ഈ അർത്ഥത്തിലാണു് ബാറൻെറ പ്രസ്താവനയെ സ്വീകരിച്ചതും. പിന്നീടു ജെയിംസിൻെറ ഉന്നം ക

ളിയിൽ വിജയിക്കുകയെന്നതായിരുന്നില്ല; പിന്നെയോ, അഖിലലോകപ്രശസ്തനായ ബാറനെ പരാജയപ്പെടുത്തുകയെന്നതായിരുന്നു. വിവർണ്ണവദനനായിത്തീർന്ന യുവാവ് അല്പം ഇടറിയസ്വരത്തിൽ ഇപ്രകാരം പറഞ്ഞു; "ഒറിമണ്ടിനെപ്പററി ആദ്യം ഞാൻ പറഞ്ഞ അഭിപ്രായത്തോടു നിങ്ങൾ വിയോജിക്കുമെന്നു ഞാൻ കരുതുന്നില്ല എനിക്കു അപ്പോൾ മററൊരുദ്ദേശവും ഉണ്ടായിരുന്നില്ല............"

"ഇല്ലായിരിക്കാം." ബാറൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഒറിമണ്ടു് അദ്ദേഹത്തിനു് ഇഷ്ടമായരീതിയിലും, ഞാൻ എനിക്കു ശരിയെന്നുതോന്നുന്ന രീതിയിലും കളിക്കുന്നു. മി. ജെയിംസ്, ഇനി കരു നീക്കേണ്ടതു നിങ്ങളാണു്."

രാജാവു്, രാജ്ഞി, മന്ത്രി എന്നീ കരുക്കളെ നീക്കിയതിനുശേഷം അപ്രധാനമായ "കാലാൾ" എന്ന കരു നീക്കി. അതോടുകൂടി ബാറൻെറ വിജയം സുനിശ്ചിതമായിത്തീർന്നു. പ്രശസ്തനായ ആ കളിക്കാരൻ പ്രശാന്തനും പ്രസന്നനുമായിത്തന്നെയിരുന്നു. സമർത്ഥമായി കളിക്കുവാൻ കഴിഞ്ഞതിൽ അയാൾ ജയിംസിനെ അഭിനന്ദിക്കയും ചെയ്തു.

തീവണ്ടി അടുത്ത സ്റ്റേഷനിൽ എത്തി. തന്നെ വിട്ടുപിരിയുവാൻ തുടങ്ങിയ യുവാവിനോടു ബാറൻ പറഞ്ഞു: "ടൂർണ്ണമെൻറിൽ താങ്കളെ കാണാമെന്നു് ആശിക്കുന്നു."

"താങ്കളുടെ ദയാപുരസ്സരമായ വാക്കുകൾക്കു നന്ദി. ടൂർണ്ണമെൻറിൽ താങ്കളുടെ സമർത്ഥമായ കളി കാണുവാൻ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണു്." യുവാവു മറുപടി പറഞ്ഞു.

എന്താണു സംഭവിച്ചതെന്നു് അവർ രണ്ടുപേരും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. യുവാവിനെ തോല്പിച്ചതു് ബാറനെസംബന്ധിച്ചിടത്തോളം നിസ്സാരമായിരുന്നു. അവസാനനിമിഷത്തിൽ പ്രയോഗിച്ച ഒരു വിദ്യകൊണ്ടുമാത്രമാണു് അയാൾക്കു വിജയം സിദ്ധിച്ചതു്. കൈപ്പത്തി മേശമേൽ അടിച്ചോ, പ്രത്യേകരീതിയിലുള്ള ശബ്ദം പുറപ്പെടുവിച്ചോ, അതുമല്ലെങ്കിൽ പുകക്കുഴലിൽനിന്നു ധൂമപടലം എതിരാളിയുടെ മുഖത്തു പരത്തിയോ, ശ്രദ്ധയെ വ്യതിചലിപ്പിച്ചു്, അവസാനനിമിഷത്തിൽ വിജയം കരസ്ഥമാക്കുകയെന്ന വക്രമായ രീതിയാണു് റഷ്യൻ ചതുരംഗക്കളിക്കാർ സ്വീകരിക്കാറുള്ളതു്. ഇപ്രകാരമുള്ള വക്രമാർഗ്ഗംകൊണ്ടല്ലായിരുന്നുവെങ്കിൽ, ജെയിംസുമായുള്ള മത്സരത്തിൽ വിജയം സമ്പാദിക്കുവാൻ തനിക്കു സാദ്ധ്യമാകുമായിരുന്നോ എന്നുപോലും ബാറൻ സംശയിച്ചു.

റിച്ചാർഡ് ജെയിംസ് ഭാര്യയോടു പറഞ്ഞു: "ആ സന്ദർഭത്തിൽ അയാളുടെ പേരു സ്വയം വെളിപ്പെടുത്തിയതിൻെറ ഉദ്ദേശമാണു് എനിക്കു മനസ്സിലാകാത്തതു്. അതുവരെ ഞാൻ വിജയപ്രതീക്ഷയോടെയാണു കളിച്ചുകൊണ്ടിരുന്നതു്. എന്നാൽ എൻെറ എതിരാളി പ്രശസ്തനായ ബാറനാണെന്നു് അറിഞ്ഞതോടുകൂടി എൻെറ ആശാസൗധം തകർന്നുപോയി."

"അതുമാത്രമായിരുന്നു അയാളുടെ ഉദ്ദേശവും." യുവതി മറുപടി പറഞ്ഞു. "ഫ്രാൻസിസ് ബാറൻ ലോകപ്രശസ്തിയാർജ്ജിച്ച ഒരു കളിക്കാരനായിരിക്കാം. എന്നാൽ അയാളുടെ പെരുമാററവും വക്രമാർഗ്ഗങ്ങളും അഭിമാനകരമാണെന്നു തോന്നുന്നില്ല."

"ഓമനേ! ഏതായാലും എന്നെ പരാജയപ്പെടുത്തുവാൻ അയാൾക്കു കഴിവുണ്ടു്." ജെയിംസ് പറഞ്ഞു.

"വേണ്ട, വേണ്ടാ. എന്നെ "ഓമനേ! പൊന്നേ!" എന്നൊന്നും വിളിക്കേണ്ട. എനിക്കു ചതുരംഗക്കളി അറിഞ്ഞുകൂടാ. അയാൾക്കു് അങ്ങയെ നിഷ്പ്രയാസം തോല്പിക്കാൻ കഴിവുണ്ടായിരിക്കാം. എന്നാൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ കാണിച്ച മുഖഭാവത്തിൽനിന്നും അയാൾ ഒരു മഹാനാണെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല." യുവതി പറഞ്ഞു.

പുതിയ ഒരു "പാപ്പാ"യെ തിരഞ്ഞെടുക്കുവാൻ ഒന്നിച്ചുകൂടുന്ന കർദ്ദിനാളന്മാരുടെ ഗൗരവവും ഗാംഭീര്യവും, ടൂർണ്ണമെൻറിൽ മത്സരിക്കുവാൻ ആഗതരാകുന്ന കളിക്കാരുടെ മുഖത്തു കാണുവാൻ കഴിയുമെന്നാണു ഫ്രാൻസിസ് ബാറൻ വിചാരിച്ചിരുന്നതു്. ലോകമഹായുദ്ധത്തിനു് അല്പം മുമ്പു നടത്തപ്പെട്ട അന്താരാഷ്ട്രീയ ടൂർണ്ണമെൻറിൽ സംബന്ധിക്കാനായിരുന്നു ബാറൻ യാത്രചെയ്തുകൊണ്ടിരുന്നതു്. ലോകപ്രശസ്തരായി അറിയപ്പെടുന്ന കളിക്കാരിൽ പലരും അവിടെ ആഗതരായിട്ടില്ലെന്നു ബാറൻ മനസ്സിലാക്കി. ചതുരംഗക്കളിയിൽ അദ്വിതീയനായിരുന്ന "എസ്റ്റിഗ്നാൻ" മരണമടഞ്ഞുകഴിഞ്ഞു. ഫാസിസ്റ്റ്കക്ഷിയിൽ ചേർന്ന സൈനികിയോ കാരാഗൃഹത്തിനുള്ളിൽ കഴിയുകയായിരുന്നു; "ഏയിൽറിച്ചി"നു് സ്വരാജ്യാതിർത്തിക്കു പുറത്തു സഞ്ചരിക്കുവാൻ അനുവാദം നിഷേധിക്കപ്പെട്ടിരുന്നു. അവിടെ ആഗതരായിരുന്ന മററു കളിക്കാരെയെല്ലാം ബാറനു് അടുത്തു പരിചയമുണ്ടു്. ഇംഗ്ലണ്ടിലെ ചതുരംഗക്കളി വിദഗ്ദ്ധനായ "ക്രാൻലേ"യും, ഫ്രഞ്ചുകാരനായ "സാവറാദ്ദം", റഷ്യാക്കാരനായ "ജാ

KOTTAYAM PUBLIC LIBRARY KOTTAYAM

സോഫം.” മററം ബാറൻെറ പരിചയവലയത്തിൽ ഉൾപ്പെട്ടവരായിരുന്നു. ഈ പറയപ്പെട്ടവരാരും ലോകപ്രശസ്തരായ കളിക്കാരുടെ ഇടയിൽ മുന്നണിയിൽ നില്ക്കുവാൻ അർഹരായിരുന്നില്ലാ. ഭാഗ്യദോഷത്താൽ ഒരുപക്ഷെ, ഇവരിൽനിന്നും അയാൾക്കു തോൽവി ഭവിച്ചെന്നുവരാം. ഒരു പ്രാവശ്യം പരാജയപ്പെട്ടു എന്ന കാരണത്താൽ ഒരു കളിക്കാരനേയും മാററി നിറുത്താറില്ലല്ലോ. ബാറൻ സമാശ്വസിച്ചു. കളിയുടെ ഓരോ ഘട്ടങ്ങളിലാണു് പല പ്രാവശ്യം പരാജയപ്പെടുന്നവരെ പുറംതള്ളിയിരുന്നതു്. ഒരാൾക്കു് എത്ര പോയിൻറു് സമ്പാദിക്കുവാൻ കഴിയുന്നു എന്നതായിരുന്നു മാനദണ്ഡം. ഏററവും കുറഞ്ഞ ‘പോയിൻറു’കൾ നേടുന്നവരെ പുറംതള്ളി ശേഷിച്ചവർ തമ്മിൽ പിന്നെയും കളിക്കുകയായിരുന്നു പതിവു്.

ലോകപ്രശസ്തി സമ്പാദിച്ചിരുന്ന ‘ഒറിമണ്ടും’ മത്സരത്തിൽ പങ്കെടുത്തിരുന്നു. മുഴുവൻ നരച്ച തലമുടി വെള്ളിക്കമ്പി കണക്കെ ഉണർന്നു് എഴുന്നു നില്ക്കുന്നുണ്ടായിരുന്നെങ്കിലും ഒറിമണ്ടു് വസ്ത്രധാരണത്തിൽ നന്നെ ശ്രദ്ധ പതിപ്പിച്ചിരുന്നു. പ്രായാധിക്യത്താൽ വിറയ്ക്കുന്ന കരങ്ങളോടും, മധുരമായ വാഗ്ധോരണിയോടും, ആകർഷകമായ പെരുമാററത്തോടും കൂടിയ ഒറിമണ്ടിനെ ഏവരും ബഹുമാനിച്ചു. പ്രായാധിക്യം കൊണ്ടായിരിക്കാം അദ്ദേഹത്തിൻെറ മനസ്സിനു എന്തൊക്കെയോ വികലത ഭവിച്ചിരുന്നു. ഏതാനും വർഷം തടങ്കൽപാളയത്തിൽ കഴിച്ചുകൂട്ടിയതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നു പറയുന്നവരും ഇല്ലാതില്ല. ബാറന്നു് അദ്ദേഹത്തെ നല്ല പരിചയമുണ്ടായിരുന്നു. മുമ്പൊരിക്കലും കാണുവാൻ

കഴിഞ്ഞിട്ടില്ലാത്തവിധം സൗശീല്യവും വിനയവും ആ വൃദ്ധനിൽ കളിയാടുന്നുണ്ടായിരുന്നു. ആ വൃദ്ധനു മായി ബാറൻ കുറച്ചുസമയം കുശലപ്രശ്നങ്ങൾ നട ത്തി.

"മിസ്റ്റർ ബാറൺ! ജീവിതം പെട്ടെന്നു കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു" ഒറിമണ്ട പറഞ്ഞു. "യുവാവാ യിരുന്ന നിങ്ങളിലും കാലം വലിയ പരിവത്തന ങ്ങൾ വരുത്തിയിട്ടുണ്ട്".

എങ്കിലും ചതുരംഗക്കളിയിൽ വിജയം നേടുവാ നുള്ള ആഗ്രഹം അപ്പോഴും ആ വൃദ്ധനിൽ പ്രകടമായി കാണുവാൻ കഴിഞ്ഞു.

ബാറൻ മറുപടിപറഞ്ഞു "ഒരിക്കൽകൂടി അങ്ങ യെ കാണുവാനും അങ്ങുമായി മത്സരിച്ചു കളിക്കുവാനും ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു".

"ഒരുപക്ഷേ, ഇതു് നാം തമ്മിലുള്ള അവസാന ത്തെ മത്സരമായിരിക്കാം" വൃദ്ധൻ തുടർന്നു പറഞ്ഞു. "ചതുരംഗക്കളിയിൽ ജീവിതം ചിലവഴിക്കുന്നതു് ശരിയാണോ?' എന്നു് ഒരിക്കൽ ആരോ എന്നോടു ചോദിച്ചതും അതിനു മറുപടിയായി 'നിങ്ങളുടെ ജീവിതം ഗ്രന്ഥനിർമ്മാണത്തിലും ധനസമ്പാദനത്തി ലും മററും ചിലവഴിക്കുന്നതു ശരിയാണോ' എന്നു ഞാനൊരു മറുചോദ്യം കൊടുത്തതും താങ്കൾ ഓർമ്മിക്കു ന്നുണ്ടായിരിക്കുമല്ലോ. അന്നു് എന്നെ യാതൊരു സം ശയങ്ങളും അലട്ടിയിരുന്നില്ല. എന്നാൽ ഇപ്പോൾ, വൈകിയ ഈ സമയത്തു്, എനിക്കു ചില സംശയ ങ്ങൾ ഇല്ലാതില്ല. ഞാൻ ജീവിതം മുഴുവൻ ചതുരംഗ

ക്കളിയിൽ ചിലവഴിച്ചു. എന്നാൽ അതുകൊണ്ടു് എന്തു നേട്ടമാണുണ്ടായതു്?".

"ലോകത്തിനു ഒരിക്കലും വിസ്മരിക്കാൻ കഴിയാത്തവിധം അത്ര ശ്രേഷ്ഠമായ ഒരു സൽപ്പേരു അങ്ങു സമ്പാദിച്ചു കഴിഞ്ഞല്ലോ" ബാറൻ സഗൗരവം മറുപടി കൊടുത്തു.

"ശ്രേഷ്ഠമായ സൽപ്പേരു്? ഞാൻ പത്തുകൊല്ലം മുമ്പെ മരണമടഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു? എൻെറ അനുഭവം നിങ്ങൾക്കും ഉണ്ടാകാതിരിക്കയില്ല". ആ വൃദ്ധൻെറ അവസാനത്തെ വാക്കുകൾ ബാറനെ ചിന്താവിഷ്ടനാക്കി. കളിയിൽ വിജയിക്കുവാൻ കഴിവില്ലാതെ വരുന്ന ഒരു കാലംവരെ ജീവിച്ചിരിക്കുന്നതിൽ ഭേദം 'ലോകചാമ്പ്യൻ' എന്ന ബഹുമാന്യസ്ഥാനം സമ്പാദിക്കുന്ന നിമിഷത്തിൽ മരിക്കുകയാണെന്നല്ലേ ഒറിമണ്ടു പറഞ്ഞതിൻെറ സാരം.

അതു് അവരുടെ അവസാന സന്ദർശനമായിരുന്നു. വൃദ്ധനോടു തോന്നിയ സഹതാപവും അനുകമ്പയും അധികസമയം ബാറനിൽ നിലനിന്നില്ല. മനുഷ്യസഹജമായ ഒരു ചിന്താഗതിയാണതെന്നു ബാറൺ സമാധാനിച്ചു. എതിരാളിയുടെ വിജയത്തിൽ വിലപിക്കുക എന്നതു് തന്നെ സംബന്ധിച്ചിടത്തോളം സംഭാവ്യമല്ലെന്നു ബാറൺ വിചാരിച്ചു.

ടൂർണ്ണമെൻറ് അത്ര പെട്ടെന്നു തീർക്കാവുന്ന ഒന്നായിരുന്നില്ല. ലോകപ്രശസ്തരായ ചതുരംഗക്കളിക്കാർ തമ്മിൽ നടക്കുന്ന മത്സരത്തിൽ സംഭ്രമമില്ലാതെ പങ്കെടുക്കുവാൻ അധികംപേർക്കും സാധ്യമല്ല. ഫ്രാൻസിസു ബറൺറനും ഈ സാമാന്യ നിയമത്തിനു അതീത

നായിരുന്നില്ല. ടൂർണ്ണമെൻറ് അവസാനഘട്ടത്തി ലേക്കു നീങ്ങി. അപഹാസ്യരായി മടങ്ങുവാൻ ഇട യാകരുതെന്ന ചിന്തയാൽ പ്രേരിതരായി എല്ലാവരും അതീവ ജാഗ്രതയോടും സൂക്ഷ്മതയോടും കൂടി കളിച്ചു കൊണ്ടിരുന്നു. ജാസോഫ്, ക്രാൻലേ എന്നിവരുമായു ള്ള മൽസരത്തിൽ ബാറൺ പരാജിതനായി. ഒറി മണ്ട്, സാവറാഡിനോടും ബാറനോടും 'അടിയറ' പറ ഞ്ഞു.

പരാജയം സംഭവിച്ചിട്ടും ബാറൺ നിരാശപ്പെ ട്ടില്ല. രണ്ടാമത്തെ വട്ടത്തിൽ അയാൾക്ക് സാവറാഡി നെ തോല്പിക്കുവാൻ കഴിഞ്ഞു. വളരെ ബദ്ധപ്പെട്ടതിനു ശേഷമാണെങ്കിലും ഒറിമണ്ടിനേയും അയാൾ തോല്പി ച്ചു. ഒറിമണ്ട് അതിസമർത്ഥമായി കളിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്.

ബാറൻെറ ചതുരംഗക്കളി കാണുവാൻ റിച്ചാർ ഡും ഭാര്യയും സന്നിഹിതരായിരുന്നു. തൻെറ വിജ യത്തിൽ അവൾക്കു താല്പര്യമില്ലെന്നും, തീവണ്ടിയിൽ വച്ചു നടത്തപ്പെട്ട മൽസരത്തിൽ പരാജയം സംഭവി ച്ചതിനാൽ അവൾക്കു തന്നോടു അമർഷമുണ്ടെന്നും ബാ റൺ കരുതി. അക്കാരണത്താൽ അവരുടെ സാന്നി ദ്ധ്യം അദ്ദേഹത്തിനു സുഖപ്രദമായിരുന്നില്ല. കളി യിൽ എതിരാളിയായി വന്ന ഡോക്ടർ ആൻഡേ ഴ്സനുമായി ബാറൺ ഏറ്റുമുട്ടി.

ടൂർണ്ണമെൻറിൻെറ അവസാനഘട്ടംവരെ പുറം തള്ളപ്പെടാത്തവരായി ശേഷിച്ചവർ ഒറിമണ്ട്, സാ വറാഡ്, ഫ്രാൻസിസ് ബാറൺ, ബ്രിയാൽ എന്നീ നാലുപേർ മാത്രമായിരുന്നു. ഇവരിൽ ബ്രിയാൽ

അടുത്തകളിയിൽ ദയനീയമായി പരാജയപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്തു. പിന്നീടു പുറംതള്ളപ്പെട്ടതു് സാവറാദായിരുന്നു. ബാറനും ഒറിമണ്ടും തമ്മിലായിരുന്നു അവസാനം കളിച്ചതു്. ഇരുവരും തുല്യം പോയിൻറുകൾ എടുത്തു് സമനിലയിൽ പിരിഞ്ഞു. അടുത്ത കളി പിറേറ ദിവസത്തേക്കു മാററിവെയ്ക്കപ്പെട്ടു.

അന്നുരാത്രി ബാറൺ ഹോട്ടലിൽ ഒരു പുസ്തകവും വായിച്ചുകൊണ്ടിരിക്കുമ്പോൾ, ബോസ്റ്റണിലെ പ്രാദേശിക ചതുരംഗക്കളിസംഘത്തിൻെറ സെക്രട്ടറി ഒരു സന്ദർശനത്തിനായി അവിടെ ആഗതനായി.

"ഞങ്ങളുടെ സംഘത്തിൽ പത്തുപേർ അംഗങ്ങളായി ചേർന്നിട്ടുണ്ടു്" ആഗതൻ പറഞ്ഞു. "അങ്ങിൽനിന്നു് ചില മാതൃകാപാഠങ്ങൾ പഠിക്കണമെന്നു ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. അങ്ങയുടെ സാന്നിദ്ധ്യം ഞങ്ങൾ വളരെ വിലമതിക്കുന്നു. അങ്ങയുടെ സഹായം അപേക്ഷിക്കുവാൻ എന്നെ സംഘാംഗങ്ങൾ അധികാരപ്പെടുത്തി അയച്ചിരിക്കുകയാണു്". ഇത്രയും പറഞ്ഞിട്ടു് പിൻതിരിയുവാൻ ഭാവിക്കുമ്പോൾ, ബാറൺ അയാളെ തടഞ്ഞുനിറുത്തിക്കൊണ്ടു പറഞ്ഞു: "നിങ്ങളുടെ ക്ഷണം സ്വീകരിക്കുവാൻ എനിക്കു സന്തോഷം തന്നെ. മാതൃകാപാഠങ്ങൾ പഠിപ്പിക്കുവാൻ ഞാൻ തയ്യാറാണു്. എന്നാൽ ഒരു സംഗതി പറയുവാൻ ആഗ്രഹിക്കുന്നു. എൻെറ ഉദ്യമത്തിനു നിങ്ങൾ യാതൊരു പ്രചാരണവും നല്കരുതു്. എൻെറ എതിരാളിയെ അറിയിക്കാതെ ഇപ്രകാരമൊരുകാര്യത്തിനു ഞാൻ പുറപ്പെടുന്നതു് ശരിയായിരിക്കുകയില്ല. ഇന്നു രാത്രിതന്നെ ഞാൻ നിങ്ങളുടെ സംഘം ആഫീസിൽ വരാം;

എന്നാൽ എന്നിൽനിന്നു് നിങ്ങൾ അധികമൊന്നും പ്രതീക്ഷിക്കരുതു്. ആയാസകരമായ ഒരു മൽസരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഞാൻ ഒരു വിനോദത്തിനു വേണ്ടിയായിരിക്കും അവിടെ വരുന്നതു്".

"എനിക്കു മനസ്സിലായി" ആ സെക്രട്ടറി പറഞ്ഞു. "ഞങ്ങളുടെ പരിപാടികൾ നേരത്തെ അറിയിച്ചുകൊള്ളട്ടെ. അജ്ഞാതനാമാവായ ഒരു വിദഗ്ദ്ധ കളിക്കാരൻ സംഘാംഗങ്ങളിൽ ഓരോരുത്തരുമായി കളിയിലേർപ്പെടുന്നതാണു്. കളിയുടെ ആരംഭത്തിലൊ അവസാനത്തിലൊ അദ്ദേഹം സംസാരിക്കുന്നതല്ല. അങ്ങനെ അങ്ങയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും രഹസ്യമായി പരിപാലിക്കപ്പെടും. സംഘാംഗങ്ങൾക്കു വേണ്ട നിർദ്ദേശങ്ങളും നൽകുന്നതാണു്".

ഈ വ്യവസ്ഥകൾ ബാറനു് തൃപ്തികരമായി തോന്നി. അയാൾ അന്നു രാത്രി നിശ്ചിതസമയത്തു തന്നെ സംഘംവക ആഫീസിൽ ചെന്നു. സെക്രട്ടറി അയാളെ യഥോചിതം സ്വീകരിച്ചു് പ്രത്യേകം സജ്ജമാക്കിയിരുന്ന ഒരു മുറിയിലേക്കു നയിച്ചു.

"പരിപാടികൾ ആരംഭിക്കുവാൻ സമയമായിരിക്കുന്നു" അയാൾ ബാറനോടു പറഞ്ഞു.

ബാറൺ സംഘാംഗങ്ങൾ ഓരോരുത്തരുമായി കളിക്കുവാൻ ആരംഭിച്ചു. ഒൻപതുപേരെ അയാൾ നിഷ്പ്രയാസം തോല്പിച്ചു. പത്താമതു വന്ന ആളുമായി കളിക്കുന്നതിൽ അദ്ദേഹത്തിനു കുറെ പ്രയാസം നേരിടേണ്ടിവന്നു. തൻെറ എതിരാളി മുൻപു പരിചയപ്പെടാനിടയായ റിച്ചാർഡു ജെയിംസല്ലാതെ മററാരുമല്ലെന്നു മനസ്സിലാക്കിയ ബാറൻ കരുക്കൾ നീ

ക്കിക്കൊണ്ടിരുന്നു. പത്തു കളികളിൽ ഒന്നിൽ പരാജയം നേരിട്ടാൽതന്നെയും അതു കാര്യമാക്കേണ്ടതില്ല. എങ്കിലും ജെയിംസുമായുമുള്ള മൽസരത്തിൽ അപജയം സംഭവിക്കുന്നതു് അപമാനകരമല്ലെ. അയാറം ബാറനെ തിരിച്ചറിഞ്ഞുകാണണം. അറിഞ്ഞുകൊണ്ടു തന്നെയായിരിക്കണം അതിസമത്ഥമായി കരുക്കറം നീക്കുന്നതും. ബാറൻെറ കരുക്കളുടെ ഗതിയെ തടഞ്ഞു നിത്തുന്നതും.

കളികഴിഞ്ഞു് ബാറൺ ഹോട്ടലിലേക്കു് മടങ്ങിപ്പോയി. അയാളുടെ മനസ്സു് തികച്ചും അസ്വസ്ഥമായിരുന്നു. തനിക്കു ലഭിച്ച വിജയം, ജെയിംസു പ്രകടിപ്പിച്ച കിടയററ സാമത്ഥ്യത്തിൻെറ മുമ്പിൽ നിസ്സാരമാണെന്നു തോന്നി. ആ ബോധം സവ്വദാ മനസ്സിൽ പൊന്തിക്കൊണ്ടിരുന്നു.

അന്നുരാത്രി ഫ്രാൻസിസു ബാറനു് ഉറക്കം വന്നതേയില്ല. "ഞാനാണു് ഫ്രാൻസിസു് ബാറൺ; ഞാനാണു് ഫ്രാൻസിസു് ബാറൺ!" എന്നിപ്രകാരം പലവുരു പറഞ്ഞുകൊണ്ടു് തൻെറ പ്രതിരൂപം തൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതായി ബാറനു തോന്നി. "ഇതിൻെറയൊക്കെ അത്ഥമെന്തു്?" അയാറം തന്നോടു തന്നെ ചോദിച്ചു. "ഒരു ചതുരംഗക്കളിക്കുവേണ്ടിത്തന്നെയോ? അതു് ഒരിക്കലും ജീവിതമാവുകയില്ല; ശരിയായി ചിന്തിക്കുന്നപക്ഷം അതു് ഒരു വിനോദം മാത്രമാണു്. ഒന്നാംകിടയിലുള്ള ഒരു വിനോദമെന്നും സമ്മതിക്കാം. എന്നാൽ അനർഹമായ ത്യാഗത്തെയല്ലെ അതു് ആവശ്യപ്പെടുന്നതു്? നിരാശാപൂർണ്ണനായ ഒറിമൺടിൻെറ ജീവിതം ഒരു മാതൃകാപാഠമാണു്. മാ

നസികവും ശാരീരികവുമായ ശക്തികഠ ക്ഷീണം സംഭ വിച്ചിരിക്കുന്ന ഈ വാർദ്ധക്യത്തിലും, ഒരു മതഭക്ത ൻെറ തീക്ഷ്ണതയോടും, ഒരു വൈരാഗിയുടെ ദൃഢനിശ്ച യത്തോടുംകൂടി ഒറിമണ്ട് കളിയിൽ ശ്രദ്ധിക്കുന്നതു നോക്കുക."

ട്ടർണ്ണമെൻറ് കഴിഞ്ഞു. അതിൻെറ അവസാന ഘട്ടത്തിലുള്ള ഒറിമണ്ടിൻെറ സ്ഥിതി ബാറൻെറ ചിന്താവിഷയമായി. വിജയശ്രീലാളിതനായി യൂ റോപ്പിലേക്കു മടങ്ങിപ്പോകുന്ന ഒറിമണ്ടിന് അനേകം ആരാധകന്മാർ ഉണ്ടായിരിക്കാം. എന്നാൽ വൃദ്ധനായ ഒറിമണ്ട് തികച്ചും ഏകനായല്ലേ മരണത്തോടു സമീ പിക്കുന്നതു്.

ട്ടർണ്ണമെൻറു കഴിഞ്ഞു പുറത്തേക്കിറങ്ങിയ ഒറി മണ്ടിൻെറ ചുററും പത്രറിപ്പോർട്ടറന്മാർ ഓടിക്കൂടിയ രംഗം ബാറനു വിസ്മരിക്കുക സാധ്യമായിരുന്നില്ല. യാത്ര പറഞ്ഞു പിരിയുമ്പോഠ ഒറിമണ്ട് ബാഷ്പകണ ങ്ങഠ വർഷിക്കുകയായിരുന്നു. ഒരു കൊല്ലത്തിനുശേ ഷം, ഒരുപക്ഷെ അത്രസമയം വേണ്ടിവരികയില്ലായി രിക്കാം, എൻെറ സ്ഥിതി എന്തായിരിക്കും?" ഒറി മണ്ട് പറഞ്ഞ വാക്കുകഠ ബാറൻെറ ഹൃദയത്തിൽ മാറെറാലിക്കൊണ്ടു.

അഖിലലോകപ്രശസ്തനായ ചതുരംഗക്കളിക്കാർ നായിഉയരണമെന്നു മോഹിച്ചു വന്നെത്തിയ ബാറൺ നിറഞ്ഞ സംതൃപ്തിയോടും, അതേസമയംതന്നെ തിങ്ങി നിന്ന നിരാശയോടുംകൂടി ന്യൂയോക്കിലേക്കു മടങ്ങി പോകുവാൻ ഒരുക്കങ്ങഠ ആരംഭിച്ചു.

"വരൂ, അകത്തു കടന്നുവരൂ" വാതലിൽകേട്ട ശബ്ദത്തിനു മറുപടിയായി ബാറൺ പറഞ്ഞു. വാതിൽ തുറന്നു നോക്കുമ്പോൾ, ബാറൻെറ ദൃഷ്ടികൾ പതിച്ചതു് റിച്ചാർഡ് ജെയിംസിലും, സാലി ജെയിംസിലുമായിരുന്നു. അതിഥികളെ അയാൾ യഥാവിധി സൽക്കരിച്ചു സ്വീകരിച്ചു. "കളിയിൽ താങ്കൾ പ്രദർശിപ്പിച്ച മഹാമനസ്കത അമാനുഷികമായിരുന്നു" റിച്ചാർഡാണു് ആദ്യം സംസാരിക്കുവാൻ തുടങ്ങിയതു്. റിച്ചാർഡിൻെറ അഭിപ്രായത്തോടു സാലിയും അനുകൂലിച്ചു. "താങ്കളുടെ വിനോദരീതികണ്ടു് ഞങ്ങൾ അത്ഭുതസ്തബ്ധരായിപ്പോയി" റിച്ചാർഡ് തുടർന്നു പറഞ്ഞു.

"എന്തു പറഞ്ഞു? കളിയിൽ ഞാൻ പരാജിതനാവുകയല്ലേ ചെയ്തതു്?" ബാറൻ ആശ്ചര്യത്തോടെ പറഞ്ഞു.

"താങ്കൾ സ്വമേധയാ ഒറിമണ്ടിനെ വിജയിപ്പിക്കുകയായിരുന്നു. നിങ്ങൾ ഇരുവരുടേയും വിനോദമാർഗ്ഗം ശരിയായി ഗ്രഹിക്കുവാൻ കഴിയാത്തവക്കു് അതു മനസ്സിലായിരിക്കയില്ല".

ഫ്രാൻസിസ്സു ബാറൺ അവരെ നോക്കി ഒന്നു മന്ദഹസിച്ചു. "അതേപ്പററി അധികമൊന്നും പറയേണ്ടതില്ല. ഏതായാലും കഴിഞ്ഞ രാത്രിയിൽ താങ്കളിൽനിന്നു വിലയേറിയ പല പാഠങ്ങളും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിനു ഞാൻ അതീവ കൃതജ്ഞനാണു്".

"കഴിഞ്ഞ രാത്രിയിലോ?" യാതൊന്നും അറിയാത്ത ഭാവത്തിൽ ജെയിംസു ചോദിച്ചു.

"അതെ, കഴിഞ്ഞ രാത്രിയിൽ കൊപ്പുലെ ക്ലബ്ബിൽവച്ച് നാം കളിച്ചപ്പോൾ".

"നിങ്ങൾ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. എൻെറ ജീവിതത്തിൽ ഒരിക്കലും ഞാൻ 'കൊപ്പുലെ' ക്ലബ്ബിൽ പോയിട്ടില്ല" റിച്ചാർഡ് മറുപടി പറഞ്ഞു.

V

# ഇരുട്ടിലൂടെയുള്ള പറക്കൽ

"തീവണ്ടി മതിയായിരുന്നു" ഹെല്ലോക്ക വിചാരിച്ചു "സാവധാനത്തിലേ എത്തുകയുള്ളു എങ്കിലും ഒന്നുറങ്ങാമായിരുന്നു. ഞാൻ ഭീരുവാണ്, എന്നാൽ അതു മനസ്സിലാക്കിവേണ്ടേ ഞാൻ പ്രവർത്തിക്കേണ്ടതു്. ഈ വിമാനത്തിൽ കയറിയതു് ആകെ കുഴച്ചിലായി".

വിമാനം ഘോരമായ ശബ്ദത്തോടെ ഇരുട്ട ചീന്തിക്കീറി മേല്പോട്ടു് ഉയരയിട്ടുയർന്നപ്പോൾ ഹെല്ലോക്ക് സീററബെൽട്ടിൽ അമർത്തിപ്പിടിച്ചു. അയാളുടെ ഉള്ളംകൈ വിയർക്കുന്നു. വിമാനച്ചിറകുകളിൽ അയാൾ മിഴിയോടിച്ചു. എന്തു ഭയാനകമായ വേഗത. അങ്ങു താഴെ വാഷിങ്ടൺ നഗരം കാണാം; നക്ഷത്രങ്ങളും ചന്ദ്രനും നിരന്ന നീലാകാശം പോലെ. പെട്ടെന്നു അയാളുടെ ഹൃദയം മിടിച്ചു. അവിടെ, ആ വെള്ളം കരണ്ടുന്നതിൻെറ മുകളിൽ വച്ചാണു് രണ്ടു വിമാനങ്ങൾ കൂട്ടിമുട്ടിയതു്. അന്നു് എത്രപേർ മരിച്ചു. ആയിരമായിരം പ്രതീക്ഷകൾ തിങ്ങിനിന്ന എത്ര ഹൃദയങ്ങൾ തകർന്നു. ഹോ, അതാ ഒരു വിമാനം വരുന്നു, ഞാൻ സഞ്ചരിക്കുന്ന വിമാനത്തിനെതിരെ. എന്തൊരു ശക്തിയായ ഇരമ്പൽ. അതെ, ഒരു

കൂട്ടിമുട്ടലുണ്ടാകാൻ പോകയാണു്, അത്യുഗ്രമായ കൂട്ടിമുട്ടൽ. അതിനോടെ മുഴുവൻ നശിക്കും, എല്ലാം തകരും.

"ഹാവൂ" ഹെല്ലോക്കു് ഉദീരണം ചെയ്തു. ഒന്നും സംഭവിച്ചില്ല. അതൊരു തോന്നൽ മാത്രമായിരുന്നു. താൻ ഒരു വിമാനത്തിൽ യാത്രചെയ്യുന്നു എന്നല്ലേ ഉള്ളൂ. ഹെല്ലോക്കു് ആശ്വസിക്കാൻ ശ്രമിച്ചു. രണ്ടു മണിക്കൂറിനകം തനിക്കു ലാഗാർഡിയായിലെത്താം. അവിടെനിന്നു പെട്ടെന്നു വീട്ടിലെത്താം. വിമാനത്തിന്റെ ഇരപ്പിനു ഒരു ക്രമമുണ്ടു്, ഒരു താളം. അതു സുരക്ഷിതമാണു്. ഒരു നിശ്ചിതവേഗത്തിൽ വായുവിൽക്കൂടി അതൊഴുകുകയാണു്. ഹെല്ലോക്കു് സീററിൽനിന്നും കൈകൾ വിടുർത്തി. കൈവിരലുകൊണ്ടു കണ്ണുകൾ തുടച്ചു. എല്ലാം തലേദിവസത്തെ ഉറക്കക്ഷീണം മൂലമാണു്. അയാൾ ഉത്തരം കണ്ടുപിടിച്ചു.

ഹെല്ലോക്കു് വാഷിങ്ടൺ നഗരത്തിൽ മൂന്നു ദിവസം താമസിച്ചു മടങ്ങുകയാണു്. താൻ പ്രതിനിധാനം ചെയ്ത കമ്പനിയുടെ ആവശ്യത്തിലേക്കായി വാഷിങ്ടണിലെ വ്യവസായ വാണിജ്യ ഡിപ്പാർട്ടുമെണ്ടുകളിൽനിന്നും ചില സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനാണു പോയതു്. അവിടത്തെ താമസത്തിന്റെ ആദ്യദിവസം രാത്രി താമസിച്ചിരുന്ന ഹോട്ടലിന്റെ മുറിയിൽ വളരെ വൈകുന്നതുവരെ പണിയെടുത്തുകൊണ്ടിരുന്നു. രണ്ടാമത്തെ രാത്രിയിൽ അദ്ദേഹം സഹോദരിയുടെ വസതിയിൽ എത്തി. സോദരിയുടെ ഭർത്താവായ ജോർഡാൻ നാവികസേനയിൽനിന്നു വിമുക്തനായ ഒരു ഉദ്യോഗസ്ഥനായിരുന്നു. രാത്രിയിൽ അധികസമയവും സഹോദരിയോടും ജോർഡാനോടും സംസാരിച്ചുകൊണ്ടിരുന്നതിനു

ശേഷം ഹോട്ടലിലേക്കു മടങ്ങിപ്പോയ ഹെല്ലോക്കു് ക്ഷീണാധിക്യത്താൽ പെട്ടെന്നു നിദ്രയിലാണ്ടുപോയി. അല്പം കഴിഞ്ഞു് ഉറക്കത്തിൽനിന്നു ഉണർന്നു് ഏതോ അപ്രധാനമായ ഒന്നു് അന്വേഷിക്കുവാൻ തുടങ്ങി. കൈകൾ കൊണ്ടു് തറയിൽ തപ്പിനോക്കി. പിന്നീടു് വിളക്കു കൊളുത്തി ആ മുറിയിൽ ഒരു സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു. തന്റെ കൈവശമുണ്ടായിരുന്ന സാധനം കാണാതെവന്നപ്പോൾ അയാൾ ഭയചകിതനായിത്തീർന്നുപോയി.

ഹെല്ലോക്കു് വീണ്ടും കിടക്കയിൽ കയറിക്കിടന്നു വിളക്കണച്ചു. പക്ഷെ നിദ്രാദേവി അദ്ദേഹത്തെ ആലിംഗനംചെയ്യുവാൻ മുതിർന്നില്ല. അതിനു മുമ്പൊരിക്കലും ഉറക്കത്തിൽനിന്നു എണീററു നടക്കേണ്ടുന്ന ആവശ്യം ഹെല്ലോക്കിനു ഉണ്ടായിട്ടില്ലായിരുന്നു. ഭയപരവശനായ അയാൾക്കു് വീണ്ടും ഉറങ്ങുവാൻ ധൈര്യമുണ്ടായില്ല. ആ അന്ധകാരത്തിൽ പുകവലിച്ചുകൊണ്ടു് മനസ്സിൽ കടന്നുകൂടിയ ഭയചിന്തകളെ ദൂരീകരിക്കുവാൻ അയാൾ കിണഞ്ഞു പരിശ്രമിച്ചു. "നിങ്ങൾ മുറികളുള്ളിൽ ശരിയായി നോക്കിയിട്ടില്ല" ഇപ്രകാരം ഒരു ശബ്ദം തന്റെ ചെവികളിൽ ആരോ മന്ത്രിക്കുന്നതുപോലെ ഹെല്ലോക്കിനു തോന്നി. "നിങ്ങൾ മുറിക്കു വെളിയിലാണു നോക്കിക്കൊണ്ടു നടന്നതു്. നിങ്ങളുടെ ചിന്ത മുഴുവനും 'പ്രേഗി'ലെ രാജ്യതന്ത്രജ്ഞന്മാരെപ്പററിയും, വാഷിങ്ടണിലെ ക്യാബിനററു് ഉദ്യോഗസ്ഥന്മാരെപ്പററിയും, ന്യൂയോക്കിലെ യുവാവായ ആ അഭിഭാഷകനെപ്പററിയുമായിരുന്നു. അമേരിക്കൻ സാഹിത്യം നിങ്ങൾക്കു മനസ്സിലാക്കിത്തന്ന ആ ഉന്നതനായ പ്രൊഫസറെപ്പററി നി

ങ്ങറം ചിന്തിച്ചിട്ടുണ്ടോ? അതിനുവേണ്ടി നിങ്ങറം ഒരു കെട്ടിടം വാടകയ്ക്കെടുത്തിരുന്നില്ലേ? പാണ്ഡിത്യത്തെ വിളംബരംചെയ്യുന്ന ഒരു 'കുറിപ്പു്' നിങ്ങറം വൃത്തിയായി എഴുതി സൂക്ഷിച്ചിരുന്നില്ലേ? ആ കുറിപ്പു തന്നെയാണോ നിങ്ങറം അന്വേഷിക്കുന്നതു്? അതു് ജനാലകളിൽക്കൂടി പറന്നുപോയി എന്നു നിങ്ങറം ഭയപ്പെടുകയാണോ?

"ഹെ, ഒന്നുമില്ല. ഞാൻ ഇപ്പോറം ഉണർന്നിരിക്കുകയാണല്ലൊ. ജനാല സമീപമുള്ളതുകൊണ്ടു ഒന്നും ഭയപ്പെടാനുമില്ല. എന്തുകൊണ്ടോ, നിദ്രയിൽനിന്നു ഞെട്ടിയുണർന്നു് നടക്കുവാൻ ഇടയായി എന്നുമാത്രമേയുള്ളു. ഒരുപക്ഷെ, അടുത്ത മുറിയിൽ എന്തോ താഴെവീണ ശബ്ദമായിരിക്കാം എനിക്കു കേറംക്കുവാൻ കഴിഞ്ഞതു്. എന്തോ ഒരസുഖം തോന്നിയതുകൊണ്ടു് എണീററു നടക്കുവാൻ ഇടയായി എന്നേയുള്ളു. അതുകൊണ്ടു് ഭയപ്പെടാൻ എന്തിരിക്കുന്നു? കിടക്കയിൽ നിന്നു് എണീററു് കഷ്ടിച്ചു് ആറടിദൂരം മാത്രമേ ഞാൻ നടന്നിട്ടുള്ളു. അതിൽ ഞാൻ സംഭ്രമിച്ചുപോയി. ഞാൻ വെറും കൊച്ചുകുട്ടിയല്ലല്ലൊ. എനിക്കു വയസ്സു് മുപ്പത്തിനാലു കഴിഞ്ഞിരിക്കുന്നു. ഞാൻ ഒരു പിതാവാണു്. ഞാൻ ഒരു കുടുംബം സംരക്ഷിച്ചുവരുകയും ചെയ്യുന്നു. ഒരു കമ്പനിയുടെ ഉപാദ്ധ്യക്ഷനും ആററംയുഗത്തിലെ ഒരു പൌരനുമാണു് ഞാൻ. പണ്ടു് ഞാനൊരു യോദ്ധാവായിരുന്നു. എന്നെ എല്ലാവരും തുറിച്ചുനോക്കുന്നതു് എന്തുകൊണ്ടു്? വിമാനത്തിലും, വാടകക്കാറിലും, ഹോട്ടലിലും എവിടെയും എന്നെ എല്ലാവരും തുറിച്ചുനോക്കുന്നു. എന്തുകൊണ്ടു്?

ഹെല്ലോക്ക് വായിൽനിന്നു് സിഗററ് എടുത്തുമാററി. തലേദിവസം രാത്രി സഹോദരിയുമായി സംഭാഷണത്തിൽ ചിലവാക്കിയ നിമിഷങ്ങൾ അദ്ദേഹത്തിൻെറ സ്മരണയിൽ എത്തി.

ഹെല്ലോക്കിൻെറ സഹോദരി 'ആഗ്നസ്' ഭാഗ്യഹീനയായ ഒരു പെൺകിടാവായിരുന്നു. അദ്ദേഹത്തേക്കാൾ മൂന്നുവയസ്സു പ്രായക്കുറവുണ്ടായിരുന്ന ആഗ്നസിനു് കോളേജുവിദ്യാഭ്യാസം തുടരുവാൻ കുടുംബത്തിൻെറ സാമ്പത്തികസ്ഥിതി അനുവദിച്ചില്ല. അതുകൊണ്ടു് വിദ്യാഭ്യാസം മതിയാക്കുകയും അമേരിക്കൻ ഗവർമ്മെണ്ടിൻെറ കീഴിൽ ഒരു ചെറിയ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു. അങ്ങനെ ഉദ്യോഗത്തിലിരിക്കവെ, തന്നെക്കാൾ വളരെ പ്രായമുള്ളവനും വിവാഹിതനുമായിരുന്ന ഒരുവനിൽ ആഗ്നസ് അനുരക്തയായിത്തീർന്നു. ആ കാമുകനു് വിവാഹമോചനം നേടി ആഗ്നസിനെ ഭാര്യയായി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടായിരുന്നില്ല. ഈ സംഗതി ഗ്രഹിക്കുവാൻ ആഗ്നസിനു് മൂന്നുവർഷം വേണ്ടിവന്നു. അവസാനം നിർഭാഗ്യനായ ഒരാളെയാണു് ആ യുവതിക്കു് ഭർത്താവായി ലഭിക്കുവാനിടയായതു്. ജോർഡ്ഡാൻ യുദ്ധകാലത്തു് നാവികസേനയിൽ ചേർന്നു സേവനം അനുഷ്ഠിച്ചിരുന്നു. അവിടെ ഒരു 'ലഫ്ററനൻറ്' സ്ഥാനത്തിൽ കൂടുതൽ ഉയരുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. യുദ്ധം അവസാനിച്ചപ്പോൾ, സേവനം നടത്തിക്കൊണ്ടിരുന്നവർ എല്ലാവരുംതന്നെ സ്വദേശങ്ങളിലേക്കു മടങ്ങിപ്പോയി. 1946-ലെ മഞ്ഞുകാലംവരെ ജോർഡാനു് അതിനും സാധിച്ചിരുന്നില്ല. യുദ്ധത്തിൽ പ്രകടി

ച്ചിച്ച ധീരതയ്ക്കുള്ള പ്രതിഫലമെന്നോണം ഒക്കിനാവയിൽ അയാൾക്കു ചെറിയ ഒരുദ്യോഗം ലഭിച്ചിരുന്നു. തലേദിവസം രാത്രിയിൽ സഹോദരിയുടെ വസതിയിൽ ചെന്നപ്പോൾ ജോർഡാനെ അവിടെ കണ്ടതിൽ ഹെല്ലോക്കിന്ന് ഒട്ടുംതന്നെ ആശ്ചര്യമുണ്ടായിരുന്നില്ല. സഹോദരിയുടെ ഭവനത്തിൽ മൂവരും കൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്ക് ഓരോ ഫലിതങ്ങൾ പറഞ്ഞു് രസകരമായ രംഗങ്ങൾ സൃഷ്ടിക്കുവാൻ ജോർഡാൻ ശ്രമിച്ചുകൊണ്ടിരുന്നു. "ഒരു സിവിലിയൻ ഉദ്യോഗസ്ഥനായിരിക്കുന്നതു് എല്ലാംകൊണ്ടും മെച്ചമാണു്". അയാൾ പറഞ്ഞു, "ശമ്പളം പെട്ടെന്നു വെട്ടിക്കുറക്കുകയില്ലല്ലൊ. അതുകൊണ്ടു് ജോർഡാൻെറ കുടുംബ ബഡ്ജററിന്നു യാതൊരു കുഴപ്പവും സംഭവിക്കുകയില്ല. ആഴ്ചയിൽ കുറഞ്ഞതു് ഒരു പ്രാവശ്യമെങ്കിലും മത്സ്യമാംസാദികൾ ഉപയോഗിക്കാൻ കഴിയുമല്ലൊ".

ഈ ഫലിതം സമീപമിരുന്നിരുന്ന ആഗ്നസിൽ യാതൊരു ഭാവഭേദവും ഉണ്ടാക്കിയില്ല. "ഇതുകൊണ്ടു ഞാൻ സന്തോഷിക്കുമെന്നു വിചാരിക്കണ്ട" ആഗ്നസ് സഹോദരനോടായി പറഞ്ഞു "ജോർഡാനോടും ഇക്കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുകയാണു്. പ്രസന്നവദനയും ധീരചിത്തയുമായ ഒരു ഭാര്യയായിട്ടു എന്നെ കാണുമെന്നു കരുതേണ്ട. എൻെറ ജീവിതത്തിൽ അങ്ങനെ സംഭവിക്കുകയില്ല. ഇനിയും നോർഫോക്കിലേക്കോ മറേറതെങ്കിലും ദൂരദേശത്തേക്കോ യാത്രചെയ്യുവാനും അവിടെയുള്ള ഹോട്ടലുകളിൽ നിന്നും ഭക്ഷണം കഴിച്ചുകൊണ്ടു ഭർത്താവിനോടുകൂടി ജീവിക്കുവാനും ഞാൻ സന്നദ്ധയല്ല. കഴിഞ്ഞ കാല

ങ്ങളിൽ പ്രകടിപ്പിച്ചിട്ടുള്ള ധീരതയും യുവത്വവും ഇനിയുള്ള കാലങ്ങളിൽ പ്രകടിപ്പിക്കുവാൻ എനിക്കു സാധിക്കുകയുമില്ല". പെട്ടെന്നു മനസ്സിൽ കടന്നുകൂടിയ ഏതോ ഒരു ഭയം ആഗ്നസിൻെറ ശരീരത്തിൽ ഒരു വിറയൽ ഉളവാക്കി. കരങ്ങളിൽ അണിഞ്ഞിരുന്ന വളകൾ തമ്മിലുരുമ്മി ഒരു മണിനാദം അവിടെ ഉയർന്നു. ആഗ്നസിൻെറ ദൃഷ്ടികൾ അവളുടെ കൈകളിൽപ്പതിഞ്ഞു. ശബ്ദം ഉണ്ടാകാതിരിക്കുവാനായി അവൾ വളകൾ കൂട്ടിപ്പിടിച്ചു.

സഹോദരിയെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നപ്പോൾ അയാൾ വിചാരിച്ചുപോയി, "അവൾക്ക് ഒരു സന്താനം ഉണ്ടായിരുന്നുവെങ്കിൽ!" എന്നു്. തൻെറ സഹോദരിക്കു് ഒരു സന്താനം ലഭിക്കുക സാധ്യമല്ലെന്നു നേരത്തെ സ്പഷ്ടമായിരുന്നു. ജോർഡാൻ അയാളോടതു പറഞ്ഞുമിരുന്നു. ഈ പരമാർത്ഥം ആഗ്നസ് വളരെ രഹസ്യമായാണു് സൂക്ഷിച്ചിരുന്നതു്. കാണുന്നവരെ വശീകരിക്കത്തക്ക സൗന്ദര്യം പണ്ടു് ആഗ്നസിനുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവളുടെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. വസ്ത്രധാരണത്തിലും നടപ്പിലും അവൾ ഉദാസീനയായിരുന്നു.

ജോർഡാൻ ഗൗരവഭാവത്തിൽ ഭാര്യയുടെ തോളിൽ മന്ദമായി ഒന്നു തലോടിക്കൊണ്ടു് അവളുടെ കൈകളിൽ ഇരുന്ന ഒഴിഞ്ഞ ഗ്ലാസ് വാങ്ങി അടുക്കളയിലേക്കു നേരെ നടന്നു. ജോർഡാൻ അവിടെനിന്നു പോയപ്പോൾ ആഗ്നസ് ഒരു സിഗററു് കൊളുത്തി വലിച്ചു് ചിന്താഗ്രസ്തയായി കുറേ സമയം ഇരുന്നു. തന്നെ അവൾ കണ്ണിമയ്ക്കാതെ സൂക്ഷിച്ചുനോക്കി. അ

വസാനം അവൾ ഇപ്രകാരം പറഞ്ഞു: "ഏതായാലും, ബെൻ! നിങ്ങൾ ലീദിയായേയും കുട്ടികളേയും പട്ടണത്തിൽനിന്നു വെളിയിൽ കൊണ്ടുപോയിക്കഴിഞ്ഞുവല്ലോ. അതിൽ എനിക്കു വളരെ സന്തോഷമുണ്ടു്".

"എന്താണു പറഞ്ഞതു്? അതിൽ സന്തോഷിക്കുന്നുവെന്നോ?" അയാളങ്ങനെയാണു ചോദിച്ചതു്.

"ഞാൻ എന്താണു ചിന്തിക്കുന്നതെന്നു ബെൻ അറിയുന്നുണ്ടോ? അതേപ്പററി ഇതേവരെ യാതൊന്നും സംസാരിക്കുന്നില്ലല്ലോ?" ആഗ്നസ് ചോദിച്ചു.

"ഓഹോ! അക്കാര്യത്തെപ്പററിയോ? അതു കൊണ്ടല്ല ഞങ്ങൾ വെളിയിൽപോയി നാട്ടിൻപുറത്തു് താമസിക്കുന്നതു്. ആററംബോംബിനെ ഭയന്നൊന്നുമല്ല ഞങ്ങൾ പട്ടണത്തിൽനിന്നു മാററിത്താമസിക്കുവാൻ നിശ്ചയിച്ചതു്".

"അവർ ആററംബോംബു ഉപയോഗിക്കുമെന്നു് നിങ്ങൾ വിചാരിക്കുന്നില്ലെന്നോ?"

"ആഗ്നസ്! എനിക്കു് അതൊന്നും അറിഞ്ഞുകൂടാ. ഞാൻ അതെപ്പററി ചിന്തിക്കാറുമില്ല."

ആഗ്നസ് ആ വാക്കുകൾകേട്ടു് അത്ഥഗർഭമായി ഒന്നു തലകുലുക്കി. "മനുഷ്യൻെറ ബുദ്ധിക്കു സാരമായ എന്തോ തകരാറു സംഭവിച്ചിരിക്കുന്നു" അവൾ പതുക്കെ പറഞ്ഞു. "ബുദ്ധിശൂന്യമായ ശുഭപ്രതീക്ഷകൾ! ഈ രാജ്യത്തു് അധിവസിക്കുന്ന ഭൂരിപക്ഷം ജനങ്ങളിലും കാണുന്ന ഒരു തകരാറാണു് ഈ ശുഭപ്രതീക്ഷകൾ! നല്ല 'നാളെ'യെപ്പററിയുള്ള പ്രതീക്ഷകൾ!!"

"അപ്പോൾ ഞാൻ എന്തുചെയ്യണമെന്നാണ് നിന്റെ അഭിപ്രായം....? 'ഇദാഹേം'യിലേക്കു താമസം മാററണമെന്നോ? ജീവിതരക്ഷയ്ക്കുവേണ്ടി ചുററും ഒരു ഉരുക്കുകോട്ട നിർമ്മിക്കണമെന്നാണോ നീ പറയുന്നതു്?" എത്ര ധൈര്യമായി അയാളതു ചോദിച്ചു.

KOTTAYAM

"അങ്ങനെ ഞാൻ പറഞ്ഞില്ല. എന്റെ അഭിപ്രായം അതിനിസ്സാരമായി തള്ളിക്കളയുന്നതു ശരിയല്ല. എല്ലാം കളിയായിട്ടാണ് ഏട്ടൻ കരുതുന്നതു്. എല്ലാം ഭംഗിയായി കലാശിക്കുമെന്നുള്ള അമിതമായ ശുഭപ്രതീക്ഷ കൊള്ളുകയില്ല" ആഗ്നസ് ഗൗരവഭാവത്തിൽ തുടർന്നു പറഞ്ഞു, "1938-ൽ നമ്മുടെ ആളുകൾ എത്ര നിസ്സാരമായും അലസതയോടുകൂടിയുമാണ് ഓരോന്നു പറഞ്ഞുകൊണ്ടിരുന്നതു്? നമ്മുടെ ആളുകൾ സുഖലോലുപരായി ജീവിതം കഴിച്ചുകൊണ്ടിരുന്നു. ഹിററ്ലക്കു ഒരു യുദ്ധം ആരംഭിക്കുവാനുള്ള ധൈര്യം ഉണ്ടാകയില്ലെന്നും ഏവരും ദൃഢമായി വിശ്വസിച്ചിരുന്നു".

സഹോദരിയുടെ മ്ലാനമായ വദനത്തിൽ തന്റെ ദൃഷ്ടികൾ പതിഞ്ഞു. വേദനാജനകമായ ഏതോ കടുത്ത ചിന്തകൾ അവളെ അലട്ടിക്കൊണ്ടിരിന്നെന്നു സ്പഷ്ടമാണ്. കുറഞ്ഞപക്ഷം രണ്ടുവാരക്കാലത്തേക്കെങ്കിലും സഹോദരിയെ പട്ടണത്തിൽനിന്നും ഉൾനാട്ടിൽ എവിടെയെങ്കിലും കൊണ്ടുപോയി താമസിപ്പിക്കണം. "1938-ൽ എനിക്കു യാതൊരു 'പ്ലാനും' ഉണ്ടായിരുന്നില്ല. അന്നു ഞാൻ വാസ്സയിലെ പെൺകിടാങ്ങളെപോലെ പഠിക്കുന്നതിൽ ആമഗ്നനായിരുന്നു" ഒന്നു പ്രസാദിക്കുമെന്നു കരുതി താൻ പറഞ്ഞുനോക്കി.

ഈ സമയത്തു് ജോർഡാൻ അടുക്കളയിൽനിന്നു മൂന്നു ഗ്ലാസു നിറച്ചു് പാനീയവുമായി തിരിച്ചുവന്നു. "പൂച്ച പിന്നെയും പോയിക്കഴിഞ്ഞു" അയാൾ ആഗ്നസിനോടു പറഞ്ഞു. "പൂച്ചക്കുട്ടികളിൽ ഒന്നിനെപ്പോലും അവിടെ കാണുന്നില്ല. ആ തലച്ചോറില്ലാത്ത തള്ളപൂച്ചയ്ക്കു ഒരമ്മയുടെ ഗുണങ്ങൾ അശേഷമില്ല".

"ഓ! അങ്ങനെയൊന്നുമല്ല." ഇത്രയും പറഞ്ഞുകൊണ്ടു് ആഗ്നസ് കസേരയിൽനിന്നു ചാടി എണീറവ് മുറിയിൽക്കൂടി അതിവേഗം ഓടിച്ചെന്നു് ഉദ്യാനത്തിലേക്കുള്ള കതകുകൾ തുറന്നു. പുറത്തേക്കു് ഒരുപടി ഇറങ്ങിനിന്നുകൊണ്ടു് പൂച്ചയെ വിളിച്ചു.

ആഗ്നസിൽനിന്നു പുറപ്പെട്ട ശബ്ദം ഒരു ബാലികയുടെ ശബ്ദംപോലെ തോന്നി. പഴയതിൽനിന്നും അവളുടെ മധുരമായ ശബ്ദത്തിനു യാതൊരു മാററവും സംഭവിച്ചിട്ടില്ല. ഒരു ചെറുബാലികയായിരിക്കുമ്പോൾ എല്ലാ പ്രഭാതത്തിലും സംഗീതമകരന്ദം പൊഴിച്ചു് അവൾ കുടുംബത്തിലുള്ള എല്ലാവരേയും രസിപ്പിച്ചിരുന്ന കാര്യവും അവൻ സ്മരിച്ചു.

അല്പസമയം കഴിഞ്ഞു് കതകു് അടച്ചു് കുററിയിട്ടതിനുശേഷം ആഗ്നസു് അടുക്കളയിലേക്കു് ഓടി. വെളുപ്പും തവിട്ടുനിറവും ഇടകലർന്ന ഒരു പൂച്ചക്കുട്ടി അവളുടെ കയ്യിൽ ഉണ്ടായിരുന്നു. അതു് നന്നേ ക്ഷീണിച്ചിരുന്നു അതിൻെറ ശരീരമാസകലം പൊടി പററിയുമിരുന്നു. "ഇതാ, നോക്കൂ! ഈ പൂച്ചക്കുട്ടി മൂടേറവുകൊണ്ടു അടുപ്പിനു സമീപം കിടക്കുകയായിരുന്നു. പൂച്ചക്കുട്ടിയെ അല്പസമയം മടിയിൽവെച്ചു താലോലിച്ചതിനുശേഷം അവൾ അതിനെ ഭർത്താവി

ൻെറ കയ്യിൽ ഏൽപ്പിച്ചു. അവളുടെ കണ്ണുകളിൽ കൂടി അശ്രുധാര പ്രവഹിച്ചുകൊണ്ടിരുന്നു. "ഓമനേ!" അവൾ പറഞ്ഞു: "ഈ പൂച്ചയെപ്പററി നാം ഇനി എന്താണു ചെയ്യുക! ഇനി എന്താണു ചെയ്യുക!"

ഹെല്ലോക്കിൻെറ ചിന്ത അങ്ങനെ പോയപ്പോൾ വിമാനത്തിൽ ഹെല്ലോക്കിൻെറ നേരെ എതിർവശത്തിരുന്നിരുന്ന ഒരാൾ അടുത്തിരുന്ന ഒരു സൈനികോദ്യോഗസ്ഥനോട് ഇപ്രകാരം ശബ്ദമുയർത്തി സംസാരിക്കുവാൻ തുടങ്ങി. "1945-നു ശേഷം ആ പുരാതനപട്ടണം വളരെക്കാലം മുമ്പുണ്ടായിരുന്നപോലെ തന്നെ നിർജ്ജീവമായിട്ടാണു ഞാൻ കണ്ടതു്". അപ്പോൾ, ഹെല്ലോക്കിനു അയാളുടെ തുടുത്തു കൊഴുത്ത കവിൾത്തടങ്ങളും കൈവിരലുകളുമേ കാണുവാൻ കഴിഞ്ഞിരുന്നുള്ളു. ആ സൈനികോദ്യോഗസ്ഥൻ ദൃഢസ്വരത്തിലാണു സംസാരിച്ചിരുന്നതു്. "യുദ്ധകാലത്തെന്നതുപോലെ അവിടെ 'ബിസിനസ്സി'ൽ വിജയിക്കുന്നതിനു നല്ല സൗകര്യമുണ്ടു്. തടവുപുള്ളികളെപ്പോലെ അസ്വതന്ത്രരായി കഴിയാതെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവരെ കാണുവാൻ നിങ്ങളുടെ കുട്ടികൾക്കു് സന്തോഷമുണ്ടായിരിക്കും. ടാങ്കുകളും മററു യുദ്ധസാമഗ്രികളും നിത്യം കണ്ടു മുഷിഞ്ഞിരിക്കുന്ന അവൎക്കു ഇപ്രകാരമുള്ള നൂതനമായ കാഴ്ചകൾ ആനന്ദപ്രദങ്ങളായിരിക്കുമെന്നതിൽ എനിയ്ക്കു സംശയമില്ല. വേറൊരു കാര്യംകൂടി........" ആ ഉദ്യോഗസ്ഥൻ ശബ്ദം താഴ്ത്തിക്കൊണ്ടു പറഞ്ഞു: "നാടോടി ഭാഷയിൽ പറയുന്ന പക്ഷം, നാം യുദ്ധകാല പരിതഃസ്ഥിതിയിലേക്കു വന്നുകൊണ്ടിരിക്കുകയാണു്. ഞാൻ വിവക്ഷിക്കുന്നതെന്താണെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലൊ.

വാഷിങ്ടൺ ഇന്നു യുദ്ധകാലഘട്ടത്തിൽ എന്നപോലെയാണു വർത്തിക്കുന്നതു്".

ഈ സംഭാഷണം കേട്ടപ്പോറം ഹെല്ലോക്ക് വിമാനത്തിലുള്ള തന്റെ ഇരിപ്പിടത്തിൽ കൈകറംകൊണ്ടു ബലമായി പിടിച്ചു. ആ ഉദ്യോഗസ്ഥന്റെ സംസാരം കേറംക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കാതെയുമിരുന്നില്ല. "അയാറം എന്താണു പറയുന്നതെന്നു കേട്ടില്ലേ" അയാറം സ്വയം ചോദിച്ചു. "ആ മനുഷ്യദ്രോഹി എന്താണു പറയുന്നതെന്നു കേട്ടില്ലേ". കോപിഷ്ഠനായിത്തീർന്ന ഹെല്ലോക്ക് ഒരു ദുർബലമാനസനെപ്പോലെ ആയിത്തീരുകയും, പുറകിൽകൂടി ചെന്നു് ആ ഉദ്യോഗസ്ഥനെ ഇടിച്ചു താഴെ ഇട്ടാൽ എന്തെന്നു ആലോചിക്കുകയും ചെയ്തു. എന്നാൽ അടുത്ത നിമിഷത്തിൽ അയാളുടെ കോപം അടങ്ങി; ശാന്തപ്രകൃതനായി. അയാറം കരയുന്നമട്ടായിത്തീർന്നു. വിമാനത്തിൽ ഇരുന്നുകൊണ്ടു് ഹെല്ലോക്ക് ഭൂമിയിലേക്കു ഒന്നുനോക്കി. യന്ത്രത്തിൽനിന്നു തീജ്വാല പ്രസരിക്കുന്നതും അതിലും താഴെയായി ഒരു മോട്ടോറിന്റെ മുൻവെളിച്ചവും അയാറം കണ്ടു.

"ആഗ്നസു പറഞ്ഞതു വെറും പരമാർത്ഥമാണു്" ഹെല്ലോക്ക് ചിന്തിച്ചു. "നിഷ്പക്ഷമായി നോക്കിയാൽ ആഗ്നസിന്റെ അഭിപ്രായം നിഷേധിക്കുക സാധ്യമല്ല. എന്റെ സഹയാത്രക്കാരന്റെ ആ സംഭാഷണത്തിൽ നിന്നും, 1950–ൽ മഹാനായ ഒരു പ്രസംഗകനിൽനിന്നും അമേരിക്കൻ മൂലധനത്തെപ്പററിയും, അമേരിക്കൻ ജനതയുടെ ചിന്താഗതികളെപ്പററിയും കേട്ട പ്രസംഗത്തിൽനിന്നും ഇപ്പോറം ഞാൻ തെററായ താവളത്തിലാണു് വന്നു ചേർന്നിരിക്കുന്നതെ

ന്നു വിചാരിക്കുന്നതിൽ അബദ്ധമില്ല. ശുഭപ്രതീക്ഷ കളോടുകൂടി കഴിഞ്ഞുകൂടുന്ന അപൂർവ്വം ചില വ്യക്തി കളിൽ ഒരുവൻ കൂടി ഇതാ പിൻതിരിയുവാൻ പോ കുന്നു. ഞാനും ഏതിർച്ചെരിയിലേക്കു നീങ്ങിക്കഴി ഞ്ഞിരിക്കുന്നു. പട്ടണത്തിലെ ജീവിതം എനിക്കും ദുസ്സഹമായിത്തീർന്നിരിക്കുന്നു. പക്ഷെ, ഇനി കുറച്ചു സമയമേ വേണ്ടു, ഞാൻ ശരിയായ ചേരിയിൽത്തന്നെ എത്തും".

നിരാശയോടെ ഹെല്ലോക്ക് അന്ധകാരത്തിലേ ക്കു തുറിച്ചു നോക്കിക്കൊണ്ടുതന്നെ കഴിച്ചു. ആ രാത്രി യിൽ ഉണ്ടായ പലതരം ചിന്തകളിൽക്കൂടി അയാളു ടെ മനസ്സ് ചുററിക്കറങ്ങുകയായിരുന്നു. സ്വാഭാവിക മായിത്തന്നെ ഹെല്ലോക്ക് ചകിതചിത്തനാണു്. 'മെ രിററ്' പാർക്കിൽവച്ചു് അപകടം സംഭവിച്ച പട്ടിയെ പ്പററി അദ്ദേഹം അനുസ്മരിച്ചു. പട്ടിയുടെ ഉടമസ്ഥൻ പാർക്കിലെ വിശ്രമസങ്കേതത്തിൽനിന്നു സംഭവസ്ഥല ത്തേക്കു പാഞ്ഞടുത്തുവരുന്നതും, കാറുകേറി നട്ടെല്ലു് ഒടിഞ്ഞുപോയ പട്ടിക്കുട്ടി പിൻകാലു് വലിച്ചിഴച്ചു കൊണ്ടു് പെട്രോൾ ഒഴുകിക്കൊണ്ടിരുന്ന റോഡിൽ കൂടി നടന്നുപോകുന്നതും കാറിൻെറ ഉടമസ്ഥൻ വായു വേഗത്തിൽ കാർ ഓടിച്ചുകൊണ്ടു പോകുന്നതും ഹെ ല്ലോക്കിൻെറ ഓർമ്മയിൽ വരാതിരുന്നില്ല. തൻെറ കൂടെ ഹോട്ടലിൽ താമസിച്ചുകൊണ്ടിരുന്ന ഹഡ്ക്കൽ അർബുദരോഗം പിടിപെട്ടു് രണ്ടുവർഷം കിടന്നു നരകിച്ചതും അവസാനം മരണമടഞ്ഞതും അയാളുടെ സ്മരണയിൽ വന്നു. ഹിരോഷിമാ സംഭവം നടന്ന പ്രഭാതത്തിൽ രാജവീഥിയിൽക്കൂടി ഒരുവൻ അയാ ളുടെ കുതിരയെ നയിച്ചുകൊണ്ടുപോയ ചിത്രവും അ

യാം ഓർമ്മിച്ചു. ആ ചിത്രത്തിൽ കാണുവാൻ കഴിഞ്ഞ മനുഷ്യൻ കതിരയോടുകൂടി, ഓടയിൽ മറിഞ്ഞുവീണു് ആരെന്നു തിരിച്ചറിയാൻ കഴിയാത്തവിധമായതും അദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ എത്തി. അതുപോലെതന്നെ ഹിരോഷിമയിൽ നടന്ന പല സംഭവങ്ങളും (അവയെല്ലാം വ്യക്തമായി ഹെല്ലോക്കിൻെറ മനോമുകരത്തിൽ സദാ പ്രതിഫലിച്ചുകൊണ്ടാണിരുന്നതു്) അയാഠം ദർശിച്ചു. ഉന്നതങ്ങളും ബലിഷ്ഠങ്ങളുമായ മനോഹര സൗധങ്ങഠം അവയുടെ അടിസ്ഥാനങ്ങളിൽനിന്നു തെററി, തകർന്നു നിലം പതിക്കുന്നതും, അവയിലെ കണ്ണാടിച്ചില്ലുകഠം തകർന്നു് കിലുകിലാരവത്തോടുകൂടി ഉയരത്തിൽനിന്നു വീഴുന്നതും നിരാശ്രയരായിത്തീർന്ന കുടുംബങ്ങഠം ഭയവിഹ്വലരായി തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ വൃക്ഷച്ചുവട്ടിൽ പററിച്ചേർന്നു നടക്കുന്നതും, ഉയരത്തിൽ കൂടി പറക്കുന്ന വൈമാനികരുടെ ദൃഷ്ടിയിൽ നിന്നു ഒഴിഞ്ഞുമാറുവാൻ ബദ്ധപ്പെടുന്നതും, എല്ലാം ഹെല്ലോക്കിൻെറ സ്മരണയിൽ തള്ളിക്കയറി.

വിമാനം താവളത്തിൽ താണിറങ്ങി. അസഹ്യമായ ശൈത്യത്തിൽനിന്നും രക്ഷനേടുവാനായി ഹെല്ലോക്ക് പുറംകോട്ടു വലിച്ചു തലയിൽ ഇട്ടുകൊണ്ടു് വിമാനത്തിൻെറ ഗോവണിപ്പടികളിൽ കൂടി ഓടിയിറങ്ങി. തൻെറ ആഗമനവും പ്രതീക്ഷിച്ചുകൊണ്ടു് 'ലീദിയാ' ആ വിമാനത്താവളത്തിൽ കാത്തുനില്ക്കുന്നതു അദ്ദേഹം കണ്ടു. "എന്തു്? എന്തു സംഭവിച്ചു?" അദ്ദേഹം ജിജ്ഞാസയോടെ പ്രിയതമയോടു ചോദിച്ചു.

"ഒന്നുമില്ല" ലീദിയാ മറുപടി പറഞ്ഞു. "അങ്ങയുടെ വരവും കാത്തു് ഞാൻ ഇവിടെ വന്നു നില്ക്കുമെ

ന്നു വിചാരിച്ചില്ലേ. അങ്ങയെ സ്വീകരിച്ചു വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതിനായി ഞാൻ ഇവിടെ കാത്തു നില്ക്കുകയാണു്. എന്നെ ഇവിടെ ആകസ്മികമായി കണ്ടുകഴിയുമ്പോൾ അങ്ങു് ആശ്ചര്യപ്പെട്ടുമെന്നാണു ഞാൻ കരുതിയിരുന്നതു്. എന്നാണു അങ്ങു മടങ്ങിവരുന്നതെന്നു അങ്ങയുടെ ആഫീസിൽ ചെന്നു ഞാൻ അന്വേഷിച്ചു. ഒരുപക്ഷേ, ഇന്നു വരുന്ന വിമാനത്തിൽ അങ്ങുണ്ടായിരിക്കാൻ ഇടയുണ്ടെന്നു അറിഞ്ഞതുകൊണ്ടാണു ഞാൻ ഇത്ര സമയം ഇവിടെ നിന്നതു്. നമുക്കു ഈ അസഹ്യമായ തണുപ്പിൽനിന്നു പോകാം. ഞാൻ തണുത്തു മരവിച്ചിരിക്കുകയാണെന്നു പറയാം". ലീദിയായുടെ മനോഹരമായ കുന്തൽ കാററിൽ ചാഞ്ചാടി മുഖത്തു് പാറിപ്പറക്കുന്നുണ്ടായിരുന്നു. ഭർത്താവിൻെറ കരങ്ങൾ ഗ്രഹിച്ചുകൊണ്ടു് ലീദിയാ ചോദിച്ചു: "എൻെറ സാന്നിദ്ധ്യം അങ്ങയ്ക്കു ആനന്ദമല്ലയോ? അങ്ങു് എന്നെ ചുംബിക്കുവാൻ സന്നദ്ധനാകാത്തതെന്തുകൊണ്ടാണു്?".

അവർ പരസ്പരം കരങ്ങൾ ഗ്രഹിച്ചുകൊണ്ടു് അടുത്തു കിടന്ന കാറിൻെറ സമീപത്തേക്കു നടന്നു. ഹെല്ലോക്കു് കൈവശമിരുന്ന 'സൂട്ടു്കേസു്' കാറിൻെറ പുറം സീററിൽ നിക്ഷേപിച്ചു. "കാർ ഓടിക്കരുതോ?" അദ്ദേഹം ചോദിച്ചു. "കഴിഞ്ഞ രാത്രിയിൽ ഞാൻ അശേഷം ഉറങ്ങിയിട്ടില്ല. അതുകൊണ്ടു് എനിക്കു വളരെ ക്ഷീണമുണ്ടു്".

ലീദിയാ കാർ ഓടിക്കുവാൻ തുടങ്ങി. അവൾ ചോദിച്ചു: "അങ്ങയുടെ യാത്ര സുഖകരമായിരുന്നില്ലേ? ഉദ്ദേശിച്ചിരുന്നതു പോലെ യാത്ര വിജയകരമായിരു

ന്നുവോ? യാത്രയിൽ ആഗ്നസിനേയും ജോർഡാനേയും കാണുവാൻ സൗകര്യപ്പെട്ടുവോ?" ഹെല്ലോക്കിനു മറുപടി പറയുവാൻ സമയം ലഭിക്കുന്നതിനു മുമ്പേ ലീദിയാ പിന്നെയും പറഞ്ഞു: "ഓ! ഞാൻ തീരെ മറന്നുപോയി. ഈ പട്ടണത്തിൽനിന്നു എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടുപോകുവാൻ അങ്ങു ഉദ്ദേശിക്കുന്നുണ്ടോ? മൂന്നു ദിവസങ്ങളായി ഹോട്ടലുകളിലെ ഭക്ഷണമാണല്ലോ അങ്ങു കഴിച്ചുകൊണ്ടിരുന്നതു്. അതുകൊണ്ടു് വീട്ടിൽ ചെന്നു ഭക്ഷണം കഴിക്കുവാനായിരിക്കും അങ്ങു് ആഗ്രഹിക്കുന്നതു്. എന്തു പറയുന്നു, അതുപോരെ? അങ്ങയുടെ കുഞ്ഞുങ്ങളേയും ഉടൻ കാണാമല്ലോ. അങ്ങയുടെ വരവും നോക്കി അവർ കാത്തിരിക്കയാണു്. ഈ തണുപ്പുകൊണ്ടു എൻെറ ശരീരമെല്ലാം മരവിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു സിഗററു കൊളുത്തി തരുമോ?".

ഹെല്ലോക്കു് ഒരു സിഗററു് കൊളുത്തി ഭാര്യയുടെ കൈകളിൽ കൊടുത്തു. ഭാര്യയോടു് അദ്ദേഹത്തിനു് അല്പം കോപവും ഉണ്ടാകാതിരുന്നില്ല. "ലീദിയാ എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക" അദ്ദേഹം തന്നോടു തന്നെ പറഞ്ഞു. "അവൾ എന്തെല്ലാം വിഷയങ്ങളെപ്പററിയാണു സംസാരിക്കുന്നതു്? കാലാവസ്ഥ, ഭക്ഷണം, സ്വന്ത ഭവനം എന്തെല്ലാമോ പറയുന്നു. ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി നല്കുവാനുള്ള സമയം പോലും എനിക്കു അനുവദിച്ചു തരുന്നില്ല. തലേരാത്രിയിലെ അനുഭവങ്ങളെപ്പററി പറഞ്ഞാൽതന്നെയും ലീദിയാ ശ്രദ്ധിക്കുമെന്നു തോന്നുന്നില്ല. എന്തൊരു കഷ്ടം! ഇപ്പോൾ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല".

ഹെല്ലോക്ക് തലേരാത്രിയിലെ അനുഭവങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു. ജനബഹുലമായ തെരുവീഥികൾ പിന്നിട്ടു കഴിഞ്ഞപ്പോൾ ലീദിയാ അതിവേഗം കാർ ഓടിക്കുവാൻ തുടങ്ങി. ഹെല്ലോക്ക് പുറംകോട്ടു് അഴിച്ചെടുത്തു മാററിയതിനു ശേഷം കാറിൻെറ സീററിലേക്കു ചാരിക്കിടന്നു. ലീദിയാ കാർ ഓടിക്കുമ്പോൾതന്നെ ഒരു മൂളിപ്പാട്ടു പാടിക്കൊണ്ടാണിരുന്നതു്. "വീട്ടിൽ എത്തുമ്പോൾ അങ്ങേയ്ക്കു് ഒരു നല്ല കൂട്ടുകാരിയെ കാണാൻ കഴിയും" അവൾ ഭർത്താവിനോടു് ഫലിതരൂപത്തിൽ പറഞ്ഞു. "അങ്ങയെ പാടി കേൾപ്പിക്കുവാൻ ജൂലിയാ—അങ്ങയുടെ ഓമനമകൾ—ഒരു നല്ല പാട്ടു പഠിച്ചുവച്ചിരിക്കുകയാണു്. അവൾ മൂന്നു ദിവസമായി ആ പാട്ടു പാടിക്കൊണ്ടു തന്നെ സമയം കഴിക്കുന്നു".

"ജൂലിയാ എന്തു പഠിച്ചു എന്നാണു പറഞ്ഞതു?" ഹെല്ലോക്ക് എടുത്തു ചോദിച്ചു.

"ഒരു നല്ല പാട്ടു്. അങ്ങേയ്ക്കു അറിയാവുന്ന ആ പാട്ടുതന്നെ അവളും പഠിച്ചുകഴിഞ്ഞിരിക്കുന്നു." ലീദിയാ മറുപടി പറഞ്ഞു.

"ലീദിയാ! നീ പറയുന്നതു ശരിതന്നെയോ?"

"ഞാൻ സത്യമാണു പറഞ്ഞതു്. അങ്ങു പാടുന്നതുപോലെ അവളും പാടും. പക്ഷെ, ഒരു വ്യത്യാസമുണ്ടു്; അവൾ മധുരമായും ഉച്ചത്തിലും പാടും".

"അങ്ങനെയെങ്കിൽ എനിക്കു ഉടനെ അവളുടെ പാട്ടു കേൾക്കണം."

ലീദിയാ പൊട്ടിച്ചിരിച്ചുകൊണ്ടു് ഭർത്താവിന്റെ തോളിൽ മന്ദമായി സ്പർശിച്ചു. "അല്ലാ, അതേപ്പററി പറഞ്ഞപ്പോഠം മററൊരു സംഗതികൂടി എന്റെ ഓർമ്മയിൽ വരുന്നു. അടുത്തവാരത്തിൽ നമുക്കൊരുമിച്ചു് ഒരു സല്ക്കാരത്തിൽ പങ്കുകൊള്ളാൻ പോകേണ്ടിയിരിക്കുന്നു. അതെ, അടുത്ത ബുധനാഴ്ചതന്നെ. ഇത്തവണ ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. അവർ പല പ്രാവശ്യമായി നമ്മെ ക്ഷണിക്കുന്നു. അങ്ങു് ക്ഷമിക്കണം, അതുപോലെതന്നെ മററൊരു ക്ഷണവും നമുക്കു ലഭിച്ചിരിക്കുകയാണു്. ഹെലൻ അടുത്ത ഞായറാഴ്ച ഹോക്കി കളിക്കുവാൻ നമ്മെ ക്ഷണിച്ചിരിക്കുന്നു. അതിനു സമയം കിട്ടുമോ എന്നകാര്യം സംശയമാണെന്നു് ഞാൻ ഹെലനോടു പറഞ്ഞുകഴിഞ്ഞു. എങ്കിലും, അങ്ങയുടെ അഭിപ്രായം കൂടി അറിഞ്ഞതിനു ശേഷം വിവരമറിയിക്കാമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്".

"വേണ്ടാ! നമുക്കു പോകേണ്ട" ഹെല്ലോക്കു് മറുപടിപറഞ്ഞു. "ഹെല്ലനും, ഡോണും ഇത്ര പെട്ടെന്നു ഔന്നത്യത്തിലെത്തിയതു് എങ്ങനെയാണു്?".

"അക്കാര്യം അങ്ങയോടു പറയാൻ ഞാൻ മറന്നുപോയി. ഇക്കഴിഞ്ഞ വാരത്തിൽ അപ്രതീക്ഷിതമായി അവർ ധനികരായിത്തീർന്നതാണു്. അവർ അക്കാരണത്താൽ ആഹ്ലാദിച്ചുകൊണ്ടിരിക്കയാണു്. ഹെല്ലനു വിലകൂടിയ ഒരു 'ഡ്രസ്സും' കിട്ടിയിരിക്കുന്നു".

"ഓഹോ" ഹെല്ലോക്കു പതുക്കെ പറഞ്ഞു.

"ഒരുപക്ഷെ, നാളെ രാത്രി അങ്ങേയ്ക്കു അവരുടെ പുതിയ വേഷം കാണുവാൻ കഴിയും. നല്ല വക്കത്തിൽ പെട്ട ഒരു നായാട്ടു പട്ടിയെ എവിടെ കിട്ടുമെന്നു

ഡോൺ അങ്ങയോട് ചോദിക്കുവാൻ കാത്തിരിക്കുക കയാണു്. പട്രീസായുടെ പിറന്നാളിനു് അവൾക്ക് ഒരു നല്ല നായാട്ടുപട്ടിയെ കൊടുക്കണമെന്നു അവൾക്ക് ഒരു ആഗ്രഹം. നമ്മുടെ പട്ടിയെപോലെയുള്ള ഒരു നല്ല ഇനം പട്ടിയെ കിട്ടാനാണവരുടെ മോഹം".

ഹെല്ലോക്ക ലീദിയായോട് പറഞ്ഞു: "അടുത്തു വരുന്ന ഗ്രീഷ്മകാലംവരെ അവർ ക്ഷമിച്ചിരിക്കുമെങ്കിൽ നമ്മുടെ പട്ടി പ്രസവിക്കുമ്പോൾ അതിൻെറ ഒരു കുട്ടിയെ അവൾക്കു കൊടുക്കാമല്ലോ".

ഹെല്ലോക്ക ഭാര്യയെ ഒന്നു സൂക്ഷിച്ചു നോക്കി. അവളുടെ വിടർന്ന പുഞ്ചിരി അദ്ദേഹത്തെ ഹഠാദാകർഷിച്ചു. ആ മങ്ങിയ നിലാവെളിച്ചത്തിൽ ലീദിയായുടെ മുഖകമലം വികസിക്കുന്നതായി അദ്ദേഹം കണ്ടു. തൻെറ ഭാര്യയുടെ ഹൃദയാനന്ദകരമായ പെരുമാററത്തിൽ ഹെല്ലോക്ക് വളരെ സന്തോഷിച്ചു. അവളുടെ ഫലിതങ്ങളും പ്ലാനുകളും സ്നേഹിതരെപ്പററിയുള്ള പരാമർശങ്ങളും അദ്ദേഹത്തിൻെറ മനസ്സിനെ കുളർപ്പിച്ചു. കാറിൽ കയറി ഇരിക്കുന്ന സമയത്തു പോലും മനസ്സിൽ സ്ഥലം പിടിച്ചിരുന്ന ഭയചിന്തയും വിഷാദഭാവവും, ഇപ്പോൾ അപ്രത്യക്ഷമായി. അന്നു രാത്രിയെങ്കിലും സുഖമായി ഉറങ്ങുവാൻ കഴിയുമെന്നു ഹെല്ലോക്ക സമാധാനിച്ചു. അതുമാത്രമായിരുന്നു അപ്പോൾ അദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരുന്നതു്.

"വരൂ, ലീദിയാ" ഹെല്ലോക്ക സ്നേഹപൂർവ്വം പറഞ്ഞു. "നമ്മുടെ കുട്ടികൾ എവിടെ?".

# VI

## അവസാനത്തെ ഗ്രീസ്‌ലിക്കരടി

ആ ഗ്ലാസ്സുഭരണിക്കുള്ളിൽ മിന്നിത്തിളങ്ങുന്ന ഒരു അസ്ഥിപുഞ്ജം മാത്രമാണുണ്ടായിരുന്നതു്. അതെന്താണെന്നു മനസ്സിലാക്കാൻ കഴിയാതെ, തന്റെ പുത്രനായ ടോമി അത്ഭുതപരതന്ത്രനായി നോക്കിക്കൊണ്ടു നിന്നില്ലായിരുന്നുവെങ്കിൽ അയാൾ—തോമസ്സ്—അതിൽ ശ്രദ്ധിക്കുമായിരുന്നില്ല. നീണ്ടു വൃത്താകൃതിയിലുള്ള ഗ്ലാസ്സു ചില്ലുകൾക്കു പിന്നിൽ നിരന്നിരുന്ന വന്യജീവിത മാതൃകകളെക്കൊണ്ടു നിറഞ്ഞ മ്യൂസിയത്തിൽ ആ തലയോട്ടു് ഒരു രത്നവ്യാപാരിയുടെ പ്രദർശനശാലയിൽ വച്ചിരിക്കുന്ന അസുലഭമായ ഒരു വൈഡൂര്യക്കല്ലുപോലെ പ്രമുഖമായി കാണപ്പെട്ടു.

"അതെന്താണച്ഛാ?" മകൻ ചോദിച്ചു.

"അതോ, മകനേ! അതു്......." കണ്ണട അമർത്തിപ്പിടിച്ചുകൊണ്ടു് അതിൽ ഒട്ടിച്ചിരുന്ന കാർഡു് വായിക്കുവാനായി അയാൾ തെല്ലൊന്നു കുനിഞ്ഞു. വായിക്കാതെതന്നെയും, അതു് എന്താണെന്നു് അയാൾക്കു അറിയാമായിരുന്നു. കഴിഞ്ഞകാലങ്ങളിലെ സംഭവപരമ്പരകൾ ഒരു വെള്ളിത്തിരയിലെന്നവിധം അയാളുടെ മനസ്സിൽ കൂടി കടന്നുപോകയാണു്. നിർജ്ജീവമായ ആ അസ്ഥിപഞ്ജരംകണക്കെ അയാളും അല്പസ

മയം മരവിച്ചുനിന്നുപോയി. പിന്നീട് അയാറം പറഞ്ഞു, "അതു് ഗ്രീസ്ലിക്കരടിയുടെ തലയോടാണു്".

"കരടിയുടേതോ?" മകൻ ആശ്ചര്യത്തോടെ ചോദിച്ചു.

മകൻെറ സ്വരത്തിൽ ആശ്ചര്യവും സംശയവും കലർന്നിരുന്നു. ക്രിസ്തുമസ്സു് കാലങ്ങളിലും ജന്മദിനാഘോഷാവസരങ്ങളിലും സമ്മാനമായി കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നു മാത്രമേ കരടിയെപ്പററി ആ ബാലൻ കേട്ടിട്ടുള്ളു. "അച്ഛാ! എന്താണു പറഞ്ഞതു്, കരടിയെന്നോ?" ഗ്ലാസ്സിൽ ഒട്ടിച്ചിരുന്ന കാർഡു് വായിക്കുവാൻ തോമസ്സു് എത്തിവലിഞ്ഞു നോക്കി. ടോമിയുടെ ചോദ്യത്തിൻെറ ശക്തിയും വർദ്ധിച്ചുവന്നു.

"അതെ, ടോമി, കരടിയുടെ തലയോട്" ഇടയ്ക്കു സംസാരം നിറുത്തി, അയാറം കൈവിരലുകറം കൊണ്ടു് ആദ്യം തൻെറ ശിരസ്സിലും, പിന്നീടു് മകൻെറ തലയിലും പതുക്കെ താളം പിടിക്കുവാൻ തുടങ്ങി. "ആ കാർഡിൽ എഴുതിയിരിക്കുന്നതു്............" കണ്ണാടിപ്പെട്ടിയിൽ അയാളുടെ ശ്രദ്ധ പിന്നെയും പതിഞ്ഞു. "മിസൗറിവരെയുള്ള രാജ്യങ്ങളിൽ പ്രചരിച്ചിരുന്ന നാടോടി കഥകളിൽ ഗ്രീസ്ലിക്കരടികളെപ്പററി വിവരണങ്ങറം ഉണ്ടെങ്കിലും, അത്തരത്തിലുള്ള കരടിയെപ്പററി കൂടുതൽ അറിയപ്പെട്ടിരുന്നതു് മൗറിക്കു വടക്കുള്ള രാജ്യങ്ങളിലായിരുന്നു. 'വസാഷ്' പർവ്വതനിരകളിലാണു് ഗ്രീസ്ലിക്കരടികളെ കാണാറുണ്ടായിരുന്നതു്. കരടികറം സഞ്ചരിക്കുന്ന, ഏററവും തെക്കേ അററമായ വാസാഷ് മലനിരയിൽവെച്ചു്

കൊല്ലപ്പെട്ട ഒരു ഗ്രീസ്'ലിക്കരടിയുടെ തലയോടാണിതു".

ടോമിയുടെ ആ പ്രായത്തിൽതന്നെ, തോമസ്സിന്ന് ഇക്കാര്യങ്ങളെപ്പററി കേൾക്കുവാൻ കഴിഞ്ഞിരുന്നു. അയാൾക്കതു പൂർണ്ണമായി വിശ്വസിക്കുവാൻ സാധിച്ചിരുന്നില്ല. അയാളുടെ അന്തർഭാഗത്ത് ഒരു കോണിൽനിന്ന് ഒരു ചിന്ത കോളെടുക്കുകയായിരുന്നു.

"അച്ഛാ, എന്താണതിൻെറ അർത്ഥം?" മകൻെറ വാക്കുകൾ ഏതോ വിദൂരസ്ഥലത്തുനിന്നും പുറപ്പെടുന്നതുപോലെയാണ് അയാൾക്കു തോന്നിയതു്.

"അതു സൂചിപ്പിക്കുന്നതു എന്താണെന്നോ.......?" തൻെറ ശബ്ദം അയാൾക്കുതന്നെ കേവലം പരിചിതമല്ലാത്തതുപോലെ തോന്നി.

"ഒന്നുകിൽ, ഈ കരടിയെ കൊന്ന സ്ഥലം അതിനു പരിചിതമല്ലായിരുന്നു; അതല്ലെങ്കിൽ മനുഷ്യദൃഷ്ടിക്കു കാണുവാൻ കഴിയാതെ അതു് അവിടെ ജീവിച്ചിരുന്നിരിക്കണം" അയാൾ പറഞ്ഞു.

"തോമസ്സ്—ദയവുചെയ്തു്..........." പുറകിൽ നിന്ന ആലീസിൻെറ ശബ്ദം കേട്ടതോടുകൂടി അവരുടെ സംഭാഷണം പെട്ടെന്ന് അവസാനിച്ചു. പവിഴ നിറത്തിലുള്ള ഒരു പരിഷ്കൃത സഞ്ചി, സുന്ദരമായ ദേഹത്തോടു അമർത്തിപ്പിടിച്ചുകൊണ്ടു് അവൾ അവരുടെ പുറകിൽ നില്ക്കുകയായിരുന്നു. വെള്ള നിറത്തിലുള്ള പാദരക്ഷകളാണ് അവൾ ഇട്ടിരുന്നതു്. അയാൾ ടോമിയിൽനിന്നു ദൃഷ്ടികൾ തിരിച്ചപ്പോൾ ആദ്യമായി കണ്ടതു് ആലീസിൻെറ പാദരക്ഷകളാണ്."

"ടോമി ഒരു പ്രസംഗമല്ല ആവശ്യപ്പെട്ടതു്" ആലീസ് പറഞ്ഞു.

"കരടി അവിടെ ഉണ്ടായിരുന്ന വിവരം ആരും അറിഞ്ഞിരുന്നില്ലേ?" ടോമി അന്വേഷിച്ചു.

"ഇല്ല" തോമസ്സ് മറുപടി പറഞ്ഞു. അയാരം കണ്ണട മടക്കി കോട്ടിൻെറ അകത്തെ കീശയിൽ ഇട്ടു. അനന്തരം മകൻെറ കൈയ്യു പിടിച്ചുകൊണ്ടു് പറഞ്ഞു: "വരൂ, ടോമി. മടങ്ങിപ്പോകുവാൻ സമയം അതിക്രമിച്ചിരിക്കുന്നു."

"അച്ഛാ! മനുഷ്യർ ആ കരടിയെ കാണുവാനിടയായതു് എങ്ങനെയാണു?" ആ കഥ സത്യമല്ലെന്നു വിചാരമുണ്ടായിരുന്നിട്ടും അതു് ഉള്ളിൽ ചുഴിഞ്ഞിറങ്ങുന്നതായി അയാരംക്കു തോന്നി. മടങ്ങിപ്പോകുന്ന വഴി ടോമിയോടു പറഞ്ഞ കാര്യങ്ങരം ആലീസിനോടു പറഞ്ഞു. മാർബിരം കല്ലുകരം കൊണ്ടു ഭംഗിയിൽ പടുത്തിരുന്ന തറയിൽ ആലീസിൻെറ പാദരക്ഷകരം പതിച്ചപ്പോഴുണ്ടായ ശബ്ദമല്ലാതെ മററൊന്നും കേരംക്കാനുണ്ടായിരുന്നില്ല.

"ആ കരടിയെ ആരെങ്കിലും വെടിവെച്ചു കൊല്ലുകയാണോ ചെയ്തതു്?" ടോമി വീണ്ടും ചോദിച്ചു.

"അതെ" അയാരം മറുപടി പറഞ്ഞു.

"അതെങ്ങനെയാണു്?"

മകൻെറ ചോദ്യം അയാളുടെ കർണ്ണങ്ങളിൽ അസ്ത്രം പോലെ തുളച്ചുകയറി. ചൂടേറിയ കാററു വീശുകയാണു്. പാതയുടെ ഇരുവശങ്ങളിലും നില്ക്കുന്ന മരങ്ങളിൽ നിന്നും പൂക്കരം ഉതിർന്നു വീഴുന്നു. നാലുപാടും മട്ടമലരിൻെറ മണം പരക്കുന്നു. കാഴ്ച ബംഗ്ലാവി

നോട്ട ചേർന്നുകിടക്കുന്ന പൂവാടിയിലെ താമരപ്പൊയ്ക തളർന്നുറങ്ങുന്നു. അതിൻെറ തീരത്തുള്ള മരച്ചില്ലകളിൽ കയറിയിരുന്നു പൈങ്കിളികൾ മധുരമായി പാടുന്നു. പക്ഷേ, ടോമിയുടെ ചോദ്യത്തിൻെറ ഉഗ്രതയുടെ മുമ്പിൽ അവയെല്ലാം തോമസ്സിനെസംബന്ധിച്ചിടത്തോളം അഗണ്യങ്ങളായിത്തീർന്നു. അയാളുടെ ഓർമ്മ പല വർഷങ്ങൾ പിന്നിട്ടു.

ഒരു പഴയ പള്ളിമുറി. ഒട്ടധികം കുട്ടികൾ പൊടിപിടിച്ച തറയിൽ ക്രമമില്ലാതെ ഇട്ടിരുന്ന കസേരകളിൽ ഇരുപ്പുറപ്പിച്ചിരിക്കുന്നു. മുറിയുടെ ഒരുഭാഗത്ത് ഇട്ടിരുന്ന ബ്ളാക്കുബോർഡിൻെറ മുമ്പിലിട്ടിരുന്ന ഒരു കസേരയിലിരുന്നുകൊണ്ടു് സ്റ്റീൽമാൻ ഒരു വൃദ്ധനോട്ട സംസാരിക്കയാണു്. കസേരയിലെ വാർണീഷിൻെറയും, ബോർഡിലെ എണ്ണയുടെയും ദുസ്സഹമായ ഗന്ധം നാസാരന്ധ്റങ്ങൾ തുളച്ചുകയറുന്നു.

"കുട്ടികളേ!" മി. സ്റ്റീൽമാൻ പറഞ്ഞു. അയാൾ ഒരു കസേരയിൽ കാലിന്മേൽ കാൽ കയററിവെച്ചുകൊണ്ടാണു് ഇരുന്നിരുന്നതു്. കാൽച്ചട്ടകൾ മങ്ങിയ നിറത്തിലുള്ളതായിരുന്നു. കാൽച്ചട്ടയേക്കാൾ വില കൂടിയ തുണികൊണ്ടു നിർമ്മിച്ചതായിരുന്നു ഷർട്ടു്. കൈകൾ മടക്കിവെച്ചിരുന്നു. നരച്ചതെങ്കിലും ലോലമായ തൻെറ മുടി പുറകോട്ടു ഭംഗിയായി ചീകിവച്ചിരുന്നു. അയാൾ കുട്ടികളെ അഭിസംബോധനചെയ്തുകൊണ്ടു തുടർന്നു: "കുട്ടികളെ! നിങ്ങളെ ഒരു കഥ പറഞ്ഞുകേൾപ്പിക്കുവാൻ മി. ഏബ്രഹാംനേഗർ എന്നൊരാളെ ഞാൻ ക്ഷണിച്ചിരിക്കുകയാണു്; അയാൾ ഒരു സംഭവകഥ പറയുന്നതാണു്."

മററാരെങ്കിലുമാണ് ആ വാക്കുകൾ പറഞ്ഞിരുന്നതെങ്കിൽ കുട്ടികൾ ശ്രദ്ധിക്കുമായിരുന്നില്ല. സാധാരണയായി അവർ പ്രതിഷേധശബ്ദം പുറപ്പെടുവിക്കുമായിരുന്നു. എന്നാൽ മി. സ്റ്റീൽമാൻെറ വാക്കുകൾ കേട്ടപ്പോൾ അവർ ഉഷാറായി ശ്രദ്ധിക്കാൻതുടങ്ങി.

സ്റ്റീൽമാൻ തുടർന്നു: "മി. നെഗാർ 'ഓഹിയോ' എന്ന സ്ഥലത്താണു ജനിച്ചതു്. ആകട്ടെ, ഓഹിയോ എവിടെയാണെന്നു ആർക്കെങ്കിലും പറയാമേ?"

'എഡ്ഡൻ' എന്ന ഒരു കുട്ടി കൈപൊക്കി. അവനെ 'എഡ്ഡൻ' എന്നാണ് എല്ലാവരും വിളിച്ചിരുന്നതു്. 'എഡ്ഡി' എന്നു ചിലർ വിളിക്കാറുണ്ടായിരുന്നു. പിൽക്കാലത്തു് ആലിസ്സിനു് ആ പേരു് ഇഷ്ടപ്പെട്ടില്ല. അവൾ അതു 'തോമ്മസ്സ്' എന്നു് മാററി. അങ്ങനെയാണു എഡ്ഡി ഇപ്പോൾ തോമസ്സായതു്."

"കൊള്ളാം, എഡ്ഡീ, നീ മിടുക്കൻതന്നെ."

"അതു് 'ഇൻഡ്യാനാ'യ്ക്കു സമീപമുള്ള രാജ്യമാണ്." എഡ്ഡി ഉത്തരം പറഞ്ഞു.

"ശരി. മിസ്സിസ്സിപ്പി നദിയുടെ മറുകരയിൽ മി. നെഗാർ ജനിക്കുമ്പോൾ ഓഹിയോ വെറും ഒരു വനപ്രദേശമായിരുന്നു. നിങ്ങളുടെകൈ പ്രായമായിരിക്കുമ്പോൾ നെഗാർ പടിഞ്ഞാട്ടു നടന്നു. അയാൾ ഒരു നല്ല 'സ്കൗട്ടാ'യിരുന്നു എന്നുകൂടി പറയേണ്ടതുണ്ട്. മിസ്സിസ്സിപ്പിനദിയിൽക്കൂടി യാത്രചെയ്തു് അയാൾ മഞ്ഞനദിയിൽ എത്തി. ഒരു വീടുപോലും ഇല്ലാതിരുന്ന കാലത്താണ് നെഗാർ അവിടെ എത്തിയതെന്നു പ്രത്യേകം ഓർമ്മിക്കണം. മലവേടന്മാരുടെ ചെറുകുടിലുകളും, ഇൻഡ്യാക്കാരായ ഏതാനും ആളുകൾ പാ

ത്തിരുന്ന ചില ഗൃഹകളും മാത്രമായിരുന്നു അന്ന് അവിടെ ഉണ്ടായിരുന്നതു്.

ഈ സന്ദർഭത്തിൽ മി. നെഗാറും ഭാൎയ്യയും അവിടെ പ്രവേശിച്ചു. തോമ്മസ്സ് (ഏദി) നെഗാറിനെ സൂക്ഷിച്ചുനോക്കി. അയാളെക്കണ്ടാൽ വിജനമായ വനാന്തരങ്ങളിൽ കഴിഞ്ഞുകൂടിയ ഒരുവനാണെന്നു തോന്നുകയില്ല.

"മി. നെഗാറിനു് ആകാംക്ഷാജനകവും അത്ഭുതകരവുമായ പല കഥകളും പറയുവാൻ കഴിയും. അതുകൊണ്ടാണു് ഞാൻ അദ്ദേഹത്തെ ഇവിടെ ക്ഷണിച്ചു വരുത്തിയിരിക്കുന്നതു്." സ്റ്റീൽമാൻ പറഞ്ഞു. ചുവന്നു വിസ്താരമേറിയ മുഖം തുവാലകൊണ്ടു് തുടച്ചതിനു ശേഷം സ്റ്റീൽമാൻ നെഗാറിൻെറനേക്കു തിരിഞ്ഞു. നെഗാർ അഭിമാനഗൎവ്വത്തോടെ ഒന്നു ചിരിച്ചു. അയാളെ കണ്ടാൽ കാട്ടിൽ ജീവിച്ചവനാണെന്നു തോന്നുകയില്ല. നന്നേ പ്രായംചെന്നിരുന്നെങ്കിലും ഒരു യുവാവിൻെറ പ്രസന്നതയായിരുന്നു അയാൾക്കു്. നെഗാർ എഴുന്നേററുനിന്നു ചെറുതായി ഒന്നു ചിരിച്ചു. ആ ചിരിയിൽ അഭിമാനം തിങ്ങിനിന്നിരുന്നു. കുട്ടികളുമായുള്ള സംഭാഷണത്തിൽ അയാൾ അതിയായ താല്പൎയ്യം പ്രകടിപ്പിച്ചുവന്നു. അയാൾ എന്തു പറഞ്ഞാലും അതു ശരിയാണെന്നേ കേൾവിക്കാൎക്കു തോന്നു. വാക്കുകൾകൊണ്ടു മാഞ്ഞുപോകാത്ത എത്രയെത്ര ചിത്രങ്ങളാണു് അയാൾ വരയ്ക്കുന്നതു്. മിസൗറിയുടെ തടത്തിൽ ബ്ലോക്ക്കാനിയോണിൽ വസിച്ചിരുന്ന നെഗാറിനെ അയാൾ കൺമുമ്പിൽ അവതരിപ്പിക്കും — വിശ്വസ്തനായ ഒരു നായോടുകൂടി ആ മഹാരണ്യത്തിൻെറ മദ്ധ്യത്തിൽ, വന്യമൃഗങ്ങളെ വേട്ടയാടിയും,

കാട്ടുകിഴങ്ങുകൾ പറിച്ചതിന്നും കഴിഞ്ഞുകൂടിയിരുന്ന നെഗാറിനെ. ആവശ്യമില്ലാത്തപ്പോഴും കുരച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്ന ആ പട്ടിയുടെനേരെ നെഗാർ കോപിക്കുന്നതു ഞങ്ങൾക്കു കാണാം. മുയലുകളേയും കാട്ടുകിളികളേയും പിൻതുടരുകയും, മാളത്തിൽനിന്നു പുറത്തിറങ്ങുന്ന എലികളെ അത്ഭുതത്തോടെ നോക്കിക്കൊണ്ടുനില്ക്കുകയും ചെയ്യുക എന്നതു് ആ പട്ടിയുടെ സ്വഭാവമായിരുന്നു. വേണ്ടസമയത്തും അതു കുരയ്ക്കാതിരിക്കയില്ല. അസാധാരണമായ സ്നേഹാദരവുകളോടെയാണു് അതു വാലാട്ടിക്കൊണ്ടു നില്ക്കാറുള്ളതു്. നെഗാർ അതിനോടു് അധികം കോപിച്ചിരുന്നില്ല. തീയുടെ ചൂടേററ പാർശ്വത്തിൽ തോക്കുവെച്ചുകൊണ്ടു കരടിയുടെ വരവുംനോക്കി ഇരിക്കുന്ന നെഗാറിനെ അയാൾ എത്ര ഭംഗിയായി വർണ്ണിച്ചിരുന്നു.

"കുട്ടികളേ! എനിക്കു സത്യമായിട്ടു നിങ്ങളോടു പറയുവാൻ കഴിയും." നെഗാർ കഥപറയുവാൻ ആരംഭിച്ചു. "എനിക്കു വയസ്സു തൊണ്ണൂറു കഴിഞ്ഞിരിക്കുന്നു. ആ പിശാചിനോടു വെറുപ്പുതോന്നിയതുപോലെ മറെറാന്നിനോടും എനിക്കു വെറുപ്പുതോന്നിയിട്ടില്ല. സദാസമയവും ആ പിശാചു് എന്നെ അനുധാവനം ചെയ്യുന്നതായിട്ടാണു് എനിക്കു തോന്നുന്നതു്. പുഴവക്കത്തെ ചേററിലും, പുൽത്തകിടികളിലും അതിൻെറ പാദമുദ്രകൾ ഞാൻ കാണുന്നു. ജീവനോടു് അതിനെ ഒരിക്കലും കാണുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, അതു് ഭീമാകൃതിയിലുള്ള ഒരു ഭയങ്കര ജന്തുവായിരുന്നെന്നു ഞാൻ വിചാരിക്കുന്നു."

മി. നെഗാറിൻെറ മസ്തിഷ്കത്തിൽക്കൂടി ആശയങ്ങൾ ഒന്നൊന്നായി വന്നുകൊണ്ടിരുന്നു എന്നു മന

സ്സിലാക്കാൻ പ്രയാസമില്ലായിരുന്നു. ഒരു ബാഡ്മെൻറ് കളിക്കാരൻ, ബാററ് കൈകളിലെടുത്ത് അതിൻെറ ബലവും യോഗ്യതയും പരിശോധിക്കുന്നതുപോലെ തൻെറ ആശയങ്ങൾ ഒരോന്നായി അയാൾ പരിശോധിച്ചുകൊണ്ടിരുന്നു. ഒരു ചെറുകുടിലിൽ അയാൾ നയിച്ച ജീവിതം അതേപടി, അനുയോജ്യമായ അംഗവിക്ഷേപങ്ങളോടെ അയാൾ വിവരിച്ചുകേൾപ്പിച്ചു. അപ്പോൾ ചിരിക്കാതിരിക്കാൻ ആർക്കും സാദ്ധ്യമായിരുന്നില്ല. വസന്തകാലത്ത് എല്ലാ ചെടികളിലും താനേ പൂക്കൾ മൊട്ടിട്ടു വിടരുന്നതുപോലെ വിവിധങ്ങളായ ആശയങ്ങൾ അയാളുടെ മസ്സിഷ്ക്കത്തിൽ വിരിഞ്ഞു വികസിച്ചുകൊണ്ടിരുന്നു.

അന്നൊരുദിവസം നെഗാർ തൻെറ പട്ടിയെ സമീപത്തു കിടത്തിയിട്ട് ഉറങ്ങാൻ തുടങ്ങി. ഒരു കൈകൊണ്ട് അയാൾ പട്ടിയെ ബലമായി പിടിച്ചിരുന്നു. ഉറക്കത്തിൽ, പട്ടി ഭയപ്പെട്ടു കരകുന്നതായി നെഗാറിനു തോന്നി. അതിനെ ശാന്തമാക്കുവാൻ അയാൾ അതിൻെറ അടിവയററിൽ മന്ദമായി തലോടി. അടുത്തുനിന്നിരുന്ന മരം അല്പമൊന്നു ചലിക്കുന്നതായി അയാൾ കണ്ടു. പ്രഥമവീക്ഷണത്തിൽ യാതൊന്നും അയാളുടെ ദൃഷ്ടികൾക്കു വിഷയമായിട്ടില്ല. പട്ടി പിന്നെയും കരച്ചുകൊണ്ടിരുന്നു. അതിൻെറ ജടയിലെ രോമങ്ങൾ ഓരോന്നും എഴുന്നേററുനിന്നു. മരക്കൊമ്പുകൾക്കുള്ളിൽ ഏതോ ഒരു ഭീകരരൂപം!!

നെഗാർ കുറച്ചുസമയം സ്തംഭിച്ചു കിടന്നുപോയി. പിന്നീടു പട്ടിയുടെ ദേഹത്തുനിന്നും കൈ എടുത്ത് തോക്കു തപ്പി. പിടിവിട്ടമാത്രയിൽ പട്ടി അത്യുച്ചത്തിൽ കരച്ചുകൊണ്ട് ഓടിമറഞ്ഞു. ഭയാധിക്യംമൂല

മാണ് അതു കരയുന്നതെന്നു സ്പഷ്ടമായിരുന്നു. പട്ടിയുടെ ശബ്ദംകേട്ട് ആ ഭീകരരൂപം അപ്രത്യക്ഷമാകുമെന്ന് നെഗാർ വിചാരിച്ചു. എന്നാൽ ആ സത്വം അതാ വാപിളർന്ന്, കൈകാലുകൾ പൊക്കിപ്പിടിച്ചു ആക്രമിക്കാൻ തയ്യാറായി നില്ക്കുന്നു. കൈവശമിരുന്ന ഒരു മാംസക്കഷ്ണം മണത്തുകൊണ്ടിരുന്ന ആ കരടിക്കു യാതൊന്നിനേയും പേടിയില്ല. പട്ടി അടുക്കുന്ന മാത്രയിൽ അതിൻെറ ദേഹത്തു ചാടിവീഴുവാൻ ആ കരടി ഒരുങ്ങിനിന്നു.

പട്ടി ഉച്ചത്തിൽ കരച്ചുകൊണ്ടു് കരടിയുടെ നേക്കു ചാടുകയാണ്. തോക്കിൻെറ നിറ ഒഴിക്കേണ്ട സമയം കാത്തുകൊണ്ടു് നെഗാർ ശ്വാസമടക്കിനിന്നു. കരടിയുടെ ശിരസ്സു വ്യക്തമായി കാണുവാൻ പ്രയാസമായിരുന്നു. അതു് മുമ്പോട്ടും, പിന്നോട്ടും, ഇരുവശങ്ങളിലേയ്ക്കും ഇളകിക്കൊണ്ടാണിരുന്നതു്. അവസാനം നെഗാർ തോക്കു് ഉയർത്തി. രണ്ടാമതൊരു വെടിക്കുകൂടി ഒരുങ്ങിക്കൊണ്ടാണ് അയാൾ നിന്നിരുന്നതു്.

നെഗാർ തോക്കിൻെറ കാഞ്ചി വലിച്ചു. കരടിയുടെ ഭയങ്കരമായ അലർച്ച അയാളുടെ കാതുകളിൽ എത്തി. മനുഷ്യൻെറ പ്രതീക്ഷകളുടെ സകല സീമകളേയും തകക്കുന്ന ഭീമാകാരനായ ഒരു കരടിയെ നെഗാർ പൂർണ്ണമായി കണ്ടു. അയാളുടെ കൈവിരലുകൾ വീണ്ടും കാഞ്ചിയിൽ സ്പർശിച്ചു. കരടിയുടെ സമീപത്തുനിന്നും കരച്ചുകൊണ്ടു് പട്ടി തിരിഞ്ഞോടി. പണ്ടൊരിക്കലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്തവിധം അത്രകണ്ടു ഭീമാകൃതിയാണ് ആ കരടിയ്ക്കെന്നും, വെടിയേററിട്ടും അതിനു ജീവാപായം സംഭവിച്ചില്ലെന്നും നെഗാർ മനസ്സിലാക്കി.

നാലുകാലിൽ നീന്തി ഉഗ്രമായി അലറിക്കൊണ്ടു് ആ കരടി അടുത്തുവരുന്നതു് നെഗാർ കണ്ടു. ഭയാക്രാന്തനായിത്തീർന്ന അയാൾക്കു് എവിടെയാണു് ഓടി രക്ഷപ്രാപിക്കേണ്ടതെന്നു ചിന്തിക്കുവാൻപോലും ശക്തിയുണ്ടായിരുന്നില്ല. വീണ്ടും കരച്ചുകൊണ്ടു പട്ടി ഇരുട്ടിൽ മറഞ്ഞു. അവസാനം കരടിയെ ലക്ഷ്യമാക്കി നെഗാർ ഒരിക്കൽക്കൂടി കാഞ്ചി വലിച്ചു വിട്ടു. വെടിയേററു് അതു നിലംപതിച്ചു പിറേറന്നു രാവിലെ അയാൾ ആ കരടിയുടെ തോൽ ഉരിഞ്ഞെടുത്തുകൊണ്ടു മടങ്ങുകയും ചെയ്തു.

കഥ ഇത്രയുമായപ്പോൾ നെഗാറിൻെറ മുഖം വിളറി. അപ്പോഴും അയാൾ മേശയിൽ ചാരിനില്ക്കുകയായിരുന്നു. കടലാസുകൊണ്ടു പൊതിഞ്ഞു മൂടിവച്ചിരിക്കുന്ന ഒരു സാധനം ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ കഥ അവസാനിപ്പിച്ചു. മി. സ്റ്റീൽമാൻ ആ പൊതി എടുത്തു മേശമേൽവച്ചു് കെട്ടഴിക്കുവാൻ തുടങ്ങി. കരടിയുടെ തോൽ എടുത്തു് അയാൾ മേശമേൽ വിരിച്ചു. ഒരു നോക്കു കാണുവാൻ ആകാംക്ഷയോടെ കുട്ടികൾ എല്ലാവരും ചാടി എണീററു മേശയ്ക്കുചുററും കൂടി. എങ്കിലും കരടിയുടെ ശിരസ്സു കാണുവാൻകഴിയാത്തതിൽ അവർ നിരാശരായി. അതു് ഒരു ഗ്രിസ്ലിക്കരടിയുടെ തുകലാണെന്നും അപ്രകാരമുള്ള ഒരു കരടിയെ കാണുവാൻ സാദ്ധ്യമല്ലെന്നും സ്റ്റീൽമാൻ എടുത്തുപറഞ്ഞു തോമസു് അക്കഥകളെല്ലാം ഓർമ്മിച്ചു.

ഒരു പുതിയ ഹോട്ടലിലാണു് അന്നു് അത്താഴം കഴിക്കുവാൻ തോമാസും ആലിസ്സും നിശ്ചയിച്ചതു്. ടോമിക്കു വീട്ടിൽ കൂട്ടായി ഒരു പെൺകുട്ടിയെ വരുത്തി അടുത്താക്കി. ഒരു കഥാപുസ്തകവും കൊടുത്തു. ടോ

മിയെ ഉദ്ദേശിച്ചും എന്നാൽ ആ പെൺകുട്ടിയോടെന്ന മട്ടിലും അവർ പറഞ്ഞു: "രണ്ടു കഥകൾ വായിച്ചുകഴിയുമ്പോൾ നീ ഒരു നല്ലകുട്ടിയായിത്തീരും. ശരിയല്ലേ? ഉറങ്ങാൻ ഭാവിക്കയാണോ." തുറന്ന കണ്ണുകളും തടിച്ച പുരികവും ഉള്ള ആ ബാലൻ മറുപടി പറഞ്ഞു: "അതെ" എന്നു്. സാലിയാകട്ടെ, അവളുടെ ഹൈസ്കൂൾ നോട്ടുബുക്കുകളും കീറിപ്പറിഞ്ഞ രണ്ടു പുസ്തകങ്ങളും മേശപ്പുറത്തുവെച്ചിട്ടു അവളുടെ ചീകി പകുത്തിട്ടിരുന്ന തലമുടി തടവിക്കൊണ്ടു നില്ക്കുകയായിരുന്നു. ടെലഫോൺ നമ്പർ കുറിച്ച ഒരു കാർഡ് തോമസ്സ് അവളുടെ കൈവശം ഏല്പിച്ചു. "സാലീ! ഞങ്ങൾ സന്ധ്യയ്ക്കു തിരിച്ചുവരാം; ഇടയ്ക്കു് അത്യാവശ്യം വല്ലതും വന്നാൽ........"

ആലീസ് ടോമിയോടായി പറഞ്ഞു: "നല്ല കുട്ടി! അങ്ങനെയല്ലേ?" ഒരു ചുംബനത്തിനു് അവൾ കവിൾത്തടങ്ങൾ കാണിച്ചുകൊടുത്തു. ടോമി ആ കവിൾത്തടങ്ങളിൽ ഒരു ചുംബനം അർപ്പിച്ചു. "വല്ലതും വേണമെങ്കിൽ തീർച്ചയായും എന്നെ വിളിക്കണം കേട്ടോ?" അവൾ സാലിയോടു പറഞ്ഞു. സാലി, തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ മറുപടിപറഞ്ഞു, "തീർച്ചയായും." അവർ കാറിൽ കയറിയപ്പോൾ ആലീസു പറഞ്ഞു: "എനിക്കു സാലിയെപ്പററി ഒന്നും അറിഞ്ഞുകൂടാ. അവൾ ഒരു നല്ല ബാലികയാണെന്നു തോന്നുന്നു."

"തീർച്ചയായും അവൾ നല്ല പെൺകുട്ടിതന്നെ. ശുണ്ഠിക്കാരിയാണെങ്കിലും അവനു് അവളെ വളരെ ഇഷ്ടമാണു്."

"അതെ. അതെനിക്കറിയാം."

കാറ മുന്നോട്ടു നീങ്ങിയപ്പോൾ ആലിസ്സിനു വളരെ വിഷമം തോന്നി. കാരണമെന്തെന്നു് അവൾ വ്യക്തമാക്കിയില്ല. തോമ്മസ്സു് വളരെ ക്ഷീണിച്ചിരുന്നു. വീട്ടിൽ ഇരുന്നു് ഉറങ്ങുകയായിരുന്നു നല്ലതെന്നും തോമ്മസ്സു് വിചാരിച്ചു പതിവുപോലെ പിറേറദിവസവും ആഫീസിൽ പോകേണ്ടതല്ലെ? ഞായറാഴ്ച ഒരു ദിവസം മാത്രമാണു് വിശ്രമിക്കുവാൻ കിട്ടിയിരുന്നതു്. പക്ഷേ, ആ പുതിയ ഹോട്ടൽ ആരംഭിച്ചിട്ടു വർഷം രണ്ടുകഴിഞ്ഞിരുന്നു. തുടങ്ങിയ ദിവസംമുതൽ അവിടെ ഒന്നു പോകുവാൻ ആലീസു് ആഗ്രഹിച്ചിരുന്നതാണു്.

ജനസഞ്ചാരം അധികമില്ലാത്ത ഒരു വഴിയിൽക്കൂടിയാണു് അവർ കാർ ഓടിച്ചുകൊണ്ടിരുന്നതു്. ഹോട്ടലിൽ എത്തിയപ്പോൾ അവിടെ കുറേപേർ ഇരുന്നു കുടിച്ചു രസിക്കുന്നതായി അവർ കണ്ടു. അവരിൽ ഒരാൾ തുവാലപൊക്കി കാണിക്കുന്നതു് അവൾക്കു കാണുവാൻ കഴിഞ്ഞു. ആലിസു് കരം ഉയർത്തി അഭിവാദനം നടത്തി. "എത്ര രമണീയമായിരിക്കുന്നു." അവൾ തോമ്മസിനോടു് അഭിപ്രായപ്പെട്ടു.

ഹോട്ടൽ മാനേജർ ബോബു് ഓടിയിറങ്ങിവന്നു അവരെ സ്വീകരിച്ചു. അപ്പോഴും യൗവ്വനശ്രീ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്ന ബോബു് ഭംഗിയിൽ വസ്ത്രധാരണം ചെയ്തിരുന്നു; മുടി നന്നായി ചീകി മിനുക്കി വച്ചിരുന്നു. അയാളുടെ ഒരു കയ്യിലിരുന്ന ഗ്ലാസു് അല്പം ഉയർത്തിപ്പിടിച്ചിരിക്കുകയാണു്. മറെറ കയ്യിലെ ഗ്ലാസു് അയാൾ ആലിസിൻെറ നേക്കു നീട്ടി.

ഹോട്ടലിൻെറ പൂമുഖത്തു് സല്ക്കാരങ്ങളും വിനോദങ്ങളും നടക്കുകയുണ്ടായി. "ഇവിടെ ഒരു

ചെറിയ സംഘം സുഹൃത്തുക്കൾ മാത്രമാണുള്ളതു്:" ബോബു പറഞ്ഞു. സല്ക്കാരത്തിൽ പങ്കുകൊണ്ടിരുന്നവരെ തോമസ്സ് തിരിച്ചറിഞ്ഞു. തന്റെ പങ്കുകാരനും മേലുദ്യോഗസ്ഥനുമായ മി. ബർഗാമും അവിടെയുണ്ടു്. 'റോജർ ലോയറി'യും എലൈനും ചൂണ്ടിക്കാട്ടിയ കസേരയിൽ തോമസ് ഇരുന്നു.

ആ സുഹൃത്സംഘം മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞു സംഭാഷണം ആരംഭിച്ചു. അതിൽ വലിയ ഗ്രൂപ്പു ബോബിന്റെ കാരണവരായ റോബർട്ട് ഏഗയിൻസ്ലോഫെലോയുടെ അദ്ധ്യക്ഷതയിലാണു് കൂടിയിരുന്നതു്. തോമസ്സിനു് അയാളെ നല്ല പരിചയമുണ്ടായിരുന്നില്ല. വൃദ്ധനായ റോബർട്ടു സംസാരിക്കുന്നതും, മററുള്ളവർ കേട്ടു രസിക്കുന്നതും തോമസിനു കാണുവാൻ കഴിഞ്ഞു. രണ്ടാമത്തെ ഗ്രൂപ്പ് അല്പം ദൂരെയായിരുന്നതുകൊണ്ടു തോമസ്സിനു സംഭാഷണം കേൾക്കുവാനല്ലാതെ കാണുവാൻ സാധിച്ചില്ല. ഈ ഗ്രൂപ്പിലേയ്ക്കാണു് ആലിസിനെ ബോബു കൂട്ടിക്കൊണ്ടുപോയതു്. ബോബിന്റെ ശബ്ദം മാത്രം ഉച്ചത്തിൽ കേൾക്കുന്നുണ്ടായിരുന്നു.

"ഹാ! ദൈവമേ!" അടുത്തിരുന്ന വൃദ്ധന്മാരുടെ നേക്കു തല നീട്ടിക്കൊണ്ടു് എലൈൻ പറഞ്ഞു: "എനിക്കു കഴിയുമായിരുന്നുവെങ്കിൽ ഈ തല ഞാൻ തല്ലിത്തകക്കുമായിരുന്നു."

അവൾ കസേരയിൽനിന്നു് എണീററു ഭത്താവിന്റെ അടുക്കൽ ചെന്നിരുന്നു. റോഗർ മൂക്കുകണ്ണട എടുത്തു തോമസിന്റെ നേക്കു നീട്ടി.

"എങ്ങനെയിരിക്കുന്നു?" അയാൾ ചോദിച്ചു.

"അങ്ങനെതന്നെ. അങ്ങനെതന്നെ ഇരിക്കുന്നു." തോമ്മസ്സ് മറുപടി കൊടുത്തു.

അല്പം കഴിഞ്ഞപ്പോൾ ആലീസ് ഉൾപ്പെട്ടിരുന്ന ഗ്രൂപ്പ് തോമ്മസ്സിന്റെ ഗ്രൂപ്പിൽ ലയിച്ചു. ആലീസ് എലൈനിന്റെ അടുത്തു വന്നിരിക്കുന്നതു തോമ്മസ്സ് ശ്രദ്ധിച്ചു.

"നിങ്ങൾക്ക് അതു വിശ്വസിക്കുക സാദ്ധ്യമല്ലായിരിക്കാം." വൃദ്ധനായ റോബർട്ട് ഇപ്പോഴും പരുഷവും ശക്തവുമായ വാക്കുകളാണ് ഉപയോഗിച്ചിരുന്നതു്. പഴയകാലത്തെപ്പററിയായിരുന്നു വൃദ്ധന്റെ സംസാരം. "പ്രാരംഭഘട്ടത്തിൽ വലിയ പ്രയാസങ്ങൾ ഞങ്ങൾക്കു നേരിട്ടപ്പോൾ..................അന്നു് ഞാൻ 'ററീഡി'യെ കാണുവാൻ പോയി. അതായിരുന്നു ഞങ്ങളുടെ ആദ്യജോലി...............എല്ലാം മംഗളകരമായി പരിണമിക്കുന്നതുവരെ അവിടെ താമസിക്കുവാനും ഞങ്ങൾ സന്നദ്ധരായിരുന്നു."

അയാൾ മി. ബർഗാട്ടിനെ ഒന്നു സൂക്ഷിച്ചു നോക്കി. "സൈമൺ എന്ന ആളെ ഓർമ്മിക്കുന്നുണ്ടോ?" മി. ബർഗാട്ട് ചുണ്ടിൽനിന്നും ചുരുട്ട് എടുത്തു പിടിച്ചുകൊണ്ടു് ഒന്നു ചിരിച്ചു

"ഇല്ല മി. റോബർട്ട്! എന്നെയല്ല ഓർമ്മിക്കേണ്ടതു്; എന്റെ അച്ഛനെയാണു്. ഹാ! നിങ്ങൾ മറന്നുപോയിരിക്കുന്നുവല്ലോ?"

"ഓ ഹോ" വൃദ്ധനായ റോബർട്ട് കരാംഗുലികൾ കൊണ്ടു് ശിരസ്സിൽ മന്ദമായി തിരുമ്മി. എലൈൻ ആ വൃദ്ധന്റെ സമീപത്തുവന്നു കരങ്ങൾ തോളിൽവച്ചുകൊണ്ടു പറഞ്ഞു: "അങ്ങു വളരെ ക്ഷീണിച്ചിരിക്കു

ന്നവരല്ലോ?" വൃദ്ധൻ അവളെ ഒന്നു സൂക്ഷിച്ചുനോക്കിയിട്ട് കൈകൾ തമ്മിൽ ഞെരിച്ചു.

"അതല്ല" ഒരുവൻസ്കൂടി കടിച്ചുകൊണ്ടു് അയാൾ മറുപടി പറഞ്ഞു: "അതല്ല; പിന്നെയോ........"

ആ വൃദ്ധൻെറ പ്രായമെന്തെന്നു തോമസ്സ് ആലോചിച്ചതേയില്ല. സമകാലീനന്മാരെയെല്ലാം അതിജീവിച്ചിരുന്ന ആ വൃദ്ധനെപ്പററി ദിനപ്പത്രങ്ങൾ യാതൊന്നും എഴുതിയിരുന്നില്ല. ആ യുവാകാലത്തു് അയാളുടെ കായബലം വിസ്മയാവഹമായിരുന്നു. അയാളെപ്പററി പല കഥകളും തോമസ്സ് കേട്ടിരുന്നുവെങ്കിലും, ആ വൃദ്ധൻെറ യഥാർത്ഥ രൂപം അപ്പോൾ മാത്രമാണു് അയാൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്.

"അതുതന്നെ.......വേറേ പലതും ഓർമ്മിക്കുവാനുണ്ടു്." അയാളുടെ ലോലമായ അധരപുടങ്ങൾ ഒരു കുട്ടിയുടേതെന്നപോലെ വിറയൽകൊണ്ടു. എലൈൻ അയാളോടു ചേർന്നുനിന്നു് ചെവിയിൽ എന്തോ മന്ത്രിച്ചു. അവിടെ ഇരുന്നവർക്കു കേൾക്കുവാൻ കഴിയുന്നവിധത്തിലാണു് അവൾ പറഞ്ഞതു്.

"അകത്തേയ്ക്കുപോകുവാൻ സമയമായിരിക്കുന്നു."

"ഓഹോ! ഉള്ളതുതന്നെ."

അയാൾ കണ്ണുട താഴ്ത്തുവച്ചിട്ടു് എണീററുനിന്നു. അപ്പോൾ എവരുടേയും ശ്രദ്ധ ആ വൃദ്ധനിൽ പതിഞ്ഞു. അവർ നിശ്ശബ്ദത പാലിച്ചു. വൃദ്ധൻ ആചാരപൂർവ്വം ശിരസ്സു നമിച്ചു; അയാളുടെ അധരങ്ങൾ ചലിക്കുന്നുണ്ടായിരുന്നു. അസ്പഷ്ടമായി അയാൾ എന്തോ സംസാരിച്ചു "ഇക്കാലത്തു പലതും സംസാരിക്കുവാനുണ്ടു്." അയാൾ പറഞ്ഞു.

യുവാവായ ബോബ് അടുത്തുവന്നു വൃദ്ധൻെറ കരങ്ങളിൽ പിടിച്ചു, എന്നാൽ ഒരു യുവാവിനെപ്പോലെ ചുറുചുറുക്കോടെ അയാളെ തള്ളിമാററിക്കൊണ്ടു് വൃദ്ധൻ മാറിനിന്നു. ആ സുഹൃത്സംഘത്തിൽനിന്നു് അയാൾ മന്ദഗതിയിൽ നടന്നുതുടങ്ങി; കല്പടികൾ കയറുമ്പോൾ സഹായിക്കുവാനെത്തിയ എലൈനെ വൃദ്ധൻ തടഞ്ഞില്ല.

ഭക്ഷണസമയത്തു തോമ്മസ്സ്, റോഗർ ലോയററിയുടേയും അപരിചിതരായ രണ്ടു സ്ത്രീകളുടേയും നേരേ എതിർവശത്താണു് ഇരുന്നതു്. റോഗർ ആലീസിനോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

“തോമ്മസ്സ്! നിങ്ങൾ എന്തു പറയുന്നു? അയാൾക്കു വേണ്ടതു കുറച്ചു കയറു മാത്രമാണു്...........ലോവിസിൻെറ അഭിപ്രായം അങ്ങനെയാണു്.......എങ്കിൽ അയാൾ ഇന്നല്ലെങ്കിൽ നാളെ തൂങ്ങിച്ചാകാതിരിക്കയില്ല. അയാളുമായി ഒരു യുദ്ധത്തിനു തയ്യാറാകണമെന്നാണു് എൻെറ അഭിപ്രായം.”

ആരെ ഉദ്ദേശിച്ചാണു് അയാൾ പറയുന്നതെന്നു് ഏകദേശമായിട്ടു തോമ്മസ്സിനു മനസ്സിലായുള്ളു. എങ്കിലും അയാൾ മറുപടി പറഞ്ഞു: “നിങ്ങൾക്കു തെററുകൾ സംഭവിക്കാതെ വളരെ സൂക്ഷിക്കണം. പിന്നീടു നിങ്ങളുടെ ശത്രുക്കളുമായി പൊരുതിക്കൊള്ളുക.”

നിഷേധരൂപത്തിലുള്ള ഒരു മറുപടിയാണു തോമ്മസ്സ് കൊടുത്തതു്. അങ്ങനെ പറയേണ്ടതില്ലായിരുന്നു എന്നു പിന്നീടു് അയാൾ വിചാരിച്ചു. അങ്ങനെ ആ സംഭാഷണം അതിലും ഇതിലും കടന്നു നീണ്ടു.

തോമ്മസ്സ് ആ സംഭാഷണം നടന്നുകൊണ്ടിരുന്നപ്പോഴും തിക്കച്ചും അകാരണമായി തൻെറ പിതാവിൻെറ മരണത്തെപ്പററിയും, തന്മൂലം താൻ സ്കൂളിൽ നിന്നും വീട്ടിലേക്കു മടങ്ങേണ്ടിവന്നതിനെപ്പററിയും ഓർത്തു ആ വൃദ്ധനെ കണ്ടുകൊണ്ടായിരിക്കാം.

അന്നൊരു വസന്തകാലമായിരുന്നു; ശവക്കോട്ടയിലെ കുഴിമാടത്തിൽ നട്ടിരുന്ന ലില്ലിച്ചെടിയിൽ, പൂമൊട്ടുകൾ വിടർന്നു തുടങ്ങിയിരുന്നു. പർവ്വതങ്ങളുടെ ശിഖരങ്ങളും പീഠഭൂമികളും മൂടൽമഞ്ഞിൻെറ വെള്ളിപ്പട്ടു പുതച്ചിരുന്നു. തൻെറ ഇളയ സഹോദരികളും സഹോദരന്മാരും തന്നെ കണ്ടാൽ തിരിച്ചറിയുമോ എന്നുപോലും തോമ്മസ്സ് സംശയിച്ചു. ആസന്നമരണനായ പിതാവു് തൻെറ ഉപരിവിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്തിയതും എന്നാൽ മാതാവിൻെറ നിർബന്ധപൂർവ്വമായ അപേക്ഷയുടെ ഒടുവിൽ വഴങ്ങിക്കൊടുക്കേണ്ടിവന്നതും തോമ്മസ്സിൻെറ സ്മരണയിൽ വന്നു.

പിതാവിൻെറ ശവകുടീരത്തിനു സമീപത്തായി മറെറാരാൾ അന്തിമവിശ്രമംകൊള്ളുന്നതു് അന്നു തോമ്മസ്സ് കാണുകയുണ്ടായി. ആ സ്മാരകശിലയിൽ എഴുതിയിരുന്ന എപ്രേം നെശാറിൻെറ നാമധേയം മാഞ്ഞുതുടങ്ങിയിരുന്നു. അപ്രതീക്ഷിതമായ അവസരങ്ങളിൽപ്പോലും നെശാറിനെപ്പററിയുള്ള ചിന്തകൾ കുട്ടിക്കാലംമുതല്ക്കു മനസ്സിൽ ഉദിച്ചുകൊണ്ടിരുന്നതാണു്. നിദ്രയിലായാലും, യാത്രയിലായാലും, വായനശാലയിലായാലും ആ ചിന്തകൾ സ്മരണയിൽ എത്തിക്കൊണ്ടിരുന്നു — ആവശ്യപ്പെടാതെതന്നെ. എന്നാൽ കുറെക്കാലമായി തോമ്മസ്സ്, നെശാറിനെപ്പററി

യുള്ള ചിന്തകൾക്ക വിധേയനാകാറില്ല. ടോമി എറിഞ്ഞ ചോദ്യം, കഴിഞ്ഞകാലങ്ങളെ ഉണർത്തിയിരിക്കുന്നു. മറഞ്ഞുപോയ ഓർമ്മകളെ പുറത്തുകൊണ്ടുവന്നിരിക്കുന്നു. ആ ഹോട്ടലിൽ എത്രസമയം അവർ ചെലവഴിച്ചു. അവിടെവച്ച് എന്തെല്ലാം വിഷയങ്ങളെപ്പററി സംസാരിച്ചു. എങ്കിലും നെഗാറം ആ കരടിയും — അവർ വീണ്ടും വീണ്ടും വന്നു മുന്നിൽ നില്ക്കുന്നു. അയാളുടെ മനസ്സ് കുട്ടിക്കാലത്തിൻെറ പുൽമേടുകളിൽ ഒരു മാൻകുട്ടിയെപ്പോലെ ഓടികളിച്ചു.

അവധിക്കാലത്ത് അന്നൊരിക്കൽ വിദ്യാലയത്തിൽനിന്ന് എല്ലാവരും ചേർന്ന് ബോക്സ് ക്യാനിയോണിലേക്ക കാൽനടയായി യാത്രചെയ്യുമ്പോൾ മഴ പെയ്തുകൊണ്ടിരുന്നു. അവർ ക്യാനിയോണിൽ എത്തിയദിവസം തൊഴിൽവാരാഘോഷം പ്രമാണിച്ച് ഒഴിവുദിവസമായി അധികാരികൾ പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. ഒരു 'ട്രക്കി'ലാണു് ക്യാമ്പിൽ എത്തിയതു്. ഏതാനും ദിവസം അടച്ചുപൂട്ടിക്കിടന്നിരുന്നതിനാൽ അവക്കു താമസിക്കുവാൻ ലഭിച്ച ക്യാമ്പ് വൃത്തിഹീനമായിത്തീർന്നിരുന്നു. അസഹ്യമായ തണുപ്പിൽനിന്നു രക്ഷപ്പെടുവാനായി അവർ തീ കൂട്ടി മേലു കാഞ്ഞു. അവരുടെ സംഭാഷണവിഷയം നെഗാറം കരടിയുമായിരുന്നു. മി. സ്ററീൽമാൻ നെഗാറിൻെറ ഭാഗം അഭിനയിച്ചു; എങ്കിലും യഥാർത്ഥ നെഗാറിൻെറ അടുത്തു വരുവാൻപോലും അയാൾക്കു സാദ്ധ്യമായില്ല.

തലേവർഷം അവർ യെല്ലോസ്റ്റോണിലേക്ക വിനോദയാത്ര ചെയ്തപ്പോൾ ഏദിയുടെ കയ്യിൽ വേണ്ടത്ര പണമുണ്ടായിരുന്നില്ല. എന്നാൽ ആ വർഷം അങ്ങ

നെയായിരുന്നില്ല. അവർ, നെഗാർ പറഞ്ഞ ഗ്രിസ്ലി ക്കരടിയുടെ തല കഴിച്ചിട്ടെത്തു കാഴ്ചബംഗ്ലാവധികാ രികൾക്കു കൊടുക്കാൻപോകയായിരുന്നു. നെഗാറി ൻെറ കഥകൾ യഥാർത്ഥങ്ങൾതന്നെയോ എന്നു അന്വേ ഷിക്കുവാനും, യഥാർത്ഥമെങ്കിൽ, വെടിവെച്ചുകൊല്ല പ്പെട്ട കരടിയുടെ തലയോട്ടി മാന്തിയെടുക്കുവാനും മുമ്പോട്ടുവരുന്നവക്കു ആവശ്യമായ ധനസഹായമാണു അവർ വാഗ്ദാനംചെയ്തതു്. നെഗാറിൻെറ മരണത്തി നും മുമ്പ വരച്ചുവച്ചിരുന്ന ഒരു ഭൂപടം സ്റ്റീൽമാൻെറ കൈവശമുണ്ടായിരുന്നു. അതു കാണിച്ചുകൊണ്ടു് അ യാൾ പറഞ്ഞു: "അതിരാവിലെ തിരിക്കുവാൻ സാധി ച്ചാൽ മധ്യാഹ്നത്തിനുമുമ്പു് കരടിയെ കഴിച്ചിട്ടിരി ക്കുന്നു എന്നറിയപ്പെടുന്ന സ്ഥലത്തു നമുക്കെത്താവുന്ന താണു്. മണ്ണുമാന്തി കരടിയുടെ തലയോട്ടി എടുത്തു കൊണ്ടു് ഇരുട്ടുന്നതിനുമുമ്പു നമുക്കു തിരിച്ചെത്തുകയും ചെയ്യാം." സ്റ്റീൽമാൻ പറഞ്ഞതനുസരിച്ചു മരംകോ ച്ചുന്ന തണുപ്പും സഹിച്ചു്, സൂര്യോദയത്തിനു മുമ്പുത ന്നെ അവർ കരടിയെ മറവുചെയ്ത സ്ഥലം തേടി കാൽ നടയായി പുറപ്പെട്ടു. ഘോരമായ ഒരു വനപ്രദേശത്തു കൂടിയാണു് അവക്കു യാത്രചെയ്യേണ്ടിവന്നതു്. അവ രുടെ ബൂട്ട്സും, സ്റ്റൗട്ട്പാൻറും മഞ്ഞുതുള്ളികൾ ഇററി ററായി പൊഴിച്ചുകൊണ്ടുനിന്ന ചെറുചെടികളിൽ തട്ടി നന്നേ നനഞ്ഞിരുന്നു. സൂര്യോദയത്തോടുകൂടി വസ്ത്രങ്ങൾ ഉണക്കുവാനായി അവർ അല്പസമയം വി ശ്രമിച്ചു

നെഗാർ, ബ്രൗൺപേപ്പറിൽ മഷികൊണ്ടു വര ച്ചിരുന്ന പടത്തിൻെറ സഹായത്തോടെ അവർ ക്യാ മ്പിൻെറ അടുത്തെത്തി. കഴിമാടങ്ങളിൽ നെഗാർ എത്ര ശാന്തഗംഭീരനായി കിടന്നുകൊണ്ടിരുന്നുവോ അ

ഈവിധം കൃനിയോടും ശാന്തതയോടെ വിശ്രമിക്കുന്നതുപോലെ തോന്നി. നൊശാറം കരടിയും തമ്മിൽ ആ സ്ഥലത്തുവെച്ച് ഒരു യുദ്ധം നടന്നതായി വിശ്വസിക്കുവാൻ വിഷമം തോന്നി. മധ്യാഹ്നസമയമായപ്പോഴേയ്ക്കും പടത്തിൽ "എക്സ്" എന്ന അടയാളമിട്ടിരുന്ന സ്ഥലം മനസ്സിലാക്കി അവർ പകുതിയും കുഴിച്ചുകഴിഞ്ഞു എന്നാൽ വേരുകളും ചില പാറക്കഷണങ്ങളും മാറ്റുമല്ലാതെ കരടിയുടെ തലയോട്ടി കാണുവാൻ കഴിഞ്ഞതില്ല അവിടെ കുഴിത്തോളം കുഴിച്ചു മണ്ണെടുത്തു മാററിക്കഴിഞ്ഞു.

മഴ ധാരമുറിയാതെ വർഷിച്ചുകൊണ്ടിരുന്നു. ഭൂമികുഴിക്കുവാൻ ആദ്യം മുമ്പോട്ടിറങ്ങിയ 'ഹാരി'യുടെ കൂന്താലി ഏതോ ബലവത്തായ ഒരു വസ്തുവിൽചെന്നു തറച്ചു. അതു കണ്ടു സ്റ്റീൽമാൻ കുഴിയിൽ ചാടിയിറങ്ങി ഇപ്രകാരം പറഞ്ഞു: "കൊള്ളാം, കുട്ടികളെ. നാം വിജയിച്ചു. ഇനി ഒട്ടും വിഷാദിക്കേണ്ടതില്ല. യാതൊരു കേടും സംഭവിക്കാത്തവിധത്തിൽ അതു നമുക്കു മാന്തിയെടുക്കണം."

ഹാരിയുടെ കൂന്താലി തറച്ചതു് ഒരു എല്ലുകഷണത്തിലായിരുന്നു. വളരെ സൂക്ഷിച്ചാണു് അവർ പിന്നീടു ഭൂമി കുഴിച്ചുകൊണ്ടിരുന്നതു്. മടക്കിയ രീതിയിൽ ഇരുന്ന കരടിയുടെ മുൻകാലുകളും ഒടുവിൽ തലയോട്ടിയും അവർ പുറത്തെടുത്തു.

തന്റെ പ്രതീക്ഷയിലും പതിന്മടങ്ങു വലിപ്പമുള്ളതായിരുന്നു ആ കരടിയെന്നു തോമസ്സ് മനസ്സിലാക്കി. ജീർണ്ണിച്ചുതുടങ്ങിയ അതിന്റെ അസ്ഥികൾ, ജീവിച്ചിരിക്കുമ്പോഴുള്ള അതിന്റെ ഭീമാകാരത്തെ വിളിച്ചറിയിക്കുവാൻപോരുന്നവയായിരുന്നു. അഴുക്കും

മണ്ണും ലയിച്ചുചേർന്നിരുന്ന ആ അസ്ഥിക്കൂടം പൊക്കിമാററുവാൻ അവക്കു വളരെ പരിശ്രമിക്കേണ്ടിവന്നു.

തൂവാലകൊണ്ടു് വായും മൂക്കും മൂടിക്കെട്ടിയിരുന്നുവെങ്കിലും അസഹ്യമായ ദുർഗന്ധം നാസാരന്ധ്രങ്ങളെ ഭേദിച്ചു് ഉള്ളിൽ കടന്നുകൊണ്ടിരുന്നു. അവർ കരടിയുടെ തലയോട്ടി ഒരു കാൻവാസിൽ പൊതിഞ്ഞു ട്രക്കിൽ വലിച്ചുകയററി; ട്രക്കിൽ ഒതുങ്ങാതെ ശരീരഭാഗം എന്നിട്ടും പുറത്തേക്കു നീണ്ടുകിടന്നിരുന്നു. ട്രക്കു് കുറേദൂരം ഓടിക്കഴിഞ്ഞപ്പോൾ അതിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ദുർഗന്ധം കാററിൽ ഒട്ടുമുക്കാലും ലയിച്ചുപോയിക്കഴിഞ്ഞിരുന്നു. വിശപ്പുകൊണ്ടും, അദ്ധ്വാനംകൊണ്ടും അവശരായിത്തീർന്നിരുന്നുവെങ്കിലും, യത്നം ഫലപ്രദമായതിൽ അവർ ആഹ്ലാദിച്ചു.

‘ഏദി’ യാത്രകഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തി “നിങ്ങളെല്ലാം അപകടത്തിൽപ്പെട്ടു മരണമടഞ്ഞു എന്നു കേൾക്കുവാൻ ഇടയായിരുന്നെങ്കിൽത്തന്നെയും ഞാൻ അത്ഭുതപ്പെടുകയില്ലായിരുന്നു.” അമ്മ ഏദിയോടു (തോമ്മസ്സിനോടു) പറഞ്ഞു. ആ മാതാവു് കുഞ്ഞുങ്ങളെ ഉറക്കുവാൻ ബദ്ധപ്പെടുകയായിരുന്നതുകൊണ്ടു് ഏദിയോടു കൂടുതലൊന്നും അപ്പോൾ പറഞ്ഞില്ല. അഴുക്കുപുരണ്ടു്, ദുർഗന്ധം പുറപ്പെട്ടുകൊണ്ടിരുന്ന വസ്ത്രങ്ങൾ മാററി തോമ്മസ്സ് അമ്മയെ സമീപിച്ചു. അവർ നിരവധി ചോദ്യങ്ങൾകൊണ്ടു തോമ്മസ്സിനെ വിഷമിപ്പിച്ചു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ആ രാത്രി വളരെ താമസിച്ചാണു് ഏദി ഉറങ്ങാൻ പോയതു്.

തോമ്മസ്സും ആലീസും വീട്ടിൽ മടങ്ങിയെത്തിയപ്പോൾ സാലി സോഫയിൽക്കിടന്നു ഗാഢനിദ്ര ചെയ്യുകയായിരുന്നു. റേഡിയോവിൽനിന്നു് അപ്പോഴും പാട്ടു പുറപ്പെടുന്നുണ്ടായിരുന്നു. സാലി പഠിക്കുന്ന പുസ്തകങ്ങൾ മേശയിൽ ചിതറിക്കിടന്നിരുന്നു. 'റോമി'യെ കാണുവാൻ ആലീസു തട്ടിൻമുകളിലേയ്ക്കു കയറിച്ചെന്നു. "സാലീ, സാലീ" എന്നു തോമ്മസ്സു് ആദ്യം പതുക്കെയും പിന്നെ ഉറക്കെയും വിളിച്ചു അവൾ ഉണരാതിരുന്നതിനാൽ അവളുടെ തോളിൽപിടിച്ചു ശക്തിയായി കുലുക്കി. അപ്പോൾ അവൾ പെട്ടെന്നു് ഉണർന്നു് എണീററിരുന്നു. ചുണ്ടുകൾ ഒന്നു ചലിച്ചു. "ഓ! യെല്ലോ............യെൻഹാം ട്ടർ............വീണിരിക്കാം...................അല്ല, ഉറങ്ങാൻപോയി" തന്റെ പാഠപുസ്തകങ്ങൾ എവിടെ കിടക്കുന്നുവെന്നു് അവൾ പകച്ചുനോക്കി. നോട്ടുപുസ്തകത്തിൽനിന്നു ഇളകി വീണുകിടന്ന ചില കടലാസുകൾ അയാൾ പെറുക്കി എടുത്തു ശരിയാക്കി വച്ചതിനുശേഷം, കാർ വഴിയിൽ കിടക്കുന്നുവെന്നു പറഞ്ഞു.

ആലീസ് ആ മുറിയിൽ വന്നു ചെവിക്കു ശല്യകരമായിരുന്ന റേഡിയോപാട്ടു് അവസാനിപ്പിച്ചു.

"റോമി, എങ്ങനെയായിരുന്നു." അവൾ ചോദിച്ചു. "ഉടനെ ഉറങ്ങിയോ? അവനെക്കൊണ്ടു ശല്യമുണ്ടായിരുന്നോ?"

"ഇല്ല." സാലിപറഞ്ഞു. "അവൻ നല്ല കുട്ടിയാണ്. വളരെ നല്ല കുട്ടി."

അവൾ ഒരു പുഞ്ചിരി തോമ്മസ്സിൻെറനേക്ക് എറിഞ്ഞുകൊടുത്തു. "ഓ! വന്ദനം മി. യെൻഹാൾട്ടർ!"

അയാൾ ഒന്നു പരുങ്ങി. സാലിയുടെകൂടെ കാറിലെയ്ക്കു പോകുമ്പോൾ താൻ ഒന്നുകൂടി ചെറുപ്പക്കാരനായിത്തീർന്നതായി അയാൾക്കു തോന്നാതിരുന്നില്ല. അവൾ കാറിൽ കയറിയിരുന്നു പുസ്തകങ്ങൾ മടിയിൽ വെയ്ക്കുന്നതുവരെ അയാൾ കാറിൻെറ വാതിൽ തുറന്നു പിടിച്ചുകൊണ്ടുനിന്നു. സാലി തീരെ ഉറക്കംവിട്ടുകഴിഞ്ഞിരുന്നു. ഏതു പാഠമാണ് അവൾ പഠിച്ചുകൊണ്ടിരുന്നതെന്നു തോമ്മസ്സ് ചോദിച്ചതിനു മറുപടിയായി "ദുഃഖപര്യവസായിയായ നാളത്തെ നാടക"മെന്നും വൃദ്ധയായ മിസ്സസ് ഹോസ്റ്റിൻനാണ് എഴുതുവാൻ കൊടുത്തിട്ടുള്ള വിഷയത്തിൽ തനിക്കു പരാജയമാണു സംഭവിച്ചതെന്നും, രാവിലെ എണീററ കൂടുതൽ വല്ലതും എഴുതുവാൻ കഴിഞ്ഞേക്കുമെന്നും അവൾ പറഞ്ഞു. ഒരുപക്ഷെ, അലാറം ക്ലാക്ക് തന്നെ ചതിച്ചേക്കുമെന്നും അഥവാ അലാറം കേട്ടാൽത്തന്നെയും താൻ ഉണരാതെ കിടന്നേക്കാമെന്ന് അവൾ അറിയിച്ചു. ഏതുവിഷയത്തെപ്പററിയാണ് എഴുതിക്കൊണ്ടിരുന്നതെന്നു തോമ്മസ്സ് ചോദിച്ചതിന് അവൾ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "മഞ്ഞുകാലത്തെ ഐസ്സിൻെറ പരിവത്തനങ്ങളെപ്പററി; അതു് ഒരു നിസ്സാരവിഷയമാണ്."

"ഐസ്സിൻെറ പരിവത്തനങ്ങൾ അറിയുന്നതു നല്ലതുതന്നെ." തോമ്മസ്സ് പറഞ്ഞു.

വിജനമായ തെരുവീഥിയിൽക്കൂടി കാർ ഓടിച്ചുപോകുമ്പോൾ, ആ കാറിനുള്ളിൽ ഒരു നവചൈതന്യം പ്രകാശിക്കുന്നതായി അയാൾക്കു തോന്നി. പതിനാറുകാരിയായ ഒരു സൗന്ദര്യധാമത്തിന്റെ യൗവ്വനത്തികർപ്പും, മധുവൂറുന്ന ഭാഷണങ്ങളും, അകൃത്രിമമായ അജ്ഞതയും, ആ നവചൈതന്യത്തിന്റെ മാററു വർദ്ധിപ്പിക്കുന്നതായി അയാൾക്കു തോന്നി. ഒരു പതിനഞ്ചു വർഷങ്ങൾകൂടി കഴിയുമ്പോഴുള്ള അവളുടെ സ്ഥിതി എന്തായിരിക്കുമെന്നു തോമസ്സ് ആലോചിച്ചുനോക്കി.

തോമസ്സ് ആ യുവതിയെ ഒരു ഗൃഹത്തിനു മുൻവശത്തു കൊണ്ടുചെന്നു് ഇറക്കിവിട്ടു അവിടെയായിരുന്നു അച്ഛനുമൊരുമിച്ച് അവൾ താമസിച്ചുകൊണ്ടിരുന്നതു്. അവളുടെ പിതാവു് എലക്ട്രിസിററി വകുപ്പിൽ ജോലിചെയ്തിരുന്ന ഒരു തൊഴിലാളിയായിരുന്നു. അത്തരത്തിലുള്ള ഒരു ചെറിയ വീട്ടിൽ, ഒരു പക്ഷെ അതിലും മെച്ചമായ ഒരു വീട്ടിൽ അവൾ പില്ക്കാലത്തു് ചെന്നുചേരുകയില്ലെന്നു് ആരു കണ്ടു? അവൾ തോമസ്സിനോടു കൃതജ്ഞത പ്രകാശിപ്പിച്ചു. അവൾ ഗൃഹത്തിന്റെ വരാന്തയിൽചെന്നു് വാതൽ തുറക്കുന്നതുവരെ തോമസ്സ് കാറിനു സമീപംതന്നെ നിന്നു. അവൾ വീട്ടിനുള്ളിൽ പ്രവേശിക്കുന്നതു കാണുവാൻ നില്ക്കാതെ അയാൾ കാർ വിട്ടുപോയി മടക്കയാത്രയിൽ വീണ്ടും തോമസ്സ് ചിന്താധീനനായി — എന്തെല്ലാമോ റോമിയോടു പറയണമെന്നു തോമസ്സ് ആഗ്രഹിച്ചിരുന്നതാണു്. സൗകര്യംപോലെ അവയെല്ലാം അവളോടു പറയാമെന്നു് അയാൾ സമാധാനിക്കുകയാണു ചെയ്തതു്. "നാളെ രാത്രിയിൽത്തന്നെ അ

ക്കാൎയ്യം ഞാൻ നിൎവ്വഹിക്കും. ഇനിയും ക്ഷമിച്ചിരിക്കുവാൻ സാദ്ധ്യമല്ല. ആഫീസിൽനിന്നു വീട്ടിൽ മടങ്ങിവന്നാലുടനെ ഞാൻ മേറിയോടു കരടിയെപ്പ എല്ലാം പറയും." തോമസ്സ് സ്വയം പറഞ്ഞു.

പണ്ടത്തെ അയാളുടെ ആ വിനോദയാത്രകളെപ്പറ്റി — ഒരിക്കൽ അവനും കൂട്ടുകാരും ഒരു കരടിസ്സൂക്ഷിപ്പുവനത്തിൽ കഴിച്ചുകൂട്ടിയ കഥ — വനത്തിൽനിന്നു മടക്കയാത്രയിൽ നാലുമൈൽ ദൂരം നടക്കേണ്ടിയിരുന്നു. ഇരുട്ടു പരക്കുന്നതിനു മുമ്പേ കുട്ടികളെ വീടുകളിൽ എത്തിക്കേണ്ടിയിരുന്നതിനാൽ അധികസമയം അവിടെ ക്യാമ്പുചെയ്യുവാൻ സ്റ്റീൻമാൻ അനുകൂലിയായിരുന്നില്ല. താവളസ്ഥലത്തിനടുത്തു ഒരു കരടി അതിന്റെ ഒരു കുട്ടിയോടും, മററു ചില കരടികളോടുംകൂടി ഒട്ടു ദൂരെയായി കിടക്കുന്നതു് അവർ കാണുകയുണ്ടായി. സാധാരണ കരടികൾ ഉപദ്രവകാരികളാണെങ്കിലും, അവർ കണ്ടവ മൎയ്യാദയുള്ളവയാണെന്നാണു് തോന്നിയതു്.

കരടിസ്സൂക്ഷിപ്പുവനത്തിന്റെ ഒരു ഭാഗത്തു ബലിഷ്ഠമായ മുള്ളുവേലികളുള്ളിലായി കരടികൾ നിൎബാധം സഞ്ചരിച്ചുകൊണ്ടിരുന്നു; അവയെ കാണുവാനായി പല സ്ഥലങ്ങളിൽനിന്നു വന്നിരുന്ന ജനാവലി, ഓരോ തമാശകളുംപറഞ്ഞു നില്ക്കുകയായിരുന്നു. അതിലൊരാൾ ചില മധുരസാധനങ്ങൾ എറിഞ്ഞുകൊടുത്തു കാണികളെ രസിപ്പിച്ചുകൊണ്ടാണിരുന്നതു്. അയാൾ ഉറക്കെ വിളിച്ചു കരടികളുടെ ശ്രദ്ധയെ ആകൎഷിക്കുവാൻ ശ്രമിച്ചു. ശബ്ദകോലാഹലങ്ങൾ കേട്ടു റയിഞ്ചർ ഓടിയെത്തി. കരടികൾക്കു ഭക്ഷണപദാൎത്ഥങ്ങൾ എറിഞ്ഞുകൊടുക്കുകയോ, അവയെ ശല്യ

പ്പെടുത്തുകയോ ചെയ്യരുതെന്നു് അയാൾ വിളിച്ചുപറഞ്ഞു. എന്നാൽ സ്റ്റീൽമാനേക്കാൾ ഗംഭീരനായ ആ മനുഷ്യൻ പറഞ്ഞു: "ഇതൊരു സ്വതന്ത്രരാജ്യമാണ്. മധുരപദാർത്ഥങ്ങൾ എറിഞ്ഞുകൊടുക്കുന്നതു് കരടികളെ തീററുവാനുദ്ദേശിച്ചല്ല"

ഒരു രാത്രിയിൽ റെയിഞ്ചർ ദൂരത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പ്രേക്ഷകരോടു സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അയാളുടെ വാക്കുകൾ കേൾക്കാനായി ഏഡിയും ഹാരിയും ഓടിയെത്തി. റെയിഞ്ചർ ഇങ്ങനെ പറയുന്നതു് അവർ കേട്ടു: "ഇപ്പോൾ അവിടെ ആ വർഗ്ഗത്തിൽ രണ്ടോ മൂന്നോ കാണും. അതിനു മനുഷ്യരെ കാണുന്നതു് ഇഷ്ടമില്ലാത്ത കാര്യമാണ്."

ഹാരി പറഞ്ഞു: "ഗ്രീസ്‌ലിക്കരടി" ഒരു സന്ധ്യയ്ക്കു് ഇരുട്ടിൽ മുങ്ങിനിന്ന മരങ്ങളുടെ ഇടയിൽക്കൂടി ഭൂതങ്ങളോടു രൂപസാമ്യമുള്ള ആ ഗ്രീസ്‌ലിക്കരടികളെ ഏഡിയും ഹാരിയും കാണുകയുണ്ടായി. മൂന്നെണ്ണം — അവയെ കണ്ടുകൊണ്ടുനിന്നാൽ യുഗങ്ങൾ പോകുന്നതറിയുകയില്ല.

മി. സ്റ്റീൽമാനും കൂട്ടുകാരും വിളിച്ചതു് അവർ കേട്ടതുപോലുമില്ല. അന്ധകാരം പരക്കുന്നതും അവർ ശ്രദ്ധിച്ചില്ല. കൂട്ടുകാരിൽ എല്ലാവരുംതന്നെ ഹോട്ടലുകളിലേക്കും ലോഡ്ജുകളിലേക്കും മടങ്ങിക്കഴിഞ്ഞിരുന്നു. ഏഡിയും ഹാരിയും ഇതൊന്നും മനസ്സിലാക്കാതെ ഗ്രീസ്‌ലിക്കരടികളെത്തന്നെ നോക്കിക്കൊണ്ടു നിന്നുപോയി.

സ്റ്റീൽമാനും കൂട്ടുകാരും തങ്ങളെക്കൂടാതെ മടങ്ങിപ്പോയെന്നു ഗ്രഹിച്ചപ്പോൾ അവർ വളരെ വിഷമിച്ചു. ഊടുവഴികളിൽക്കൂടി അവർ കുറേദൂരം ഓടി.

എന്നാൽ അവരെക്കൂടാതെ 'ട്രക്ക്' സ്ഥലംവിട്ടുകഴിഞ്ഞിരുന്നു. നല്ല റോഡിൽക്കൂടി നടക്കുകയെന്നുവന്നാൽ ക്യാമ്പിൽ ചെന്നെത്തുവാൻ അവക്കു മൂന്നുനാലു നാഴിക ദൂരം നടക്കേണ്ടിയിരുന്നു. സമയവും അതിക്രമിച്ചിരുന്നു. തടാകത്തിനു സമീപമുള്ള ഊടുവഴികളിൽക്കൂടിയാണെങ്കിൽ ഒന്നോ രണ്ടോ നാഴിക ദൂരമേ ഉണ്ടായിരുന്നുള്ളു. എന്നാൽ വനത്തിൽക്കൂടിയും അന്ധകാരത്തിൽക്കൂടിയുമാണു നടക്കേണ്ടിയിരുന്നതു്. ഹാരി, ടോർച്ചുലൈററു തെളിയിച്ചുകൊണ്ടും, അവർ ഭയരഹിതരെന്നു കാണിപ്പാൻ കരടികളെപ്പററി സംസാരിച്ചുകൊണ്ടും മുമ്പോട്ടു നടന്നു.

അങ്ങനെ ടോർച്ചുലൈററിന്റെ പ്രകാശത്തിൽ അവർ മുമ്പോട്ടു നീങ്ങുമ്പോൾ എന്തോ ഒരു ശബ്ദം അവരുടെ ചെവികളിൽ പതിച്ചു; അടുത്തുള്ള കുററിക്കാട്ടിൽനിന്നു് എന്തോ ഒന്നു് അവരെ സമീപിച്ചുകൊണ്ടിരിക്കുന്നതായും അവക്കു തോന്നി. ഭയംകൊണ്ടു അവർ കിടുകിടെ വിറച്ചുപോയി. കാതുകളിൽ പതിച്ച ശബ്ദം നിലയ്ക്കുന്നതിനുമുമ്പുതന്നെ ഹാരിയുടെ ടോർച്ചുലൈററിന്റെ പ്രകാശം അണഞ്ഞുകഴിഞ്ഞിരിക്കുന്നതായി എഡ്ഡി കണ്ടു. "ഒന്നു തിരിച്ചുവെച്ചുനോക്കൂ!" എഡ്ഡി പതുക്കെ പറഞ്ഞു. പ്രകാശം വീണ്ടും ഉണ്ടായപ്പോൾ കേട്ട ശബ്ദം കുറഞ്ഞു കുറഞ്ഞു വരുന്നതായി അവർ മനസ്സിലാക്കി. തങ്ങളോടു സമീപിക്കുന്നതു മനുഷ്യരല്ലെന്നും, നേരത്തെ തങ്ങൾ കേട്ടുകൊണ്ടിരുന്ന ശബ്ദംതന്നെയാണു് അപ്പോഴും ചെവികളിൽ പതിച്ചതെന്നും മനസ്സിലാക്കാൻ അവക്കു പ്രയാസമുണ്ടായിരുന്നില്ല.

"അങ്ങോട്ടു തെളിച്ചുകാണിക്കൂ!" എഡ്ഡി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. അതുവരെ വ്യക്തമായി കേട്ടു

കൊണ്ടിരുന്ന ശബ്ദം പരിപൂർണ്ണമായി നിലച്ചിരുന്നു.

അന്ധകാരത്തിൽക്കൂടി മന്ദമായി ഒഴുകിക്കൊണ്ടിരുന്ന ഒരു കാട്ടരുവിയുടെ സമീപത്തു് അവരുടെ മാർഗ്ഗം ചെന്നവസാനിക്കുന്നതു ടോർച്ചുലൈററിന്റെ പ്രകാശത്തിൽ അവർ കണ്ടു. പ്രകാശമാനമായ ചെറിയ കണ്ണുകളും ഭീമാകൃതിയിലുള്ള തലയോടും ഉള്ള ഒരു ജന്തു പിന്നെ അവക്കു കാണാറായി. ടോർച്ചുലൈററിന്റെ പ്രകാശം പതിച്ചപ്പോൾ ആ ഭീകരജന്തു ഒഴിഞ്ഞുമാറുവാൻ യത്നിക്കുന്നതായിട്ടാണു് കണ്ടതു്. ഹാ! അറിയാതെതന്നെ കാലുകൾ പിന്നോട്ടുവച്ചുപോയി കരടിയെപ്പററിയല്ലാതെ മറെറാന്നും ചിന്തിക്കാൻ അവക്കു് അപ്പോൾ കഴിഞ്ഞതേയില്ല. വന്നവഴിയെ തിരിച്ചുനടന്നാൽ ആ ജന്തു എന്തുചെയ്യും? പക്ഷെ, ജീവഭയം അതിനു് അവരെ അനുവദിച്ചില്ല. നിശ്ചലരായി നില്ക്കുകയാണു് ഉത്തമമെന്നു് അവർ നിശ്ചയിച്ചു.

കുറച്ചുസമയം ആ നിലയിൽ നിന്നതിനുശേഷം ഭയത്താലോ കോപത്താലോ ആ കരടിയുടെ ശരീരം വിറയ്ക്കുവാൻ തുടങ്ങി. ഏതോ ഒരു സാഹസത്തിനു് അതു സന്നദ്ധയാകുന്നതായി അവർ മനസ്സിലാക്കി. ഉത്തരക്ഷണത്തിൽ ആ കരടി കുററിക്കാട്ടിലേയ്ക്കു് ഒരു ചാട്ടം ചാടി അപ്രത്യക്ഷമായി. പോകുന്നവഴിക്കു് എന്തോ ഒരവ്യക്തശബ്ദം അതു പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

കരടിയുടെ മുമ്പിൽ നില്ക്കുന്നതിനു് ആവശ്യമായിരുന്നതിൽ കൂടുതലായ ധൈര്യം, ചെളി നിറഞ്ഞു കിടന്നിരുന്ന ആ പാതയിൽക്കൂടി നടക്കുന്നതിനു്

അവൎക്ക് ആവശ്യമായിരുന്നു. കരടിയുടെ മുമ്പിൽ നിശ്ചലരായി നില്ക്കുന്നതിനു വലിയ ബുദ്ധിസാമൎത്ഥ്യം വേണ്ടിവന്നില്ല; ചിന്താശക്തിതന്നെയും അവൎക്ക് അപ്പോൾ നഷ്ടമായിരുന്നു. എങ്കിലും തങ്ങളുടെ കിടയററ ധീരതയെപ്പററി മററുള്ളവരോട് പറയുവാൻ കഴിയുമല്ലോ എന്ന് അവർ സമാധാനിച്ചു.

തങ്ങളുടെ ഭയചിന്തകളെ പരസ്പരം അറിയിക്കുന്നതിൽ അശേഷം ലജ്ജിതരാകാതെ അവർ അതിവേഗം ഓടി ക്യാമ്പിൽ എത്തിച്ചേർന്നു.

എദ്ദിയെയും ഹാരിയെയും കാണാതിരുന്നതിനാൽ സ്റ്റീൽമാൻ ട്രക്കിൽ വേറൊരു പാതിൽക്കൂടിയും, അയാളുടെ നിർദ്ദേശമനുസരിച്ച് മററുള്ളവർ ഊടുവഴികളിൽക്കൂടിയും അവരെ തേടി പുറപ്പെട്ടുകഴിഞ്ഞിരുന്നു.

ഹാരിയുടെയും എദ്ദിയുടെയും ധീരോചിതമായ പ്രവൃത്തിയെ സ്റ്റീൽമാൻ അഭിനന്ദിച്ചു എങ്കിലും, അവരുടെ സ്വാതന്ത്ര്യത്തിനു ഒരു ശിക്ഷയും നല്കി. തങ്ങൾ വഴിയിൽ കണ്ടത് ഗ്രീസ്‌ലിക്കരടിയേയാ എന്നു പില്ക്കാലത്ത് എദ്ദിക്കു സംശയമുണ്ടാകാതെയുമിരുന്നില്ല വസതിയിൽ മടങ്ങിയെത്തിയപ്പോൾ ഹാരിയും എദ്ദിയും അവരുടെ അനുഭവങ്ങളെ വർണ്ണിച്ചു കേൾപ്പിച്ചു. അവൎക്കു ഗ്രീസ്‌ലിക്കരടിയെ കാണുവാൻ ഒരിക്കലും സാധ്യമായിരിക്കുകയില്ലെന്നും, ധീരതയാലല്ല, പിന്നെയോ ഭീരുത്വത്താലാണ് അവർ പുറകിൽ തങ്ങിയതെന്നും ചിലർ വ്യാഖ്യാനിക്കാനും മടിച്ചില്ല.

ഇത്രയും ചിന്തിച്ചുകഴിഞ്ഞപ്പോൾ തലേദിവസം ഹോട്ടലിൽവച്ചു റോഗർ തന്റെ ചെവിയിൽ മന്ത്രിച്ച വാക്കുകൾ തോമ്മസ്സ് അനുസ്മരിച്ചു. "തോമ്മസ്സ് ഒട്ടും താമസിക്കരുത്. പ്രതിബന്ധങ്ങൾ കൂടിക്കൊണ്ടിരിക്കയാണ്." മന്ദഹാസത്തോടും ഫലിതരൂപത്തിലും അന്ന് ഈ വാക്കുകളാണു റോഗർ പറഞ്ഞത്. തോമ്മസ്സ് അപ്പോൾ അത്ര കാര്യമായി അവയെപ്പററി ചിന്തിച്ചിരുന്നില്ല.

മദ്ധ്യാഹ്നത്തിനുമുമ്പു തോമ്മസ്സ് മി. ബർഗാററ്സിന്റെ ആഫീസിൽ ചെന്നു. തനിക്കു രണ്ടാഴ്ചക്കാലത്തേയ്ക്കു അവധി അനുവദിക്കണമെന്നു അപേക്ഷിച്ചു. ഏതാവശ്യത്തിനാണ് അവധി എന്നു പറയുവാൻ അയാൾ സന്നദ്ധനല്ലായിരുന്നു. അവധി നിഷേധിക്കുവാൻതക്ക കാരണങ്ങൾ ഒന്നുമില്ലെന്നു സൈമൺ ഗാററു പറഞ്ഞു. തോമ്മസ്സ് കഠിനമായ അദ്ധ്വാനം ചെയ്തുകൊണ്ടായിരിക്കാം വിശ്രമം ആഗ്രഹിക്കുന്നതെന്ന് അയാൾ കരുതി. തോമ്മസ്സിന്റെ കാര്യത്തിൽ അത്യധികമായ ഉൽക്കണ്ഠ ബർഗാററ്സ് പ്രകടിപ്പിക്കുകയും ചെയ്തു.

ഫലിതസംഭാഷണങ്ങളോ, പെട്ടെന്നു ചെയ്യുന്ന തീരുമാനങ്ങളോ മനസ്സിലാക്കുവാൻ കഴിവില്ലാതിരുന്ന ആലിസിനെപ്പററി തോമ്മസ്സ് ചിന്തിച്ചു. തലേന്നു രാത്രിയിൽ കാട്ടുബംഗ്ലാവിൽ കണ്ട അസ്ഥി

ക്രൂരത്തിൻെറ കാര്യം അവളോടു പറയുവാൻ അയാൾക്കു കഴിയാതെപോയി. പറയത്തക്ക പ്രാധാന്യമൊന്നും അതിനില്ലാതിരുന്നതുകൊണ്ടായിരിക്കാം, പറയാൻ തുനിയാതിരുന്നതു്. ഒരുവേള പറയേണ്ടതെന്തെന്നു് അയാൾക്കു് അറിഞ്ഞുകൂടാത്തതുകൊണ്ടായിരിക്കാം; അല്ലെങ്കിൽ മനസ്സിലാക്കുവാനുള്ള പ്രാപ്തി അവൾക്കു് ഇല്ലായിരുന്നിരിക്കാം. എന്നാൽ തന്റെ കടോമിയോടു ചില കടപ്പാടുകളുണ്ടെന്നു തോമ്മസ്സു് വിചാരിച്ചു. ആ വിചാരമാണു് അയാളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നതു്.

തോമ്മസ്സു് പന്ത്രണ്ടരമണിക്കേ മടങ്ങിവന്നതു കണ്ടു് ആലീസു് അത്ഭുതപ്പെട്ടുപോയി. ഉച്ചകഴിഞ്ഞു 'ബ്രിഡ്ജു്' കളിക്കുന്നതിന്നു ക്ലബ്ബിൽ പോകുവാൻ അവൾ നേരത്തേ തീരുമാനിച്ചിരുന്നതാണു്. മുഖത്തു പൗഡറിട്ടു തലമുടി ഒരു സിൽക്കുതൂവാലകൊണ്ടു ഭംഗിയിൽ കെട്ടി ഉടുത്തൊരുങ്ങിനില്ക്കുകയായിരുന്നു. അവൾക്കു സംസാരിക്കുവാൻ അവസരംകൊടുക്കാതെ തോമ്മസ്സു് ഇപ്രകാരം തുടങ്ങി: "ഞങ്ങൾ ഒരു വിനോദയാത്രയ്ക്കു് ഒരുങ്ങുകയാണു്. വേണമെങ്കിൽ നിങ്ങളും വരൂ."

ആലീസിനെ പറഞ്ഞു സമ്മതിപ്പിക്കാമെന്നു തോമ്മസ്സിനു് ഒട്ടും വിചാരമില്ലായിരുന്നു; എങ്കിലും അപ്പോൾ പറ്റിയ പ്ലാൻ അതുതന്നെയെന്നു തോമ്മസ്സു് നിശ്ചയിച്ചു.

ആലീസു ചോദിച്ചു: "എവിടേയ്ക്കാണു യാത്ര?"

"ഇപ്പോൾത്തന്നെ." അവളുടെ ചോദ്യം സമയത്തെപ്പറ്റിയെന്നുള്ള ഭാവത്തിൽ അയാൾ മറുപടി കൊടുത്തു.

"എവിടേയ്ക്കു്" എന്ന ആലീസിൻെറ ചോദ്യം, തൻെറ സംഭാഷണവേഗതയെ നിയന്ത്രിക്കാനുദ്ദേശിച്ചുള്ളതാണെന്നു് അയാൾ മനസ്സിലാക്കി.

"ഇന്നു് ഉച്ചകഴിഞ്ഞുതന്നെ സ്കൂളിൽചെന്നു ടോമിയെക്കൂടി വിളിച്ചുകൊണ്ടുവരണം. ഞാൻതന്നെ പോയി കൊണ്ടുവന്നുകൊള്ളാം. സാധനങ്ങളെല്ലാം നമുക്ക അടുക്കി കെട്ടിവെക്കാം. ആവശ്യത്തിനു മതിയാകാതെ വരുന്നതു് അവിടെ ചെല്ലുമ്പോൾ നമുക്ക വാങ്ങിക്കുകയും ചെയ്യാം." തോമ്മസ്സ് പറഞ്ഞു.

"തോമ്മസ്സ്" ആലീസ് അയാളുടെ സംഭാഷണത്തെ വിഘ്നപ്പെടുത്തി.

"നമ്മൾ എവിടെയ്ക്കാണു പോകാൻ ഉദ്ദേശിക്കുന്നതെന്നുപോലും പറഞ്ഞില്ലല്ലോ."

ആലീസിനു് ഒരു യാത്രചെയ്യുവാനുള്ള സന്മനസ്സ് ഉണ്ടായിരുന്നില്ല. അവൾക്കു് അതിനു ആഗ്രഹവുമില്ലായിരുന്നു. അതു് അവളുടെ അവസാനതീരുമാനമായിരുന്നു. തോമ്മസ്സ് യാത്രചെയ്യുവാൻ ആഗ്രഹിക്കുന്നപക്ഷം അതിൽനിന്നു് അയാളെ വിരമിപ്പിക്കണമെന്നു് ആലീസു വിചാരിച്ചില്ല. "എന്നാൽ റേറാമി............" ടോമിയെ കൊണ്ടുപോകുന്ന കാര്യത്തിൽ തോമ്മസ്സ് നിർബന്ധം പിടിച്ചു.

"ഞാൻ യാത്രപുറപ്പെടാൻ നിശ്ചയിച്ചതുതന്നെ ടോമിയെ ഉദ്ദേശിച്ചാണു്. ഇന്നലെ കാട്ടുബംഗ്ലാവിൽവെച്ചാണു് അപ്രകാരമൊരു ചിന്ത എൻെറ മനസ്സിൽ കടന്നുകൂടിയതും. ഇന്നു നേരം പ്രഭാതമാകുന്നതുവരെ ഞാൻ തീരുമാനമൊന്നും ചെയ്തിരുന്നില്ല.

"താങ്കളുടെ മനസ്സിൽ എന്തൊരാശയമാണു കടന്നുകൂടിയിരിക്കുന്നതു്?" ആലീസ് അന്വേഷിച്ചു.

"ഈ ആശയംതന്നെ. അതിന്നു പുറകിൽ നീണ്ട ഒരു കഥകൂടി ഉണ്ടു്. ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം." തോമ്മസ്സു പറഞ്ഞു. എന്നാൽ ദീർഘമായ ആ കഥ തനിക്കു പറയുവാൻ കഴിയുമോ എന്നു തോമ്മസ്സിനു് അപ്പോഴും സംശയമായിരുന്നു.

തോമ്മസ്സ്! താങ്കൾ ഒരു കൊച്ചുകുട്ടിയെപ്പോലെയാണല്ലോ പെരുമാറുന്നതു്?" ആലീസ്സ് അത്ഭുതം പ്രകടിപ്പിച്ചു.

"ആയിരിക്കാം." അയാൾ മറുപടികൊടുത്തു. ആലീസു പറഞ്ഞതു യാഥാർത്ഥ്യമാണല്ലോ എന്നു് അയാൾ സ്വയം വിചാരിക്കുകയും ചെയ്തു.

"ഞാൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നതു് എന്തുമാകട്ടെ. എന്നെ പരിപൂർണ്ണമായി വിശ്വസിക്കുക. ടോമിക്കു ഗുണകരമായിട്ടുള്ളതു മാത്രമേ ഞാൻ പ്രവൃത്തിക്കുകയുള്ളു. ഞാൻ എന്താണു ചെയ്യുന്നതെന്നറിയുമ്പോൾ നീ സന്തോഷിക്കുകതന്നെ ചെയ്യും." തോമ്മസ്സ് ആലീസിനെ ധൈര്യപ്പെടുത്തുവാൻ ശ്രമിച്ചു.

ആലീസിന്റെ നേത്രങ്ങളിൽ കോപാഗ്നി ഉജ്ജ്വലിക്കുന്നതുവരെ തോമ്മസ്സ് തുടർച്ചയായി സംസാരിച്ചുകൊണ്ടേയിരുന്നു.

"കൊള്ളാം. ടോമിയെ അയയ്ക്കണമെങ്കിൽ ഒന്നു രണ്ടു ദിവസത്തെ സാവകാശം തരാതെ നിവൃത്തിയില്ല." ആലീസു പറഞ്ഞു.

"ആകട്ടെ. ഒരു ദിവസം" തോമ്മസ്സ് പറഞ്ഞു. "ഓ..........ഒരു ദിവസം."

ആലീസിനു പരാജയം സംഭവിച്ചു എന്നും താൻ വിജയിച്ചു എന്നും തോമ്മസ്സ് ആഹ്ലാദിച്ചു. എ

ങ്കിലും അവളുടെ വികാരങ്ങളെ താൻ വ്രണപ്പെടുത്തുകയാണു ചെയ്തതെന്നു തോമ്മിസ്സിനു മനസ്സിലാക്കാൻ പ്രാപ്തിയുണ്ടായിരുന്നു. ഒരു ദിവസം ഞൊടിമാത്രയിൽ കഴിയുമെന്നും ആലീസു വിചാരിക്കാതിരുന്നില്ല. ഒരു ദിവസം അനുവദിച്ചുകിട്ടിയാൽ തോമ്മസ്സിനെ ക്രമേണ പിൻതിരിപ്പിക്കുവാൻ സാധിക്കുമെന്നാണു് അവൾ വിചാരിച്ചതു്.

അന്നു് ഉച്ചകഴിഞ്ഞു തോമ്മസ്സ് ആഫീസിൽ പോകാതെ കഴിച്ചു. ഒരു പുസ്തകവും വായിച്ചുകൊണ്ടു് അയാൾ വീട്ടിൽത്തന്നെ സമയം കഴിച്ചു. എന്താണു പറയേണ്ടതെന്നു തോമ്മസ്സ് ഗാഢമായി ആലോചിക്കാതിരുന്നില്ല. തൻെറ പുത്രനോടു പ്രഥമസന്ദർശകരെപ്പററിയും, വിസ്താരത്തിൽ ചൂടുപിടിച്ചുകിടന്ന മരുഭൂമിയെപ്പററിയും, പർവ്വതാരോഹണവിധങ്ങളെപ്പററിയും, വന്യമൃഗങ്ങളെ കീഴ്പ്പെടുത്തിയ മാർഗ്ഗത്തെപ്പററിയും — എന്നുവേണ്ടാ താൻ സംസാരിക്കുവാൻ ഉദ്ദേശിച്ചിരുന്ന വിഷയത്തിൻെറ നാനാവശങ്ങളെപ്പററിയും തോമ്മസ്സ് ആലോചിച്ചു. അത്ഭുതവും, ആനന്ദവും പരിഭ്രമവും ഉളവാക്കുന്ന കാര്യങ്ങളാണു് തനിക്കു പുത്രനെ ധരിപ്പിക്കുവാനുള്ളതെന്നു തോമ്മസ്സിനു നല്ല നിശ്ചയമുണ്ടായിരുന്നു. എന്നാൽ അതിൻെറ പിന്നിലുള്ള വികാരാവേശത്തെ തിരിച്ചെടുക്കണമെന്നതായിരുന്നു അയാളുടെ ആഗ്രഹം.

തോമ്മസ്സ് സ്കൂളിൽ ചെന്നു് ടോമിയെ വിളിച്ചുകൊണ്ടുവന്നു. ആലീസ് ഇല്ലാതിരുന്നതുകൊണ്ടു് അവനെ പറഞ്ഞു സമ്മതിപ്പിക്കുക അത്ര പ്രയാസമേറിയ ഒരു കാര്യമായിരുന്നില്ല. തൻെറ പുത്രൻെറ ജി

ജ്വരം അത്യുച്ചകോടിയിൽ എത്തിയതായി കണ്ടു തോമ്മസ്സ് സന്തോഷിച്ചു.

"നാം ഇന്നലെ കാഴ്ചബംഗ്ലാവിൽ കണ്ട ഗ്രീസ്ലി കരടിയുടെ അസ്ഥിപഞ്ജരത്തെപ്പററി നീ മറന്നുപോയിരിക്കുകയില്ലല്ലോ. കൊള്ളാം, അതേപ്പററി പല കഥകൾ ഉണ്ടു്. അവയിൽ ഏററം വിശ്വാസനീയമായ കഥ ഞാൻ പറഞ്ഞുകേൾപ്പിക്കാം. നാളെ രാത്രി നാം തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ കഥ മുഴുവൻ ഞാൻ പറഞ്ഞുതരുന്നതുമാണു്." തോമ്മസ്സ് ടോമിയോടു പറഞ്ഞു.

സമയം വളരെ വൈകിയിട്ടും ടോമി ഉറങ്ങാൻ പോകാതെ കഴിച്ചു. തോമ്മസ്സും അശേഷം ഉറങ്ങിയില്ല. ആലിസ് ഉറങ്ങിയോ എന്നു തോമ്മസ്സിനു് അറിഞ്ഞുകൂടായിരുന്നുതാനും. അയാൾ മണി നാലടിച്ചപ്പോൾ കിടക്കയിൽ എണീററിരുന്നു. ആലീസ് അയാളോടു പറഞ്ഞു: "ടോമിക്കു് ഒട്ടും സുഖമില്ല; അല്പം പനിയുണ്ടു്."

"അബദ്ധം! അതു് നിൻെറ തോന്നൽമാത്രമാണു്. ടോമിക്കു് അസുഖത്തിനു കാരണമൊന്നുമില്ല."

"ശരിയായിരിക്കാം" അവൾ പറഞ്ഞു: "എന്നാൽ ഇപ്പോൾ അവനു നൂററിരുന്നു ഡിഗ്രി പനിയുണ്ടു്."

"ടോമി ഉറങ്ങുകയാണോ?" തോമ്മസ്സ് അന്വേഷിച്ചു.

"അതെ. അവൻ ഇപ്പോൾ ഉറങ്ങാൻ പോയി. ഒരു മണിക്കൂർ സമയം ഞാൻ അവൻെറ സമീപത്തു തന്നെ ഇരിക്കുകയായിരുന്നു."

"ഉണരുമ്പോൾ എല്ലാം സുഖമായിക്കൊള്ളും."

ആലീസു വീണ്ടും കിടക്കയിൽ പോയികിടന്നു. എന്നാൽ തോമസ്സിന് ഒട്ടും ഉറക്കം വന്നില്ല. കാലത്തെ വർത്തമാനപ്പത്രങ്ങളും നോക്കി അയാൾ അലസതയോടു ഇരുന്നു കഴിച്ചു. ഏതാനും മണിക്കൂറിനുള്ളിൽ യെല്ലോസ്റ്റോൺ പാർക്കിൽ ചെന്നു ചേരാമെന്നുള്ള പ്രതീക്ഷയിൽ തോമസ്സിന്റെ മനസ്സ് ഉൽസുകമായിരുന്നു.

മണിക്കൂർ ഒന്നുകൂടി കഴിഞ്ഞു. ടോമിയുക്കു നൂററിരണ്ടു ഡിഗ്രി പനി ഉണ്ടായിരിക്കുന്ന വിവരം ആലീസു തോമസ്സിനെ അറിയിച്ചു. ആലീസു തുടർന്നു പറഞ്ഞു: "ഇപ്പോൾ നിങ്ങൾക്കു ടോമിയെ കൂടി കൊണ്ടുപോകാൻ തരപ്പെടുകയില്ല. തോമസ്സ്! ടോമിക്ക് എന്തെങ്കിലും സംഭവിക്കുന്നപക്ഷം........"

"അതിന് ആലീസുകൂടി പോരൂ." അയാൾ പറഞ്ഞു. "നാം നേരത്തെ അവിടെ പോയതാണല്ലോ." അവൾ പറഞ്ഞു. "എനിക്കു വരാൻ സാദ്ധ്യമല്ല. എന്നാൽ........"

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ടോമി മെത്തയിൽ കിടന്ന് ഒന്നു നിലവിളിച്ചു. ആലീസും തോമാസും കൂടി ഓടിയെത്തി. ആലീസ് ടോമിയുടെ ദേഹത്തു കൈവെച്ചു.

"എന്തു പററി?" അവൾ അന്വേഷിച്ചു.

ക്രമേണ ടോമി നിദ്രയിൽനിന്ന് ഉണർന്നു. സാധാരണയായി മ്ലാനമായി കാണാറുള്ള ടോമിയുടെ മുഖം നിറഭേദംപ്രാപിച്ച് അരുണവർണ്ണം കൈ

കൊണ്ടു. മാതാവിൻെറയും പിതാവിൻെറയും മുഖത്ത് അവർ ഭയപ്പെട്ടപോലെ മാറിമാറിനോക്കി.

"ഓമനേ. ടോമിക്ക എന്തു സംഭവിച്ചു.

ആലീസു ടോമിയുടെ നേക്ക കനിഞ്ഞു. കൈ പൊക്കി അമ്മയെ കെട്ടിപ്പിടിച്ച് അവളുടെ മനോഹരമായ കവിൾത്തടത്തിൽ അവൻ ഒന്നു ചുംബിച്ചു. ആലീസ് ടോമിയുടെ ചിതറിക്കിടന്ന തലമുടി കൈകൾകൊണ്ട് കോതി ഒതുക്കിവച്ചു.

"കുഞ്ഞേ, നീ ദുഃസ്വപ്നം വല്ലതും കണ്ടാണോ കരഞ്ഞത്?"

"അതെ" അവൻ വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു: "അതെ."

അവൻ ശാന്തനാകുന്നതുവരെ ആലീസു സാന്ത്വനവാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. ആലീസ് തോമ്മസ്സിൻെറനേക്ക തിരിഞ്ഞു മൃദുല കരതലങ്ങൾ അയാളുടെ കരങ്ങളിൽ അർപ്പിച്ചു.

"നോക്കു." അവൾ പറഞ്ഞു. "ഒരുപക്ഷേ കുറച്ചു ദിവസങ്ങൾകൂടി വേണ്ടിവരുമായിരിക്കാം; അടുത്ത വേനല്ക്കാലത്തു നമുക്ക യാത്രചെയ്യുവാൻ സാധിച്ചേക്കും............ദീർഘമായ ഒരു യാത്രചെയ്യുവാൻ നമുക്ക് അന്നു സൗകര്യമുണ്ടാകും."

തോമ്മസ്സ് മറുപടി ഒന്നും പറഞ്ഞില്ല. തനിക്ക പരാജയം നേരിടുമെന്ന് അയാൾ വിചാരിച്ചിരുന്നതല്ല... ......പരാജയത്തിനു കാരണങ്ങൾ യാതൊന്നും അയാൾ കണ്ടിരുന്നതുമില്ല. ടോമിയുടെ ദുഃസ്വപ്നംപോലെ തോമ്മസ്സിൻെറ പ്രത്യാശകളും അവസാനിച്ചു.

ആലീസ്സിൻെറ കററാരോപണങ്ങൾ കേട്ട ലജ്ജിതനായ തോമ്മസ്സ് ഒന്നും പറയാതെ വീട്ടിനു വെളിയിലിറങ്ങി നടന്നു. പിറേറന്ന് ആഫീസിൽ ഹാജരാകുമ്പോൾ സൈമൺ ബർഗാററ് എന്തു പറയുമെന്ന് അയാൾ പരിഭ്രമിച്ചു. എന്തുതന്നെ സംഭവിച്ചാലും ആ രഹസ്യം ഭദ്രമായിത്തന്നെ പരിരക്ഷിക്കുമെന്നു തോമ്മസ്സ് ദൃഢമായി നിശ്ചയിച്ചു. ആ രഹസ്യം പരസ്യമാക്കുവാൻ തനിക്കു സാധ്യമാകയില്ലെന്നും തോമ്മസ്സിന് അറിയാമായിരുന്നു. പില്ക്കാലത്ത് എന്നെങ്കിലും ടോമി പടിഞ്ഞാറൻ പ്രദേശങ്ങളിൽ ചെല്ലുന്നപക്ഷം യാതൊരു ഭയത്തിനും അവകാശമുണ്ടാകയില്ലെന്നും അയാൾ സമാധാനിച്ചു. ഏദി ജനിച്ചുവളർന്ന ഗ്രാമത്തിൽ ടോമിക്കു കൂട്ടുകാരോടൊത്തു കളിക്കുവാനും, വേണമെന്നു തോന്നുന്നപക്ഷം പച്ചപ്രദേശങ്ങളിലേക്കു നിർഭയമായി ഒരു വിനോദയാത്ര നടത്താനും സാധിക്കുമെന്നും സമാശ്വസിച്ചു. അതിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതിൽ ആലീസു തല്പരയായിരിക്കുമെന്നും, കാട്ടുവഴിയുടെ തീരത്തുമാത്രം പോകാതെ കഴിക്കുവാൻ ടോമിക്കു വേണ്ട നിർദ്ദേശങ്ങൾ നല്കുമെന്നും തോമ്മസ്സ് പ്രത്യാശിച്ചു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF9 Acc. No. 70485

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MF9 70485

DRA-ഗ

പ്രതിമാസ സെനിഥ ക്രിസ്തു

ഗീസ്ലിക്കാരി